Uncorrected / Not for publication

## നിയമനിർമ്മാണകാര്യം :

(1) **2012-ലെ കേരള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ (കൂറുമാറ്റം നിരോധിക്കൽ) ഭേദഗതി ബിൽ**

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): സർ, 2012-ലെ കേരള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ (കൂറുമാറ്റം നിരോധിക്കൽ) ഭേദഗതി ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്) : ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: 2012-ലെ കേരള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ (കൂറുമാറ്റം നിരോധിക്കൽ) ഭേദഗതി ബില്ലിന്മേലുള്ള വിയോജനക്കുറിപ്പ് രേഖപ്പെടുത്തുകയാണ്. കൂറുമാറ്റം നിരോധിക്കുന്ന ബിൽ പ്രസക്തമല്ലാത്ത സ്ഥിതി രാഷ്ട്രീയത്തിൽ രൂപപ്പെടുകയാണ്. പാർട്ടികൾ വിവിധ ഗ്രൂപ്പുകളായി മാറിയ സാഹചര്യത്തിൽ ഈ നിയമം എങ്ങനെ പ്രായോഗികമായി വരുമെന്നുള്ളതാണ് ഞങ്ങളുടെ വിയോജനക്കുറിപ്പ്. ഇവിടെ പല ഗ്രൂപ്പുകളായി തിരിഞ്ഞ് ആരുടെ വിപ്പാണ് ഗവൺമെന്റ് നടപ്പാക്കേണ്ടത്, പഞ്ചായത്തുകൾ നടപ്പാക്കേണ്ടതെന്നുള്ള പ്രശ്നം ഉയർന്നുവരുന്നുണ്ട്. എങ്ങനെയാണ് ഈ പ്രശ്നം കൈകാര്യം ചെയ്യുകയെന്നുള്ള ആശങ്ക ഞങ്ങൾ ഉന്നയിക്കുകയാണ്. കേരളത്തിലെ ഭരണകക്ഷിയായ കോൺഗ്രസ്സിലെ ഗ്രൂപ്പുകളെക്കുറിച്ച് ഞങ്ങൾക്ക് കിട്ടിയ സാമാന്യ അറിവ് പ്രകാരം ഐ-യും, എ-യും ഗ്രൂപ്പുകളുണ്ട്. എ ഗ്രൂപ്പിൽ ഉമ്മൻ

ചാണ്ടി,. വി.എം.സുധീരൻ, വയലാർ രവി ഗ്രൂപ്പുകളുമുണ്ട്. ഐ ഗ്രൂപ്പിൽ ശ്രീ. രമേശ് ചെന്നിത്തല, ശ്രീ. കെ. മുരളീധരൻ തുടങ്ങിയവരുടെ ഗ്രൂപ്പുകളുണ്ട്, ശ്രീ. വി.ഡി. സതീശന്റെ പുതിയ ഹരിത ഗ്രൂപ്പുമുണ്ട്.

ശ്രീ. കെ. മുരളീധരൻ: സർ, ഞാൻ ഒരു ഗ്രൂപ്പിലും ഇല്ലാത്ത ആളാണ്. എന്നെക്കുറിച്ച് ഇത്തരമൊരാക്ഷേപം ഉന്നയിച്ചത് ശരിയായില്ല.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: സർ, പത്രങ്ങളിൽ നിന്നും ചാനലുകളിൽ നിന്നും കിട്ടിയ അറിവിന്റെ അടിസ്ഥാനത്തിലാണ് ഞാൻ പറയുന്നത്, അങ്ങനെയല്ലെങ്കിൽ നിഷേധിച്ചാൽ മതി. . ഒരു രാഷ്ട്രീയ പാർട്ടി വ്യത്യസ്ത ഗ്രൂപ്പുകളായി തരംതിരിഞ്ഞുനിൽക്കുന്ന വാർത്ത നമ്മൾ കണ്ടുകൊണ്ടിരിക്കുകയാണ്. ഒരു ഗ്രൂപ്പിലുമില്ലാത്ത ശ്രീ. മുല്ലപ്പള്ളി രാമചന്ദ്രന്റെ ഗ്രൂപ്പ് സ്വയം ഒരു ഗ്രൂപ്പായി മാറാനുള്ള പരിശ്രമത്തിലാണ്. ശ്രീ. കെ. സുധാകരൻ ഒരു ഗ്രൂപ്പിന് നേതൃത്വം കൊടുക്കുവാൻ വേണ്ടി ശ്രമിക്കുന്നതായുള്ള വാർത്തകൾ കേൾക്കുന്നുണ്ട്. ഇങ്ങനെ ഗ്രൂപ്പ് അധികാര വികേന്ദ്രീകരണത്തിന്റേയും രാഷ്ട്രീയ വികേന്ദ്രീകരണത്തിന്റേയും ഭാഗമായി താഴേക്ക് പോകുമ്പോൾ ഇത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കും ബാധിക്കും. തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലെ നിയമത്തിൽ പറയുന്നത്, നിലവിലുള്ള രാഷ്ട്രീയ പാർട്ടിയുടെ വിപ്പ് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ബോർഡ് യോഗത്തിൽ വായിക്കണമെന്നാണ്. ഞങ്ങൾ അവിടെ ഉന്നയിച്ച ചോദ്യം, ഒരാൾ മാത്രമാണെങ്കിൽ ആരാണ് അത് ഉന്നയിക്കുന്നത്, ആരുടെ വിപ്പാണ് പറയുന്നത്; രണ്ട് പേരും രണ്ട് ഗ്രൂപ്പിൽപ്പെട്ട ആളാണെങ്കിൽ ആ വിപ്പ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നടപ്പിലാക്കുവാൻ സാധിക്കുമോ? അതുകൊണ്ട് പ്രായോഗികമല്ലാത്ത നിർദ്ദേശം ഇതിൽ വരികയാണ്. ഭരണകക്ഷിയിൽ ഒരു പാർട്ടിയിൽ മാത്രമല്ല വിവിധ പാർട്ടികളിലും ഈ ഗ്രൂപ്പിന്റെ

ആധിക്യം കൊണ്ട് രാഷ്ട്രീയപാർട്ടികൾക്ക് സ്വതന്ത്രമായി പ്രവർത്തിക്കുവാൻ കഴിയാത്ത സ്ഥിതി വരുകയാണ്. കെ.എം. മാണി ഗ്രൂപ്പ്, പി..ജെ.. ജോസഫ് ഗ്രൂപ്പ്, ശ്രീ. പി.സി.ജോർജിന്റെ ഒറ്റയാൻ ഗ്രൂപ്പ്. കെ.എം.മാണി ഗ്രൂപ്പിലെ, പുതുശ്ശേരി ഗ്രൂപ്പ്, കെ.എം. മാണി ഗ്രൂപ്പിൽ കയറാൻ ഇരിക്കുന്ന ശ്രീ. അനൂപ് ജേക്കബിന്റെ ഗ്രൂപ്പ് - ഇങ്ങനെ കഷണങ്ങളായിട്ടാണ് കിടക്കുന്നത്. നമ്മുടെ തദ്ദേശസ്വയംഭരണവകുപ്പുമന്ത്രിക്ക് ഈ നിയമം നടപ്പിലാക്കുവാൻ പോയാൽ കേരളത്തിലെ പഞ്ചായത്തുകളിൽ ഒരുപാട് ബുദ്ധിമുട്ടുകൾ ഉണ്ടാകും. കൂറുമാറ്റ നിരോധന നിയമത്തെ സംബന്ധിച്ച് വ്യക്തതയോടുകൂടി യുള്ള നിലപാട് സ്വീകരിക്കുവാൻ കഴിയില്ല. ഈ ബില്ല് പൈലറ്റ് ചെയ്യുന്ന രാഷ്ട്രീയ നേതൃത്വത്തിന് കൂറുമാറ്റത്തെ സംബന്ധിച്ചുള്ള നിലപാട് എന്താണ്? ഒന്നാം യു.പി.എ ഗവൺമെന്റ് ആണവ കരാറിൽ ഒപ്പുവയ്ക്കുന്ന തിനുവേണ്ടിയുള്ള തീരുമാനം എടുക്കുകയുണ്ടായി. ആണവ കരാറിൽ ഒപ്പു വയ്ക്കുമ്പോൾ ഉണ്ടാകാനിടയുള്ള പ്രത്യാഘാതങ്ങളെ സംബന്ധിച്ച് സംശയ ത്തോടുകൂടി ഇടതുപക്ഷം ഒരു നിലപാട് സ്വീകരിച്ചു. ഞങ്ങളുടെ ചെലവിൽ നിങ്ങൾ ആണവക്കരാറിൽ ഒപ്പുവച്ച് ഇന്ത്യയെ അമേരിക്കയുടെ വിധേയത്വത്തിലേക്ക് കൊണ്ടുപോകാൻ പറ്റില്ലായെന്ന് പറഞ്ഞുകൊണ്ട് ഇടതു പക്ഷം ഒരു നിലപാട് സ്വീകരിച്ചു. നാലര വർഷക്കാലം ഒന്നാം യു.പി.എ ഗവൺമെന്റിന്റെ നിലനിൽപ്പിനുവേണ്ടി നിലപാട് സ്വീകരിക്കുകയും പൊതു മിനിമം പരിപാടിയിൽ ഉറച്ചുനിന്നുകൊണ്ട് അതിന്റെ ഭാഗമായുള്ള പദ്ധതികൾ നടപ്പിലാക്കിക്കിട്ടുന്നതിനുവേണ്ടി സമ്മർദ്ദം ചെലുത്തുകയും, എന്നാൽ മന്ത്രി സഭയിൽ പങ്കാളികളാകാതിരിക്കുകയും ചെയ്ത ഒരു നിലപാട് സ്വീകരിച്ച പ്രസ്ഥാനമാണ് ഇടതുപക്ഷം. ആ ഇടതുപക്ഷ പ്രസ്ഥാനം സ്വന്തം ചെലവിൽ അമേരിക്കയെ താങ്ങുന്നത് പറ്റില്ലായെന്ന നിലപാട് സ്വീകരിച്ചുകൊണ്ട്

പിന്തുണ പിൻവലിച്ചു. പിന്തുണ പിൻവലിച്ചതിനുശേഷം ഇന്ത്യൻ പാർലമെന്റ് അത് അംഗീകരിക്കുന്ന സ്ഥിതി ഉണ്ടായി. എവിടെ നിന്നാണ് കോൺഗ്രസ് ആ ഭൂരിപക്ഷം തട്ടിക്കൂട്ടിയത്. അത് വിലയ്ക്ക് വാങ്ങിയ രാഷ്ട്രീയ തീരുമാനമായിരുന്നുവെന്ന് രാജ്യത്തിനകത്തും പുറത്തുമുള്ള എല്ലാ കോർപ്പറേറ്റുകൾക്കും അറിയാം. രാഷ്ട്രീയ തീരുമാനത്തെ വിലയ്ക്ക് വാങ്ങുന്ന ഒരു രാഷ്ട്രീയ നേതൃത്വത്തിന് കൂറുമാറ്റ നിരോധന നിയമം കൊണ്ടുവരുവാനുള്ള ധാർമ്മികമായ അവകാശമുണ്ടോ? ഇന്ത്യൻ പാർലമെന്റിൽ അന്ന് എന്താണ് സംഭവിച്ചതെന്ന് ലോകം മുഴുവൻ കണ്ട കാര്യമാണ്. 64 അംഗങ്ങളുള്ള ഇന്ത്യൻ ഇടതുപക്ഷ ബ്ലോക്കിന്റെ പിന്തുണ നഷ്ടപ്പെട്ടതോടുകൂടി ഭൂരിപക്ഷത്തിന് 32 അംഗങ്ങളുടെ കുറവുണ്ടായിരുന്നു. 32 അംഗങ്ങളുടെ കുറവ് ആരാണ് പരിഹരിച്ചത്. ഏത് രാഷ്ട്രീയ പാർട്ടിയാണ് പുതിയ നിലപാട് സ്വീകരിച്ചത്. ശ്രീ. അഹമ്മദ് പട്ടേലിന്റെ നേതൃത്വത്തിൽ ഇന്ത്യയിലെ പ്രധാനമന്ത്രിയുടെ ഓഫീസിനകത്ത് ആസൂത്രണം ചെയ്തിട്ടുള്ള അവിഹിതമായ ജനാധിപത്യവിരുദ്ധമായ രാഷ്ട്രീയ വിലപേശലുകളുടേയും രാഷ്ട്രീയ തീരുമാനം വിലയ്ക്ക് വാങ്ങുന്നതിന്റെയും ഭാഗമായിട്ടാണ് ഇന്ത്യൻ പാർലമെന്റ് ആണവകരാർ അംഗീകരിക്കുന്ന സ്ഥിതി ഉണ്ടായത്. രാഷ്ട്രീയ തീരുമാനങ്ങളെ സ്വാധീനിക്കുവാൻ വേണ്ടി അമേരിക്കയുടെ ട്രഷറി ഡിപ്പാർട്ട്മെന്റ് സെക്രട്ടറി ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ പണം നിക്ഷേപിക്കുന്നതിനെ സംബന്ധിച്ച് ഒരുപാട് വാർത്തകൾ ഇതിനുമുമ്പും വന്നിട്ടുണ്ട്. അമേരിക്കയുടെ ട്രഷറി ഡിപ്പാർട്ട്മെന്റിന്റെ സെക്രട്ടറിമാരിൽ ഒരാൾ ആണവക്കരാറിന്റെ ചർച്ചാവേളയിൽ രാജ്യത്തിന്റെ പാർലമെന്റിന്റെ ഇടനാഴികളിലും പ്രധാനമന്ത്രിയുടെ ഓഫീസിലും പ്രധാനമന്ത്രിയുടെ

പൊളിറ്റിക്കൽ സെക്രട്ടറിയായ അഹമ്മദ് പട്ടേലിന്റെ വീടുകളിലും കയറിയിറങ്ങുന്ന വാർത്തകൾ വന്നിരുന്നു. രാഷ്ട്രീയ തീരുമാനത്തെ വിലയ്ക്ക് വാങ്ങുന്നതിന് നേതൃത്വം കൊടുക്കുന്നതിന്റെ ഭാഗമായി അമിതമായ കോർപ്പറേറ്റ്വത്ക്കരണം രാജ്യത്തിന്റെ വിവിധ മേഖലകളിൽ വന്നുകൊണ്ടിരിക്കുകയാണ്. ഞാൻ ഇത് രാഷ്ട്രീയ സംവാദമാകാൻ വേണ്ടി സൂചിപ്പിക്കുന്നതല്ല.

ശ്രീ. ബെന്നി ബെഹനാൻ: ആണവക്കരാറിന്റെ ഭാഗമായി നിങ്ങൾ പിന്തുണ പിൻവലിച്ചതിനുശേഷം നടന്ന തെരെഞ്ഞെടുപ്പിൽ കോൺഗ്രസ്സിന്റെ സീറ്റ് കൂടുകയും ഇടതുപക്ഷത്തിന്റെ സീറ്റ് കുറയുകയുമാണ് ചെയ്തത്. ആ യാഥാർത്ഥ്യം മനസ്സിലാക്കി വേണം സംസാരിക്കാൻ.

ശ്രീ. പി.ശ്രീരാമകൃഷ്ണൻ: സർ, യാഥാർത്ഥ്യം മനസ്സിലാക്കിക്കൊണ്ടു തന്നെയാണ്. രാഷ്ട്രീയ തീരുമാനം നിങ്ങൾ വിലയ്ക്ക് വാങ്ങിയില്ലേ; അതുസംബന്ധിച്ച് എന്താണ് പറയാനുള്ളത്? അമേരിക്കയിലെ ഇക്കഴിഞ്ഞ പ്രസിഡന്റ് തെരെഞ്ഞെടുപ്പിനോടനുബന്ധിച്ച് വിവിധ ഡിബേറ്റുകൾ നടക്കുന്നതിനിടയിൽ ഫ്ളോറിഡയിലെ ഒരു ചെറുപ്പക്കാരൻ, ഇന്ത്യയിലെ ചില്ലറ വ്യാപാര മേഖലയിലെ വിദേശ നിക്ഷേപത്തെ സംബന്ധിച്ച് ചോദ്യം ഉന്നയിച്ചപ്പോൾ കിട്ടിയ മറുപടി. you have to wait two weeks എന്നായിരുന്നു. രണ്ടാഴ്ച കാത്തുനിന്നാൽ മതിയെന്നായിരുന്നു.

ഗവൺമെന്റ് ചീഫ് വിപ്പ് (ശ്രീ. പി.സി.ജോർജ്): എം.എൽ.എ.-മാരെ വിലയ്ക്കെടുന്ന കാര്യം ഇവിടെ പറഞ്ഞല്ലോ; ലോനപ്പൻ നമ്പാടനെ എന്ത് വില കൊടുത്താണ് നിങ്ങൾ വാങ്ങിയത്? അതിനെക്കുറിച്ച് എന്താണ് നിങ്ങൾ പറയാത്തത്?

<u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ</u>: സർ, അങ്ങനെ ആരും ലോനപ്പൻ നമ്പാടനെ വില കൊടുത്ത് വാങ്ങിയിട്ടില്ല. അതൊക്കെ ചരിത്രത്തിന്റെ ഭാഗമായിട്ടുള്ള കാര്യമാണ്. 32 അംഗങ്ങളെ വില കൊടുത്ത് വാങ്ങിച്ച് രാജ്യത്തിന്റെ..........

<u>ശ്രീ. കെ. കെ. ജയചന്ദ്രൻ</u>: ശ്രീ. ആർ. സെൽവരജിനെ എന്ത് വില കൊടുത്താണ് മേടിച്ചതെന്നതിനെ സംബന്ധിച്ച് ശ്രീ. പി.സി. ജോർജിന് എന്തെങ്കിലും അറിയാമോ?

<u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ</u>: അദ്ദേഹത്തെ രാവിലെ 05.45 മണിക്ക് തലയിൽ കറുത്ത തുണിയിട്ട് എവിടേയ്ക്കാണ് കൊണ്ടുപോയതെന്നുള്ള കാര്യം ശ്രീ. പി. സി. ജോർജ് വെളിപ്പെടുത്തട്ടെ.

<u>ശ്രീ. പി. സി. ജോർജ്</u>: ശ്രീ. പി. ശ്രീരാമകൃഷ്ണനെ പോലുള്ള ചെറുപ്പക്കാർ ഇങ്ങനെ പറയരുത്. ശ്രീ. ആർ. സെൽവരാജിന് നിങ്ങളുടെ കൂടെ നിൽക്കാൻ നിവൃത്തിയില്ലാത്തതുകൊണ്ട് രാജിവച്ചു പിരിഞ്ഞുപോയി. അതുപോലെയല്ലല്ലോ ലോനപ്പൻ നമ്പാടൻ. നമ്പാടൻ എന്ന് പറയുന്ന വ്യക്തി മന്ത്രിയായിരുന്ന ആളാണ്. കേരള കോൺഗ്രസ്സിന്റെ എം.എൽ.എ ആയിരിക്കുമ്പോഴാണ് അദ്ദേഹത്തെ നിങ്ങൾ ചാക്കിട്ട് പിടിച്ചുകൊണ്ടുപോകുന്നത്. അതിന് നിങ്ങൾ എത്ര രൂപ കൊടുത്തുവെന്ന സത്യം പറയണം.

<u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ</u>: സർ, ഒന്നാമതായി അദ്ദേഹം എൽ.ഡി. എഫ്.ന്റെ എം.എൽ.എ. ആയി ജയിച്ചുവന്ന ആളാണ്. ശ്രീ. സെൽവരാജിനെ രാവിലെ അഞ്ചേമുക്കാലിന് ഫോണിൽ വിളിച്ചുവെന്നും, വിളിച്ചപ്പോൾ ഹലോ എന്നുപറഞ്ഞ് ഫോൺ വെച്ചുവെന്നും, ഹലോ എന്ന് പറഞ്ഞപ്പോഴേക്കും ശ്രീ. സെൽവരാജ് ഒരു തീരുമാനമെടുത്തുവെന്നും,

തലയിൽ കറുത്ത തുണിയിട്ടുകൊണ്ട് കൂട്ടിക്കൊണ്ടുപോയെന്നുമൊക്കെയുള്ള വാർത്തകൾ കേരളത്തിലെ എല്ലാ മാധ്യമങ്ങളിലും വന്നതാണ്, അതാണുണ്ടായത്. അമേരിക്കൻ പ്രസിഡന്റ് തെരഞ്ഞെടുപ്പിനോടബന്ധിച്ച് നടന്ന ഒരു ഡിബേറ്റിൽ ഫ്ളോറിഡയിലെ ഒരു ചെറുപ്പക്കാൻ, ഇന്ത്യയിലെ ചെറുകിട വ്യാപാരമേഖലയിലെ വിദേശ നിക്ഷേപം എന്തായി എന്നു ചോദിച്ചപ്പോൾ കിട്ടിയ അദ്ദേഹത്തിനു കിട്ടിയ മറുപടി "നിങ്ങൾ രണ്ട് ആഴ്ച കാത്ത് നിൽക്കൂ" എന്നായിരുന്നു. ഇത്തരത്തിൽ മറുപടി പറയുന്നത് നമ്മൾ സി.എൻ.എൻ. ടെലിവിഷനിൽ കണ്ടതിന്റെ നാലാം ദിവസം ഇക്കാര്യം സംബന്ധിച്ച് ഡൽഹിയിൽനിന്ന് തീരുമാനം വരികയാണ്. പാർലമെന്റിന്റെ ശീതകാല സമ്മേളനം ചേരുന്നതിനുമുമ്പ്, ക്യാബിനറ്റിൽ ഗൗരമായ ചർച്ചകൾ നടത്തുന്നതിനുമുമ്പ് അവിടെ നൽകിയ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ഇവിടെ തീരുമാനമെടുക്കുന്നത് ആരുടെ സ്വാധീനത്താലാണ്? ഇവിടെ രാഷ്ട്രീയ കൂറുമാറ്റത്തിന്റെ തലങ്ങൾ മാറിയിരിക്കുകയാണ്. ഇവിടെ ഇത്തരത്തിലുള്ള ധാരാളം മേഖലകൾ നമുക്ക് കാണാൻ സാധിക്കും. പ്രകൃതി വാതകവുമായി ബന്ധപ്പെട്ടും വികസനവുമായി ബന്ധപ്പെട്ടും ധാരാളം ചർച്ചകൾ ഇവിടെ നടക്കുകയാണ്. കെ.ജി. ഗ്യാസ് (കൃഷ്ണ-ഗോദാവരി ബേസിൻ) ബേസനിലെ പ്രകൃതി വാതകം ഖനനം ചെയ്തെടുക്കുവാൻ റിലയൻസിന് അവസരം നൽകി. ആദ്യത്തെ ഒന്നര മാസത്തെ ഖനനം കൊണ്ടുതന്നെ 50,000 കോടി രൂപ രാജ്യത്തിന് നഷ്ടപ്പെട്ടു എന്ന് സി.ആന്റ് എ.ജി. റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ഗവൺമെന്റിന്റെ പരിഗണനയിലിരിക്കുമ്പോഴാണ് ആ കമ്പനിയുടെ 42 ശതമാനം ഓഹരികൾ ബ്രിട്ടീഷ് പെട്രോളിയത്തിന് കൈമാറുന്നത്. വിലക്കയറ്റത്തെ സംബന്ധിച്ച്

പറയുമ്പോൾ, പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില വർദ്ധനവിനായി ഭാവനയിൽ നിന്നുള്ള ഒരു വിലക്കയറ്റം അടിച്ചേൽപ്പിക്കുകയാണ്. ഇവിടെ അണ്ടർ റിക്കവറി എന്നൊരു പദം ഉപയോഗിച്ച് അന്താരാഷ്ട്ര സംസ്ക്കരണച്ചെലവും ആഭ്യന്തര സംസ്ക്കരണച്ചെലവും തമ്മിലുള്ള വ്യത്യാസം കണക്കിലെടുത്ത് അതാണ് നഷ്ടമെന്നുപറഞ്ഞ് എണ്ണക്കമ്പനികൾ ഇല്ലാത്ത നഷ്ടം വിളിച്ചു വരുത്തി അതിന്റെപേരിൽ രാജ്യത്തെ ജനങ്ങളെ പീഡിപ്പിക്കുകയാണ്. രാജ്യത്ത് 6.8 ലക്ഷം മെട്രിക് ടൺ ഭക്ഷ്യധാന്യം കെട്ടിക്കിടക്കുന്ന സന്ദർഭത്തിലാണ് ഭക്ഷ്യ സബ്സിഡി അനാവശ്യമാണെന്ന് തീരുമാനിക്കുന്നത്. കഴിഞ്ഞ ദിവസം ഫിക്കി സമ്മേളനത്തിൽ പങ്കെടുത്തുകൊണ്ട് രാജ്യത്തിന്റെ പ്രധാന മന്ത്രി ആവശത്തോടുകൂടിപറഞ്ഞത് സബ്സിഡികളൊന്നും ഇനി പറ്റില്ല, Protectionism is the enemy of growth, ആരും ആരെയും സംരക്ഷിക്കേണ്ട കാര്യമില്ല, ഈ സബ്സിഡികളും ക്ഷേമപദ്ധതികളുമാണ് രാജ്യത്തിന്റെ പ്രശ്നം എന്നാണ് പറഞ്ഞത്. കോർപ്പറേറ്റുകളുടേയും ഫിക്കിയിൽ ഉൾപ്പെടുന്ന വ്യവസായികളുടെ സംഘടനകളുടേയും താല്പര്യങ്ങളിലേക്ക് രാജ്യത്തെ എത്തിക്കുന്ന പണി ഞങ്ങൾ വേഗത്തിൽ നടപ്പിലാക്കിത്തരാം എന്നാണ് പറഞ്ഞത്. പൊതുവേ സൗമ്യനും മാന്യനുമായിട്ടുള്ള അദ്ദേഹം ആവേശഭരിതനായി ദേഷ്യത്തോടുകൂടിയാണ് ഇപ്രകാരം പറഞ്ഞത്. ഇത് ആദ്യത്തെ അനുഭവമല്ല. ഇന്ത്യാരാജ്യത്തെ കോർപ്പറേറ്റുകൾക്ക് 5,48,000 കോടി രൂപ കഴിഞ്ഞ ബഡ്ജറ്റിൽ സബ്സിഡി പ്രഖ്യാപിച്ചിട്ടുള്ള ഒരു രാഷ്ട്രീയ നേതൃത്വമാണിത്. അവർ തീരുമാനിക്കുന്ന തീരുമാനങ്ങൾ പാർലമെന്റിൽ കൊണ്ടുവരാനായി ഭൂരിപക്ഷമില്ലെങ്കിലും അത് വിലയ്ക്ക് വാങ്ങിയശേഷം കൂറുമാറ്റത്തിലൂടെ രാഷ്ട്രീയ തീരുമാനത്തെ മാറ്റിമറിക്കുന്ന

ഒരു സമീപനം രാജ്യത്ത് തുടരുകയാണ്. ഇത്തരം ഒരു സാഹചര്യത്തിൽ എങ്ങനെയാണ് കേരളത്തിലെ കൂറുമാറ്റ നിരോധന നിയമം പ്രാബല്യത്തിൽ വരുത്താൻ സാധിക്കുന്നത്? കേരളത്തിലെ ഇലക്ട്രിസിറ്റി ചാർജ്ജിന്റെ കാര്യം നമ്മളിപ്പോൾ ചർച്ച ചെയ്തതാണ്. ഇലക്ട്രിസിറ്റി ചാർജ്ജ് 2,000 കോടി രൂപയുടെ ബാധ്യത ഇവിടെ അടിച്ചേൽപ്പിച്ചു. വലിയ കേന്ദ്ര കോർപ്പറേറ്റായി ട്ടുള്ള ഏട്ടന്റെ കൊച്ചേട്ടനായി കേരളത്തെ മാറ്റാനുള്ള പരിശ്രമമാണ് കേരള ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നത്. വിവരാവകാശ നിയമപ്രകാരം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് നൽകിയിട്ടുള്ള ഒരു അറിയിപ്പുപ്രകാരം കേരളത്തിലെ പ്രൈവറ്റ് ലിമിറ്റഡ് കമ്പനികളും സ്വകാര്യ വ്യവസായികളും കെ.എസ്.ഇ.ബി.യിലേക്ക് അടച്ചുതീർക്കാനുള്ള തുക 500 കോടിയാണ്. അതിന് ഒരു തർക്കവുമില്ല. ലിറ്റിഗേഷനുള്ള കേസുകൾ വേറെ നിൽക്കുകയാ ണ്. 1,500 കോടി രൂപ പിരിച്ചെടുക്കുന്ന പ്രശ്നത്തിൽ ബാക്കിയെല്ലാം കേസിലാണ്. ഒരു കേസുമില്ലാതെ പെന്റിംഗായ 500 കോടി രൂപ പിരിച്ചെ ടുക്കാവുന്ന സ്ഥാപനങ്ങളുടെ ലിസ്റ്റ് ലഭ്യമായിട്ടുണ്ട്. ഇത്തരത്തിൽ പിരിച്ചെ ടുക്കാനുള്ള സാഹചര്യമുണ്ടായിട്ടും 2,000 കോടിരൂപ ഇലക്ട്രിസിറ്റി ചാർജ്ജ് ഇനത്തിൽ ആളുകളുടെമേൽ അധിക ബാധ്യതയായി അടിച്ചേൽപ്പി ച്ചിരിക്കുകയാണ്. ഇത് കേരളത്തിലെ സമ്പന്നർക്കുവേണ്ടിയുള്ളതാണെന്നാണ് കഴിഞ്ഞ ദിവസം ബഹുമാന്യനായ ഇലക്ട്രിസിറ്റി വകുപ്പുമന്ത്രി ഇവിടെ പറഞ്ഞത്. 300 യൂണിറ്റിന് മുകളിലുള്ളവർക്ക് എന്നുപറയുമ്പോൾ അത് സമ്പന്നർക്കുവേണ്ടി മാത്രമുള്ള ഒരു നിയമമാണോ; അങ്ങനെവരുമ്പോൾ ഇവരെല്ലാം ആരാണ്; ഇവരെല്ലാം വളരെ പാവപ്പെട്ടവരും ദാരിദ്ര്യരേഖയ്ക്ക്

താഴെയുള്ളവരുമാണോ; ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരിൽ നിന്നാണോ 500 കോടി രൂപ പിരിച്ചെടുക്കാനുള്ളത്; 500 കോടി രൂപ പിരിച്ചെടുക്കാനാവശ്യമായിട്ടുള്ള ഒരു നീക്കവും നടത്താതെ 2,000 കോടി രൂപയുടെ ബാധ്യത ജനങ്ങളിൽ അടിച്ചേൽപ്പിക്കുന്ന ഇലക്ട്രിസിറ്റി ബോർഡ് കേന്ദ്രത്തിലെ കോർപ്പറേറ്റ്വൽക്കരണത്തിന്റെ മറ്റൊരു തനിയാവർത്തനമാണ് നടത്തുന്നത്. എല്ലാ മേഖലകളിലും ഇതാണ് നടക്കുന്നത്.

മി. ഡെപ്യൂട്ടി സ്പീക്കർ ബഹുമാനപ്പെട്ട പി. ശ്രീരാമകൃഷ്ണൻ, ഇത് വിയോജനക്കുറിപ്പാണ്. ബില്ലിൽ നിന്നുകൊണ്ട് സംസാരിക്കണം.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: സർ, ഞാൻ അവസാനിപ്പിക്കുകയാണ്. കൂറുമാറ്റ നിരോധന നിയമം എന്നുപറയുന്നത് ജനാധിപത്യത്തിന്റെ അമൂല്യമായ സങ്കൽപ്പത്തെ ഉയർത്തിപ്പിടിക്കുന്നതിനും അത് ശക്തിപ്പെടുത്തുന്നതിനുംവേണ്ടിയുള്ള മന്ത്രിയുടെ ഭാവനയാണെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾ അവർ ആരുടെ പിന്തുണയോടുകൂടിയാണോ, ഏത് രാഷ്ട്രീയ പാർട്ടിയുടെ പിന്തുണയോടുകൂടിയാണോ വിജയിച്ചുവന്നത്, ആ രാഷ്ട്രീയ പാർട്ടിയുടെ താൽപര്യത്തിനോടൊപ്പം നിൽക്കണമെന്നുള്ള ഉദാത്തമായ ജനാധിപത്യ സങ്കൽപ്പമാണ് ഈ ഭേദഗതി കൊണ്ടുവരുന്നതിലേക്ക് മന്ത്രിയെ നയിച്ചത്. പക്ഷേ ആ ഭേദഗതിയോ അതിനുള്ള സാഹചര്യമോ അല്ല ഇന്ന് ഇന്ത്യയുടെ രാഷ്ട്രീയത്തിൽ ഇവർ കൊണ്ടുവരുന്നത്. മന്ത്രിയുൾപ്പെടുന്ന വലതുപക്ഷ രാഷ്ട്രീയ നേതൃത്വം ഇത്തരത്തിലുള്ള കൂറുമാറ്റത്തിനപ്പുറത്തേക്ക് വിധാനങ്ങൾ മാറിക്കഴിഞ്ഞു. രാഷ്ട്രീയത്തെ വില കൊടുത്തുവാങ്ങുന്ന, കോർപ്പറേറ്റുകളുടെ താൽപര്യ

ത്തിനും ഫിക്കിയുടെ താൽപ്പര്യത്തിനുമനുസരിച്ച് പാർലമെന്റിനെ ബൈപ്പാസ് ചെയ്തുകൊണ്ട് തീരുമാനങ്ങളെടുക്കുന്ന, അമേരിക്കയിലെ നിർദ്ദേശ മനുസരിച്ച് വിദേശ വ്യാപാര മേഖലയിൽ വിദേശ നിക്ഷേപം ഉറപ്പ് കൊടുക്കുന്ന ഒരു രാഷ്ട്രീയ സാഹചര്യത്തിൽ ഇത്തരമൊരു കൂറുമാറ്റ നിരോധന നിയമം അത്യന്തം അപ്രായോഗികമാണ്. രാഷ്ട്രീയ ഇച്ഛാശക്തി യില്ലാത്ത ഒരു ഗവൺമെന്റിനും, ഒരു നേതൃത്വത്തിനും ഇത്തരം കൂറുമാറ്റ നിരോധന നിയമം കൊണ്ടുവരുന്നതിൽ അർഹതയില്ലാത്തതിനാൽ ഇതിൽ വിയോജിപ്പ് രേഖപ്പെടുത്തുകയാണ്.

ശ്രീ. പി.ടി.എ. റഹീം: സർ, പഞ്ചായത്ത് അംഗങ്ങൾ കൂറുമാറുന്നത് നിരോധി ക്കുന്നതിനായി നിലവിലുള്ള സംവിധാനത്തിൽ ചില മാറ്റങ്ങളാണ് ഈ ഭേദഗ തികൊണ്ട് ഉദ്ദേശിക്കുന്നത്. ഇവിടെ സൂചിപ്പിച്ചതുപോലെ നിലവിലുള്ള കേര ളത്തിന്റെ രാഷ്ട്രീയ സാഹചര്യത്തിൽ, പാർട്ടികൾ ഗ്രൂപ്പും ഉൾഗ്രൂപ്പുമായി പരിണമിച്ചിരിക്കുന്ന ഈയൊരു സാഹചര്യത്തിൽ ഈ നിയമം നടപ്പി ലാക്കിവരുമ്പോൾ ഗുരുതരമായ പ്രശ്നങ്ങൾ ഉത്ഭവിക്കും എന്നുള്ള കാര്യ ത്തിൽ തർക്കമില്ല. ഇപ്പോൾ ഗ്രാമപഞ്ചായത്തിൽ നമ്മൾ ചെയ്തുവരുന്നത്, അംഗങ്ങൾ സത്യപ്രതിജ്ഞ ചെയ്യുന്നതിനുമുമ്പ് ഒരു ഡിക്ലറേഷൻ ഒപ്പിട്ട് കൊടുക്കുന്നുണ്ട്. ആ ഡിക്ലറേഷനിൽ, ഔദ്യോഗിക- രാഷ്ട്രീയപാർട്ടിക ളുടെ പ്രതിനിധികളും അവർക്കൊപ്പം ആ മുന്നണിയിൽ നിന്ന് ജയിച്ചിട്ടുള്ള ആളുകളുമെല്ലാം ഒരു ഷീറ്റിൽ ഒപ്പിടുകയാണ്. അങ്ങനെ ഒപ്പിട്ടശേഷം ഞങ്ങൾക്ക് വിപ്പ് നൽകാൻ അധികാരപ്പെട്ട ആൾ ഇന്നയാളാണെന്ന് അവർ സ്വയം തീരുമാനിച്ചുകൊണ്ടുള്ള ഒരു ഡിക്ലറേഷനാണ് ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നൽകുന്നത്. ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഈ ഡിക്ലറേഷൻ

സീൽചെയ്ത ഒരു കവറിൽ ഭദ്രമായി സൂക്ഷിക്കുകയാണ്. ഇതിനെതിരായി പിന്നീട് ഏതെങ്കിലും സംഭവവികാസമുണ്ടായാൽ അടിസ്ഥാന രേഖയായി പരിഗണിക്കുന്നത് ഈ ഡിക്ലറേഷനാണ്. ആ രേഖയ്ക്കുള്ള പ്രാധാന്യ മെന്നുപറയുന്നത് ഒരു അംഗീകൃത പൊളിറ്റിക്കൽ പാർട്ടി, ആ പാർട്ടിയോട് കൂറുപുലർത്തുന്ന അല്ലെങ്കിൽ ആ പാർട്ടിയുടെ സഹായത്തോടുകൂടി ജയിച്ചി രിക്കുന്ന സ്വതന്ത്രന്മാരും അതിൽ ഒപ്പിടുന്നുണ്ട് എന്നുള്ളതാണ്. അത് അവ രുടെ കൂട്ടായ്മയാണ്, അത് ആ പഞ്ചായത്തിൽ ഒതുങ്ങിനിൽക്കുന്ന ഒരു സംവിധാനമാണ്. പക്ഷേ, ഈ ഭേദഗതിവരുമ്പോൾ വിപ്പിന്റെ അധികാരം പുറ ത്തേക്കുകൂടി കൊടുക്കുകയാണ്. തെരഞ്ഞെടുപ്പുകമ്മീഷൻ നിശ്ചയിക്കുന്ന ആളുകളാണ് ഓരോ രാഷ്ട്രീയ പാർട്ടികൾക്കും ചിഹ്നം നൽകാൻ അധികാര പ്പെട്ടിട്ടുള്ളത്. ഇതിലൂടെ അയാളുടെ തീരുമാനം കൂടി ഇതിലേക്ക് കൊണ്ടുവ രികയാണ്. രജിസ്റ്റർ ചെയ്ത പൊളിറ്റിക്കൽ പാർട്ടിയുടെ ചിഹ്നത്തിൽ മത്സ രിച്ച ആളുകളെ സംബന്ധിച്ചിടത്തോളം ആ പാർട്ടിക്കുകൂടി അവർക്കുമേൽ അധികാരമുണ്ടെന്നാണ് ഇതിലൂടെ കൊണ്ടുവരുന്നത്. പക്ഷേ അപ്പോഴും അവിടെ ജയിച്ചിട്ടുള്ള സ്വതന്ത്രന്മാരെ സംബന്ധിച്ച് ഈ നിയമത്തിൽ വ്യക്ത മായൊരു പരാമർശമില്ല. സ്വതന്ത്ര സ്ഥാനാർത്ഥികൾ എന്നുപറയുമ്പോൾ കേരളത്തിലെ എൽ.ഡി.എഫ്.-യു.ഡി.എഫ്. പാർട്ടികളിൽ ഒരു കക്ഷി മാത്ര മല്ല, ഒരുപാട് കക്ഷികളുണ്ട്. ഈ സ്വതന്ത്രന്മാർ ലീഗിന്റെയോ കോൺഗ്രസി ന്റെയോ കേരള കോൺഗ്രസ്സിന്റെയോ അതല്ലെങ്കിൽ അതിൽത്തന്നെയുള്ള സമാന്തര ഗ്രൂപ്പുകളുടെയോ പിന്തുണയോടുകൂടിയാണ് വരുന്നത്. മാത്രമല്ല, ഇപ്പോൾ എല്ലാകാര്യങ്ങളും ഗ്രൂപ്പടിസ്ഥാനത്തിൽ ഭാഗിക്കുന്നതുകൊണ്ടുണ്ടാ കുന്ന പ്രയാസങ്ങളും അവിടെ ഉണ്ടാകുന്നുണ്ട്. നേരത്തെ നിലവിലുണ്ടായി രുന്ന സംവിധാനമനുസരിച്ച് ഡിക്ലറേഷൻ കൊടുക്കുമ്പോൾ യു.ഡി.എഫിന്റെ

ഭാഗമാണോ എൽ.ഡി.എഫിന്റെ ഭാഗമാണോയെന്ന് സ്വതന്ത്ര സ്ഥാനാർത്ഥികൾ എഴുതിക്കൊടുക്കാറുണ്ടായിരുന്നു, അത് അവർക്ക് ബാധകവുമായിരുന്നു. എന്നാൽ, ഒരു പഞ്ചായത്തിലെ വിഷയങ്ങൾ (ശുചിത്വം, കുടിവെള്ളം മുതലയാവ) മാത്രം ആസ്പദമാക്കി, രാഷട്രീയ ചിഹ്നമില്ലാതെ (ചിഹ്നത്തിൽത്തന്നെ മത്സരിക്കരുതെന്ന് പറയുന്ന ഒരുവസ്ഥകൂടിനമ്മൾ പരിഗണിക്കണം) സ്വതന്ത്രമായി മത്സരിച്ച് ജയിക്കുന്നവരെ നിയന്ത്രിക്കുന്നതിന് ഈ പുതിയ കൂറുമാറ്റനിരോധന നിയമം കൊണ്ട് കഴിയുകയില്ല. പിന്നെ ആകെപ്പാടെ ഒന്നോ രണ്ടോ വോട്ടിന്റെ പേരിൽ നറുക്കെടുത്തിട്ടുള്ള പഞ്ചായത്തുകളാണ് പലപ്പോഴുമുണ്ടാകുന്നത്. ആ അർത്ഥത്തിൽ ഈ നിയമം സ്വതന്ത്രന്മാരെ സംബന്ധിച്ചിടത്തോളം, ഏതെങ്കിലുമൊരു രാഷ്ട്രീയപാർട്ടിയുടെ ചിഹ്നത്തിൽ മത്സരിക്കാത്തവരെ സംബന്ധിച്ചിടത്തോളം ഗുരുതരമായ പ്രശ്നങ്ങളുണ്ടാക്കും. കഴിഞ്ഞ പ്രാവശ്യം കോഴിക്കോട് ജില്ലയിൽ ഒരു രാഷ്ട്രീയ പാർട്ടിക്ക് ചിഹ്നം കൊടുക്കാൻ അധികാരപ്പെട്ട വ്യക്തി ആശുപത്രിയിലായതുകൊണ്ട്, പകരം വേറൊരാൾ, എല്ലാ സ്ഥലത്തും ചിഹ്നം കൊടുത്തുകൊണ്ടുള്ള ഉത്തരവ് റിട്ടേണിംഗ് ഓഫീസർമാർക്ക് കൊടുക്കുകയും, ഏതോ ഒരു റിട്ടേണിംഗ് ഓഫീസർ അത് കണ്ടുപിടിക്കുകയും ചെയ്തു. അന്ന്, കമാൽകുട്ടി റിട്ടേണിംഗ് ഓഫീസർ ആയിരുന്നതുകൊണ്ട് ആ പാർട്ടിക്ക് ചിഹ്നമുണ്ടായി, അല്ലെങ്കിൽ ഒരു ചിഹ്നവുമില്ലാതെ മത്സരിക്കേണ്ടിവരുമായിരുന്നു. അങ്ങനെയുള്ള നൂറുകൂട്ടം പ്രശ്നങ്ങൾ ഉണ്ടാകുമെന്നതിനാൽ ഈ നിയമം പഞ്ചായത്തുകളിലേക്ക് കൊണ്ടുവരുന്നത് ശരിയാണോ എന്ന കാര്യം ഗൗരവമായി ചിന്തിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ചിടത്തോളം വളരെ ഗുരുതരമായ പ്രതിസന്ധി ഇപ്പോഴും നിലനിൽക്കുകയാണ്. മുനിസിപ്പാലിറ്റിക്ക് ഒരു നിയമം പഞ്ചായത്തിന് വേറൊരു നിയമം എന്ന

നിലയിലാണ് ഇപ്പോഴത്തെ സ്ഥിതി. മാത്രമല്ല, ഈ ബില്ലിന് വ്യത്യസ്തങ്ങളായ ഭേദഗതികളാണ് കഴിഞ്ഞ ദിവസം ഇവിടെ കൊണ്ടുവന്നത്. നിയമങ്ങൾക്ക് ഐക്യരൂപമില്ലാത്തതുകൊണ്ടാണ് ഇത്തരത്തിൽ വ്യത്യസ്തങ്ങളായ ഭേദഗതികൾ കൊണ്ടുവരാനുള്ള പ്രധാനപ്പെട്ട കാരണം. നമ്മുടെ പഞ്ചായത്തു വകുപ്പിനെ മൂന്നായി ഭാഗിച്ചതിനെ സംബന്ധിച്ച് വിമർശനമുയർന്നപ്പോൾ, ഒരു വകുപ്പുനോക്കാൻ മൂന്നുപേരുണ്ടായാൽ ആ വകുപ്പ് വളരെ നന്നാകുമെന്നാണ് പറഞ്ഞത്. പക്ഷേ, ഇപ്പോഴത്തെ സ്ഥിതി അതാണോ? ഒരു ഉദാഹരണം പറയുകയാണെങ്കിൽ കുടുംബശ്രീയുമായി ബന്ധപ്പെട്ട് നമ്മുടെ സഹോദരിമാർ സെക്രട്ടേറിയറ്റിനുമുമ്പിൽ നടത്തിയ സമരത്തിന് ബഹുമാനപ്പെട്ട എം.കെ. മുനീർ ഇടപെട്ട് ഒരു തീരുമാനമുണ്ടാക്കുകയും ഒരു കരാർ ഒപ്പുവയ്ക്കുകയും ചെയ്തു. എന്നാൽ, അങ്ങനെ ഒപ്പുവയ്ക്കാൻ ഡോ. എം. കെ. മുനീറിന് മാൻഡേറ്റില്ലെന്നാണ് മറ്റൊരു മന്ത്രി പറയുന്നത്. യഥാർത്ഥത്തിൽ ഈ വകുപ്പിനെ ഭാഗിച്ചതുകൊണ്ടുണ്ടായ പ്രശ്നമാണിത്. ഡോ. എം. കെ. മുനീറിന് മാൻഡേറ്റില്ലെന്ന് പറഞ്ഞാൽ പിന്നെ തീരുമാനമെടുക്കേണ്ടതാരാണ്? ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ സംസാരിച്ചതിന്റെ അടിസ്ഥാനത്തിൽ ഡോ. എം. കെ. മുനീറിന് തന്നെയാണ് മാൻഡേറ്റുള്ളതെന്ന് മനസ്സിലായി. ഇങ്ങനെയുള്ള ഒരുപാട് വിഷയങ്ങൾ നാട്ടിൽ ഉണ്ടാകുന്നുണ്ടെന്ന് മാത്രമല്ല, പദ്ധതികൾ മുഴുവൻ അവതാളത്തിലായി കിടക്കുകയുമാണ്. ഇതുവരെ പഞ്ചായത്തുകൾ മുപ്പതുശതമാനം പണം ചെലവഴിച്ചുവെന്ന് പറയുമ്പോൾ പുതിയ ഒരു പ്രോജക്ടിനുപോലും തുക ചെലവഴിച്ചിട്ടില്ല. മുമ്പ് തുടങ്ങിവച്ച സ്പിൽഓവർ പ്രവൃത്തികൾക്കുവേണ്ടിയാണ് 30-35 ശതമാനം തുക ചെലവഴിച്ചത്. യഥാർത്ഥത്തിൽ

ആസ്തിവികസന ഫണ്ടിലൂടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കാനുള്ള ഒരു മാർഗ്ഗം ഗവൺമെന്റ് ഉണ്ടാക്കിയിട്ടുണ്ട്. ഇത് ഇപ്പോൾ ഉണ്ടാക്കിയ സംവിധാനമല്ല, നേരത്തെയുണ്ടായിരുന്നതാണ്. “വിഷൻ 2010” എന്ന പദ്ധതിയിലൂടെ രണ്ട് കോടിരൂപയും മാന്ദ്യവിരുദ്ധപാക്കേജിലൂടെ 15 കോടിരൂപയുമുൾപ്പെടെ 17 കോടി രൂപ ഓരോ എം.എൽ.എ.മാർക്കും കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കൊടുത്തിരുന്നു. അങ്ങനെ കൊടുത്ത 17 കോടി രൂപയ്ക്കും ഒറ്റത്തവണയായി ഭരണാനുമതി കിട്ടാനുള്ള അവസരവുമുണ്ടായിരുന്നു. പക്ഷേ ഇപ്പോഴത്തെ സ്ഥിതിയെന്താണ്? ആദ്യത്തെ വർഷത്തെ തുക പോയി. ഇനിയുള്ള അഞ്ച് കോടി രൂപ പല എം.എൽ.എ. മാരും കൊടുത്തിരിക്കുന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയാണ്. അതായത് സ്കൂൾ കെട്ടിടങ്ങൾക്കും പി.എച്ച്.സി.കൾക്കും സി.എച്ച്.സി.കൾക്കും വേണ്ടിയാണ്. പക്ഷേ, ഇപ്പോഴത്തെ തർക്കം കാരണം ഇവിടെ ഉണ്ടായിരിക്കുന്ന ഒരു സ്ഥിതി, ഇതിനൊക്കെ ഭരണാനുമതി കൊടുക്കേണ്ടത് ആരാണെന്ന കാര്യം ഇതുവരെ തീരുമാനിച്ചിട്ടില്ല. റോഡിന്റെ കാര്യത്തിൽ ഭരണാനുമതി കൊടുക്കേണ്ടത് ആരാണ്? ഇതിന്റെ ഹെഡ്ഓഫ് അക്കൗണ്ട് പൊതുമരാമത്ത് വകുപ്പിനാണ് കൊടുത്തിരിക്കുന്നത്. കരാറുകാരനുമായി എഗ്രിമെന്റ് വച്ചാൽ ആ എഗ്രിമെന്റ് വയ്ക്കുന്നവർ കരാറുകാരന് പണം കൊടുക്കാൻ ബാദ്ധ്യസ്ഥരാണ്. യഥാർത്ഥത്തിൽ നേരത്തെ ഞാൻ സൂചിപ്പിച്ചതുപോലെ “വിഷൻ 2010” എന്ന പദ്ധതിയിലൂടെ മാന്ദ്യവിരുദ്ധപാക്കേജിൽ ഉൾപ്പെടുത്തിയിട്ടുള്ള എല്ലാ പ്രവൃത്തികളും- അതായത്, റോഡ്, പാലം, പി.എച്ച്.സി. സി.എച്ച്.സി. ഗവൺമെന്റ് സ്കൂൾ കെട്ടിടങ്ങൾ തുടങ്ങി എല്ലാത്തിനുവേണ്ടിയും ഫണ്ട് കൊടുത്തിട്ടുണ്ട്.

അതിനൊക്കെ അന്ന് ഭരണാനുമതിയും അംഗീകാരവും കൊടുത്തിരുന്നത് പൊതുമരാമത്ത് വകുപ്പായിരുന്നു. കാരണം അവരാണ് എഗ്രിമെന്റ് വച്ച് ആ തുക കരാറുകാരന് കൊടുക്കുന്നത്. എന്നാൽ ധനകാര്യവകുപ്പുമന്ത്രി ഇപ്പോൾ ഇറക്കിയ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഇനിമുതൽ മാതൃവകുപ്പ് കൊടുക്കണമെന്നാണ് പറഞ്ഞിരിക്കുന്നത്. ഭരണ പ്രതിപക്ഷ ഭേദമെന്യേ എല്ലാ എം.എൽ.എ.മാരെയും സംബന്ധിച്ചുള്ള കാര്യമാണ് ഞാൻ ഇവിടെ പറയുന്നത്. ആരാണ് മാതൃവകുപ്പ്. ആസ്തി വികസന ഫണ്ടിൽനിന്ന് ഹയർ സെക്കണ്ടറി സ്കൂളിന് ഒരു കോടി രൂപ കൊടുത്തിട്ടുണ്ടെങ്കിൽ അതിന് എ. എസ്.കൊടുക്കാൻ പി.ഡബ്ല്യൂ.ഡി-ക്ക് അധികാരമില്ലെന്നുപറഞ്ഞ് ബഹുമാനപ്പെട്ട വി. കെ. ഇബ്രാഹിംകുഞ്ഞിന്റെ കത്ത് ഞങ്ങൾക്ക് ലഭിച്ചിട്ടുണ്ട്. ധനകാര്യവകുപ്പുമന്ത്രി ശ്രീ. കെ. എം. മാണിയുടെയും കത്തും ലഭിച്ചിട്ടുണ്ട്. ഈ രണ്ട് കത്തുകളുടെയും അടിസ്ഥാനത്തിൽ എങ്ങനെയാണ് പണം ചെലവഴിക്കേണ്ടതെന്നതിനെ സംബന്ധിച്ച് ആർക്കും യാതൊരു വിവരവുമില്ല.

<u>ശ്രീ. മോൻസ് ജോസഫ്</u>: ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടിക്കാണിച്ച ഇത്തരമൊരു അവ്യക്തത കണക്കിലെടുത്തുകൊണ്ട് ഇതിനൊരു പരിഹാരമുണ്ടാക്കാൻ ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി കെ. എം.മാണി നടപടി സ്വീകരിക്കുകയും ഉത്തരവിറക്കുകയും ചെയ്തുവെന്ന് അദ്ദേഹം ഇന്നലെ അസംബ്ലിയിൽ ഡിക്ലയർ ചെയ്യുകയുണ്ടായി. നിർഭാഗ്യവശാൽ വാക്കൗട്ട് നടത്തി പുറത്തുപോയതുകൊണ്ട് അതിന്റെ മുഴുവൻ വിവരങ്ങളും കേൾക്കാത്തതുകൊണ്ടാണ് ഇങ്ങനെ പറയുന്നത്. അങ്ങ് പറഞ്ഞതുപോലെ നേരത്തെ കൊടുത്തിട്ടുള്ള എ.എസിന്റെ കാര്യത്തിൽ കൺസേൺഡ് വകുപ്പുതലത്തിൽതന്നെ ധനകാര്യ വകുപ്പിന്റെ അനുമതിയോടുകൂടി എ.എസ്. ഇഷ്യൂ ചെയ്യേണ്ടതായിട്ടുണ്ട്. ഇപ്പോൾ ഇവിടെ പി.ഡബ്ല്യൂ.ഡി.യിലേക്ക്

വന്നിരിക്കുന്നതാണെങ്കിലും ഇതൊരു കോമൺ ഹെഡ്ഡാണ്. ധനകാര്യ വകുപ്പിന്റെ തലത്തിൽ നിന്നുതന്നെ ഇതിന് അനുവാദം തരുന്നതിനുള്ള ക്രമീകരണം ഉണ്ടാക്കിയിട്ടുണ്ട്. അതോടൊപ്പം തന്നെ ബന്ധപ്പെട്ട വകുപ്പി ലേക്ക് വരുമ്പോൾ ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റ് ഏതാണോ ആ ഡിപ്പാർട്ടുമെന്റ് എ.എസ്. കൊടുക്കുന്ന രീതിയിൽ ആ പ്രശ്നം പരിഹരിക്കുമെന്ന് ബഹുമാന പ്പെട്ട ധനകാര്യവകുപ്പുമന്ത്രി ഇന്നലെ വ്യക്തമാക്കുകയും ആ പ്രശ്നം പരിഹരിക്കുകയും ചെയതിട്ടുണ്ട്.

ശ്രീ. പി. ടി. എ. റഹീം: സർ, അത് വ്യക്തമല്ല, ഞാൻ അതാണ് പറയു ന്നത്. ഇതുസംബന്ധിച്ച ഭേദഗതി വരുത്തിയ ബഹുമാനപ്പെട്ട ധനകാര്യവകുപ്പു മന്ത്രിയുടെ കത്ത് ഞാൻ കണ്ടു. ആ കത്തിൽ പരാമർശിക്കുന്ന ഭരണവകുപ്പ് ഏതാണ്? ഒരു സ്കൂൾ കെട്ടിടത്തെ സംബന്ധിച്ചിടത്തോളമുള്ള ഭരണവകുപ്പ് ഏതാണ്? വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണിത്. സ്കൂളുകളും ഹയർ സെക്കണ്ടറി സ്കൂളുകളും പിഎച്ച്.സി.കളും സി.എച്ച്.സികളുമെല്ലാം തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്ക് കൈമാറിക്കഴിഞ്ഞു. അതിന്റെയൊക്കെ ഭരണ വകുപ്പ് ആരാണ്? അങ്ങനെവന്നാൽ പി.എച്ച്.സി.യുടേയും സിഎച്ച്.സി.യു ടെയും ഭരണവകുപ്പ് ആരോഗ്യവകുപ്പാണോ; സ്കൂളിന്റേത് വിദ്യാഭ്യാസ വകുപ്പാണോ? ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി ഇന്നലെ പറഞ്ഞ കാര്യങ്ങൾ അവ്യക്തമാണ്. ഇപ്പോഴും ആ പ്രശ്നം അവസാനിച്ചിട്ടില്ല. ബഹുമാനപ്പെട്ട അംഗം പൊതുമരാമത്ത് വകുപ്പുമന്ത്രിയായിരുന്നല്ലോ; കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് വിഷൻ 2010-ലൂടെ ലഭിച്ച 17 കോടി രൂപ യുടെ ഭരണാനുമതി കൊടുത്തിരുന്നത് പൊതുമരാമത്ത് വകുപ്പായിരുന്നെന്ന്

അങ്ങേയ്ക്ക് അറിയാമല്ലോ? അങ്ങുതന്നെ ഒരുപാട് കാര്യങ്ങൾക്കുവേണ്ടി യുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്.

ശ്രീ. മോൻസ് ജോസഫ്: ........................(മൈക്ക് ഓഫ്).............. അന്നത്തെ ജലവിഭവ വകുപ്പുമന്ത്രിയായ ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ ആ വകുപ്പിൽ നിന്നാണ് കൊടുത്തിട്ടുള്ളത്. അതുതന്നെയാണ് ഞാൻ പറഞ്ഞത്. ഇവിടെ ഇതുപോലെ ഓരോ വകുപ്പിൽ നിന്നും കൊടുക്കാനുള്ള, എ.എസു കൾ അവിടെനിന്നുതന്നെ ഇഷ്യൂ ചെയ്യാം. ധനകാര്യവകുപ്പ് അത് ക്ലിയർ ചെയ്യും. വർക്ക് പി.ഡബ്ല്യൂ.ഡി. മുഖാന്തിരം നടത്താനാണ് ആഗ്രഹിക്കുന്ന തെങ്കിൽ ടെണ്ടർ ചെയ്യുകയുമാവാം. ആ നിലയ്ക്ക് ഈ പ്രശ്നം പരിഹരി ക്കാമെന്നാണ് ഇന്നലെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി വ്യക്തമാക്കി യത്. അതിലൂടെ പരിഹരിക്കാമെന്നുതന്നെയാണ് എന്റെയും വിശ്വാസം.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട പി.ടി.എ. റഹീം, ആസ്തി വികസന ഫണ്ടിനെ സംബന്ധിച്ച് എം.എൽ.എ.മാർ എഴുതികൊടുക്കുന്ന പ്രോജക്ടുകൾക്ക് കാലതാമസമുണ്ടാകുന്നുവെന്ന് അംഗങ്ങൾ പരാതിപ്പെട്ട തനുസരിച്ച് കാലതാമസം ഒഴിവാക്കുന്നതിനുവേണ്ടി ഒരു പ്രത്യേക ഉദ്യോഗ സ്ഥനെ ഇതിനായി ചുമതലപ്പെടുത്തിയിരിക്കുന്നു. എം.എൽ.എ.മാർ നിർദ്ദേശി ക്കുന്ന വർക്കുകൾ എഴുതിക്കൊടുത്താൽ ബന്ധപ്പെട്ട വകുപ്പുകളിൽ നിന്ന് അത് വാങ്ങി വളരെ വേഗത്തിൽ തന്നെ എ.എസ്. ഇഷ്യൂ ചെയ്യുന്നതിനുള്ള നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്.

ശ്രീ. സി. ദിവാകരൻ: സർ, ഒരുനുഭവസ്ഥനെന്നുള്ള നിലയിൽ പറയുക യാണെങ്കിൽ ഇത്തരത്തിലുള്ള യാതൊരുവിധ നടപടികളുമുണ്ടാകുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: പുതിയ സംവിധാനമനുസരിച്ച്, എം.എൽ.എ. മാർ എഴുതിക്കൊടുത്താൽ പത്ത് ദിവസത്തിനുള്ളിൽ എ.എസ്. തരുന്നതി

നുള്ള നടപടി സ്വീകരിക്കുമെന്നാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞത്. അതിനാണ് പ്രത്യേക ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തിട്ടുള്ളത്.

ശ്രീമതി പി. അയിഷാ പോറ്റി: സർ, ആസ്തി വികസന ഫണ്ടുമായി ബന്ധപ്പെട്ട ഒരു കാര്യമാണ് ഇവിടെ സംസാരിച്ചത്. ആസ്തി വികസന ഫണ്ടിൽ എന്തൊക്കെ ചെയ്യണമെന്നുള്ളത് എഴുതിക്കൊടുക്കാനായി ആദ്യം മുതൽ പറഞ്ഞു. അതിനുശേഷം പൊതുമരാമത്തിന് ഇത് ചെയ്യാൻ പറ്റാത്ത തുകൊണ്ട് അതാത് വകുപ്പുകളിൽ കൊടുത്ത് വീണ്ടും സാങ്ഷൻ വാങ്ങിച്ച് ധനകാര്യ വകുപ്പിൽ നിന്ന് സാങ്ഷൻ വാങ്ങണമെന്നുള്ള വേറൊരു ഗൈഡ്ലൈൻ തന്നു. ഇപ്പോൾ ഏറ്റവും ഒടുവിൽ വേറൊരു ഉത്തരവ് കൂടി വന്നിട്ടുണ്ട്. ഇതെല്ലാം കൂടി വന്നപ്പോൾ ഈ വർഷത്തിൽ ഇനി ഈ പദ്ധതി നടപ്പാക്കാനേ സാധിക്കാത്ത ഒരു അവസ്ഥയിലേയ്ക്ക് എത്തിച്ചേർന്നിട്ടുള്ള തല്ലേ എന്നുകൂടി ഞാൻ അദ്ദേഹത്തോട് ചോദിക്കുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട പി. അയിഷാ പോറ്റി, ചെയറിന് അറിയാവുന്ന ഒരു കാര്യം എളുപ്പത്തിൽ പറഞ്ഞുവെന്നേയുള്ളൂ. നേരത്തെ പറഞ്ഞതുപോലെ കൂടുതൽ കാലതാമസം വരുന്നതുകൊണ്ട് ആ കാലതാമസം ഒഴിവാക്കുന്നതിനുവേണ്ടി ഒരു പ്രത്യേക ഉദ്യോഗസ്ഥനെ ചുമത ലപ്പെടുത്തിയിരിക്കുന്നു. ആ വിവരമാണ് ബഹുമാനപ്പെട്ട എം. എൽ. എ. മാർക്ക് തന്നത്. ബന്ധപ്പെട്ട ഉദ്യോഗസ്ഥന് എഴുതിക്കൊടുത്താൽ ആ ഉദ്യോ ഗസ്ഥൻതന്നെ ബന്ധപ്പെട്ട വകുപ്പുകളിൽ നിന്ന് അതിനാവശ്യമായതെല്ലാം വാങ്ങി പെട്ടെന്ന് എ. എസ്. കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കും. അതാണ് ഇപ്പോൾ വന്നിരിക്കുന്നത്. അതിനെ സംബന്ധിച്ച് ഒരു സംശയവും വേണ്ട. എം. എൽ. എ. മാരെ സഹായിക്കുന്നതിനുവേണ്ടിയാണ്.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ഇന്നലത്തെ ഒരു അനുഭവം ഞാൻ അങ്ങയുടെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്. ഇന്നലെ ബഹുമാനപ്പെട്ട ധന കാര്യ വകുപ്പുമന്ത്രിയിൽ നിന്നും ഈ നിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്ന ഒരു കത്ത് എനിക്കും കിട്ടി. ബഹുമാനപ്പെട്ട പി. റ്റി. എ. റഹീം സൂചിപ്പിച്ചതു പോലെ ഒരു പഞ്ചായത്ത് ഓഫീസ് കെട്ടിടവും ഒരു ഫിഷറീസ് ഹൈസ്കൂൾ കെട്ടിടവും വേറൊരു സ്കൂളും പണിയുന്നതിനുവേണ്ടിയാണ് ഞാൻ കൊടു ത്തത്. ഈ സ്കൂളിന്റെ ഭരണവകുപ്പിൽ എം. എൽ. എ. ആയ ഞാൻ എവി ടെയാണ് ബന്ധപ്പെടേണ്ടതെന്ന് നോഡൽ ഓഫീസറോട് ചോദിച്ചപ്പോൾ നിങ്ങൾ ഇവിടെ തന്നാൽ മതിയെന്നാണ് പറഞ്ഞത്. കൺസേൺഡ് ഡിപ്പാർട്ടുമെന്റ് മുഖാന്തിരം വരണമെന്നാണ് ഞങ്ങളോട് പറയുന്നത്. ഞാൻ കൊടുത്ത പ്രൊപ്പോസൽ കൺസേൺഡ് ഡിപ്പാർട്ടുമെന്റിലൂടെ വരണമെന്ന് പറഞ്ഞ് തിരിച്ചയച്ചു. ഇനി ഞാൻ എന്ത് ചെയ്താലാണ് കിട്ടുക എന്നതേ എനിക്ക് അറിയേണ്ടതുള്ളൂ.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട എ. കെ. ശശീന്ദ്രൻ, ഇത്തര ത്തിലുള്ള ധാരാളം ബുദ്ധിമുട്ടുകൾ വരുന്നുവെന്ന് ബന്ധപ്പെട്ട എം. എൽ. എ. മാർ പരാതിപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് പുതിയതായി ഒരു ഓഫീസറെ നിയോഗിച്ചത്. ഇനി എം. എൽ. എ. മാർ ആ ഓഫീസർക്ക് എഴുതിക്കൊടു ത്താൽ മാത്രം മതി, ആ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ ബന്ധപ്പെട്ട വകുപ്പുകളു മായി ബന്ധപ്പെട്ട് എ. എസ്. കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കും.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ചെയറിൽ ഇരുന്നുകൊണ്ട് അങ്ങ് പറ യുമ്പോൾ .......പക്ഷേ ഇന്നലത്തെ ഉത്തരവിനെ തുടർന്നാണ് പറയുന്നത്. ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തി എന്ന് പറഞ്ഞതിനുശേഷമുള്ള അനുഭവ മാണ് ഞാൻ പറയുന്നത്. ധനകാര്യ വകുപ്പിൽ ഒരു നോഡൽ ഓഫീസറെ

നിയമിച്ചിട്ടുള്ളതായി എനിക്ക് കിട്ടിയ കത്തിലുണ്ട്. .....(ബഹളം).......പേര് ഞാൻ മറന്നുപോയി. .....(ബഹളം).....അഡീഷണൽ സെക്രട്ടറി.......(ബഹളം)......ധനകാര്യ വകുപ്പുമന്ത്രി ഇല്ലാത്തത് ശരിയാണ്. ധനകാര്യ വകുപ്പു മന്ത്രി ഇവിടെ ഇല്ലാത്തതുകൊണ്ട് അങ്ങയോട് ചോദ്യം ചോദിച്ച് .......ചെയറിൽ നിന്ന് ഒരു റൂളിംഗ് വേണ്ട കാര്യമല്ലാത്തതുകൊണ്ട് ചോദ്യങ്ങൾ ചോദിക്കില്ല. പക്ഷേ മെമ്പർ ഉന്നയിക്കുന്ന പ്രധാനപ്പെട്ട പ്രശ്നം കേൾക്കാൻ ദൗർഭാഗ്യവശാൽ ഇവിടെ ആരുമില്ലാത്തതുകൊണ്ട് ഞങ്ങൾ എവിടെ പരാതി പറയുമെന്നതാണ് പ്രശ്നം.

ശ്രീ. ജോസഫ് വാഴയ്ക്കൻ: .......(മൈക്ക് ഓഫ്)......ഇത് പറയുന്ന സമയത്ത് ഇവിടെ ഇരുന്ന് അത് കേൾക്കാതിരുന്നിട്ട് ഇന്ന് ഇവിടെ വന്ന് സംസാരിച്ചിട്ട് എന്ത് കാര്യം? ആർക്കും ഏത് സംശയവും ഇന്നലെ തീർക്കാമായിരുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ചർച്ച വേണ്ട....ശ്രീ. പി. റ്റി. എ. റഹീം അങ്ങയുടെ ഭേദഗതിയിൽ ഒതുങ്ങി നിന്ന് സംസാരിക്കണം.

ശ്രീ. പി. റ്റി. എ. റഹീം: തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഷയത്തെ സംബന്ധിച്ചാണ് ഞാൻ പറയുന്നത്. ശ്രീ. കെ. എം. മാണി പ്രസംഗിച്ചത് ഇവിടന്നല്ലാതെ വേറെ കേട്ടിട്ടുണ്ട്, ഓർഡർ കണ്ടിട്ടുണ്ട്. അതുകൊണ്ടു തന്നെയാണ് ഞാൻ പറയുന്നത്. ഞാൻ 5 കോടി രൂപയും കൊടുത്തിട്ടുള്ളത് ഹയർ സെക്കണ്ടറി സ്കൂളിനാണ്. ആ ഹയർ സെക്കണ്ടറി സ്കൂളിന്റെ ഭരണ വകുപ്പ് ഏതാണ്? ആരാണ് ഭരണവകുപ്പെന്ന് നിങ്ങൾ പറഞ്ഞുതരിക. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ മന്ത്രിയാണോ; വിദ്യാഭ്യാസ വകുപ്പുമന്ത്രിയാണോ; ജില്ലാ പഞ്ചായത്താണോ? വിട്ടുകൊടുത്തതാണ്, പ്രശ്നമുണ്ട്. ......(ബഹളം)...... അല്ല, വിദ്യാഭ്യാസ വകുപ്പല്ല. ഈ സ്കൂളിന്റെ നിയന്ത്രണ

ങ്ങളും അവിടെ കെട്ടിടമുണ്ടാക്കേണ്ട ചുമതലയും നമ്മൾ ഏൽപ്പിച്ചുകൊടുത്തിട്ടുള്ളത് ബന്ധപ്പെട്ട പഞ്ചായത്തുകൾക്കാണ്. എൽ. പി. സ്കൂൾ ആണെങ്കിലും യു. പി. സ്കൂൾ ആണെങ്കിലും പഞ്ചായത്തിനാണ് ചുമതല. രണ്ട് ദിവസം കൊണ്ട് നിങ്ങൾ ഇത് മനസ്സിലാക്കും. നോഡൽ ഓഫീസറെ വച്ചുവെന്നുള്ളത് ശരിയാണ്.

ശ്രീ. പാലോട് രവി: സർ, അങ്ങ് ചെയ്തതുപോലെ ഞാനും 4 സ്കൂളുകൾക്കാണ് കൊടുത്തത്. ഈ 4 സ്കൂളുകളുടേത് പി. ഡബ്ല്യു. ഡി. യെക്കൊണ്ട് എസ്റ്റിമേറ്റ് എടുപ്പിച്ച് പി. ഡബ്ല്യു. ഡി. വഴി ആദ്യം ധനകാര്യ വകുപ്പിൽ വന്നു. ധനകാര്യ വകുപ്പിൽ നിന്നും ധനകാര്യ വകുപ്പ് ഇത് പാരന്റ് ഡിപ്പാർട്ടുമെന്റിലേയ്ക്ക് അയയ്ക്കുന്നുവെന്ന് പറഞ്ഞ് ഒരു കത്ത് നമുക്ക് തിരിച്ചയച്ചു. പുതിയ സ്പെഷ്യൽ ഓഫീസറെ വച്ചതിനുശേഷം ഞാൻ ഇന്നലെ ബന്ധപ്പെട്ടു. ഈ 4 വർക്കിന്റെയും പേര് മാത്രം അവിടെ എഴുതിക്കൊടുത്താൽ മതിയെന്ന് പറഞ്ഞു. ഇത്രയും കാര്യങ്ങൾ ചെയ്തിരിക്കുന്നതുകൊണ്ട് ഞങ്ങൾ തന്നെ ഇത് ധനകാര്യ വകുപ്പിൽ വിളിച്ചുവരുത്തി എ. എസ്. തരാമെന്ന് ഇന്നലെ അഡീഷണൽ സെക്രട്ടറി പത്മകുമാർ എനിക്ക് ഉറപ്പ് തന്നിരിക്കുന്നു. ഞാനും കൊടുത്തത് 4 സ്കൂളാണ്. അത് തിരിച്ചുവിളിക്കാം. ഇത്രയും നിങ്ങൾ ചെയ്തിട്ടുണ്ടെങ്കിൽ ഈ 4 വർക്കിന്റേയും പാരന്റ് ഡിപ്പാർട്ടുമെന്റിലോ പി. ഡബ്ല്യു. ഡി. യിലോ എവിടെയുണ്ടെങ്കിലും, ഞങ്ങൾ എഴുതി കൊടുത്തു, അത് തിരിച്ച് വിളിച്ചുവരുത്തി ഒരു 5 ദിവസത്തിനകം എ. എസ്. തരാമെന്ന് ഇന്നലെ ഇതേ ഉദ്യോഗസ്ഥൻ ഉറപ്പുതന്നിട്ടുണ്ട്.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. പി. റ്റി. എ. റഹീം ചുരുക്കണം......പ്ലീസ് കൺക്ലൂഡ്........

ശ്രീ. പി. റ്റി. എ. റഹീം: സർ, ഇതിൽ ഒരു വ്യക്തത വേണം. ഞാൻ എല്ലാ ബഹുമാനത്തോടുംകൂടി പറയുകയാണ്, ഇന്നലെ അയാൾക്ക് ഉറപ്പ് കൊടുത്തുവെന്ന് പറയുന്നു. ഈ രണ്ട് വകുപ്പുകളും തമ്മിലുള്ള വലിയൊരു മത്സരത്തിന്റെ ഫലമായിട്ടാണ് ഈ രണ്ട് മന്ത്രിമാരും ഞങ്ങൾക്ക് കത്ത് തന്നത്. ഒരു സ്കൂളിന്റെ പാരന്റ് ഡിപ്പാർട്ടുമെന്റ് ഏതാണ്; ഒരു പി. എച്ച്. സി. യുടെ പാരന്റ് ഡിപ്പാർട്ടുമെന്റ് ഏതാണ്; ഒരു സി. എച്ച്. സി. യുടെ പാരന്റ് ഡിപ്പാർട്ടുമെന്റ് ഏതാണ്? ഇതെല്ലാം നിശ്ചയമായും 2 ദിവസം കൊണ്ട് നിങ്ങൾ മനസ്സിലാക്കും. കാരണം, ഇത് കൊടുക്കാതിരിക്കാൻ വേണ്ടിയുള്ള എല്ലാ പണിയും നടക്കുന്നുണ്ട്. ഇത് കിട്ടാൻ പോകുന്നില്ല. കാരണം, ഇത് പാരന്റ് ഡിപ്പാർട്ടുമെന്റിന് അയയ്ക്കണം. നോഡൽ ഓഫീസറെ വച്ച് നോഡൽ ഓഫീസർക്ക് പ്രൊപ്പോസൽ കൊടുത്താൽ മതി. ഒരു വിഷയവുമില്ല. പക്ഷേ ഇത് പോയി വരുന്ന മാർഗ്ഗം, അത് ആരാണ് പാരന്റ് ഡിപ്പാർട്ടുമെന്റ് എന്നുള്ളതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുള്ള ഒരു വിഷയത്തെ സംബന്ധിച്ചിടത്തോളം പാരന്റ് ഡിപ്പാർട്ടുമെന്റ് ഏതാണെന്നുള്ളത് ഗുരുതരമായ ഒരു വിഷയമാണ്. അത് ഇവർ തമ്മിൽ തർക്കം വന്നതുകൊണ്ടാണ് വിഷയമായത്.

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങ് അവസാനിപ്പിക്കണം. 20 മിനിറ്റ് കഴിഞ്ഞു.

ശ്രീ. പി. റ്റി. എ. റഹീം: ഞാൻ അവസാനിപ്പിക്കാം. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഇപ്പോഴുള്ള പ്രയാസങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി എം. എൽ. എ. മാരുടെ ഈ ഫണ്ട് ഉപയോഗിക്കുന്നതിന് ഇപ്പോഴും തടസ്സമുണ്ട്. ഞാൻ വളരെ വ്യക്തമായി പറയുന്നു, ആസ്തി വികസന ഫണ്ടിനെക്കുറിച്ച് ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ ഇപ്പോൾ പറഞ്ഞതൊക്കെ നട

ക്കാതിരിക്കാൻ വേണ്ടി പുറത്ത് പറയുന്നതാണ്. പാരന്റ് ഡിപ്പാർട്ടുമെന്റിനെ സംബന്ധിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വിട്ടുകൊടുത്തിട്ടുള്ള വിഷയത്തെ സംബന്ധിച്ചിടത്തോളം വളരെ ഗുരുതരമാണ് ഈ വിഷയമെന്ന് ഇവിടെ സൂചിപ്പിക്കുകയാണ്. അതുകൊണ്ട്........

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങേയ്ക്ക് അടുത്ത ബില്ലിൽ സംസാരിക്കാം.

ശ്രീ. പി. റ്റി. എ. റഹീം: അടുത്ത ബില്ല് ഇതേ വിഷയം വച്ച് പാസ്സാക്കിപോയതാണ്. അതിൽ പറയാനായി ഒന്നുമില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: 21 മിനിറ്റായി. ദയവായി ചുരുക്കണം.

ശ്രീ. പി. റ്റി. എ. റഹീം: ഈ കൂറുമാറ്റ നിരോധന ബിൽ നിലവിലുള്ള സാഹചര്യത്തിൽ ഗ്രാമപഞ്ചായത്തുകളെ സംപുഷ്ടീകരിക്കുന്നതല്ല, അത് കൂടുതൽ പ്രയാസങ്ങളുണ്ടാക്കുന്നതും രാഷ്ട്രീയ പാർട്ടികളെയൊക്കെ കേന്ദ്രീകരിക്കുന്നതുമാണെന്നുള്ളതുകൊണ്ടാണ് ഞാൻ ഡിസന്റ് കൊടുത്തിട്ടുള്ളതെന്ന് പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. ഇ. കെ. വിജയൻ: സർ, കൂറുമാറ്റ നിരോധന ബിൽ പാസ്സായാലും കൂറുമാറ്റമെന്ന പ്രവണത നമുക്ക് അവസാനിപ്പിക്കാൻ കഴിയാത്ത സാഹചര്യമാണുള്ളത്. കേരളത്തിന്റെ അനുഭവത്തിൽ 1957-ൽ ആണ് രാഷ്ട്രീയ രംഗത്ത് കൂറുമാറ്റത്തിനുവേണ്ടി രാഷ്ട്രീയ പാർട്ടി എന്ന നിലയ്ക്ക് കോൺഗ്രസ്സ് ആദ്യമായി പ്രവർത്തന രംഗത്തേയ്ക്ക് വന്നുകൊണ്ട് രാഷ്ട്രീയ അഴിമതിക്ക് വളംവച്ചതെന്ന കാര്യം ഈ സഭയ്ക്ക് അറിയാവുന്നതാണ്. അത് പരാജയപ്പെട്ടപ്പോഴാണ് ജനാധിപത്യവിരുദ്ധമായി ഗവൺമെന്റിനെ താഴെയിറക്കാനുള്ള പരിശ്രമത്തിൽ, മതേതര മൂല്യങ്ങളെ കശാപ്പ് ചെയ്തുകൊണ്ട് ജാതി-മത സംഘടനകളെ കൂട്ടുപിടിച്ച് അന്ന് ആ സമരം വിജയിപ്പിക്കാൻ

കഴിഞ്ഞത്. ജനാധിപത്യവിരുദ്ധമായി പാർലമെന്റിനെ ഉപയോഗപ്പെടുത്തിക്കൊണ്ട് ആ സഭയെ അന്ന് പിരിച്ചുവിട്ടതാണ്. തീർച്ചയായും അതിനുശേഷമുള്ള തലമുറ ഇതൊക്കെ കണ്ട് വളർന്നവരാണ്. കൂറുമാറ്റം ഒരു നിയമസഭയിലെ അല്ലെങ്കിൽ ഒരു ഗ്രാമപഞ്ചായത്തിലെ അംഗത്തിന്റെ പ്രശ്നമാണോ? ദീർഘനാളിലെ പോരാട്ടത്തെ തുടർന്നാണ് നമ്മുടെ രാജ്യം സ്വാതന്ത്ര്യം പ്രാപിച്ചത്. അതിനുശേഷം ദേശീയ വിമോചന പ്രസ്ഥാനത്തിന്റെ ഭാഗമായി ഇവിടെ നേരത്തെ സൂചിപ്പിച്ചതുപോലെ ഗ്രാമസ്വരാജ് സ്വപ്നം കണ്ട്, ക്ഷേമരാഷ്ട്രം സ്വപ്നം കണ്ട് അങ്ങനെയൊരു ഭരണഘടന തയ്യാറാക്കി പ്രവർത്തിക്കുന്ന കോൺഗ്രസ്സാണ് മാറിയുംതിരിഞ്ഞും ഇന്ത്യ ഭരിച്ചത്. ഇന്ന് ഇന്ത്യയിലെ കോൺഗ്രസ്സുകാരന്റെയും കോൺഗ്രസ്സ് നേതൃത്വത്തിന്റെയും കൂറ് ആരോടാണ്; കൂറ് എങ്ങനെ മാറി? ഇന്നലെവരെ പാർലമെന്റിലെടുത്ത നടപടികളുമായി ബന്ധപ്പെട്ടുനോക്കുമ്പോൾ ലോക കോർപ്പറേറ്റ് സ്ഥാപനങ്ങൾക്ക് വിധേയരായ പാർലമെന്റ് അംഗങ്ങൾ, ഇന്ത്യയിലെ മുതലാളിമാരുടെ പ്രതിനിധികൾ ഇന്ത്യൻ പാർലമെന്റിലേയ്ക്ക് കടന്നുവരുന്നു. യഥാർത്ഥത്തിൽ ജനാധിപത്യത്തെ പണാധിപത്യം കൊണ്ട് കീഴ്പ്പെടുത്തുന്ന സാഹചര്യത്തിലേയ്ക്ക് കോൺഗ്രസ് മാറി. കൂറുമാറ്റത്തിന് സഹായകരമായ സമീപനങ്ങൾ വ്യക്തികളിലേയ്ക്ക് എത്തിക്കുന്ന കാഴ്ച്ചപ്പാടല്ലേ നമ്മൾ കാണുന്നത്. 1957-ൽ ഇവിടെ പരാജയപ്പെട്ടെങ്കിലും അതിൽനിന്നും നിരുപാധികം കീഴടങ്ങാൻ അവർ തയ്യാറായില്ല. അതിൽ നിന്നും പ്രോത്സാഹിപ്പിക്കാനുള്ള പരിശ്രമങ്ങൾ ആരംഭിച്ചു. മുണ്ടയുടെ അനുഭവം നമ്മൾ വിഷ്വൽ മീഡിയയിലൂടെ കണ്ടതാണ്. പണം പാർലമെന്റിനകത്തുവച്ച് കൊടുത്ത് എം.പി.-മാരെ വിലയ്ക്കെടുക്കുന്ന സാഹചര്യം നമ്മൾ കണ്ടു. പാർലമെന്റിൽ തന്നെ ഇപ്പോൾ കോടീശ്വരന്മാരാണ്

പ്രതിനിധികളായി വന്നുകൊണ്ടിരിക്കുന്നത്. ഇതൊക്കെ കാണുകയാണ് നമ്മുടെ നാട്ടിലെ സാധാരണ മനുഷ്യർ, പഞ്ചായത്തിൽ അംഗങ്ങളായി വരുന്നവർ. അതിന്റെ ഭാഗമായാണ് നേരത്തെ ഇവിടെ സൂചിപ്പിച്ചതുപോലെ ചില്ലറ വ്യാപാര മേഖലയിൽപോലും കോൺഗ്രസ് ദീർഘമേറിയ നാളുകൾ പോരാട്ടം നടത്തിയ ഈ സ്വതന്ത്ര ഭൂമിയെ കച്ചവടമേഖലയിലൂടെ വിദേശശക്തികൾക്ക് വിൽക്കാൻ പരിശ്രമിക്കുന്നത് ഈ ജനാധിപത്യത്തെ ഉപയോഗപ്പെടുത്തിക്കൊണ്ടാണ്. ആരാണ് ഇതിന് അവകാശം കൊടുത്തത്? ഇപ്പോൾ എവിടെയാണ് കൂറ്? ഈ കൂറ് മാറ്റത്തെയല്ലേ നമ്മൾ ആദ്യമായി കാണേണ്ടത്. രാജ്യത്തിന്റെ സ്വാതന്ത്ര്യത്തെ പണയപ്പെടുത്തുന്ന ഈ കൂറുമാറ്റത്തിന് സമീപനം കൈക്കൊള്ളുമ്പോൾ, ഇത്തരം ഒരു കാഴ്ച്ചപ്പാടിലേയ്ക്ക് പോകുമ്പോൾ ആ പാർലമെന്റ് അംഗങ്ങളെ, ജനപ്രതിനിധികളെ തിരിച്ചുവിളിക്കാനുള്ള അവകാശമല്ലേ കൊടുക്കേണ്ടത്.

ശ്രീമതി അയിഷാ പോറ്റി : അങ്ങ് ഇവിടെ കൂറുമാറ്റവുമായി ബന്ധപ്പെട്ട വളരെ പ്രധാനപ്പെട്ട കാര്യങ്ങളാണ് സംസാരിച്ചുകൊണ്ടിരിക്കുന്നത്. അതിനിടയ്ക്ക് ഒരു സംശയം വരുന്നത് അഞ്ച് വർഷക്കാലത്തേയ്ക്ക് ഒരു ജനപ്രതിനിധിയെ തെരഞ്ഞെടുത്ത് വിട്ടാൽ, തെരഞ്ഞെടുക്കപ്പെട്ട് അധികം താമസിക്കാതെതന്നെ ആ സ്ഥാനത്തുനിന്നും എതിർപാർട്ടിയിലേയ്ക്ക് മാറി വീണ്ടും എതിർപാർട്ടിയുടെ ചിഹ്നത്തിൽ ആ അഞ്ച് വർഷ കാലാവധിക്കുള്ളിൽ മത്സരിക്കുന്നുവെന്നുള്ളതിനെ തടയുന്ന ഒരു നിയമം യഥാർത്ഥത്തിൽ കൊണ്ടുവരേണ്ടതല്ലേ? എന്തെന്നുവച്ചാൽ ഒരു പാർട്ടിയിൽ നിന്നും ജയിച്ച് രണ്ടോ നാലോ മാസക്കാലം ജനപ്രതിനിധിയായ ശേഷം അതിൽ നിന്നും മാറി എതിർപക്ഷത്തേയ്ക്ക് പോയി ആ പക്ഷത്തുനിന്നുകൊണ്ട് വീണ്ടും സ്ഥാനാർത്ഥിയായി മത്സരിക്കുന്നതുവഴി കോടിക്കണക്കിന് രൂപയുടെ നഷ്ടം

സർക്കാരിനുണ്ടാകുന്നു. വികസന പ്രവർത്തനത്തിന് ഉപയോഗിക്കേണ്ട പണം ഇങ്ങനെ മാറ്റി ചെലവഴിക്കേണ്ട അവസ്ഥയുണ്ടാകുന്നത് തടയാൻ യഥാർത്ഥ ത്തിൽ പാർലമെന്റിൽ ഒരു നിയമം കൊണ്ടുവരേണ്ടതല്ലേ?

ശ്രീ. ഇ. കെ. വിജയൻ : ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ച കാര്യം വളരെ പ്രസക്തമാണ്. പക്ഷേ ഇന്ത്യയിലെ ഇന്നത്തെ സാഹചര്യം ജനപ്രതിനി ധികളെ വിലയ്ക്കുവാങ്ങാവുന്ന തരത്തിലേയ്ക്ക് മാറിക്കൊണ്ടിരിക്കുകയാ ണെന്നാണ് ഞാൻ സൂചിപ്പിച്ചത്. അങ്ങനെ വരുന്ന വ്യക്തികളിൽ നിന്നും പണം വസൂലാക്കാനുള്ള ബില്ലുകൾ കൊണ്ടുവരേണ്ടതാണെന്ന നിർദ്ദേശം എനിക്കുണ്ട്. ഞാൻ സൂചിപ്പിച്ചത് ഇത്തരം ഒരു സാഹചര്യത്തിൽ, ഇന്ത്യയുടെ ഇന്നത്തെ സാഹചര്യത്തെ കാണാതെ കേവലം ഒരു ഗ്രാമ പഞ്ചായത്തിൽ ഒതുങ്ങിനിന്നുകൊണ്ട് കൂറുമാറ്റത്തെ തടയുവാൻ കഴിയുകയില്ല. ഒരു അധി കാരം ഉപയോഗപ്പെടുത്തിക്കൊണ്ട് ഒരു പ്രസ്ഥാനത്തിലെ ആകെ മനുഷ്യന്റെ കൂറിന് എതിരായി ഇന്ത്യൻ പാർലമെന്റിനെ ഉപയോഗപ്പെടുത്താൻ കഴിയുന്ന ഈ സാഹചര്യത്തിൽ തീർച്ചയായും മനംനൊന്ത് പച്ച സാഹചര്യങ്ങൾക്കു വേണ്ടി വാദിക്കുന്ന എം.എൽ.എ.മാരൊക്കെ പുറത്തുപറയുന്നുണ്ടെങ്കിൽ പോലും അവരുടെ പാർട്ടിക്കകത്ത് കലാപത്തിന്റെ കൊടിക്കൂറ ഉയർന്നു കൊണ്ട് രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനുവേണ്ടി അഹോരാത്രം പാടുപെട്ട് മുന്നോട്ടുവന്ന ഒരു പ്രസ്ഥാനത്തിന്റെ വ്യക്താക്കളെന്ന നിലയ്ക്ക് ആലോചി ക്കേണ്ടതല്ലേ? രാജ്യം എങ്ങോട്ടുപോകുന്നു? അതീവ ഗുരുതരമായ തരത്തി ലേയ്ക്ക് നമ്മുടെ പാർലമെന്ററി ജനാധിപത്യ സംവിധാനം തന്നെ തകിടം മറി ക്കുന്ന ഈ സാഹചര്യത്തിൽ പണാധിപത്യത്തിന് കീഴ്പ്പെടുത്തുന്ന, ലോക സാമ്രാജ്യത്വത്തിന് പണയപ്പെടുത്തുന്ന. ഈ സാഹചര്യത്തിൽ നിന്നും മനുഷ്യനെ മോചിപ്പിക്കാനുള്ള പ്രവർത്തനത്തിലേയ്ക്ക് അല്പമെങ്കിലും

രാജ്യസ്നേഹവും കൂറും ഉണ്ടെങ്കിൽ എല്ലാ രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെയും പ്രവർത്തകർ ഗൗരവപൂർവ്വം ആലോചിക്കേണ്ട പ്രശ്നമുണ്ട്. എങ്കിലേ നമുക്ക് ഇതിനെ തടയാൻ കഴിയുകയുള്ളു. വ്യക്തി എന്ന നിലയ്ക്ക് നാട്ടിലെ പാവപ്പെട്ട/സാധാരണ മനുഷ്യൻ ഇങ്ങനെ മാറി ചിന്തിക്കുമ്പോൾ അവരെ കുറ്റം പറഞ്ഞിട്ട് കാര്യമില്ല; ഇന്ത്യൻ പാർലമെന്റ് അംഗങ്ങളെ വിലയ്ക്കുവാങ്ങാൻ കഴിയുന്ന അവസ്ഥയാണുള്ളത്. അതിന്റെ ഭാഗമായി ചില്ലറ വ്യാപാര മേഖലയിലേയ്ക്ക് കോർപ്പറേറ്റ് സ്ഥാപനങ്ങളെ കൊണ്ടുവരാനുള്ള പരിശ്രമത്തിന്റെ ഭാഗമായി വിവിധ രാഷ്ട്രീയ  പ്രസ്ഥാനങ്ങളെ എങ്ങനെയൊക്കെ സ്വാധീനിച്ചാണ്, വിലയ്ക്കുവാങ്ങിയാണ് അത് നടപ്പിലാക്കിയത്.? ആർക്കുവേണ്ടി? പെട്രോളിയം  ഉൽപ്പന്നങ്ങളുടെ വില വർദ്ധിപ്പിക്കുന്നത്  ഈ രാജ്യത്തിലെ സാധാരണ മനുഷ്യന്റെ ജിവിതം ഉയർത്താൻ വേണ്ടിയാണോ? രാവിലെ ഇവിടെ ചർച്ച നടന്നതുമായി ബന്ധപ്പെട്ട് പറയുമ്പോൾ ഗാട്ട് കരാറിന്റെ വെളിച്ചത്തിലല്ലേ ഇന്ന് നിയന്ത്രിക്കാൻ കഴിയാത്ത തലത്തിലേയ്ക്ക് മരുന്നിന്റെ വില കൂടിയത്. ആർക്കുവേണ്ടിയാണ് ഈ നയം നടപ്പിലാക്കുന്നത്? കൂറ് ആർക്കുവേണ്ടിയാണ്. പാവപ്പെട്ട മനുഷ്യനോടുള്ള കൂറാണോ കാണിക്കുന്നത്? കോടാനുകോടി സാധാരണ മനുഷ്യന്റെ വോട്ട് വാങ്ങി അധികാരത്തിലേറിയവർ അവരുടെ കൂറ് അധികാരത്തിലെത്തുമ്പോൾ ലോക സാമ്രാജ്യത്വത്തിന്റെ  ഭാഗത്തേയ്ക്ക് മാറിപ്പോകുന്നുവെന്ന് കാണുമ്പോൾ കേവലം ഇത്തരം ഒരു നിയമം കൊണ്ട് നമ്മുടെ നാട്ടിൽ സാധാരണ പഞ്ചായത്ത് മെമ്പറുടെ കൂറുമാറ്റത്തെ തടയാൻ കഴിയുമോ? അതിലേയ്ക്ക്, വ്യാപകമായ തോതിൽ ആകർഷിക്കുന്ന തലത്തിലേയ്ക്ക് പോകുമ്പോൾ വളരെ ഗൗരവപൂർവ്വം ഈ പ്രശ്നമാണ് ചർച്ച ചെയ്യേണ്ടത്. ഞാൻ മറ്റ് വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. അത്തരം ഒരു സാഹചര്യത്തിൽ തദ്ദേശ സ്വയംഭരണ

സ്ഥാപനങ്ങളിൽ മന്ത്രിയുടെ ഇത്തരം ഒരു താല്പര്യം കാരണം തെരഞ്ഞെടുക്കപ്പെട്ട ഒരു മെമ്പർ വളരെ പെട്ടെന്നുതന്നെ കൂറുമാറുന്ന തരത്തിലേയ്ക്കുള്ള ഒരു സാഹചര്യം വരുന്നു എന്ന് കണ്ടതിന്റെ വെളിച്ചത്തിൽ ഒരു ബില്ല് കൊണ്ടുവരുന്നതിനെ ഞാൻ സ്വാഗതം ചെയ്യുന്നു. ഈ ബില്ല് അതിനുമാത്രം പര്യാപ്തമല്ല എന്നാണ് ഞാൻ സൂചിപ്പിക്കുന്നത്. ബഹുമാനപ്പെട്ട പി.റ്റി.എ. റഹീം സൂചിപ്പിച്ചതുപോലെ നടപടിക്രമങ്ങളുണ്ട്. ഉദാഹരണത്തിന് ജനാധിപത്യ പാർട്ടികളിൽ കോൺഗ്രസിന് പ്രസിഡന്റുണ്ട്. ജനാധിപത്യമെന്ന് പറയുന്നത് കോൺഗ്രസിന് ഇല്ലല്ലോ? എത്രവർഷമായി അതിന്റെ മെമ്പർഷിപ്പിന്റെ അടിസ്ഥാനത്തിൽ ഒരു തെരഞ്ഞെടുപ്പ് നടത്തിയിട്ട്. ഒരു തെരഞ്ഞെടുപ്പ് പ്രക്രീയ തന്നെ കോൺഗ്രസ് പാർട്ടിയ്ക്കകത്ത് നടക്കുന്നില്ലല്ലോ? ഇപ്പോൾതന്നെ ഒരു പാനൽ അംഗീകരിക്കുന്നതിനുള്ള ചർച്ചയല്ലേ ഇവിടെ നടക്കുന്നത്? അതുതന്നെ ഇനിയും പൂർത്തീകരിക്കാൻ കഴിയുന്നില്ല. അത് ഇങ്ങനെ കാത്തിരിക്കുകയാണ്. ആരുടെ പേര് വരുമെന്ന് അറിയുന്നില്ല. എന്തൊരു ജനാധിപത്യം. ഇത്തരം ജനാധിപത്യ ശക്തികളിൽ നിന്നും ഈ കൂറുമാറ്റം തടയുന്ന സാഹചര്യം സൃഷ്ടിക്കാൻ കഴിയുമോ? ഇതിന്റെ അടിസ്ഥാനത്തിൽ തന്നെ നമ്മുടെ ഗ്രാമപഞ്ചായത്തുകളിലേയ്ക്ക് ചിഹ്നം അനുവദിക്കുന്ന വിഷയത്തിൽ കോൺഗ്രസിന് ഒരു ഡി.സി.സി. പ്രസിഡന്റും അതിനുപുറത്ത് പത്ത് നാല്പത് ജില്ലാ സെക്രട്ടറിമാരും ഉണ്ടാകും. ഇവർ ആരാണ് കത്ത് കൊടുക്കുന്നത് എന്ന് നമുക്ക് അറിയില്ല. അവർക്ക് അത് തടയാൻ കഴിയുമോ? ഇടതുപക്ഷ പാർട്ടികളിൽ തീർച്ചയായും പാർട്ടി സെക്രട്ടറി എന്ന നിലയ്ക്ക് ആ സെക്രട്ടറിയുടെ കത്ത് പരിഗണിക്കാൻ കഴിയും. ഇതുപോലെ കോൺഗ്രസ് ഉൾപ്പെടെയുള്ള ജനാധിപത്യ പാർട്ടികളിൽ പാർട്ടി പ്രസിഡന്റും അതിനുപുറമേ ഒട്ടേറെ സെക്രട്ടറിമാരുമുണ്ട്. ആരാണ് ഈ കത്ത് കൊടുക്കു

ന്നത് എന്നതിനെക്കുറിച്ച് നേരത്തെ ബഹുമാനപ്പെട്ട മെമ്പർ പി.റ്റി.എ റഹീം സൂചിപ്പിച്ചു. അസുഖമല്ലെങ്കിൽപോലും എങ്ങനെയാണ് കത്ത് കൊടുത്തത്?

ശ്രീ. സാജു പോൾ : അടുത്തകാലത്ത് കേരളത്തിൽ തന്നെ ഉണ്ടായിട്ടുള്ള  കാലുമാറ്റങ്ങൾ ആശയപരമായ പ്രശ്നങ്ങളുടെ പേരിൽ ഉണ്ടാകാം. പ്രലോഭനങ്ങളുടെ പേരിൽ ഉണ്ടായിയെന്ന് വരാം. ഇതിൽ എൽ.ഡി.എഫ്.-ൽ നിന്ന്, സി.പി.ഐ (എം).-ൽ നിന്ന് ബഹുമാനപ്പെട്ട എം.വി. രാഘവൻ, കെ. ആർ. ഗൗരിയമ്മ തുടങ്ങിയവരൊക്കെ പോയി. അവരുടെ അവസ്ഥ ഇപ്പോൾ നമുക്ക് അറിയാമല്ലോ? ഈ അടുത്ത കാലത്തും ചിലർ പോയിട്ടുണ്ട്. താൽക്കാലികമായി ചില സ്ഥാനമാനങ്ങൾ കിട്ടുമെങ്കിലും ഇതൊന്നും സ്ഥായി അല്ലെന്നുള്ളത് നമുക്കെല്ലാവർക്കും അറിയാം. മാത്രവുമല്ല നാല് പേർ കൂടി എൽ.ഡി.എഫ്.-ൽ നിന്നും യു.ഡി.എഫ്.-ലേയ്ക്ക് വരുമെന്നും സ്ഫോടനാത്മകമായ രാഷ്ട്രീയ മാറ്റം കേരളത്തിൽ ഉടൻ സംഭവിക്കുമെന്നും ബഹുമാന്യനായ ശ്രീ. പി. സി. ജോർജ് പറഞ്ഞിട്ട് കൊല്ലം ഒന്നുകഴിഞ്ഞു. ഒരു ഏറുപടക്കം പോലും ഇതുവരെ പൊട്ടിയിട്ടില്ലെന്നുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ഇ. കെ. വിജയൻ : ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചത് വളരെ ശരിയാണ്. ഒരു സ്ഥലചലവിഭ്രാന്തിയുടെ അടിസ്ഥാനത്തിൽ അവിടെ എന്തോ ഒരു ഇളക്കം തട്ടിയതിന്റെ അടിസ്ഥാനത്തിൽ നടത്തിയ ഒരു  അഡ്വാൻസ് ഏറ് മാത്രമായി നമുക്ക് അതിനെ കാണാൻ കഴിയും. അവിടെ നിന്ന് പലരും അവിടെ നിൽക്കാൻ കഴിയാത്ത തരത്തിലുള്ള സാഹചര്യങ്ങളിലാണ് പോകുന്നതെന്ന് ബോധ്യപ്പെട്ട് നിൽക്കുന്നുണ്ട് എന്ന യാഥാർത്ഥ്യം, തിരിച്ചറിവ് നിങ്ങൾക്കുകൂടി ബോധ്യപ്പെട്ടിട്ടുണ്ടെന്നാണ് എനിക്ക് തോന്നുന്നത്.  അതാണ് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ചത്.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, കോൺഗ്രസ്സിനെ സംബന്ധിച്ചിട ത്തോളം പതിനാലു ജില്ലകളിലും ഡി.സി.സി. പ്രസിഡന്റുമാരാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ കാര്യങ്ങളിൽ വിപ്പ് കൊടുക്കുന്നത്. ഒരു പ്രസിഡന്റേയുള്ളൂ, ഒരുപാട് പ്രസിഡന്റുമാരില്ല. ഈ പ്രയാസമൊന്നും ഞങ്ങൾക്കില്ല. ഞങ്ങളുടെ കാര്യത്തിൽ ഇത്രയും മനം നൊന്ത് അങ്ങ് പ്രയാ സപ്പെടേണ്ടതില്ല. അപ്പുറത്തു നിന്നു വന്ന ആളുകളെക്കുറിച്ച് നിങ്ങൾ പറയാ വുന്നതിന് അപ്പുറം പറഞ്ഞതിനുശേഷവും ജനങ്ങൾ അദ്ദേഹത്തിന് വോട്ട് ചെയ്ത് നല്ല ഭൂരിപക്ഷത്തിൽ വിജയിപ്പിച്ചു. അദ്ദേഹമെടുത്ത നിലപാട് ശരി യാണെന്ന് ബോധ്യം വന്നതിന് ശേഷവും ഈ അഭിപ്രായം പറയുന്നത് ജനാ ധിപത്യവിരുദ്ധമല്ലേ?

ശ്രീ. ഇ. കെ. വിജയൻ: സർ, ഞാൻ സൂചിപ്പിച്ചതിൽ ആദ്യത്തെ ഭാഗം ബഹുമാനപ്പെട്ട പി. സി. വിഷ്ണുനാഥ് വിട്ടുകളഞ്ഞു. ഞാൻ പറഞ്ഞത്, കോൺഗ്രസ്സിന്റെ പാരമ്പര്യത്തെ തള്ളിക്കളഞ്ഞുകൊണ്ടുള്ള ഒരു ജനാധിപത്യ സംവിധാനമാണ് ഇന്ന് ആ പാർട്ടിക്കകത്തുള്ളത് എന്നാണ്. തെരഞ്ഞെടുപ്പ് നടക്കാതെയായിട്ട് എത്രയോ വർഷങ്ങളായി. കോൺഗ്രസ് പാർട്ടിക്കകത്ത് തെരഞ്ഞെടുപ്പ് പ്രക്രിയ അവസാനിച്ചതിനുശേഷം ജനിച്ച ആളാണ് ശ്രീ. പി. സി. വിഷ്ണുനാഥ്. അല്ല എന്നു പറഞ്ഞാൽ........ ബഹുമാനപ്പെട്ട സി.കെ. നാണു കോൺഗ്രസ്സിലുള്ള കാലത്ത് ടി.ഒ. ബാവ തുടങ്ങിയവരൊക്കെ ജയി ച്ചത് എനിക്കറിയാം.

ശ്രീ. ജോസഫ് വാഴക്കൻ: സർ, അങ്ങയ്ക്ക് എത്രമാത്രം അറിയാമെന്ന് എനിക്ക് അറിയില്ല. കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ പ്രത്യേകിച്ച് സി.പി.ഐ(എം). -ലെ തെരഞ്ഞെടുപ്പ് എന്നു പറയുന്നത് പാർട്ടി സംസ്ഥാന കമ്മിറ്റി അല്ലെങ്കിൽ

നേതാക്കൻമാർ ഇരുന്നുകൊണ്ട് ഒരു പാനൽ അവതരിപ്പിക്കുകയാണ്, അതിനെ ആരെങ്കിലും ഒന്ന് എതിർത്താൽ അവന്റെ അധോഗതി എന്നു മാത്ര മല്ല, വിഭാഗീയത നടത്തിയ ആളാണെന്ന് പറഞ്ഞുകൊണ്ട് അവനെ പടി അടച്ച് പിണ്ഡം വയ്ക്കും. ഞങ്ങളുടെ പാർട്ടിക്കകത്ത് ജില്ലാ പ്രസിഡന്റു മാരും സെക്രട്ടറിമാരുമൊക്കെ അതാത് ജില്ലകളിൽ നിന്നുള്ളവരാണ്. അല്ലാതെ കണ്ണൂരിലുള്ള ആളെകൊണ്ട് എറണാകുളത്ത് നിറുത്തുകയും കൊല്ലത്തുള്ള ആളിനെ ആലപ്പുഴ കൊണ്ടു നിറുത്തുകയും ചെയ്യുന്ന ഏർപ്പാടുകളൊന്നും ഇതിനകത്തില്ല. തെരഞ്ഞെടുപ്പ് ജനാധിപത്യത്തിന്റെ ഭാഗ മായാണ് വന്നത്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ബഹുമാനപ്പെട്ട ഇ. കെ. വിജയൻ, ഇതൊന്നും ബില്ലിന്റെ ഭാഗമല്ല. അങ്ങയുടെ പ്രസംഗം തുടങ്ങിയിട്ട് 13 മിനി ട്ടായി. ഇനിയും ഒരു ബില്ലുണ്ട്, മറ്റൊരു അര മണിക്കൂർ ചർച്ചയുണ്ട്.

<u>ശ്രീ. ജോസ് തെറ്റയിൽ</u>: സർ, ഒരു ചെറിയ സംശയം, കോൺഗ്രസ്സിലെ അവസാനത്തെ തെരഞ്ഞെടുപ്പിന് ശേഷമാണ് ശ്രീ. പി.സി.വിഷ്ണുനാഥ് ജനി ച്ചതെന്ന് ശ്രീ. ഇ.കെ.വിജയൻ പറഞ്ഞപ്പോൾ അത് നിഷേധിച്ചു. 1973 ഏപ്രിൽ 1-ാം തീയതി കെ.പി.സി.സി. പ്രസിഡന്റായി ശ്രീ. എ. കെ. ആന്റണി ചാർജെജ ടുത്ത തെരഞ്ഞെടുപ്പിന് ശേഷം മെമ്പർഷിപ്പടിസ്ഥാനത്തിൽ ഇവർ പറയുന്ന രീതിയിൽ കെ.പി.സി.സി. തെരഞ്ഞെടുപ്പ് നടന്നിട്ടുണ്ടോ ഇല്ലയോ എന്നതിനെ ക്കുറിച്ച് അങ്ങേയ്ക്ക് അറിയാമോ?

<u>ശ്രീ. ബാബു എം. പാലിശ്ശേരി</u>: കണ്ണൂരിലുള്ള ആളെ എറണാകുളത്തു കൊണ്ടുവന്ന് സെക്രട്ടറിയാക്കിയെന്ന് ശ്രീ. ജോസഫ് വാഴക്കൻ പറഞ്ഞല്ലോ. തൃശ്ശൂരിൽ കൊള്ളാവുന്നവരില്ലാത്തതുകൊണ്ടാണോ ശ്രീ. ബെന്നി ബെഹ

നാനെ കൊണ്ടുവന്ന് പ്രസിഡന്റാക്കിയത്? തൃശ്ശൂരിലെ കോൺഗ്രസ്സിൽ കൊള്ളാവുന്നവർ ആരുമില്ലേ?

ശ്രീ. സാജു പോൾ: സർ, എ.ഒ. ഹ്യൂമാണ് കോൺഗ്രസ് സ്ഥാപിച്ചത്. സായിപ്പിൽ ആരംഭിച്ച പാർട്ടി ഇപ്പോൾ മദാമ്മയിൽ എത്തി നിൽക്കുകയാണ്. സോണിയാ ഗാന്ധിയെ ഇറ്റലിയിൽ നിന്നും കൊണ്ടുവന്ന പ്രസിഡന്റാക്കിയ ആളുകളാണ് എറണാകുളം ജില്ലയിൽ ഒരാളിനെ സി.പി.എം. തീരുമാന പ്രകാരം സെക്രട്ടറിയാക്കിയതിനെക്കുറിച്ച് പറയുന്നത്. സംഘടനാപരമായി ഒരാളെ സെക്രട്ടറിയുടെ ചുമതല ഏൽപ്പിക്കുന്നതിന് ഞങ്ങളുടെ പാർട്ടിക്ക് അവകാശമില്ലേ? എത്രമാസമായി ഒരു ലിസ്റ്റുമായി ഈ ആളുകൾ മൂന്നാല് പ്ലെയിനുകളിൽ ഡൽഹിയിൽ പോയി, ഇതുവരെ ഒരു ലിസ്റ്റ് തയ്യാറാക്കി ഇങ്ങോട്ട് ഒരു ഫാക്സോ ഇ-മെയിലോ അയയ്ക്കാൻ എ.ഐ.സി.സി.യിൽ ഇരിക്കുന്നവർക്ക് സമയമില്ല, അങ്ങനെയുള്ള പാർട്ടിയുടെ ആളുകൾ സി.പി. എം.-നെ ഇങ്ങനെ അധിക്ഷേപിക്കുന്നത് ശരിയാണോ?

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട ഇ. കെ. വിജയൻ, പ്ലീസ് കൺക്ലൂഡ്..

ശ്രീ. പി. സി. വിഷ്ണുനാഥ്: കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് കേരളവും ബംഗാളും പോയി, ഇപ്പോൾ പത്തനംതിട്ടയുടെ അത്രയുള്ള ത്രിപുരയിലെ കാര്യം മാത്രം നോക്കിയാൽ മതി. നമ്മുടെ എ.ഐ.സി.സി. ജനറൽ സെക്രട്ടറിമാർക്ക് ഗുജറാത്തിലെ ഇലക്ഷൻ, അതുകഴിഞ്ഞ് ഡൽഹിയിലെ ഇലക്ഷൻ, ഹിമാചൽ പ്രദേശിലെ ഇലക്ഷൻ ഒരു വലിയ പാർട്ടിയാകുമ്പോൾ അങ്ങനെയുള്ള വലിയ ഉത്തരവാദിത്തങ്ങൾ കാണും. അത് അങ്ങേയ്ക്കും കുറച്ച് അറിവുള്ളതല്ലേ?

ശ്രീ. ഇ. കെ. വിജയൻ: ബഹുമാനപ്പെട്ട മെമ്പർ നേരത്തെ സൂചിപ്പിച്ച തുപോലെ ശ്രീ. എ.കെ. ആന്റണിക്ക് ശേഷം കോൺഗ്രസ്സിന് കേരളത്തിൽ തെരഞ്ഞെടുക്കപ്പെട്ട പ്രസിഡന്റ് വന്നിട്ടില്ല. .....(ബഹളം)....... കള്ളം പറയുക യല്ല. ഇൻഡ്യയിൽ കഴിഞ്ഞ ഇരുപത് വർഷത്തിനിടയ്ക്ക് തെരഞ്ഞെടുക്ക പ്പെട്ട ഏതെങ്കിലും പി.സി.സി. പ്രസിഡന്റോ ഏതെങ്കിലും ഡി.സി.സി.പ്രസി ഡന്റോ വന്നിട്ടുണ്ടോ? ഞാൻ സൂചിപ്പിച്ചത്, ഇത്തരമൊരു ബില്ല് കേവലമൊരു ഗ്രാമപഞ്ചായത്തിൽ മാത്രമൊതുക്കി കൊണ്ടുപോകാൻ കഴിയാത്ത തരത്തിൽ ജനങ്ങളിൽ ഒരു അവബോധമുണ്ട്. ആ ബോധമണ്ഡലമെന്നു പറയുന്നത് ഇൻഡ്യൻ പാർലമെന്റിനകത്തുനിന്നും ഇങ്ങോട്ടു കണ്ടതാണ്. മെമ്പർമാരെ വിലയ്ക്കെടുക്കുവാൻ കഴിയുമെന്നും തെരഞ്ഞെടുപ്പുകളിൽ കോർപ്പറേറ്റ് സ്ഥാപനങ്ങളുടെ, കുത്തകകളുടെ പ്രതിനിധികളെ മത്സരിപ്പിക്കാൻ കഴിയാ വുന്ന തരത്തിലേയ്ക്ക് പാർട്ടികളെ വിലയ്ക്കു വാങ്ങാൻ കഴിയുമെന്നും ഈ ജനാധിപത്യ സംവിധാനത്തിൽ തെളിയിച്ചുകൊണ്ടിരിക്കുന്നു. തീർച്ചയായും അതിനെതിരെയുള്ള പ്രതിഷേധമാണ് ഈ ബില്ലിലൂടെ നമുക്ക് പ്രകടിപ്പിക്കേ ണ്ടത്. അതിന്റെ ഭാഗമായി ഈ ബില്ല് അവതരിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്തുകളിലെ കൂറുമാറ്റം നമ്മൾ ഉദ്ദേശിക്കുന്ന തരത്തിൽ തടയു വാൻ കഴിയുകയില്ല, പക്ഷേ ഈ ബില്ലിന്റെ ഉദ്ദേശശുദ്ധിയെ ചോദ്യം ചെയ്യു ന്നില്ല. അങ്ങനെ തടയണമെങ്കിൽ തീർച്ചയായും കുറച്ചുകൂടി വിശാലമായ അർത്ഥത്തിൽ ഗൗരവപൂർണ്ണമായ ചർച്ച നടത്തണം. അങ്ങനെ മാറാവുന്ന ഒരു സാഹചര്യം വരുമ്പോൾ ഈ ബില്ലിൽതന്നെ പ്രകടിപ്പിച്ചുകൊണ്ട് അവരെ തിരിച്ചുവിളിക്കാൻ വോട്ടു ചെയ്ത വോട്ടർമാർക്ക് അധികാരം കൊടുക്കുന്ന തരത്തിലേയ്ക്ക് വന്നില്ലെങ്കിൽ കൂറുമാറ്റം നിയന്ത്രിക്കാൻ കഴിയാത്ത സാഹചര്യം വരും. അങ്ങനെ മാറുന്ന ഒരു സാഹചര്യം വന്നാൽ ഏതു പാർട്ടി

യിലുള്ളവരാണെങ്കിലും ശരി അവരെ തിരിച്ചുവിളിക്കാൻ തെരഞ്ഞെടുത്ത വോട്ടർമാർക്ക് അധികാരം കൊടുക്കുന്ന സാഹചര്യത്തിലേയ്ക്ക് വന്നുകൊണ്ടുമാത്രമേ ഇതിനെ തടയുവാൻ കഴിയുകയുള്ളൂ. തീർച്ചയായും അതിന്റെ അടിസ്ഥാനത്തിലാണ് ഞങ്ങൾ സബ്ജക്ട് കമ്മിറ്റിയിൽ ഈ ഡിസന്റിംഗ് കൊടുത്തിട്ടുള്ളത്. ആ അർത്ഥത്തിൽ ഞാൻ ഇതിനെ എതിർക്കുകയാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2012-ലെ കേരള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ (കൂറുമാറ്റം നിരോധിക്കൽ) ഭേദഗതി ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1(എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ഈ നിയമത്തിന്റെ പ്രധാനപ്പെട്ട ഉദ്ദേശം കൂറുമാറ്റങ്ങളെ തടയുക എന്നതു തന്നെയാണ്. കൂറുമാറ്റങ്ങൾ പ്രോത്സാഹിപ്പിക്കപ്പെട്ടാൽ നമ്മുടെ രാഷ്ട്രീയാന്തരീക്ഷവും ത്രിതല പഞ്ചായത്ത് സംവിധാനങ്ങളുടെ ഭരണപരമായ അന്തരീക്ഷവും കൂടുതൽ മോശമാവുകയും അസ്ഥിരത ഉണ്ടാവുകയും അത് അരാജകത്വത്തിലേയ്ക്ക് പോകുകയും വെറും രാഷ്ട്രീയ മത്സരങ്ങളായി മാത്രം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മാറുകയും ചെയ്യും. രാഷ്ട്രീയ പാർട്ടികളായി, അവരുടെ ചിഹ്നത്തിൽ തന്നെയാണ് സ്ഥാനാർത്ഥികൾ മത്സരിക്കുന്നത്. അങ്ങനെയുള്ള സ്ഥാനാർത്ഥികൾക്ക് ചിഹ്നം കൊടുക്കുന്ന, അവരെ മത്സരിപ്പിക്കുന്ന രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ ഫ്രെയിമിൽ നിന്നുകൊണ്ട് പ്രവർത്തിക്കേണ്ട പൂർണ്ണമായ ഉത്തരവാദിത്തമുണ്ട്. അധികാരസ്ഥാനങ്ങൾക്കുവേണ്ടി അല്ലെങ്കിൽ വേറെ എന്തെങ്കിലും സ്വാധീനങ്ങൾക്ക് വഴിപ്പെട്ടുകൊണ്ട് ഇഷ്ടമുള്ളതുപോലെ കൂറു മാറുകയും മറുകണ്ടം ചാടുകയും ഭരണത്തെ അട്ടിമറിക്കുകയും ചെയ്യുന്നത് ത്രിതല പഞ്ചായത്ത്

സംവിധാനങ്ങളിൽ തുടർച്ചയായി അസ്ഥിരതയുണ്ടാക്കുകയും യഥാർത്ഥ വികേന്ദ്രീകരണമെന്നുള്ള ലക്ഷ്യത്തെ അട്ടിമറിക്കുകയും വെറും രാഷ്ട്രീയ അധര വ്യായാമ കേന്ദ്രങ്ങളായി നമ്മുടെ പഞ്ചായത്ത് സംവിധാനങ്ങൾ മാറുന്നതിനും കാരണമാകും. ഈയൊരു പ്രവണത കേരളത്തിൽ എല്ലായിടത്തും കണ്ടുവരുന്നുണ്ട്. ഇവിടെ പ്രതിപക്ഷത്തുനിന്നുള്ള അംഗങ്ങളിൽ ചിലർ സംസാരിച്ചതു കേട്ടപ്പോൾ കോൺഗ്രസ്സിൽ നിന്നുള്ള അംഗങ്ങൾ മാത്രമാണ് കൂറുമാറി പോയത് എന്ന് സംശയിച്ചുപോകും. കോൺഗ്രസ്സിൽ നിന്നുള്ള അംഗങ്ങളുണ്ട്, സി.പി.ഐ.(എം)-ൽ നിന്നും സി.പി.ഐ.യിൽ നിന്നുമുള്ള അംഗങ്ങളുണ്ട്. ഷൊർണ്ണൂർ നഗരസഭയിൽ സി.പി.ഐ.(എം)-ന്റെ വൈസ് ചെയർമാനായിരുന്ന എം.ആർ. മുരളിയല്ലേ സി.പി.ഐ.(എം) വിട്ടുപോയത്. ഏറ്റവും അവസാനം, വിപ്ലവം ഉപേക്ഷിക്കാൻ പറ്റാത്തതുകൊണ്ട് അദ്ദേഹം സി.പി.ഐ.യിൽ ചേർന്നു എന്നാണ് കണ്ടത്. ഒരേ മുന്നണിയിലെ തന്നെ രണ്ട് കക്ഷികൾ, അതിലെ ഒരു പ്രധാനപ്പെട്ട കക്ഷിയിൽ നിന്നും കൂറുമാറിയ ഒരാൾ പോകുന്നത് അതേ മുന്നണിയിലെതന്നെ മറ്റൊരു കക്ഷിയിലേയ്ക്കാണ്. സി.പി.ഐ.(എം)-ലും സി.പി.ഐ.-ലും ഇത് സ്ഥിരമായി കാണുന്ന കാര്യങ്ങളാണ്. കോൺഗ്രസ്സിലുണ്ടെന്നത് ഞങ്ങൾ നിഷേധിക്കുന്നില്ല. കോൺഗ്രസ്സിലും അധികാരത്തിനുവേണ്ടി അല്ലെങ്കിൽ സ്ഥാനമാനങ്ങൾക്കുവേണ്ടി മറ്റുള്ളവരുടെ സ്വാധീനത്തിന് വഴിപ്പെട്ട് ഇതൊക്കെ നടക്കുന്നുണ്ട്. ആശയപരമായ കാലുമാറ്റമൊന്നും ഒരിടത്തും നടന്നിട്ടില്ല. അതിന് വെറുതെ ആശയപരമായ പരിവേഷമൊന്നും ആരും കൊടുക്കേണ്ടതില്ല. കാലുമാറ്റം, കാലുമാറ്റം തന്നെയാണ് കൂറുമാറ്റം, കൂറുമാറ്റം തന്നെയാണ്. അതിന് ആശയപരമായ ഒരു പരിവേഷവും കൊടുക്കേണ്ട ആവശ്യമില്ല. പക്ഷേ, ഈ പറയുന്ന ഗ്രാമസഭകളിൽ നടക്കുന്ന ആളുകളൊന്നും അവരുടെ സ്ഥാനങ്ങൾ രാജിവച്ചുകൊ

ണ്ടല്ല ചെയ്യുന്നത്. നിങ്ങൾ ഇപ്പോൾ കയ്യടിച്ചത് ശ്രീ. സെൽവരാജിന്റെ കാര്യം പറഞ്ഞിട്ടാണെന്ന് എനിക്ക് മനസ്സിലായി. പക്ഷേ, ശ്രീ സെൽവരാജ് എം.എൽ.എ. സ്ഥാനം രാജിവച്ചിട്ടാണ് കോൺഗ്രസ്സിൽ ചേർന്നത്. അദ്ദേഹം ജനങ്ങളോട് പറഞ്ഞത് എനിക്ക് ഈ പാർട്ടിയിൽ നിൽക്കാൻ കഴിയുന്നില്ല. എനിക്ക് ഈ മുന്നണിയിൽ നിൽക്കാൻ കഴിയുന്നില്ല എന്നാണ്. എനിക്ക് ഈ സംവിധാനത്തിൽ നിൽക്കാൻ കഴിയുന്നില്ല എന്നാണ്. ഞാൻ കോൺഗ്രസ്സിനോട് ചേർന്നുനിന്ന് പ്രവർത്തിക്കുവാൻ ആഗ്രഹിക്കുന്നു. ജനങ്ങളോടാണ് വിധി പ്രഖ്യാപിക്കാൻ അദ്ദേഹം ആവശ്യപ്പെട്ടത്. അദ്ദേഹം മത്സരിച്ച് വിജയിച്ച നിയോജകമണ്ഡലത്തിലെ ജനങ്ങളോട് ഞാൻ ചെയ്തത് ശരിയാണോ തെറ്റാണോ എന്ന് തീരുമാനിക്കാനാണ് പറഞ്ഞത്. 6,000 വോട്ടിന്റെ ഭൂരിപക്ഷത്തിൽ എൽ.ഡി.എഫ്.-ൽ നിന്ന് വിജയിച്ച അദ്ദേഹം രണ്ടാമത് നടന്ന ഉപതെരഞ്ഞെടുപ്പിൽ 6,000 ത്തിൽപ്പരം വോട്ടിന്റെ ഭൂരിപക്ഷത്തിൽ യു.ഡി.എഫ്.-ൽ നിന്ന് വിജയിക്കുകയുണ്ടായി. 2011-ലെ പൊതുതെരഞ്ഞെടുപ്പിനും ഉപതെരഞ്ഞെടുപ്പിനും ശേഷം ഏകദേശം 13,000-ത്തോളം വോട്ടുകളുടെ ഷിഫ്റ്റ് അവിടെ നടന്നു. ജനങ്ങൾക്ക് വിധി പ്രഖ്യാപിക്കാം. ഇവിടെ കാലുമാറ്റങ്ങൾ നടക്കുന്നത് അങ്ങനെയല്ല. ത്രിതലപഞ്ചായത്ത് സംവിധാനങ്ങളിൽ വരുന്ന മാറ്റങ്ങൾ അവരാരും രാജിവച്ചിട്ടല്ല ഉണ്ടാകുന്നത്. അവരുടെ പാർട്ടി കൊടുത്ത സ്ഥാനാർത്ഥിത്വം പാർട്ടിയുടെ ബാനറിൽ ജയിച്ചതിനുശേഷം അവരുടെ കാലാവധിക്കുള്ളിൽ രാജി വയ്ക്കാതെതന്നെ അവർ മറ്റൊരു പാർട്ടിയുടെ സ്വാധീനത്തിന് വഴങ്ങിയോ അല്ലെങ്കിൽ സ്ഥാനമാനങ്ങൾക്കുവേണ്ടിയോ അപ്പുറത്തേയ്ക്ക് പോകുന്നതാണ് കാലുമാറ്റം. സി.പി.ഐ (എം) ന് എന്ത് ധാർമ്മികതയാണുള്ളളത്. ശ്രീ. സെൽവരാജിനെപ്പോലെയുള്ള

അല്ലെങ്കിൽ കോൺഗ്രസ്സിലേയ്ക്ക് വന്ന ആളുകൾ ധാർമ്മികമായി ചെയ്തത് തെറ്റാണെന്നു പറയാൻ സി.പി.ഐ (എം) -ന് എന്ത് അവകാശമാണുള്ളത്? കേരളത്തിന്റെ രാഷ്ട്രീയ ചരിത്രം പരിശോധിച്ചാൽ, കേരളത്തിലെ രാഷ്ട്രീയ രംഗം കൂറുമാറ്റത്തിന്റെയും കാലുമാറ്റത്തിന്റെയുമാണ്. പണ്ടൊരു ചൊല്ലുണ്ട് ആയാറാം ഗയാറാംമാരുടെ നാടാക്കി കേരളത്തെ മാറ്റുന്നു എന്നുള്ള പരാതി വന്നത് എന്നാണ്? കരുണാകരൻ ഗവൺമെന്റിനെ അട്ടിമറിക്കാൻവേണ്ടി ശ്രീ. ലോനപ്പൻ നമ്പാടൻ ഉൾപ്പെടെയുള്ള ആളുകളെ നിങ്ങൾ കാലുമാറ്റി കൊണ്ടു പോയതാണ്. മാത്രമല്ല ശ്രീ. ടി.കെ. ഹംസ എം.എൽ.എ. ആയിരുന്നപ്പോൾ അല്ല പോയത്. പാർട്ടിയിൽ നിന്നപ്പോഴാണ് പോയത്. പക്ഷേ, മാറിവന്ന ആളുകളോട് നിങ്ങൾ കാണിച്ചത് എന്താണ്? അദ്ദേഹത്തെ നിങ്ങൾ എം.പി. ആക്കി. എന്ത് ആദർശത്തിന്റെ പേരിലാണ് ലോനപ്പൻ നമ്പാടൻ കാലുമാറിയത്. എന്തിനാണ് നമ്മൾ അങ്ങനെ മാറുന്നതിന് ആദർശപരമായ ഒരു പരിവേഷം കൊടുക്കുന്നത്. കേരള കോൺഗ്രസ്സിൽ നിൽക്കാൻ പറ്റാത്ത ഘട്ടമൊന്നും ഉണ്ടായത് കൊണ്ടല്ലല്ലോ ലോനപ്പൻ നമ്പാടൻ മാറിയത്. ഒരു ഗവൺമെന്റിനെ അട്ടിമറിക്കാൻ വേണ്ടിയാണ് മാറിയത്. ജനങ്ങൾ തെരഞ്ഞെടുത്ത ഒരു ഗവൺമെന്റിനെ അട്ടിമറിച്ച് മറുകണ്ടം ചാടുകയാണുണ്ടായത്. ഞാൻ പറയുന്നത് അതിനൊന്നും ഒരു ആദർശത്തിന്റേ പരിവേഷം കൊടുക്കേണ്ട ആവശ്യമില്ല. ജനപ്രതിനിധികൾക്ക് അവരുടെ രാഷ്ട്രീയ പാർട്ടികളോടുള്ള കൂറുമാറ്റി മറ്റൊരു പാർട്ടിയിൽ പോകണമെന്നുണ്ടെങ്കിൽ പോകാം. രാഷ്ട്രീയ പ്രവർത്തകർക്ക് അവർക്ക് ഇഷ്ടമുണ്ടെങ്കിൽ അങ്ങോട്ടും ഇങ്ങോട്ടും പോകാം. ജനപ്രതിനിധികൾക്ക് പോകണമെന്നുണ്ടെങ്കിൽ അത് ജനങ്ങളുടെ അംഗീകാരത്തോടുകൂടി പോകണം. ജനങ്ങളുടെ മാൻഡേറ്റ് വാങ്ങണം. ശ്രീ. അബ്ദുള്ളക്കുട്ടി, ജനങ്ങളുടെ മാൻഡേറ്റ് വാങ്ങിച്ചില്ലേ?

അദ്ദേഹം കണ്ണൂരിൽ പോയി അസംബ്ലി തെരഞ്ഞെടുപ്പിൽ നിന്ന് വലിയ ഭൂരി പക്ഷത്തിലാണ് ജയിച്ചുവന്നത്. ഇവിടെ ശ്രീ. സെൽവരാജ് ജയിച്ചുവന്നു. എനിക്ക് ഇവിടെ പറയാനുള്ള ഏറ്റവും പ്രധാനപ്പെട്ട കാര്യമെന്നു പറയുന്നത് നമ്മുടെ ഇന്റൻഷൻ ഓഫ് ദി ലെജിസ്ലേഷനെക്കുറിച്ചാണ്. ഈ നിയമനിർമ്മാ ണത്തിന്റെ ഉദ്ദേശമെന്താണ്? കൂറുമാറ്റങ്ങളെ തടയുക എന്നുള്ളതാണ്. പക്ഷേ, ഇത് നമുക്കിപ്പോൾ ഫലപ്രദമായി ചെയ്യാൻ പറ്റുന്നുണ്ടോ? ഈ നിയമം വന്നിട്ടും കേസ് പോകുമ്പോൾ തന്റെ സ്ഥാനം നഷ്ടപ്പെടുമെന്ന് അറിഞ്ഞിട്ടും ആളുകൾ ഇപ്പോഴും കൂറുമാറുന്നു. ആരും ചോദിക്കുന്നില്ല എന്നുമാത്രമേ ഉള്ളു. ഈ നിയമനിർമ്മാണം ഉണ്ടാക്കിയതിന്റെ ലക്ഷ്യം കൈവരിക്കാൻ നമുക്ക് പൂർണ്ണമായും കഴിഞ്ഞിട്ടില്ല എന്നതാണ് കാരണം. നിയമസഭ ഒരു നിയമം പാസ്സാക്കി. ആ നിയമം പാസ്സാക്കി കഴിഞ്ഞിട്ടും ഇന്റൻഷൻ ഓഫ് ദി ലെജിസ്ലേഷൻ ഫലപ്രദമായി നമുക്ക് നടപ്പാക്കാൻ സാധിക്കുന്നില്ല. ഇപ്പോഴും ആളുകൾ കാലുമാറുന്നു. ഇതുപോലുള്ള ഒരു നിയമം നിലനിൽക്കുമ്പോൾപോലും നിങ്ങൾ ആ പാർട്ടിയുടെ വിപ്പ് ലംഘിച്ച് അപ്പുറത്തേക്ക് പോയാൽ നിങ്ങളുടെ സ്ഥാനം നഷ്ടപ്പെടും നിങ്ങൾക്ക് അയോഗ്യത കൽപ്പിക്കപ്പെടും എന്നറിഞ്ഞിട്ടുപോലും എന്തുകൊണ്ട് മാറു ന്നു?. മാറാനുള്ള പ്രധാനപ്പെട്ട കാരണം തീരുമാനങ്ങൾ വരാൻ സമയമെടു ക്കും എന്നുള്ള വിശ്വാസമാണ്. അതായത് ഇലക്ഷൻ കമ്മീഷനിലേക്ക് കേസ് പോയാൽ ഒരുപാട് സമയമെടുക്കും. ഇലക്ഷൻ കമ്മീഷന്റെ കേസ്സിന്റെ വിധി വന്നുകഴിഞ്ഞാൽ വീണ്ടും ഹൈക്കോടതിയിൽ റിട്ട്പ്പെറ്റീഷൻ കൊടുക്കാം. ഇങ്ങനെയുള്ള ഒരു സാഹചര്യമുണ്ട്. ആ സാഹചര്യം മറികടക്കാൻ നമുക്ക് കഴിയുമോ എന്നാണ് നാം ആലോചിക്കേണ്ടത്. കൂറുമാറ്റത്തെ തടയണ മെന്നതാണ് നമ്മുടെ ഉദ്ദേശമെന്നുണ്ടെങ്കിൽ ഒരാൾ കൂറുമാറിയാൽ പ്രഥമ

Uncorrected / Not for publication
ദൃഷ്ടിയാൽ ഒരാൾ കൂറുമാറിയെന്ന് വളരെ വ്യക്തമായാൽ അയാളെ ആദ്യം തന്നെ അയോഗ്യത കൽപ്പിക്കുകയാണ്. ഔയഷലരേ ീ വേല ളശിമഹ റലരശശെീ ീള വേല ളൃഹലരശേീ ഇീാാശശൈീ. ആദ്യമേതന്നെ അയാൾക്ക് ആ സഭയിലിരിക്കാനോ വോട്ട് ചെയ്യാനോ ഉള്ള അയാളുടെ അധികാരത്തെ ഇല്ലാതാക്കണം അതിനുശേഷം ഇലക്ഷൻ കമ്മീഷന്റെ ഫൈനൽ ജഡ്ജ്മെന്റ് (ഫൈനൽ ഓർഡർ) വരുന്നതുവരെ അയാൾക്ക് ഈ പഞ്ചായത്ത് യോഗങ്ങളിൽ പങ്കെടുക്കാൻ പറ്റാത്ത ഒരവസ്ഥ ഉണ്ടാകണം. അങ്ങനെയാണെങ്കിൽ ആരും മാറുകയില്ല. അതിന്റെ നിയമപരമായ ഭരഘടനാ പരമായ കാര്യങ്ങൾ പരിശോധിച്ചതിനുശേഷം ആദ്യമേതന്നെ അയാൾക്ക് അയോഗ്യത കൽപ്പിക്കാൻ വേണ്ടിയിട്ടുള്ള ഒരു സംവിധാനം ഏർപ്പെടുത്തണം. ഇപ്പോൾ നിയമസഭകളിലൊന്നും ഇങ്ങനെ മാറാൻ സാധ്യമല്ല. അതുകൊണ്ടാണ് ആരും മാറാത്തത്. നിയമസഭാഅംഗങ്ങളോ പാർലമെന്റംഗങ്ങളോ അങ്ങനെ മാറിയാൽ സ്പീക്കർമാർക്ക് തന്നെ അയോഗ്യത കൽപ്പിക്കാനുള്ള പ്രത്യേകമായ അധികാരമുണ്ട്. അതുകൊണ്ട് ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ കാലുമാറ്റം നടക്കാത്തതിന്റെ പ്രധാനപ്പെട്ട കാരണം. ഇവിടെ അങ്ങനെയുള്ള പ്രത്യേകമായ അധികാരമില്ല. പെറ്റീഷൻ കൊടുത്ത് നീണ്ടു നിൽക്കുന്ന പ്രോസ്സസ് കേരളത്തിൽ പതിനായിരക്കണക്കിന് ത്രിതല പഞ്ചായത്ത് മെമ്പർമാരും സംവിധാനങ്ങളും ഉള്ളതുകൊണ്ട് കേസ്സുകൾ ഫ്ളൈഡഡാകുന്നു. അതുകൊണ്ട് ഇലക്ഷൻ കമ്മീഷനെ സംബന്ധിച്ചിടത്തോളം പരിമിതമായ സൗകര്യങ്ങളിൽ നിന്നുകൊണ്ട് ഒരു പരിഹാരം കാണാൻ കഴിയാത്ത ഒരവസ്ഥയാണ് ഇന്നുള്ളത്. പ്രഥമദൃഷ്ടിയാൽ കൂറുമാറുന്നു എന്ന് ബോദ്ധ്യപ്പെടുന്ന ഒരാളെ ആദ്യത്തെ ഒരു പരിശോധനയ്ക്കുശേഷം സാധാരണ നിയമസഭാ അംഗങ്ങളുടെയും പാർലമെന്റ് അംഗങ്ങളു

ടെയും കാര്യത്തിൽ ചെയ്യുന്നതു പോലെ ഒരു പ്രാഥമികമായ പരിശോധന നടത്തി അവർക്ക് വോട്ട് ചെയ്യാനോ അല്ലെങ്കിൽ കമ്മിറ്റികളിൽ ഹാജരാകാനോ ഉള്ള അനുവാദം നിഷേധിക്കുന്ന ഒരു സാഹചര്യം ഉണ്ടായാൽ കാലുമാറ്റം നടക്കുകയില്ല.

ശ്രീ. പി. സി. ജോർജ്: സർ, പഞ്ചായത്ത് കമ്മിറ്റിയിൽ ആറ് മെമ്പർമാരുണ്ട്. അഞ്ച് മെമ്പർമാരും ഒരു തീരുമാനത്തിൽ ഉറച്ചു നിൽക്കുന്നു. ഒരു മെമ്പർ മറുഭാഗത്ത് അഭിപ്രായം പറയുന്നു. ആ ഒരു മെമ്പറുടെ അഭിപ്രായത്തോട് പാർട്ടി അനുകൂലമായ തീരുമാനമെടുക്കുന്നു. ഒരു മെമ്പറിന്റെ അഭിപ്രായ ത്തോട് അനുകൂലിച്ച് വിപ്പ് കൊടുത്താൽ ഭൂരിപക്ഷം ആറിൽ അഞ്ചുപേരും പറഞ്ഞതിന് കടകവിരുദ്ധമായി ഒരാൾ വിപ്പായി ആ അഞ്ചുപേരെയും അയോ ഗ്യരാക്കിയ സാഹചര്യവും നിലവിലുണ്ട്. അതിൽ ഏതിനോടാണ് അങ്ങ് നിൽക്കുന്നത്.

ശ്രീ. വി. ഡി. സതീശൻ: പാർട്ടി വിപ്പ് തന്നെയാണ് ഏറ്റവും പ്രധാനം അഞ്ചുപേരും കൂടി സംഘടിച്ച് പാർട്ടിയുടെ തീരുമാനം ലംഘിക്കാൻ തീരുമാ നിച്ചാലും ആ പാർട്ടി തീരുമാനത്തിന്റെ കൂടെ ഉറച്ചു നിൽക്കുന്ന ആ ഒരാളുടെ തീരുമാനമാണ് ശരിയായ തീരുമാനം. പാർട്ടിയാണ് അദ്ദേഹത്തിന് മത്സരിക്കാനുള്ള ചിഹ്നം കൊടുത്തത്. ആ ഒരാളിന്റെ കൂടെയാണ് ഞാൻ നിൽക്കുന്നത്.

ശ്രീ. സി.കെ. നാണു: കഴിഞ്ഞ കുറച്ച് അനുഭവങ്ങളുടെ അടിസ്ഥാന ത്തിൽ അത് മതിയാകുമോ? ഉദാഹരണത്തിന് നമ്മുടെ അടുത്ത സംസ്ഥാന മായ കർണ്ണാടകത്തിൽ കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ കുറച്ചു നാൾ മുമ്പ് രാജി വച്ച മുഖ്യമന്ത്രിക്ക് ഭൂരിപക്ഷം ഉണ്ടായിരുന്നില്ല. അദ്ദേഹം

ചെയ്തത് നാലഞ്ചു കോൺഗ്രസ്സുകാർ, നാലഞ്ച് ജനതാദൾകാർ അവരെ രാജി വയ്പിച്ചു. രാജിവയ്പിച്ച് നിയമപ്രകാരം 6 മാസത്തിനകം തെരഞ്ഞെടുപ്പ് നടത്തി. ആ തെരഞ്ഞെടുപ്പ് നടത്തിയത് എങ്ങനെയാണ്? ഈ രാജി വയ്ക്കാനുണ്ടായ കാരണമെന്താണ്? ഈ പത്താളുകളെ തിരിച്ചു കൊണ്ടു വരാൻ എത്ര കോടി ഉറുപ്പിക അദ്ദേഹം ചെവഴിച്ചിട്ടുണ്ടാകും. അവരെ മുഴുവൻ വിജയിപ്പിച്ചു. ഭൂരിപക്ഷം ഉണ്ടാക്കി. അതിനു കുറച്ചു മുമ്പ് നരസിംഹറാവു പ്രധാനമന്ത്രിയായത് ഭൂരിപക്ഷമില്ലാതെയാണ്. ഷിബു സോറനും അദ്ദേഹത്തിന്റെ ആളുകളുമാണ് പിന്തുണ നൽകിയത്. ഷിബുസോറനെ സുപ്രീംകോടതി ശിക്ഷിച്ചു പക്ഷേ, എന്നിട്ടും ഷിബു സോറനെ പിന്നീട് അംഗീകരിച്ചു. അദ്ദേഹത്തെ മുഖ്യമന്ത്രിയാക്കിയത് പര്യാപ്തമാണോ എന്നാണ് എന്റെ ചോദ്യം?

ശ്രീ. വി.ഡി സതീശൻ: കേരളത്തിൽ ത്രിതല പഞ്ചായത്ത് സംവിധാനങ്ങളിലുള്ള കൂറുമാറ്റം കുറഞ്ഞിട്ടുണ്ട്. പക്ഷേ, പൂർണ്ണമായും ഇല്ലാതായിട്ടില്ല. അങ്ങ് പറയുന്നതിനോട് ഞാൻ യോജിക്കുകയാണ്. കുറേകൂടി ഫലപ്രദമായ, എഫക്ടീവായ രീതിയിൽ എന്തു ചെയ്യാൻ കഴിയുമെന്ന് ഗവൺമെന്റ് ആലോചിക്കണമെന്നാണ് എന്റെയും നിർദ്ദേശം.

ശ്രീ. എ.കെ. ശശീന്ദ്രൻ: സർ, ഒരാളാണെങ്കിൽ ഒരാൾ, പാർട്ടി വിപ്പാണ് പ്രധാനം എന്ന നിലപാട് അങ്ങ് ഇവിടെ വ്യക്തമാക്കിയിട്ടുണ്ട്. ഞാൻ അതിനെ സ്വാഗതം ചെയ്യുന്നു. അങ്ങനെ വിശ്വസിക്കുന്ന അങ്ങ് ഈ സഭയിൽ അൽപനേരം മുമ്പ് സംസാരിച്ചപ്പോൾ ശ്രീ. ലോനപ്പൻ നമ്പാടനെ ഉദാഹരണമാക്കിയത് എനിക്ക് മനസ്സിലായിട്ടില്ല. ഞാനും ലോനപ്പൻ നമ്പാടനും ശ്രീ. കെ.എം. മാണിയും ശ്രീ. ഉമ്മൻ ചാണ്ടിയും ഇടതുപക്ഷ ജനാധിപത്യ

മുന്നണി സ്ഥാനാർത്ഥി എന്നുള്ള നിലയിലാണ് 1980-ലെ തെരഞ്ഞെടുപ്പിൽ മത്സരിച്ച് ജയിച്ചത്. അന്നത്തെ ഭരണത്തെ അട്ടിമറിക്കാനെടുത്ത രാഷ്ട്രീയ നിലപാട് ശ്രീ. കെ.എം. മാണിയുടെ പാർട്ടി എടുത്തപ്പോൾ, അദ്ദേഹത്തിന്റെ പാർട്ടിയിലെ ലോനപ്പൻ നമ്പാടനും ശ്രീ. എ.കെ ആന്റണിയും ഉൾപ്പെടെയുള്ള ആളുകൾ എടുത്തപ്പോൾ ആ പാർട്ടിയിലുണ്ടായിരുന്ന ശ്രീ. എ.കെ. ശശീന്ദ്രനും, ഇടതുപക്ഷ ജനാധിപത്യമുന്നണിയിൽ ഉറച്ചു നിന്നതിൽ എന്ത് അധാർമ്മികതയാണ് അങ്ങ് കാണുന്നത്?

ഒരു കാര്യം പറയാം. വസ്തുതകളെ തെറ്റിദ്ധരിക്കണ്ട. അങ്ങ് പോയത് കാലുമാറ്റമാണെന്ന് ഞാൻ പറഞ്ഞില്ല. ശ്രീ. എ.കെ. ആന്റണിയുടെ നേതൃത്വത്തിലുണ്ടായിരുന്ന അന്നത്തെ കോൺഗ്രസ്സും ശ്രീ. കെ.എം. മാണിയുടെ നേതൃത്വത്തിലുണ്ടായിരുന്ന കേരളാ കോൺഗ്രസ്സും ഇടതുപക്ഷ ജനാധിപത്യ മുന്നണി വിടാൻ രാഷ്ട്രീയമായ തീരുമാനമെടുത്തു. ആ കോൺഗ്രസ്സ് പാർട്ടിൽപ്പെട്ട അങ്ങടക്കമുള്ള ആളുകൾ അതിനോട് യോജിച്ചില്ല. നിങ്ങൾ ശ്രീ. പി.സി. ചാക്കോയുടെ നേതൃത്വത്തിൽ ഇടതുപക്ഷ മുന്നണിയിൽ നിന്നു. ഞങ്ങൾ അതിനെ കാലുമാറ്റം എന്നുപറഞ്ഞില്ല. പക്ഷേ നിങ്ങളുടെ കൂട്ടത്തിലല്ല ശ്രീ. ലോനപ്പൻ നമ്പാടൻ പോയത്. ഗവൺമെന്റിന് കേവല ഭൂരിപക്ഷം മാത്രമുള്ള സമയത്ത് ആ ഗവൺമെന്റിനെ അട്ടിമറിക്കുന്നതിനുവേണ്ടി ലോനപ്പൻ നമ്പാടനെ സ്വാധീനിച്ച് അപ്പുറത്ത് കൊണ്ടുപോയി. അത് കാലുമാറ്റമാണ്. ശ്രീ. പി. സി. ചാക്കോയും നിങ്ങളും കാലുമാറിയെന്ന് ഞങ്ങളാരെങ്കിലും പറഞ്ഞിട്ടുണ്ടോ? നിങ്ങൾ ഒരു നിലപാടിനൊപ്പം നിന്നു. ആ നിലപാട് ശരിയോ തെറ്റോ ആകാം. ഒരു നിലപാടിനൊപ്പം നിന്നതിനോട് ഞങ്ങൾക്ക് യാതൊരു വിയോജിപ്പുമില്ല. ശ്രീ. ലോനപ്പൻ നമ്പാടന്റെ മാറ്റവും നിങ്ങളുടെ മാറ്റവും

രണ്ടും രണ്ടാണ്. അത് കൂട്ടിച്ചേർത്ത് അങ്ങ് ചരിത്രത്തിൽ അപഹാസ്യനാകരുത്.

ശ്രീ. എൻ. ഷംസുദ്ദീൻ: കൂറുമാറ്റ നിരോധന നിയമത്തെക്കുറിച്ച് സംസാരിക്കുമ്പോൾ പ്രതിപക്ഷത്തുള്ള സ്നേഹിതന്മാർ വളരെ പഴയ കാര്യങ്ങൾ കൊണ്ടുവന്ന് ഇതിനെതിരായി പറയുകയാണ്. രണ്ട് മാസത്തിനുള്ളിൽ നടന്ന സംഭവം ഈ സന്ദർഭത്തിൽ പറയാം. മണ്ണാർക്കാട് മണ്ഡലത്തിലെ അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്തിൽ യു.ഡി.എഫ്-ലെ വൈസ് പ്രസിഡന്റിനെ കൂറുമാറ്റി പ്രസിഡന്റിനെതിരെ അവിശ്വാസം കൊണ്ടുവന്ന ഇടതുപക്ഷം ഈ വൈസ് പ്രസിഡന്റിനെ പ്രസിഡന്റാക്കിയിരിക്കുകയാണ്. ഇത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. വി. ഡി. സതീശൻ: തീർച്ചയായും ഇത് നമ്മുടെ സംസ്ഥാനത്ത് എല്ലായിടത്തും നടക്കുന്നുണ്ട്. തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതികളെ അട്ടിമറിച്ച് വേറെ ആളുകളെ സ്വാധീനിച്ച് പുതിയ ഭരണമുണ്ടാക്കാനുള്ള ശ്രമം സംസ്ഥാന വ്യാപകമായി നടക്കുന്നുണ്ട്. അത് തടയാൻ വേണ്ടിയല്ലേ നിയമസഭ ഈ നിയമം കൊണ്ടുവരുന്നത്. അത് കുറെക്കൂടി ഫലപ്രദമായി നടപ്പിലാക്കണമെന്നാണ് എന്റെ അഭിപ്രായം.

ശ്രീ. പി.റ്റി.എ. റഹിം: കൂറുമാറ്റത്തെ സംബന്ധിച്ച് പറയുമ്പോൾ രാഷ്ട്രീയ പാർട്ടികൾക്ക് ചിഹ്നം കൊടുത്ത് ആളുകളെ നിയന്ത്രിക്കാൻ സാധിക്കും. പക്ഷേ എൽ.ഡി.എഫിന്റേയോ യു.ഡി.എഫിന്റെയോ പിന്തുണയോടുകൂടി ജയിച്ചിട്ടുള്ള ഒരു സ്വതന്ത്രനെ എങ്ങനെയാണ് അത് ബാധിക്കുന്നത്? അയാളുടെ മേൽ എന്ത് കൺട്രോളാണുള്ളത്?

ശ്രീ. വി.ഡി. സതീശൻ: സർ, കൂറുമാറ്റ നിരോധന നിയമ പ്രകാരം കക്ഷിരഹിതനായി ജയിച്ച ഒരാൾക്ക് ആ കാലാവധിയ്ക്കുള്ളിൽ വേറെ ഒരു

പാർട്ടിയിലേയ്ക്ക് മാറാൻ കഴിയില്ല. റിബലുകളായി മത്സരിച്ച് ജയിച്ചു കഴിഞ്ഞ് പാർട്ടിയിലേയ്ക്ക് തിരിച്ചുവരാൻ ആഗ്രഹിക്കുന്ന ആളുകളുണ്ട്. പാർട്ടിയിലേയ്ക്ക് തിരിച്ചു ചേർന്നാൽ അംഗത്വം നഷ്ടപ്പെടും. അയോഗ്യത കൽപ്പിക്കും. At the time of filing the nomination ആ സമയത്ത് അവരുടെ സ്റ്റാറ്റസ് എന്തായിരുന്നു അത് അവസാനംവരെ തുടരണം എന്ന നിയമം നിലനിൽക്കുന്നുണ്ട്. സ്വതന്ത്രന്മാരുടെ കാര്യത്തിലാണെങ്കിലും മുന്നണികളുടെ പിന്തുണയോടുകൂടിയുള്ളവരായാലും ഇതുതന്നെയാണ് നിയമം.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: മുന്നണികളിലെ കൂറുമാറ്റം അവസാനി പ്പിക്കണമെങ്കിൽ രാഷ്ട്രീയ പാർട്ടികൾ തീരുമാനമെടുക്കണ്ടേ? രാഷ്ട്രീയ പാർട്ടികൾ തത്കാല ഭരണത്തിനുവേണ്ടി കൂറുമാറി വരുന്നവരെ ഞങ്ങൾ എടുക്കില്ല എന്ന നിലപാട് എടുക്കേണ്ടതിന്റെ ആവശ്യകത അങ്ങേയ്ക്ക് ബോദ്ധ്യപ്പെട്ടിട്ടുണ്ടോ?

ശ്രീ. വി.ഡി. സതീശൻ: തീർച്ചയായും

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: അങ്ങ് ഈ ബില്ലിന്റെ സ്പിരിറ്റിനെക്കുറിച്ച് പറഞ്ഞതിനോട് ഞാൻ യോജിക്കുകയാണ്. പക്ഷേ അങ്ങ് വസ്തുതാപര മായ ഒരു പിശക് പറഞ്ഞു. കേരളത്തിലെ കാലുമാറ്റ രാഷ്ട്രീയത്തിന് തുടക്കം കുറിച്ചതിനെക്കുറിച്ച് അങ്ങ് പറഞ്ഞത് തെറ്റാണ്. കേരളത്തിൽ കാലുമാറ്റ രാഷ്ട്രീയത്തിന് തുടക്കം കുറിച്ചതിനെക്കുറിച്ച് 'കേരള രാഷ്ട്രീയം അസംബന്ധ നാടകം' എന്നപേരിൽ കെ.സി. ജോണിന്റെ ഒരു പുസ്തകമുണ്ട്. 1957 -ലെ കമ്മ്യൂണിസ്റ്റ് മന്ത്രിസഭയെ അട്ടിമറിക്കാൻ അന്ന് ആരെയെല്ലാം വിലയ്ക്കുവാങ്ങാൻ പരിശ്രമിച്ചു എന്നുള്ളതിന്റെ തെളിവുസഹിതം, ശ്രീ. കാട്ടാക്കട ബാലകൃഷ്ണന്റെ വീട്ടിൽപോയി ഒരുലക്ഷം രൂപ കൊടുത്തതിന്റെ

വിശദാംശങ്ങൾ സഹിതം പറഞ്ഞിട്ടുണ്ട്. കേരള രാഷ്ട്രീയത്തിൽ കാലുമാറ്റത്തിന് തുടക്കം കുറിച്ചത് 1957 മുതലാണ് എന്ന വസ്തുത അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. വി.ഡി. സതീശൻ: കമ്മ്യൂണിസ്റ്റ് പാർട്ടിക്കതിരായി ആരൊക്കെ എത്ര പുസ്തകം എഴുതിയിട്ടുണ്ട്. ആ പുസ്തകങ്ങളിൽ എഴുതിയിരിക്കുന്നത് ആധികാരിക രേഖയായി നിയമസഭയിൽ ഉന്നയിച്ച് അതിൽ പറയുന്ന കാര്യങ്ങൾ ശരിയാണെന്ന് പറയാൻ കഴിയുമോ? ഒന്നാമത്തെ ഇ.എം.എസ് മന്ത്രിസഭയെ ഡിസ്മിസ് ചെയ്തത് ഭരണഘടനയിലെ ആർട്ടിക്കിൾ 356 ഉപയോഗിച്ചുകൊണ്ടാണ്. ഒരു സംസ്ഥാന ഗവൺമെന്റിനെ ഡിസ്മിസ് ചെയ്യാൻ ഭരണഘടനാപരമായി വേണ്ട സാഹചര്യങ്ങളെല്ലാം അന്നുണ്ടായിരുന്നു. അങ്ങനെയാണ് ഡിസ്മിസ് ചെയ്തത്. ആരേയും കാലുമാറ്റിയിട്ടല്ല ആ ഗവൺമെന്റിനെ പുറത്താക്കിയത്. ഭരണഘടനാപരമായഅധികാരം ഉപയോഗിച്ചുകൊണ്ടാണ് ആ ഗവൺമെന്റിനെ പുറത്താക്കിയത്.

ശ്രീ. ജോസഫ് വാഴക്കൻ: ശ്രീ. പി. ശ്രീരാമകൃഷ്ണന് വസ്തുതാപരമായി ഒരു പിശകുപറ്റിയതാണ്. 1957 -ലെ അല്ല 1967-ലെ ഗവൺമെന്റിൽ നിന്നാണ് ചില ആളുകൾ മാറിയത്. അതിനെക്കുറിച്ച് പറയാൻ ബുദ്ധിമുട്ടുള്ളതുകൊണ്ടായിരിക്കാം പറയാതിരുന്നത്.

ശ്രീ. വി.ഡി. സതീശൻ: ഞാൻ ദീർഘിപ്പിക്കുന്നില്ല. കുറെക്കൂടി പല്ലും നഖവുമുള്ള നിയമമാക്കി ഈ നിയമത്തെ മാറ്റണം എന്നാണ് എനിക്ക് പറയാനുള്ളത്. നമ്മുടെ തദ്ദേശ ഭരണ സംവിധാനങ്ങൾ രാഷ്ട്രീയ കളരികളായി മാറരുത്. അമിതമായ രാഷ്ട്രീയത്തിന്റെ അതിപ്രസരം നമ്മുടെ പഞ്ചായത്ത് സംവിധാനങ്ങളിലുണ്ടാകരുത്. നിയമസഭയിൽ പ്രതിപക്ഷവും

ഭരണകക്ഷിയും തമ്മിൽ ചർച്ചനടക്കുന്നതുപോലെ മുനിസിപ്പൽ കൗൺസിലുകളിലും കോർപ്പറേഷനുകളിലും ത്രിതല പഞ്ചായത്ത് സംവിധാനങ്ങളിലും ചർച്ച നടക്കുകയാണ്. വികേന്ദ്രീകരണത്തിന്റെ ഫലമായുണ്ടായ തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ നമ്മുടെ ആസൂത്രണവും നിർവ്വഹണവും ഫലപ്രദമായി നടപ്പാക്കണമെങ്കിൽ രാഷ്ട്രീയ കളരികളായി അത് മാറരുത്. കൂറുമാറ്റത്തെ പ്രോത്സാഹിപ്പിക്കരുത്. ആ കൂറുമാറ്റത്തെ തടയുന്നതിനുവേണ്ടിയുള്ള നിയമം കൊണ്ടുവരുമ്പോൾ, പൂർണ്ണത കൈവരിക്കാനുള്ള നിർദ്ദേശങ്ങൾ കൂടി, ഇപ്പോൾ കഴിഞ്ഞില്ലെങ്കിൽ മറ്റൊരു അവസരത്തിൽ കൂറുമാറ്റങ്ങൾ പൂർണ്ണമായി കേരളത്തിലെ ഒരു ത്രിതല പഞ്ചായത്ത് സംവിധാനത്തിലും ഉണ്ടാകില്ല എന്ന് ഉറപ്പുവരുത്താൻ കഴിയാവുന്ന തലത്തിലേയ്ക്ക് നിയമത്തെ കൊണ്ടുപോകണമെന്ന് നിർദ്ദേശിച്ചുകൊണ്ട് ഞാൻ നിറുത്തുന്നു.

<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2012-ലെ കേരള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ (കൂറുമാറ്റം നിരോധിക്കൽ) ഭേദഗതി ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

വർത്തമാനകാല രാഷ്ട്രീയ സ്ഥിതിയനുസരിച്ച് കൂറുമാറ്റ നിരോധന ബില്ലിന്റെ അസാംഗത്യത്തെക്കുറിച്ച് വിയോജനം രേഖപ്പെടുത്തി സംസാരിച്ച മൂന്നുപേരും ഏകദേശം അതോടൊപ്പം ചേർന്നുകൊണ്ട് ശ്രീ. വി.ഡി. സതീശനും സംസാരിച്ചു. ഞാൻ ആ വിഷയങ്ങൾ ആവർത്തിക്കുന്നില്ല. മറ്റൊരു പ്രധാനപ്പെട്ട കാര്യംകൂടി ബോധിപ്പിക്കാനാണ് കുറച്ചു സമയം ഉപയോഗിക്കുന്നത്. ഈ ബില്ലിലൂടെ അങ്ങ് ഉദ്ദേശിക്കുന്നത് അധികാര വികേന്ദ്രീകരണത്തെ ശക്തമാക്കാനാണ്. പക്ഷേ അതിന്റെ ദൗർബല്യത്തെക്കുറിച്ച് നേരത്തെ സംസാരിച്ച

നാലുപേരും സൂചിപ്പിച്ചു. അധികാര വികേന്ദ്രീകരണത്തിന്റെ ഇന്നത്തെ അവസ്ഥ വളരെ അപകടത്തിലാണ്. കേരളത്തിൽ അധികാര വികേന്ദ്രീകരണം ഇന്ന് വളരെയധികം പ്രശ്നങ്ങൾ നിറഞ്ഞ ഒന്നായി മാറിയിരിക്കുന്ന സന്ദർഭത്തിൽ കേവലം ഇത്തരമൊരു ബില്ലിലൂടെ മാത്രം കരളത്തിലെ അധികാര വികേന്ദ്രീ കരണത്തെ ശക്തിപ്പെടുത്താൻ കഴിയില്ല എന്നുള്ളതാണ് ഞാൻ ആദ്യമായി സൂചിപ്പിക്കുന്നത്. അധികാര വികേന്ദ്രീകരണത്തിന്റെ ദർശനം പൂർണ്ണമായും ഉൾക്കൊണ്ടുകൊണ്ട് സമഗ്രമായ പുതിയൊരു നിയമം കൊണ്ടുവരേണ്ട സാഹചര്യം അനുഭവത്തിന്റെ വെളിച്ചത്തിൽക്കൂടി നിലനിൽക്കുന്ന സാഹച ര്യത്തിൽ അപൂർണ്ണവും ഭാഗികവുമായ ചില ബില്ലുകൾ കൊണ്ടുവരുന്നതി നോടാണ് ഞാൻ വിയോജിക്കുന്നത്. കൂറുമാറ്റ നിരോധന ബില്ലിനോടൊപ്പം കണക്ക് കൊടുക്കുന്ന കാലയളവ് നീട്ടുന്ന വേറൊരു ബില്ലും അവതരിപ്പിച്ചി രിക്കുകയാണ്. ഇങ്ങനെ ഓരോരോ കാര്യങ്ങൾക്ക് വെവ്വേറെ ബില്ലുകൾ അവതരിപ്പിച്ച രീതിശാസ്ത്രം മനസ്സിലാകുന്നില്ല. ആറുമാസത്തിനുള്ളിൽ ഗ്രാമ സഭ ചേർന്നില്ലെങ്കിലും കുഴപ്പമില്ല എന്ന വിചിത്രമായ ഒരു നിയമം കൂടി വരുന്നുണ്ട്. ഗ്രാമസഭ ചേരണ്ട, സമയത്ത് കണക്ക് കൊടുക്കണ്ട, ഇതി നൊക്കെ നിയമം ഉണ്ടാക്കുക, എന്താണ് ഇവിടെ കാണുന്നത്? ചിലർ ചെയ്യുന്ന ചരിത്രപരമായ ഇത്തരം തെറ്റുകൾക്ക് സർക്കാർ ഇങ്ങനെ നിയമ ത്തിലൂടെ മറ പിടിക്കരുത്. യഥാസമയം ഗ്രാമസഭ ചേർന്ന് കണക്കുകൾ യഥാസമയം നൽകണം. കൂറുമാറ്റം പാടില്ല. ഇതെല്ലാം ജനാധിപത്യപരമായ നിയമങ്ങളാണ്. അവയെല്ലാം എങ്ങനെ കൂടുതൽ ജനാധിപത്യപരമാക്കാം എന്ന ചിന്തയാണ് വേണ്ടത്. ആ ദിശയിലാണ് പുതിയ സമഗ്രമായ നിയമ നിർമ്മാണം നടക്കേണ്ടത്. ഗ്രാമസഭയാണ് അധികാര വികേന്ദ്രീകരണത്തിന്റെ ആത്മാവ്. അത് കൂടുതൽ തവണ ചേരുകയാണ് വേണ്ടത്. ജനാധിപത്യവ

ത്ക്കരണത്തിന് കൂടുതൽ ഗതിവേഗമുണ്ടാക്കുന്ന സമഗ്ര നിയമനിർമ്മാണം വേണ്ട സമയത്ത് വളരെ ഭാഗീകവും അശാസ്ത്രീയവുമായ നിയമങ്ങൾ ഉണ്ടാകുന്നതിന്റെ ദുഃഖം ഒരിക്കൽക്കൂടി ഞാൻ അറിയിക്കുകയാണ്. ആരോഗ്യം, വിദ്യാഭ്യാസം, സാമൂഹ്യക്ഷേമം തുടങ്ങിയ മേഖലകൾക്കുശേഷം കേരളം ലോക ശ്രദ്ധയിൽ വന്നത് അധികാര വികേന്ദ്രീകരണത്തിലൂടെയാണ്. ആ മേഖല തകരുന്നതിന്റെ തീവ്രമായ വേദനയിലാണ് കേരളം. ദയവു ചെയ്ത് ഈ മേഖല തകർക്കരുത്.

73-74 ഭരണഘടനാ ഭേദഗതിയിലൂടെയാണ് ഇന്ത്യയിൽ അധികാരവികേന്ദ്രീകരണം നടപ്പിലായത്. നിലവിലുള്ള ഭരണകൂടത്തിന്റെ ജനാധിപത്യവത്ക്കരണമാണ് അധികാരവികേന്ദ്രീകരണത്തിന്റെ ദാർശനിക നിർവ്വചനം. ഇതിലൂടെ കൂടുതൽ ജനാധിപത്യപരമായ സർക്കാർ താഴേത്തട്ടിലുണ്ടാകണം. ഈ ലക്ഷ്യം ഒരു പരിധിവരെ സാർത്ഥകമായത് കേരളത്തിൽ മാത്രമാണ്. ജനകീയാസൂത്രണത്തിലൂടെയാണ് അത് കൈവരിക്കാൻ കഴിഞ്ഞത്. നാല് ഘടകങ്ങൾ ഇന്ത്യയിൽ ആദ്യമായി ഇതിൽ ഉൾപ്പെടുത്തിക്കൊണ്ടാണ് ആ ലക്ഷ്യം നേടാൻ കഴിഞ്ഞത്. രാഷ്ട്രീയാധികാര വികേന്ദ്രീകരണം, ആസൂത്രണവികേന്ദ്രീകരണം, സമ്പത്തിന്റെ വികേന്ദ്രീകരണം, ഭരണപരമായ വികേന്ദ്രീകരണം എന്നിവയാണ് കേരളത്തിലെ ജനകീയാസൂത്രണത്തിന്റെ നാല് പ്രധാനപ്പെട്ട ഘടകങ്ങൾ. മേൽപ്പറഞ്ഞ ആശയങ്ങൾ കൂടുതൽ പ്രോജ്ജ്വലമാക്കുകയാണ് പുതിയ സമഗ്ര നിയമത്തിലൂടെ വേണ്ടത്. പക്ഷേ യു.ഡി.എഫ്. സർക്കാർ ഈ മേഖലയിൽ വൻതോതിൽ പുറകോട്ട് അടിച്ചുക്കൊണ്ടിരിക്കുകയാണ് എന്നത് അധികാരവികേന്ദ്രീകരണം നേരിടുന്ന ഏറ്റവും വലിയ ഭീഷണിയാണെന്ന് പറയാതിരിക്കാൻ കഴിയില്ല. രാജ്യത്തിനുവേണ്ടി മറ്റൊരു മാതൃക വളർത്തിയെടുക്കുകയാണ് വേണ്ടത്. അധികാരവികേന്ദ്രീകരണമേഖ

ലയെ വിപരീത ദിശയിലേയ്ക്ക് കൊണ്ടുപോകാൻ യു.ഡി.എഫ്. തുടക്കം മുതൽ ശ്രമിച്ചതിന്റെ ഉത്തമ ഉദാഹരണങ്ങളാണ്. അതിൽ ഒന്ന്, ഈ സങ്കൽപ്പത്തെ നയിക്കുവാൻ 3 മന്ത്രിമാർ നിയോഗിക്കപ്പെട്ടതാണ്. ആ 3 മന്ത്രിമാർ തമ്മിൽ ഉദ്ഗ്രഥനം എന്ന ആശയം മുന്നോട്ട് വച്ചെങ്കിലും അത് നടപ്പിലാക്കുന്നില്ല. രണ്ട്, ഇന്ത്യയിലെ ഏക സ്റ്റാറ്റ്യൂട്ടറി പ്ലാനിംഗ് ബോഡി എന്ന് പറയുന്നത് ഡി.പി.സി. ആണ്. ആ ഡി.പി.സി. ഇന്ന് നിഷ്പ്രഭമായിരിക്കുന്നു. വിദഗ്ദ്ധ സമിതികൾ ഇല്ലാത്തതടക്കം ജനകീയത കുറച്ച് കൊണ്ടുവരുന്നു. ഗ്രാമസഭ ചേരുന്നത് 9 മാസത്തിലായാലും മതിയെന്ന് വരുന്നു. ഗ്രാമസഭ ചേരാത്ത ഒരു അംഗം അയോഗ്യനാകേണ്ടതാണ്, അതാണ് നിയമം. ഇലക്ഷൻ കമ്മിഷൻ പിരിച്ച് വിട്ടവർ ഇപ്പോഴും ഗ്രാമപഞ്ചായത്ത് അംഗങ്ങളും പ്രസിഡന്റുമായി തുടരുകയാണ്. ഗ്രാമസഭ 6 മാസം വേണ്ട, 9 മാസമായി ചേർന്നാലും മതി. ഇനി അത് 12 മാസമായാലും കുഴപ്പമില്ല എന്ന് നിയമം മാറ്റുമോയെന്നറിയില്ല. അധികാരവികേന്ദ്രീകരണം ശക്തിപ്പെടുമോ അതോ ദുർബ്ബലമാകുമോ എന്നുള്ളത് പരിശോധിക്കേണ്ടതാണ്. കണക്കുകൾ നൽകുന്നതിന്റെ കാലയളവ് കൃത്യമായി കൊടുക്കണം. കൂടുതൽ കൃത്യമായി കൊടുക്കണമെന്ന് പറയുന്നതിലാണോ ശക്തിപ്പെടുത്തൽ അതോ നീട്ടി കൊടുക്കലൊണോ ശക്തിപ്പെടുത്തൽ എന്നതും പരിശോധിക്കേണ്ടതാണ്. ലോകത്ത് ആദ്യമായി ആസൂത്രണ വികേന്ദ്രീകരണം പരീക്ഷിച്ചത് കേരളത്തിലാണ്. നമുക്ക് അതിൽ അഭിമാനിക്കാം. ആസൂത്രണത്തിൽ ഇങ്ങനെയൊരു ആശയം ലോകത്ത് ആദ്യമായി കൊണ്ടുവന്നപ്പോൾ ക്ലാസിക്കൽ പ്ലാനിംഗ് തിയറിയിൽ അത് ഉണ്ടായിരുന്നില്ല എന്ന് ഓർക്കണം. ക്ലാസിക്കൽ പ്ലാനിംഗ് തിയറിയിൽ വികേന്ദ്രീകരണ ആസൂത്രണത്തിന് നിയതമായൊരു നീതി

ശാസ്ത്രം പോലുമില്ല. സമാനതകളില്ലാത്ത ആ പ്രാദേശിക ആസൂത്രണം വലിയ പ്രതിസന്ധിയിലാണ് കേരളത്തെ നീക്കുന്നൂവെന്നത് പറയാതിരിക്കാൻ കഴിയില്ല. എന്തുകൊണ്ട് പ്രാദേശീകാസൂത്രണത്തെ കൂടുതൽ ജനകീയവ ത്ക്കരിക്കണം എന്നുള്ളത് ഈ ഒരൊറ്റ ആശയത്തിൽ നിന്നും വ്യക്തമാകുക യാണ്. കൂടുതൽ ജനകീയവത്ക്കരിച്ച് കൂടുതൽ പങ്കാളിത്തപൂർണ്ണമാക്കുക യുമാണ് വേണ്ടത്. പക്ഷേ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ കേന്ദ്രീകൃത ആസൂത്രിത രീതിയിലേയ്ക്ക് ഇപ്പോൾ കേരളത്തിന്റെ പ്രാദേശിക ആസൂത്ര ണത്തെ മാറ്റുകയാണെന്ന് വസ്തുനിഷ്ഠമായി പറയാൻ കഴിയും. ചില തെളി വുകൾ ഞാൻ സൂചിപ്പിക്കാം. ഈ രംഗത്ത് യു.ഡി.എഫ്. സർക്കാർ വലിയ പരാജയമാണ്. അത് ഗുരുതരമായൊരു പ്രശ്നമാണ്. ഞാൻ ശക്തമായൊരു വിമർശനമുന്നയിക്കുന്നു. ഇക്കൊല്ലം പഞ്ചായത്തുകളിൽ നടപ്പിലാക്കിയ ആസൂത്രിതരീതികൾ വികേന്ദ്രീകൃത ആസൂത്രണത്തിന്റെ രീതിയിലല്ല, മറിച്ച് കേന്ദ്രീകൃതാസൂത്രണത്തിന്റെ രീതിയിലാണ്. ഇത് ഗൗരവമായ ഒരു തിരിച്ചു പോക്കാണെന്ന് നമ്മൾ തിരിച്ചറിയണം. മൗലികമായ മാറ്റമാണ് അടിസ്ഥാന പരമായ പ്രശ്നം. അതിൽ ഒന്ന്, ഉദ്യോഗസ്ഥർ തയ്യാറാക്കി അവർ തന്നെ വെറ്റ് ചെയ്യുന്നു എന്നതാണ് കേന്ദ്രീകൃത രീതി. ആ കേന്ദ്രീകൃത ജനകീയ പരിശോധന ഇല്ലാത്ത അവസ്ഥ ഇന്ന് പഞ്ചായത്തിൽ വന്നുകൊണ്ടിരിക്കുക യാണ്. പങ്കാളിത്ത രീതിയിലാണ് വാസ്തവത്തിൽ വികേന്ദ്രീകൃത ആസൂത്ര ണ പദ്ധതിയിൽ തയ്യാറാക്കേണ്ടതും വെറ്റ് ചെയ്യപ്പെടേണ്ടതും. ഇത് രണ്ടും രണ്ട് രീതിയാണ്. കേന്ദ്രീകൃത രീതിയിലുള്ള പദ്ധതി രൂപീകരണവും പദ്ധതി നിർവ്വഹണവും ഒന്ന്. വികേന്ദ്രീകൃത ആസൂത്രണത്തിലുള്ള പദ്ധതി രൂപീക രണവും പദ്ധതി തയ്യാറാക്കലും പദ്ധതി നിർവ്വഹണവും രണ്ടാണ്. ഈ വ്യത്യാസം ഇല്ലാത്ത രീതിയിലേയ്ക്ക് കേരളത്തിൽ മാറിക്കൊണ്ടിരിക്കുകയാ

ണ്. അങ്ങനെ വികേന്ദ്രീകൃത ആസൂത്രണത്തിൽ ഇത്തരത്തിൽ പങ്കാളിത്ത പരിശോധനയുള്ളതുകൊണ്ട് അത് കൂടുതൽ സുതാര്യവും ജനകീയവും....

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ.സി. ജോസഫ്): കഴിഞ്ഞ രണ്ട് പദ്ധതികളിലെ അനുഭവം കണക്കിലെടുത്തുകൊണ്ട് കേരളത്തിലെ ഗ്രാമ-ബ്ലോക്ക്-ജില്ല പഞ്ചായത്ത് പ്രസിഡന്റുമാരുടെ യോഗത്തിൽ ചർച്ച ചെയ്ത് അവർ പറഞ്ഞ മാറ്റമാണ് ഇപ്പോൾ വരുത്തിയിട്ടുള്ളത്. അങ്ങ് പറഞ്ഞതുപോലെ, ഈ സമിതികൾ തയ്യാറാക്കിയ പദ്ധതികൾ അംഗീകരിക്കുന്നതിൽ 'TAG' (Technical Advisory Group) വരുത്തിയ അനാസ്ഥയാണ് ഇവിടെ വലിയ പ്രശ്നം ചൂണ്ടിക്കാണിച്ചത്. ആ 'TAG' -നെ മാറ്റി. തെരഞ്ഞെടുത്ത മെമ്പർമാർക്ക് ഗ്രാമ-ബ്ലോക്ക്-ജില്ല പഞ്ചായത്തുകളിലെ പ്രസിഡന്റുമാർക്ക് എല്ലാ അധികാരവും കൊടുത്തു. ഇപ്പോൾ പദ്ധതി തയ്യാറാക്കുന്നത് ഉദ്യോഗ സ്ഥന്മാരല്ല, പഞ്ചായത്ത് പ്രസിഡന്റുമാരാണ്. കഴിഞ്ഞ അനുഭവങ്ങളിൽ നിന്നും വരുത്തിയ മാറ്റമാണ്. അതിനെ ഒരിക്കലും തെറ്റിദ്ധരിക്കരുത്. കാരണം ഇത് ഗുണകരമായ മാറ്റമായിരിക്കും. ഈ പദ്ധതികളിൽ തെളിയുകയും ചെയ്യും.

പ്രൊഫ. സി. രവീന്ദ്രനാഥ്: ഗുണകരമാകില്ല എന്ന വിമർശനമാണ് ഞാൻ ഉന്നയിച്ചത്. കാരണം ജനകീയ പരിശോധന എന്ന് പറയുന്ന 'TAG' എന്ന വാക്ക് ഏത് രീതിയിലാണ് നമ്മൾ ഉൾക്കൊള്ളുന്നുവെന്നുള്ളതാണ് പ്രശ്നം. ഉദ്യോഗസ്ഥർ തയ്യാറാക്കുന്നു, അവർതന്നെ പരിശോധിക്കുന്നു, അവർതന്നെ അഡ്മിനിസ്ട്രേറ്റീവ് സാങ്ഷൻ കൊടുക്കുന്നു, അവർതന്നെ ടെക്നിക്കൽ സാങ്ഷൻ കൊടുക്കുന്നു. അവിടെ സുതാര്യതയ്ക്ക് പ്രശ്നമുണ്ട്.

<u>ശ്രീ. കെ.സി. ജോസഫ്</u>: കഴിഞ്ഞ കാലങ്ങളിൽ നടന്നത് പഞ്ചായത്ത് തയ്യാറാക്കിയ പദ്ധതികൾ 'TAG' -നെ അന്വേഷിച്ച് മെമ്പർമാരുടെ വീട്ടിൽ പോയി ഒപ്പ് ഇടിയിക്കുകയായിരുന്നു. 'TAG' -ന്റെ യോഗം കൂടിയിരുന്നില്ല. ഇതൊരു ഫോർമാലിറ്റിയായിരുന്നു. അങ്ങനെ പഞ്ചായത്ത് മെമ്പർമാരും പ്രസിഡന്റുമാരും ഇതുമായി ബന്ധപ്പെട്ട് ആത്മാഭിമാനം പണയപ്പെടുത്തി ക്കൊണ്ട് 'TAG' -നെ കാണാൻ പോകുകയാണ്. ആ രീതി മാറ്റി പഞ്ചായത്ത് മെമ്പർമാർക്കും പഞ്ചായത്ത് കമ്മിറ്റിക്കും അധികാരം കൊടുത്തു. സി.പി.എം. നയിക്കുന്ന പഞ്ചായത്തുകളിൽ അന്വേഷിച്ചുനോക്കൂ, ഈ മാറ്റം നല്ലതാണെ ന്ന് അവർപറയും.

<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>: 'TAG' -ന്റെ ദർശനമാണ് ഞാൻ പറഞ്ഞത്. എന്തിനാണ് 'TAG'? വികേന്ദ്രീകൃത ആസൂത്രണത്തിൽ ആ 'TAG' -ൽ അനുഭവത്തിന്റെ വെളിച്ചത്തിൽ ചില കുറവുകളുണ്ടെങ്കിൽ അതിന്റെ സംവിധാനത്തെ ഇല്ലാതാക്കുകയല്ല വേണ്ടതെന്നാണ് ഞാൻ പറഞ്ഞത്. അതിനെ കൂടുതൽ എങ്ങനെ ബലപ്പെടുത്താമെന്നുള്ള പരിശോധനകളും അതിനുള്ള വഴികൾ കണ്ടെത്തലുമാണ് വേണ്ടത്.

<u>ശ്രീ. പി.സി. ജോർജ്</u>: അങ്ങയുടെ എല്ലാ മാന്യതയും അംഗീകരിച്ചു കൊണ്ട് വിനയത്തോടെ പറയട്ടെ. സി.പി.എം.-ന്റെ പ്രസിഡന്റുമാരും പഞ്ചായത്ത് പ്രസിഡന്റുമാരുടെ അസോസിയേഷൻ ഉൾപ്പെടെ ആവശ്യപ്പെട്ട കാര്യമാണ് ഇത്. ഇപ്പോൾ ജനങ്ങൾ നമ്മളെ തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു. നമുക്ക് അറിയാത്ത കാര്യം തെറ്റില്ലാതെ ആരോടെങ്കിലും ചോദിച്ച് മനസ്സിലാ ക്കാം. തെറ്റില്ല. അതിനുപകരം നമ്മൾ ഏതെങ്കിലും ഉദ്യോഗസ്ഥന്റെ വീട്ടിൽ

പോയി വേണോ ഒരു റോഡ് ഉണ്ടാക്കേണ്ടത്, അത് ശരിയാകുമോ? ഇപ്പോൾ 'TAG' വന്നതുകൊണ്ട് എന്താണ്? പഞ്ചായത്ത് പ്രസിഡന്റും മെമ്പർമാരും പദ്ധതി നടപ്പാക്കാൻ വേണ്ടി ഈ മെമ്പർമാരുടെ വീട്ടിൽ പോയി കാല് പിടിക്കേണ്ട ഗതികേട്, അവരെകൊണ്ട് ഒപ്പിടീക്കേണ്ട ഗതികേട്. ഇത് വസ്തുതാപരമാണ്. വസ്തുതാപരമായി പറയുന്നത് അങ്ങ് അംഗീകരിക്കണം.

<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>: 15 വർഷങ്ങളായി ജനകീയാസൂത്രണത്തിൽ എല്ലാ തലങ്ങളിലും പ്രവർത്തിച്ച ഒരാളാണ് ഞാൻ. തുടക്കത്തിൽ തന്നെ തൃശ്ശൂർ ജില്ലയുടെ കൺവീനറായിരുന്നു. ഇത് അറിയില്ല എന്ന് പറയരുത്. ഞാൻ അതിനൊരു ദർശനമുണ്ടെന്നാണ് പറഞ്ഞത്. അതായത് കേന്ദ്രീകൃത ആസൂത്രണ രീതിയും വികേന്ദ്രീകൃത ആസൂത്രണ രീതിയും രണ്ടും രണ്ടാണ്. അതുകൊണ്ട് വികേന്ദ്രീകൃത ആസൂത്രണരീതിയിലുണ്ടായിരുന്ന കുറവുകൾ പരിഹരിക്കാൻ നോക്കാതെ, വികേന്ദ്രീകൃത ആസൂത്രണത്തെ കേന്ദ്രീകൃത ആസൂത്രണത്തിന്റെ രീതിയിലേയ്ക്ക് മാറ്റല്ലേ എന്നേ ഞാൻ സൂചിപ്പിക്കുന്നുള്ളു.

<u>ശ്രീ. പി.സി. ജോർജ്</u>: അങ്ങ് പറഞ്ഞതനുസരിച്ച് പഞ്ചായത്ത് മെമ്പർമാർക്ക് അധികാരം കൊടുക്കുന്നത് കേന്ദ്രീകൃതമാണോ? ഇലക്ടഡ് മെമ്പേഴ്സ് ആണോ വലുത് അതോ ഉദ്യോഗസ്ഥന്മാരാണോ വലുത്?

<u>ഡോ. ടി.എം. തോമസ് ഐസക്</u>: ആരാണ് സാങ്കേതിക അനുമതി കൊടുക്കുന്നത്? പഞ്ചായത്ത് മെമ്പർ ആണോ? നേരത്തെ ഡി.പി.സി. അംഗീകരിച്ചിരുന്ന ഒരു ജനകീയ സംവിധാനം നൽകിയിരുന്ന അനുമതി ഇന്നിപ്പോൾ ഒരു ഉദ്യോഗസ്ഥൻ കൊടുക്കുന്നു. എന്നിട്ട് നിങ്ങൾ അതിന് പറയുന്നത് പഞ്ചായത്ത് മെമ്പർമാർക്ക് അധികാരം കൊടുത്തിട്ടുണ്ട്. എന്ത് അർത്ഥമാണ് അതിലുള്ളത്?

ശ്രീ. പി.സി. ജോർജ്: ബഹുമാനപ്പെട്ട ഡോ. ടി.എം. തോമസ് ഐസക് പ്ലാനിംഗ് ബോർഡ് മെമ്പർ ആയിരുന്നപ്പോൾ ഒരു ജനപ്രതിനിധിയായി വന്ന് പഠിച്ചിട്ട് വരണമെന്ന് ഞാൻ അങ്ങയോട് നേരിട്ട് പറഞ്ഞിട്ടുണ്ട്. അങ്ങ് ജനപ്രിതിനിധിയായും ധനകാര്യ വകുപ്പുമന്ത്രിയുമായും ഇവിടെ വന്നപ്പോൾ വിവരമുണ്ടായി, ജനങ്ങളുടെ ബുദ്ധിമുട്ട് മനസ്സിലായി. ജനങ്ങളുടെ വികാരം മനസ്സിലാക്കി. നല്ല ധനകാര്യ വകുപ്പുമന്ത്രിയായിരുന്നു. അതിലൊന്നും ഒരു തർക്കവുമില്ല. അപ്പോൾ അങ്ങ് ഇനിയും പുറകോട്ട് പോകരുത്. പ്ലാനിംഗ് ബോർഡ് മെമ്പർ ആയിരുന്നപ്പോൾ കാണിച്ചതുപോലെ ഇനി ഈ പഞ്ചായത്ത് മെമ്പർമാരെക്കൂടി നോക്കുക്കുത്തിയാക്കരുത്. അവരും ജനപ്രതിനിധികളാണ്. ജനങ്ങളാൽ തെരഞ്ഞെടുക്കപ്പെട്ടവരാണ്. അവർക്ക് അറിവില്ലായ്മയുടെ കാര്യമുണ്ടെങ്കിൽ ഉദ്യോഗസ്ഥന്മാരോട് ചോദിച്ച് മനസ്സിലാക്കാം. ആ ഉദ്യോഗസ്ഥന്റെ ഒപ്പ് വേണമെന്ന് പറഞ്ഞാൽ എങ്ങനെ യാണ് പറ്റുന്നത്? അത് പഞ്ചായത്ത് പ്രസിഡന്റിന്റെ ഒപ്പായി മാറ്റണം. മനസ്സിലായില്ലേ.

ശ്രീ. എ.കെ. ബാലൻ: സാങ്ഷൻ എന്ന് പറയുന്നത് ഡി.പി.സി. ആണ് കൊടുക്കുന്നത്. ഡി.പി.സി. അല്ലാതെ ജില്ലാപഞ്ചായത്ത് പ്രസിഡന്റോ ജില്ലാ പഞ്ചായത്ത് മെമ്പറോ അല്ല കൊടുക്കുന്നത്. തെറ്റിദ്ധരിപ്പിക്കരുത്.

ശ്രീ. കെ.സി. ജോസഫ്: ദയവായി മിസ് ലീഡ് ചെയ്യരുത്. ഡി.പി.സി. യുടെ അധികാരം കുറച്ചിട്ടേയില്ല. ഡി.പി.സി. യ്ക്ക് എല്ലാ അധികാരവുമുണ്ട്. അങ്ങയുടെ കാലത്ത് എല്ലാ......

ശ്രീ. എസ്. രാജേന്ദ്രൻ: ഞാൻ നിരാശനല്ല. ഈ ചർച്ചയ്ക്ക് വന്ന സന്ദർഭത്തിൽ പറയേണ്ടതാണ്. സാങ്കേതിക അനുവാദമൊന്നുമില്ലാതെ പഞ്ചായത്ത് നിർമ്മാണ പ്രവർത്തനത്തിൽ ഏർപ്പെട്ടിട്ടുണ്ട്. പഞ്ചായത്തിന്റെ

തനത് ഫണ്ട് ഉപയോഗിച്ച് സ്വന്തം ഇഷ്ടംപോലെ സാങ്കേതിക കമ്മിറ്റിയുടെ അനുവാദമില്ലാതെ നിർമ്മാണപ്രവർത്തനം നടത്തുന്നുണ്ട്. ഉദ്യോഗസ്ഥന്മാർ ഒപ്പ് ഇടാൻ വേണ്ടി സാങ്കേതിക അനുവാദത്തിന്റെ കമ്മിറ്റി കൂടാൻ തയ്യാറാകുന്നില്ലെങ്കിൽ അതിന് നടപടി സ്വീകരിക്കുകയാണ് വേണ്ടത്. പകരം അത് വേണ്ട എന്ന് വയ്ക്കുന്നതോടുകൂടി ഇത്തരത്തിലുള്ള പ്രവണതകൾ വരുന്നുണ്ടെന്നുള്ളത് ചൂണ്ടിക്കാണിക്കാനാണ് ഞാൻ ഉദ്ദേശിച്ചിട്ടുള്ളത്.

ശ്രീ. പാലോട് രവി : സർ, 'ടാഗ്'-നെ സംബന്ധിച്ച് വ്യാപകമായ പരാതി ഈ ഗവൺമെന്റിന്റെ കാലത്തുണ്ടായതല്ല. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തും ടാഗിനെ സംബന്ധിച്ച് എല്ലാ പഞ്ചായത്തുകളിൽനിന്നും പരാതിയുണ്ടായിരുന്നു. ആ പരാതി പരിഹരിക്കാൻ ഒരു നടപടിയും കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് സ്വീകരിച്ചിട്ടില്ല. ടാഗിനെ സംബന്ധിച്ചിടത്തോളം അത് ഏറ്റവും വലിയ ബുദ്ധിമുട്ടാണെന്ന് കേരളത്തിലെ എല്ലാ പഞ്ചായത്ത് പ്രസിഡന്റുമാരും ഏകദേശം ഏകകണ്ഠമായാണ് പറഞ്ഞത്. അതിന് പുതിയ ഒരു ഫോർമുല അങ്ങേയ്ക്കുപോലും ഇതുവരെ നിർദ്ദേശിക്കാൻ കഴിഞ്ഞിട്ടില്ല.

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, ഞാൻ നേരത്തെ സൂചിപ്പിച്ചതിന്റെ സ്പിരിറ്റ് മനസ്സിലാക്കണം. തീർച്ചയായും വളരെ നല്ല നിർദ്ദേശങ്ങൾ അതിലുണ്ട്. കേരളം മാത്രമാണ് ലോകത്ത് വികേന്ദ്രീകൃതാസൂത്രണത്തിന്റെ വക്താക്കൾ.

ശ്രീ. ജി. സുധാകരൻ: സർ, ടാഗിന്മേലാണല്ലോ ഇപ്പോൾ കുരുങ്ങിക്കിടക്കുന്നത്. ആകെ 12 ശതമാനമാണ് 8 മാസമായിട്ടും ചെലവഴിച്ചിട്ടുള്ളത്.

സാമ്പത്തികമായ കേന്ദ്രീകരണം തുടർന്നിട്ട് അധികാര വികേന്ദ്രീകരണം എന്നു പറയുന്നത് എന്ത് അടിസ്ഥാനത്തിലാണ്?

ഡോ. ടി. എം. തോമസ് ഐസക്: സർ, സാങ്കേതിക സമിതി സംവിധാനത്തിൽ പല മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. ശ്രീ. എ. കെ. ആന്റണിയാണ് ഇന്നുള്ള സംവിധാനത്തിന് രൂപം നൽകിയത്. പദ്ധതി ആസൂത്രണ മാർഗ്ഗരേഖകൾ തയ്യാറാക്കുന്ന സമയത്ത് ഇവിടെ പഞ്ചായത്ത് ഡിപ്പാർട്ടുമെന്റിൽ നിന്ന് നൽകിയ നിർദ്ദേശമാണ് പരിഹാരം. ഒന്നാമതായി ഈ സമിതിയിൽ നിന്ന് ആരാണ് വേണ്ടതെന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തന്നെ തീരുമാനമെടുക്കണം. അതിന് മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. രണ്ടാമതായി യോഗം ചേരാനായി സിറ്റിംഗ് ഫീസുപോലും കൊടുക്കാത്ത അവസ്ഥ മാറ്റി അവർക്ക് സിറ്റിംഗ് ഫീസ് നൽകണം. ഈ പ്രൊപ്പോസലാണ് തന്നിരുന്നത്. അത് മാറ്റിയിട്ട് മേലുദ്യോഗസ്ഥൻമാർ തീരുമാനിച്ചോട്ടെ എന്നുപറഞ്ഞ് ഉദ്യോഗസ്ഥ മേധാവിത്വം അടിച്ചേൽപ്പിക്കുകയാണ് ചെയ്തത്.

ശ്രീ. എം. ഉമ്മർ: സർ, അധികാര വികേന്ദ്രീകരണത്തിന്റെ സ്പിരിറ്റ് എന്നുപറഞ്ഞാൽ ജനപ്രതിനിധികൾക്ക് അധികാരമെന്നാണ് പഞ്ചായത്ത് രാജ് കൊണ്ട് ഉദ്ദേശിക്കുന്നത്. അതിനുവിരുദ്ധമായി ഉദ്യോഗസ്ഥൻമാർക്കും റിട്ടയേർഡ് ആയവർക്കും ടെക്നിക്കൽ കമ്മിറ്റി എന്ന സമ്പ്രദായമാണുണ്ടായിരുന്നത്. റിട്ടയേർഡ് ഉദ്യോഗസ്ഥൻമാർക്ക് കമ്മിറ്റ്മെന്റില്ലാത്തതിനാൽ ജനപ്രതിനിധികൾ ഫയലുകളിൽ ഒപ്പിടാനായി അവരുടെ വീട്ടിലേയ്ക്ക് പോകേണ്ട ഗതികേടുണ്ടായിരുന്നു. ഈ ഉത്തരവിലൂടെ അത് മാറ്റിയിരിക്കുകയാണ്. മാത്രമല്ല കഴിഞ്ഞതവണ ഏറ്റവും കൂടുതൽ തുക ചെലവഴിക്കാനും പഞ്ചായത്തുകൾക്ക് കഴിഞ്ഞു.

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, പഞ്ചായത്തിന്റെ ഫിനാൻഷ്യൽ എക്സ്പെൻഡിച്ചറല്ല നോക്കേണ്ടത്. അത് അധികാര വികേന്ദ്രീകരണത്തിലെ ഏറ്റവും പ്രധാനപ്പെട്ട കാര്യം തന്നെയാണ്. കേന്ദ്രീകൃതാസൂത്രണത്തിൽ 10 ശതമാനമാണ് ചെലവായത്. എന്ത് ഫിസിക്കൽ നേട്ടമുണ്ടായിയെന്ന് ആരും ചോദിക്കുന്നില്ല. അധികാര വികേന്ദ്രീകരണത്തിൽ ഫിനാൻഷ്യൽ ടാർഗറ്റിനോടൊപ്പംതന്നെ ഫിസിക്കൽ ടാർഗറ്റിൽ എത്രയെത്തിയെന്നുള്ളത് ജനകീയമായ മോണിറ്ററിംഗ് ഉണ്ടെങ്കിൽ മനസ്സിലാക്കാൻ സാധിക്കും. ഈ വ്യത്യാസം തിരിച്ചറിയണം.

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ഡോ. എം.കെ. മുനീർ): സർ, ഞാൻ അധികാരത്തിൽ വന്നപ്പോൾ ടാഗിനെ സംബന്ധിച്ച് ആദ്യംതന്നെ എനിക്ക് നിവേദനം തന്നത് കേരളത്തിലെ പഞ്ചായത്ത് അസോസിയേഷനാണ്. എല്ലാ പാർട്ടികളുമുൾക്കൊള്ളുന്ന പഞ്ചായത്ത് അസോസിയേഷൻ ആദ്യം പറഞ്ഞത് ടാഗിനെ ഒഴിവാക്കി ഞങ്ങൾക്ക് സ്വാതന്ത്ര്യം തരണമെന്നാണ്. ടാഗിൽ റിട്ടയേർഡായിട്ടുള്ള ഉദ്യോഗസ്ഥൻമാർ എവിടെയെങ്കിലും യോഗം ചേരുന്നു. അവർക്ക് ആനുകൂല്യങ്ങളൊന്നും നൽകാത്തതുകൊണ്ട് അവർ യോഗത്തിൽ വരികയോ വരാതിരിക്കുകയോ ചെയ്യാം. കഴിഞ്ഞതവണ ഡി.പി.സി അംഗീകാരം കൊടുത്ത അവസാനത്തെ പ്രോജക്ട് മാർച്ചിലായിരുന്നു. അന്ന് മാർച്ച് മാസത്തിലും ഡി.പി.സി. അംഗീകാരം കൊടുത്തുകൊണ്ടിരുന്നപ്പോൾ ഇന്ന് 180000 പ്രോജക്ട്സ് അപ്‌ലോഡ് ചെയ്ത് 145000-ലധികം പ്രോജക്ടുകളുടെ വെറ്റിംഗ് കഴിഞ്ഞിരിക്കുകയാണ്. ഇപ്പോഴത്തെ കണക്കല്ല എടുക്കേണ്ടത്. മാർച്ച് മാസമാകുമ്പോൾ കഴിഞ്ഞ കാലങ്ങളെ അപേക്ഷിച്ച് ഇപ്രാവശ്യം ഏറ്റവും കൂടുതൽ ഫണ്ട് ചെലവഴി

ക്കുന്ന വർഷമായി മാറും. ഇത് ചരിത്രത്തിലെ ഒരു സംഭവമായി മാറാൻ പോകുകയാണ്.

ഡോ. ടി. എം. തോമസ് ഐസക്: സർ, മാർച്ച് മാസത്തിൽ ചില പ്രോജക്ടുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. 20 ശതമാനത്തോളം പ്രോജക്ടുകൾക്ക് അംഗീകാരമില്ലെങ്കിൽപ്പോലും അവ മാറ്റി നിർത്തി പദ്ധതിരേഖ അംഗീകരിക്കുന്നു. അങ്ങനെ മാർച്ച് മാസത്തിലും ഒറ്റപ്പെട്ട പ്രോജക്ടുകൾ, തിരുത്തലിനുവേണ്ടി അംഗീകാരത്തിനുവന്നു. അതുകൊണ്ട് മാർച്ച് മാസത്തിലാണ് അംഗീകരിച്ചതെന്ന് ബഹുമാനപ്പെട്ട മന്ത്രി പറയരുത്.

ഡോ. എം. കെ. മുനീർ: ഇത് വിഷയവുമായി ബന്ധപ്പെടാത്ത കാര്യത്തിലേയ്ക്ക് പോകുന്നു. നമ്മൾ മറുപടി പറയുമ്പോൾ വിഷയത്തിലധിഷ്ഠിതമായി ............

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, കഴിഞ്ഞ അഞ്ച് വർഷക്കാലം പ്ലാൻ സ്കീമിൽ അങ്ങ് പങ്കെടുത്ത ആളാണ്. പല പദ്ധതികളും മാർച്ച് 31-ാം തീയതി കെ.എസ്.ഇ.ബി. ക്കും വാട്ടർ അതോറിറ്റിക്കും കൊടുത്ത് ഡിപ്പോസിറ്റ് ഫണ്ടാക്കി ചെലവഴിക്കാൻ സാധിച്ചിട്ടില്ലെന്ന് അങ്ങേയ്ക്കറിയാമല്ലോ. ഇവിടെ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതുപോലെ കഴിഞ്ഞ 15 വർഷത്തിനിടയിൽ ഇത്തവണയായിരിക്കും ഫണ്ട് കൂടുതൽ ചെലവഴിക്കുന്ന വർഷം.

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, കേന്ദ്രീകൃതാസൂത്രണ രീതിയനുസരിച്ച് ഇത് പാസാക്കാൻ വളരെ എളുപ്പമാണ്. ഇവിടെ ഇന്നത് ചെയ്യുന്നു എന്ന് ഒരു ഉദ്യോഗസ്ഥൻ മെൻഷൻ ചെയ്യുകയും ഉയർന്ന ഉദ്യോഗസ്ഥൻ വെറ്റ് ചെയ്യുകയും വേണം. അതിന് ടെക്നിക്കൽ സാങ്ഷൻ കൊടുത്ത്

വേഗത്തിൽ പാസാക്കാം. പക്ഷേ വികേന്ദ്രീകൃതാസൂത്രണത്തിൽ ആ രീതി യല്ല. ആ പോയിന്റാണ് ഞാൻ പറയുന്നത്.

മി. സ്പീക്കർ: ഒരു കാര്യം ചെയർ പറയട്ടെ. കഴിഞ്ഞതവണ ഇതിന്റെ എല്ലാത്തിന്റെയും ഉത്തരവാദിത്വം പ്രൊഫ. സി. രവീന്ദ്രനാഥാണെന്ന മട്ടി ലാണ് അദ്ദേഹത്തോട് എല്ലാവരും ചോദിക്കുന്നത്. This is not fair. അങ്ങ് സംസാരിക്കൂ......

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, വികേന്ദ്രീകൃതാസൂത്രണത്തിൽ പദ്ധതി തയ്യാറാക്കുമ്പോൾ നേരത്തെ ഞാൻ സൂചിപ്പിച്ചതുപോലെ മെൻഷൻ ചെയ്ത് എ.എസ് കൊടുക്കുകയല്ല ചെയ്യുന്നത്. അവിടെയാണ് ജനകീയ പരിശോധ നയ്ക്ക് സാധ്യതയുള്ളത്. ആമുഖം മുതൽ മോണിറ്ററിംഗ് വരെ എട്ട് ഘടക ങ്ങൾ എഴുതി പദ്ധതിയുണ്ടാക്കിയിരുന്നത് ഞാൻ നേരിട്ട് കണ്ടിട്ടുള്ളതും ചെയ്തിട്ടുള്ളതുമാണ്. അക്കാലത്ത് ഓരോ പദ്ധതിയുമെന്താണെന്ന് ജനകീയ ചർച്ച നടക്കുന്നു. ആ ചർച്ചയിൽ ആ പ്രോജക്ടിലെ പ്രശ്നങ്ങൾ കൃത്യമായി ഉരുത്തിരിഞ്ഞുവരുന്നു. അതിന് കൂടുതൽ സമയമെടുക്കും. പക്ഷേ ഇന്നത്തെ കേന്ദ്രീകൃത രീതിയിൽ മെൻഷൻ ചെയ്ത് പണം കൊടുത്ത് വേഗത്തിൽ പാസാക്കുകയാണ് ചെയ്യുന്നത്. വേഗത്തിൽ പ്രോജക്ട് പാസാക്കി എന്നുള്ള തല്ല അധികാരവികേന്ദ്രീകരണത്തിന്റെ വളർച്ചയുടെ മാനദണ്ഡം. അത് എങ്ങനെ പാസാക്കിയെന്നും എന്തിന് പാസാക്കിയെന്നും അതിൽ ജനകീയ തയും പങ്കാളിത്തസ്വഭാവവും സുതാര്യതയും എങ്ങനെയാണുള്ളത് എന്ന താണ് വിഷയം. ആ വിഷയത്തിൽ വിദഗ്ദ്ധരായ റിട്ടയർ ചെയ്ത ഉദ്യോഗസ്ഥ രുടെ അഭിപ്രായങ്ങൾക്ക് ധാരാളം മാനദണ്ഡങ്ങളുണ്ട്. അവർക്ക് ധാരാളം അനുഭവങ്ങളുണ്ട്. ആ അനുഭവങ്ങൾ ഇതിലേയ്ക്ക് സംക്രമിപ്പിച്ചുകൊണ്ട്

ജനപ്രതിനിധികൾക്ക് അധികാരം കൊടുത്ത് പങ്കാളിത്തപൂർണ്ണമായ പദ്ധതി പ്രവർത്തനമാണ് അധികാര വികേന്ദ്രീകരണത്തിന്റെ വികേന്ദ്രീകൃതാസൂത്രണം. അല്ലാതെ കേന്ദ്രീകൃതാസൂത്രണ രീതിയല്ല. ആ ഫിലോസഫി മാറിപ്പോയാൽ കേരളം വികേന്ദ്രീകൃതാസൂത്രണത്തിന്റെ വക്താക്കളായി മാറില്ല. ഇതാണ് ഞാൻ പറഞ്ഞത്. പ്രോജക്ട് വേഗത്തിൽ പാസാക്കാൻ എളുപ്പമാണ്. എന്നാൽ ആ പ്രോജക്ടിലെ ജനകീയ പ്രശ്നവും പാരിസ്ഥിതിക പ്രശ്നവും സാമൂഹിക പ്രശ്നവും സാംസ്കാരിക പ്രശ്നവും എന്താണെന്ന് വിലയിരുത്തപ്പെട്ടിട്ടില്ല. അതുകൊണ്ട് ഇത്തരത്തിലുള്ള അധികാര വികേന്ദ്രീകരണ ശ്രമം കൂടുതൽ ശക്തമാക്കുകയാണ് വേണ്ടത്. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഇന്റഗ്രേഷൻ നടക്കുന്നില്ല, ഗ്രാമ-ബോക്ക്-ജില്ലാ പഞ്ചായത്തുകളുടെ ഇന്റഗ്രേഷൻ നടക്കുന്നില്ല, ഡി.പി.സി-യിൽ ജില്ലാതല മാസ്റ്റർ പ്ലാനുണ്ടാക്കിക്കൊണ്ട് സ്പെഷ്യൽ പ്ലാനിംഗിലൂടെ പഞ്ചായത്തുകളെ ഇന്റഗ്രേറ്റ് ചെയ്യുന്നില്ല തുടങ്ങി ധാരാളം പ്രശ്നങ്ങളുണ്ട്. ഇതൊന്നും പ്രശ്നങ്ങളായിട്ടല്ല പറയുന്നത്. വികേന്ദ്രീകൃതാസൂത്രണത്തിന് വലിയൊരു ദർശനവും ഒരുപാട് സാധ്യതകളുമുണ്ട്. ആ സാധ്യതകൾ നമ്മൾ കണ്ടിട്ടുള്ള കേന്ദ്രീകൃതത്തിൽ നിന്ന് വളരെ വ്യത്യസ്തമാണ്. അതിലേറ്റവും പ്രധാനപ്പെട്ടത് പങ്കാളിത്തമാണ്, ജനകീയതയാണ്. അതിൽ കുറവുണ്ടാകാം. കുറവുകളുണ്ടെങ്കിൽ ആ കുറവുകൾ നികത്തിക്കൊണ്ട് പങ്കാളിത്തപൂർണ്ണമായ വികേന്ദ്രീകൃതാസൂത്രണം ശക്തിപ്പെടുത്തുകകൂടി ചെയ്യുമ്പോൾ മാത്രമേ അധികാര വികേന്ദ്രീകരണം ശക്തമാകൂ. കേവലം ദുർബലമായ ഒരു കൂറുമാറ്റ ബില്ലോ പണം കൊടുക്കുന്നതിന്റെ കണക്കുകൊടുക്കുന്നത് 3 മാസം എന്നത് 15 മാസം നീട്ടുന്നതുകൊണ്ടോ അധികാര വികേന്ദ്രീകരണം ഇന്ന് കേരളത്തിൽ ശക്തമാവുകയില്ല.

Uncorrected / Not for publication
അതുകൊണ്ട് ഇതെല്ലാം ഉൾപ്പെടുത്തിക്കൊണ്ട് കേരളത്തിലെ വികേന്ദ്രീകരണത്തിന്റെ മാതൃക ലോകത്തിന് മാതൃകയായി നിലനിർത്താൻ കഴിയുന്ന രീതിയിൽ ഒരു സമഗ്രമായ നിയമമുണ്ടാക്കണമെന്നുമാത്രം സൂചിപ്പിച്ചുകൊണ്ട് നിർത്തുന്നു.

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ഡോ. എം.കെ. മുനീർ) : സർ, ഈ കൂറുമാറ്റനിയമമുണ്ടായിട്ടും പല സ്ഥലത്തും അത് ആവർത്തിക്കപ്പെടുന്നു. ഒന്നുകൂടി നിയന്ത്രിക്കുകയെന്നുള്ള ഉദ്ദേശ്യത്തോടുകൂടിയാണ് ചില ഭേദഗതികളോടെ ആ വകുപ്പിനെ മാറ്റിയിരിക്കുന്നത്. ഇപ്പോഴത്തേത് അനുസരിച്ച് ഒരാൾക്ക് രജിസ്റ്റേർഡ് പോസ്റ്റായി വിപ്പ് അയയ്ക്കാം, നേരിട്ട് നൽകാം, അല്ലെങ്കിൽ പതിച്ച് നൽകാം. അതിനോട് കൂടി ഒരു പകർപ്പ് സെക്രട്ടറിക്കുകൂടി അയച്ചുകൊടുക്കേണ്ടതാണെന്നുള്ളതാണ് ഈ ഭേദഗതിയിലൂടെ കൊണ്ടുവന്നിരിക്കുന്നത്. ഈ ഭേദഗതിയിൽ പറഞ്ഞിരിക്കുന്നത് ഇതിനോട് അനുബന്ധിച്ച് വരുന്ന റൂളിൽ കൂടുതൽ ശക്തമായ നിലപാടുകൾ കൊണ്ടുവരാൻ സാധിച്ചാൽ വലിയ അളവോളം പൂർണ്ണതയിൽ എത്തിക്കാൻ സാധിക്കുമെന്നുള്ള വിശ്വാസത്തിൽ തന്നെയാണ് ഞങ്ങൾ ഭേദഗതി കൊണ്ടുവന്നിട്ടുള്ളത്. കൂറുമാറ്റത്തെ പൂർണ്ണമായും ഇല്ലാതാക്കുകയെന്ന സദുദ്ദേശത്തിലാണ് ഈ ഭേദഗതി കൊണ്ടുവന്നിട്ടുള്ളത്. ഇതിനോട് അനുബന്ധിച്ച് പറഞ്ഞിട്ടുള്ള ചില കാര്യങ്ങൾ അധികാരവികേന്ദ്രീകരണത്തെ തകർക്കുന്നുവെന്നുള്ളതും അതുപോലെ ഗ്രാമസഭകളെ നിഷ്പ്രഭമാക്കിയെന്ന് പറയുന്നതിലും അർത്ഥമില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം രണ്ട് പഞ്ചായത്തുകളെ, ഗ്രാമസഭകൾ നടത്താത്തതിന്റെ പേരിൽ പിരിച്ചുവിട്ടിരിക്കുകയാണ്. രണ്ട് ഗ്രാമപഞ്ചായത്തുകൾ ഇന്ന് നിലവിലില്ല. മാത്രമല്ല, ഗ്രാമസഭകൾ പ്രസക്തമാക്കാൻ വേണ്ടിയാണ് ചില ഭേദഗതികൾ

കൊണ്ടുവരുന്നത്. ഇപ്പോൾ ആളുകളുടെ വീടുകളിൽ പോയി രജിസ്റ്ററിൽ ഒപ്പിടുവിച്ച് പേരിന് ഗ്രാമസഭകൾ കൂടിയെന്ന് കാണിക്കുന്ന അവസ്ഥയുണ്ട്. അതുമാറ്റി കൃത്യമായി കൂടുന്ന ഗ്രാമസഭകൾ കൃത്യമായി കൂടുകയെന്നുള്ളത് കൊണ്ടാണ് നാല് സ്റ്റാറ്റ്യൂട്ടറി ഗ്രാമസഭകൾ ഉള്ളതിനെ മൂന്നാക്കി ചുരുക്കുകയും നാലാമത്തേതിനെ സ്പെഷ്യൽ ഗ്രാമസഭയാക്കി, ഇമ്മ്യൂണൈസേഷൻ, ന്യൂട്രീഷ്യൻ തുടങ്ങിയ കാര്യങ്ങളെക്കുറിച്ച് ചർച്ച ചെയ്യുന്നതിന്, സ്പെഷ്യൽ ഗ്രാമസഭകൾ കൂടണമെന്ന് പറഞ്ഞിട്ടുള്ളത്. അങ്ങനെവന്നാൽ കൂടുതൽ കാര്യക്ഷമമായി ഗ്രാമസഭകൾ ചേരുകയും ഗ്രാമസഭകളിൽ എടുക്കുന്ന തീരുമാനങ്ങളിൽ പങ്കാളിത്തമുണ്ടാവുകയും ആ പങ്കാളിത്തം തീർച്ചയായും ഇപ്പറഞ്ഞ അധികാര വികേന്ദ്രീകരണത്തെ സഹായിക്കുകയും ചെയ്യുമെന്നുള്ളതാണ്. ഇവിടെ പറഞ്ഞതുപോലെ, അധികാര വികേന്ദ്രീകരണത്തെ കേന്ദ്രീകരിച്ചുള്ള ഒരു നടപടിയും ഉണ്ടായിട്ടില്ല. ആകെ ഉണ്ടായിട്ടുള്ള മാറ്റമെന്ന് പറയുന്നത്, ഡി.പി.സി. യിൽ പോകാതിരിക്കുന്നില്ല. ഡി.പി.സി. യിൽ കരട് പദ്ധതിക്ക് അംഗീകാരം ലഭിച്ചതിന് ശേഷം പിന്നീട് ഡി.പി.സി.-യിൽ പോയി ഓരോ പ്രോജക്ടിനും അംഗീകാരം വേണ്ടെന്നുള്ള ഡിസിഷൻ മാത്രമാണുള്ളത്. ബാക്കിയുള്ളതെല്ലാം ഇവിടെ നടക്കുന്നുണ്ട്. ഗ്രാമസഭ ചേരുന്നുണ്ട്, വികസന സെമിനാർ നടക്കുന്നുണ്ട്, പഞ്ചായത്തുകളുടെ ആഗ്രഹത്തിനനുസരിച്ചുള്ള പ്രോജക്ടുകൾ ഇപ്പോൾ നിലവിൽ വരുന്നുവെന്നുള്ളതാണ് ഇതിന്റെ സവിശേഷത. ഇവിടെ സൂചിപ്പിച്ചതുപോലെ കഴിഞ്ഞ കാലങ്ങളിൽ അവസാനം പണം ചെലവഴിക്കാൻ കഴിയാതെ എവിടെയെങ്കിലും ഡെപ്പോസിറ്റ് ചെയ്ത് കണക്ക് 80–82 ശതമാനമാക്കാൻ ശ്രമിച്ചു. എന്നാൽ ഇപ്രാവശ്യം ഉണ്ടാകാൻ പോകുന്നത്, എല്ലാ പ്രോജക്ടുകളും അംഗീകാരം ലഭിച്ചു

കഴിഞ്ഞ്, പ്രോജക്ടുകളായി തന്നെ അംഗീകാരം ലഭിക്കുന്ന സാഹചര്യമാണ്. സത്യത്തിൽ ഇപ്പോഴാണ് അധികാര വികേന്ദ്രീകരണം എന്നുപറയുന്നത് യാഥാർത്ഥ്യമാകുന്നത്. പഞ്ചായത്തുകൾക്ക് കൂടുതൽ അധികാരം ലഭിച്ചിരിക്കുന്നുവെന്നതാണ് ഈ മാറ്റത്തിലൂടെ ഉണ്ടായിട്ടുള്ളത്. അതിനെ ആ അർത്ഥത്തിൽ സ്വാഗതം ചെയ്യുകയാണ് വേണ്ടതെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഇവിടെ പറഞ്ഞ മറ്റ് കാര്യങ്ങളായ, കൂറുമാറ്റം, രാഷ്ട്രീയം, കോർപ്പറേറ്റുകൾ തുടങ്ങിയ കാര്യങ്ങളിലേയ്ക്കൊന്നും ഞാൻ കടക്കുന്നില്ല. മറുപടിയില്ലാഞ്ഞിട്ടല്ല. ധാരാളം കാര്യങ്ങൾ പറയാനുണ്ട്. പറയാൻ തുടങ്ങിയാൻ ബില്ലിനെക്കുറിച്ചല്ല അതിനപ്പുറമുള്ള രാഷ്ട്രീയത്തിലേയ്ക്ക് ചർച്ച പോകുമെന്നുള്ളതുകൊണ്ട് ഈ പറഞ്ഞ കാര്യത്തിൽമാത്രം ഒതുങ്ങിനിന്നുകൊണ്ട് ഇവിടെ പ്പറഞ്ഞ കാര്യങ്ങൾക്കുള്ള മറുപടിയായി എന്ന പ്രതീക്ഷയോടുകൂടി നിറുത്തുന്നു.

മി. സ്പീക്കർ : ശ്രീ. വി.ഡി. സതീശൻ, അങ്ങയുടെ 1(എ) ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. വി.ഡി. സതീശൻ : സർ, ഞാൻ ഭേദഗതി പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ : സഭയുടെ അനുമതിയോടെ ഭേദഗതി പിൻവലിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2012-ലെ കേരള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ (കൂറുമാറ്റം നിരോധിക്കൽ) ഭേദഗതി ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ : ................

പ്രതികൂലിക്കുന്നവർ :................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പരിഗണനയ്ക്കെടുത്തിരിക്കുന്നു.

**വകുപ്പുതിരിച്ചുള്ള പരിഗണന**

**2-ാം വകുപ്പ്**

ശ്രീ. കെ. ദാസൻ : സർ, താഴെപ്പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

109. ഖണ്ഡം 2 പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 2 (iv എ)-യിൽ "പിന്തുണയുള്ളതോ" എന്ന വാക്കിനു പകരം "പിന്തുണയോടെ തെരഞ്ഞെടുക്കപ്പെട്ടതോ" എന്നീ വാക്കുകൾ ചേർക്കുക.

ഡോ. എൻ. ജയരാജ് : സർ, താഴെപ്പറയുന്ന ഭേദഗതികൾ ഞാൻ അവതരിപ്പിക്കുന്നു.

110. ഖണ്ഡം 2 പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 2 (iv എ)-യിൽ "പ്രസ്തുത" എന്ന വാക്കിനുശേഷം "അംഗീകാരമുള്ള" എന്ന വാക്ക് ചേർക്കുക.

112. ഖണ്ഡം 2 പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 2 (iv എ)-യിൽ "അതതു കാലങ്ങളിൽ" എന്നീ വാക്കുകൾക്കു ശേഷം "പ്രസ്തുത" എന്ന വാക്ക് ചേർക്കുക.

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ഡോ. എം.കെ. മുനീർ) : ഭേദഗതികൾ സ്വീകാര്യമല്ല.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 110, 112 -ാം നമ്പർ ഭേദ ഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. ദാസൻ അവതരിപ്പിച്ച 109-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

മി. സ്പീക്കർ : 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ..........

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**മൂന്നാം വകുപ്പ്**

ശ്രീ. വി. ചെന്താമരാക്ഷൻ: സർ, ഞാൻ തഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

113. ഖണ്ഡം 3 (എ) പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 3(2)-ൽ "നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം" എന്നീ വാക്കുകൾക്കു പകരം "യഥാസമയം" എന്ന വാക്ക് ചേർക്കുക.

ശ്രീ. ജോസഫ് വാഴക്കൻ: സർ, ഞാൻ തഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

114. ഖണ്ഡം 3 (എ) പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 3(3)-ൽ "രേഖാമൂലമായ നിർദ്ദേശം സാധുവായി" എന്നീ വാക്കുകൾക്കു ശേഷം "കരുതേണ്ടതും രേഖാമൂലമായ നിർദ്ദേശം ലംഘിക്കുന്ന അംഗങ്ങളെ തദ്ദേശസ്വയംഭരണ സ്ഥാപന

ത്തിന്റെ സെക്രട്ടറി കൂറുമാറിയതായി പ്രഖ്യാപിച്ച് അയോഗ്യത കല്പി ക്കുകയും ചെയ്യേണ്ടതാണ്" എന്നീ വാക്കുകൾ ചേർക്കുകയും, "കരു തപ്പെടേണ്ടതാണ്" എന്ന വാക്ക് ഒഴിവാക്കുകയും ചെയ്യുക.

ശ്രീ. വി.ഡി. സതീശൻ സംസാരിച്ചതിന്റെ ഭാഗമായാണ് ഞാൻ പറയു ന്നത്. 3-ാം വകുപ്പിനകത്ത് കൂറുമാറ്റം സെക്രട്ടറിക്ക് എഴുതിക്കൊടുത്ത് കഴിഞ്ഞാൽ സെക്രട്ടറി തന്നെ കൂറുമാറിയതായി പ്രഖ്യാപിക്കണം എന്നുള്ള ഭാഗമാണ്. കാരണം അനുബന്ധമായി 4-ാം വകുപ്പ് ഓപ്പൺ ചെയ്തിട്ടില്ല. അതുകൂടി ഓപ്പൺ ചെയ്താൽ മാത്രമേ പൂർത്തിയാകുകയുള്ളു. അക്കാര്യ ത്തെക്കുറിച്ച് പരിഗണിക്കാമോ എന്നുള്ളതാണ്. അല്ലെങ്കിൽ ചട്ടത്തിലോ ഏതെങ്കിലും തരത്തിലോ കൊണ്ടുവരുന്നതിനെക്കുറിച്ച് ആലോചിക്കണം.

ശ്രീ. എ.കെ. ബാലൻ : സർ, ഞാൻ തഴെപ്പറയുന്ന ഭേദഗതി അവ തരിപ്പിക്കുന്നു.

115 ഖണ്ഡം 3 (എ) പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ 3(3) താഴെപ്പറയും പ്രകാരം മാറ്റുക:

" (3) ഇങ്ങനെ നല്കുന്ന രേഖാമൂലമായ നിർദ്ദേശത്തിന്റെ അടി സ്ഥാനത്തിലായിരിക്കണം ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറി തുടർ നടപടി സ്വീകരിക്കേണ്ടത്"

ശ്രീ. ജോസഫ് വാഴക്കൻ പറഞ്ഞതുപോലെ തന്നെ 3 (എ) പ്രകാരം ക്ലോസ് അങ്ങനെ തന്നെ മാറ്റി, യഥാർത്ഥത്തിൽ സെക്രട്ടറിയെ ചുതലപ്പെടു ത്തുന്നതായിരിക്കും നല്ലത്. ഇങ്ങനെ നല്കുന്ന രേഖാമൂലമായ നിർദ്ദേശ ത്തിന്റെ അടിസ്ഥാനത്തിലായിരിക്കണം ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ

സ്ഥാപന സെക്രട്ടറി തുടർ നടപടി സ്വീകരിക്കേണ്ടത്. പാർട്ടിയുടെ ബന്ധപ്പെട്ട ജില്ലാ സെക്രട്ടറിയോ പ്രസിഡന്റോ സെക്രട്ടറിയോ പാർട്ടി നിർദ്ദേശപ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട ആൾക്ക് നിർദ്ദേശം കൊടുത്താൽ അയാൾ അത് സ്വീകരിക്കണമെന്നില്ല. അപ്പോൾ കൺഫ്യൂഷൻ കൂടുകയാണ് ചെയ്യുന്നത്. അതിനെക്കാൾ നല്ലത് ഈ രൂപ ത്തിൽ കൊടുക്കുന്ന നിർദ്ദേശം എല്ലാ അംഗങ്ങൾക്കും കൊടുത്തതായി കരു തുന്നുവെന്ന് അതിൽ പറയുന്ന സാഹചര്യത്തിൽ തുടർനടപടി സെക്രട്ടറി സ്വീകരിക്കുന്നതായിരിക്കും നല്ലത്. എന്നാൽ ഈ കോൺഫ്ളിക്റ്റ് ഉണ്ടാകില്ല. അതായിരിക്കും നന്നാവുക എന്നാണ് എനിക്ക് തോന്നുന്നത്.

മി. സ്പീക്കർ : ശ്രീ. ജോസഫ് വാഴക്കൻ അവതരിപ്പിച്ച ഭേദഗതി സംബ ന്ധിച്ച് മന്ത്രിക്ക് എന്താണ് പറയാനുള്ളത്?

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ഡോ. എം.കെ. മുനീർ) : സർ, സെക്രട്ടറിക്ക് ഇതിന് അധികാരമില്ല. 4-ാം വകുപ്പ് പ്രകാരം തെരഞ്ഞെടുപ്പ് കമ്മീഷനാണ് അധികാരമുള്ളത്. കേരള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കൂറുമാറ്റം ആക്ടിലെ വ്യവസ്ഥകൾ പ്രകാരം ഒരാൾ അയോഗ്യനാക്കപ്പെട്ടിരിക്കുകയാണെങ്കിൽ കേരള പഞ്ചായത്ത് രാജ് ആക്ട് 35-ാം വകുപ്പ് ഖണ്ഡപ്രകാരം അയാൾ അംഗമായി ഉദ്യോഗത്തിൽ തുടരാൻ പാടില്ലാത്തതാണെന്ന വ്യവസ്ഥ ചെയ്തിട്ടുള്ളതുകൊണ്ടുതന്നെ സെക്രട്ടറിക്ക് അധികാരമില്ലാത്തതാണ്. അതുകൊണ്ട് ദേഭഗതി സ്വീകാര്യമല്ല.

(മി. സ്പീക്കർ)

P-19-12-12 –BS-SD-2
12.50-1.00

മി. സ്പീക്കർ : ശ്രീ. എ. കെ. ബാലൻ അവതരിപ്പിച്ച ഭേദഗതി സംബന്ധിച്ച് മന്ത്രിക്ക് എന്താണ് പറയാനുള്ളത്?

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ഡോ. എം.കെ. മുനീർ) : തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ അംഗത്തിന് അയോഗ്യതയുണ്ടോ എന്ന പ്രശ്നമുണ്ടാകുമ്പോൾ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ ഒരംഗത്തിനോ ബന്ധപ്പെട്ട രാഷ്ട്രീയ കക്ഷിക്കോ ഇതിലേയ്ക്ക് അധികാരപ്പെടുത്തുന്ന ആളോ സംസ്ഥാന തെരെഞ്ഞെടുപ്പ് കമ്മീഷൻ മുമ്പാകെ സമർപ്പിക്കുന്ന ഹർജിയിൻമേൽ ആവശ്യമായ അന്വേഷണ വിചാരണ നടത്തിയശേഷം അംഗത്തിന്റെ അയോഗ്യത സംബന്ധിച്ച് തീരുമാനമെടുക്കേണ്ടത് സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷനാണ്.

മി. സ്പീക്കർ : ശ്രീ. ജോസഫ് വാഴക്കൻ അങ്ങയുടെ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. ജോസഫ് വാഴക്കൻ: പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ : ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എ. കെ. ബാലൻ അങ്ങയുടെ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. എ. കെ. ബാലൻ : പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ : ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. ചെന്താമരാക്ഷൻ അങ്ങയുടെ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. വി. ചെന്താമരാക്ഷൻ: പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ : ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ...............

പ്രതികൂലിക്കുന്നവർ ...................

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**4-ാം വകുപ്പ്**

(ഭേദഗതിയില്ല)

മി. സ്പീക്കർ : 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ..........................

പ്രതികൂലിക്കുന്നവർ ...........................

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**1-ാം വകുപ്പും പീഠികയും പേരും**

(ഭേദഗതിയില്ല)

മി. സ്പീക്കർ : 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .......................

പ്രതികൂലിക്കുന്നവർ .....................

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**മൂന്നാം വായന**

മി. സ്പീക്കർ : പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി, അങ്ങേയ്ക്ക് ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ) : സർ, 2012 ലെ കേരള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ (കുറുമാറ്റം

നിരോധിക്കൽ) ഭേദഗതി ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ : 2012-ലെ കേരള തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ (കൂറുമാറ്റം നിരോധിക്കൽ) ഭേദഗതി ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ............................

പ്രതികൂലിക്കുന്നവർ .............................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

2) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2012-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ

മി. സ്പീക്കർ: ബഹുമാനപ്പെട്ട പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി, അങ്ങേയ്ക്ക് സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2012-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ) : സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2012-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്) : പ്രമേയത്തെ പിന്താങ്ങുന്നു.

<u>ശ്രീ. പി. റ്റി. എ. റഹീം:</u> സർ, ഈ വിഷയം മുനിസിപ്പാലിറ്റി ആക്ടിൽ ഇതുപോലൊരു ഭേദഗതി പാസ്സാക്കി അംഗീകരിച്ചിട്ടുണ്ട് എന്നുള്ളതുകൊണ്ട് ആ കാര്യത്തിലേയ്ക്ക് കൂടുതൽ കടക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നില്ല. പക്ഷേ, ഗ്രാമസഭകളേയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളേയും ദുർബലപ്പെടുത്തുന്ന നടപടികളാണ് അടിയ്ക്കടി ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഗ്രാമസഭ വിളിച്ചുകൂട്ടേണ്ട കാലാവധി ദീർഘിപ്പിക്കുകയാണ്. കാരണം ഗ്രാമസഭയിൽ വിളിച്ചുകൂട്ടാൻ മെമ്പർമാർക്ക് താൽപ്പര്യമില്ല; പങ്കെടുക്കാൻ ജനങ്ങൾക്കും താൽപ്പര്യമില്ല. അതിനുള്ള വളരെ പ്രധാനപ്പെട്ട കാരണം ഗ്രാമസഭയിൽ പങ്കെടുത്തിട്ട് അതൊന്നും നടപ്പിലാക്കാൻ പഞ്ചായത്തിന് സാധിക്കുന്നില്ല എന്നുള്ളതുകൊണ്ടാണ്. ബഹുമാനപ്പെട്ട പഞ്ചായത്ത് മെമ്പർമാർക്ക് ജനങ്ങൾക്ക് അവർ പറയുന്ന കാര്യങ്ങൾ ചെയ്തുകൊടുക്കാൻ സാധിക്കുന്നില്ല. അതുകൊണ്ട് ഇതിൽ ജനങ്ങൾക്കും പഞ്ചായത്തുമെമ്പർമാർക്കും താൽപ്പര്യമില്ലാതെയായി. ഇപ്പോൾ ടാഗ് ഉൾപ്പെടെയുള്ള കാര്യങ്ങൾ ഇല്ലായ്മചെയ്യുകയും ഡി.പി.സി.യെ നോക്കുകുത്തിയാക്കിയും ചെയ്ത ഒരു സാഹചര്യത്തിൽ ഇനി ഇഷ്ടംപോലെ ഉദ്യോഗസ്ഥൻമാർക്ക് കാര്യങ്ങൾ നടത്തിക്കൊണ്ടുപോകാനുള്ള ഒരു സ്ഥിതി വിശേഷമാണ് ഇപ്പോഴുണ്ടായിരിക്കുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ വളരെയധികം ദുർബലപ്പെടുത്തുന്ന നിരവധി പരിപാടികളാണ് അടുത്ത കാലത്തായി ഈ ഗവൺമെന്റ് വന്നതിനുശേഷം നടന്നുകൊണ്ടിരിക്കുന്നതെന്ന് പറയാതിരിക്കുവാൻ നിർവ്വാഹമില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുള്ള പി.എച്ച്.സി., സി.എച്ച്.സി, എൽ.പി. സ്കൂൾ, ഹൈസ്ക്കൂൾ തുടങ്ങിയ വിഷയങ്ങളിൽ അനാവശ്യമായി വീണ്ടും

ഗവൺമെന്റ് കൈപൊക്കുന്നു എന്നുള്ളതാണ്. ആസ്തി വികസന ഫണ്ടിനെ സംബന്ധിച്ച് ഇപ്പോൾ വ്യത്യസ്ത മന്ത്രിമാർ നൽകിയിട്ടുള്ള വ്യത്യസ്തങ്ങളായ ഉത്തരവുകൾ കാണിക്കുന്നു. നേരത്തെ ഈ കാര്യത്തെക്കുറിച്ച് ഇവിടെ ചർച്ച ചെയ്തിരുന്നു. ഈ ആസ്തി വികസന ഫണ്ടുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി 22/10/2012-ൽ ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രിക്ക് ഒരു കുറിപ്പ് കൊടുക്കുകയുണ്ടായി. ആ കുറിപ്പ് ഈ വിഷയങ്ങൾക്ക് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തുണ്ടായതുപോലെ വിഷൻ 2010 -ലും മാന്ദ്യവിരുദ്ധ പാക്കേജിലും ഭരണാനുമതി കൊടുത്തിരുന്നതുപോലെ ഭരണാനുമതി കൊടുക്കുവാൻ പൊതുമരാമത്ത് വകുപ്പിന് അധികാരം നൽകണമെന്നാണ് അദ്ദേഹം ആവശ്യപ്പെട്ടത്. കാരണം പൊതുമരാമത്ത് വകുപ്പിന്റെ ഹെഡ് ഓഫ് അക്കൗണ്ടിലാണ് ഈ പണമുള്ളത്. 22/10/2012 -ലെ ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ കുറിപ്പിന് മറുപടിയായി ധനകാര്യവകുപ്പ് കൊടുത്തിട്ടുള്ള ഒരു കത്തുണ്ട്. ബഡ്ജറ്റ് വിഹിതം പി. ഡബ്ല്യൂ. ഡി. യുടെ ഹെഡ് ഓഫ് അക്കൗണ്ടിലാണ് ഉൾക്കൊള്ളിച്ചിരിക്കുന്നതെങ്കിലും ഇതിന് ചീഫ് കൺട്രോളിംഗ് ഓഫീസറായി നിശ്ചയിച്ചിരിക്കുന്നത് ധനകാര്യ സെക്രട്ടറിയെയാണ്. ആയതിനാൽ ഇത് ഓപ്പറേറ്റ് ചെയ്യാൻ പൊതുമരാമത്ത് വകുപ്പിന് അധികാരമില്ല. അതിനാൽ ഏറ്റെടുക്കുന്ന മറ്റ് വകുപ്പുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകാനുള്ള അധികാരം പൊതുമരാമത്ത് വകുപ്പിന് നൽകണമെന്ന ആവശ്യം അംഗീകരിക്കുവാൻ കഴിയില്ല എന്നാണ് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി പൊതുമരാമത്ത് വകുപ്പുമന്ത്രിക്ക് കൊടുത്തിട്ടുള്ള മറുപടി. ഇതിനെത്തുടർന്ന് എല്ലാ വിഷയങ്ങളും അവസാനിച്ചുവെന്നാണ് ഇവിടെ സൂചിപ്പിച്ചത്. ബഹുമാനപ്പെട്ട

ശ്രീ. കെ. എം. മാണി ഇപ്പോൾ നൽകിയിട്ടുള്ള കത്തിൽ പറയുന്ന കാര്യം കൂടി ഇവിടെ വായിച്ചാൽ ഈ കാര്യം ബഹുമാനപ്പെട്ട മെമ്പർമാർക്ക് വ്യക്തമാകുമെന്ന് ഞാൻ കരുതുകയാണ്. എം. എൽ. എ. -മാർ അവരുടെ നിയോജകമണ്ഡലത്തിൽ ആസ്തിവികസന ഫണ്ടുപയോഗിച്ച് ഏറ്റെടുക്കേണ്ട പ്രവൃത്തിയുടെ പ്രൊപ്പോസൽ ധനകാര്യവകുപ്പിന് സമർപ്പിക്കണം. വളരെ നല്ല കാര്യമാണ്. ധനകാര്യവകുപ്പ് അഡീഷണൽ സെക്രട്ടറി ശ്രീ. എസ്. എസ്. പത്മകുമാറിനെ ഇക്കാര്യത്തിൽ നോഡൽ ഓഫീസറായി നിയോഗി ച്ചിട്ടുണ്ട്; അദ്ദേഹത്തിന്റെ പേരിൽ പ്രൊപ്പോസൽ അയയ്ക്കാവുന്നതാണ്. അതും നല്ല തീരുമാനമാണ്. മൂന്നാമത്തെ വിഷയത്തിലാണ് ഇവിടെ പ്രശ്നമുള്ളത്. പ്രൊപ്പോസൽ ലഭിച്ച് പത്ത് ദിവസത്തിനുള്ളിൽ ധനകാര്യ വകുപ്പ് ഈ നിർദ്ദേശം പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രൊപ്പോസലുകൾ തയ്യാറാക്കുന്നതിനായി ബന്ധപ്പെട്ട ഭരണവകുപ്പിന് കൊടുക്കുന്നതാണ്. ഞാൻ ചോദിക്കുന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറപ്പെട്ടിട്ടുള്ള സ്കൂൾ കെട്ടിടങ്ങളുടെ കാര്യത്തിലും പി. എച്ച്. സി. യുടെ കാര്യത്തിലും സി. എച്ച്. സി. യുടെ കാര്യത്തിലും ഭരണവകുപ്പെന്ന് പറയുന്നത് ആരാണ്? സ്കൂളിന്റെ കാര്യത്തിൽ വിദ്യാഭ്യാസ വകുപ്പാണോ; വിദ്യാഭ്യാസ വകുപ്പിന് ഇത് അയച്ചുകൊടുത്താൽ വിദ്യാഭ്യാസവകുപ്പിന്റെ കീഴിൽ എഞ്ചിനീയറുണ്ടോ, എസ്റ്റിമേറ്റുണ്ടാക്കാൻ. ഹെൽത്ത് ഡിപ്പാർട്ടു മെന്റിനും മെഡിക്കൽ എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റിനും അയച്ചു കൊടുത്താൽ അവർക്ക് എസ്റ്റിമേറ്റുണ്ടാക്കാനുള്ള സംവിധാനമുണ്ടോ; എസ്റ്റിമേറ്റുണ്ടാക്കാൻ അവർക്ക് എഞ്ചിനീയർമാരില്ല. ഒരു പക്ഷേ വാട്ടർ അതോറിറ്റിക്ക് ഉണ്ടാകാം. പക്ഷേ മിക്കവാറും വകുപ്പുകൾക്ക്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറപ്പെട്ടിട്ടുള്ള വകുപ്പുകൾക്ക് ഇത്

പ്രാവർത്തികമാക്കാൻ സാധിക്കുകയില്ല. കാരണം ഹൈസ്കൂളുകളുടെ ഉത്തരവാദിത്വം ജില്ലാ പഞ്ചായത്തിനാണ്. എൽ. പി. സ്കൂളിന്റേയും യു. പി. സ്കൂളിന്റേയും ഉത്തരവാദിത്വം ഗ്രാമപഞ്ചായത്തിനാണ്. അവിടെ ഭൗതികസാഹചര്യങ്ങൾ ഉണ്ടാക്കേണ്ട ഉത്തരവാദിത്വമുള്ളത് അവർക്കാണ്. എസ്റ്റിമേറ്റുണ്ടാക്കാൻ ഭരണവകുപ്പിന് അയച്ചുകൊടുക്കുമെന്നുപറഞ്ഞാൽ അത് നടക്കാത്ത ഒരു കാര്യമാണ്. അതുകൊണ്ട് ഞാൻ പറയുന്നത് ഇപ്പോൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൊടുത്തിട്ടുള്ള അധികാരങ്ങൾ ഓരോന്നോരോന്നായി പിൻവലിക്കുവാനുള്ള ശ്രമമാണ് നടക്കുന്നത്. അതുപോലെതന്നെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിലവിൽ ആപത്ക്കരവും അസഹ്യവുമായ വ്യാപാരങ്ങൾ നിയന്ത്രിക്കുന്നതിനുള്ള അധികാരമുണ്ട്. കാരണം ഒരു പഞ്ചായത്തിൽ ചായക്കടയോ ബാറോ കള്ളുഷാപ്പോ നടത്തണമെങ്കിൽ അതിനുള്ള അധികാരം ഇപ്പോൾത്തന്നെ പഞ്ചായത്തീരാജ് ആക്ടിൽ വ്യവസ്ഥ ചെയ്യപ്പെട്ടിട്ടുണ്ട്. ഇപ്പോൾ അത് പിൻവലിച്ചുകൊണ്ട് നിലവിലുള്ള ബാറുകൾക്കൊന്നും ഇത് ബാധകമല്ല; ഇനിയുള്ള ബാറുകൾക്ക് മാത്രമേ ബാധകമാവുകയുള്ളൂ എന്ന ഒരു നിലപാടാണ് ഇപ്പോൾ ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നത്. നിലവിൽ ഗ്രാമപഞ്ചായത്തുകൾക്കുള്ള അധികാരങ്ങളെ ആപത്ക്കരവും അസഹ്യവുമായ വ്യാപാരങ്ങൾ നിയന്ത്രിക്കുവാനും ലൈസൻസ് കൊടുക്കുവാനുമുള്ള അധികാരത്തെ ഇല്ലായ്മ ചെയ്യുന്ന ഒരു സമീപനമാണ് ഇപ്പോൾ എടുത്തിട്ടുള്ളത്. അതിന് കോടതിയെ കുറ്റം പറഞ്ഞിട്ട് കാര്യമില്ല. കോടതി ഇടപെട്ടതുകൊണ്ടാണ് ഞങ്ങൾ വിചാരിക്കുന്നതുപോലെ ഇത് നടപ്പിലാക്കാൻ സാധിക്കാത്തതെന്ന് പറയുന്നതിൽ ഒരർത്ഥവുമില്ല. കോടതി എന്താ പറഞ്ഞത്? ഒരു ബാറിന് ലൈസൻസ് കൊടുക്കുന്നത് മാർച്ച് 31

വരെയാണ്. പിന്നെ അതൊരു പുതിയ ബാറാണ്. ഈ നിലവിലുള്ള ബാറുകളെ ഒഴിവാക്കുകയും ഇനി വരാനിരിക്കുന്ന ബാറുകൾക്ക് ബാധകമാവുകയും ചെയ്യുക എന്നുപറയുന്നത് വിവേചനപരമാണെന്നാണ് ഹൈക്കോടതി പറഞ്ഞത്. അതിന്മേൽ അപ്പീലിന് പോയിട്ട് അത് കോടതിയിലാണ്; അതുകൊണ്ട് ഒന്നും ചെയ്യാൻ പറ്റുകയില്ലായെന്ന് പറയുന്നത് ശരിയായ ഒരു നടപടിയല്ലായെന്നുള്ളതാണ് എനിക്ക് പറയുവാനുള്ളത്. ഹൈക്കോടതി ചൂണ്ടിക്കാണിച്ചിട്ടുള്ള അപാകതകൾ പരിഹരിക്കണം. എല്ലാ കാര്യത്തിനും പഞ്ചായത്തുകൾക്ക് ഇപ്പോഴുള്ള അധികാരത്തെ വെട്ടിച്ചുരുക്കുന്ന രൂപത്തിൽ ഒരു മലക്കംമറിച്ചിലാണ്. ആരോ യു. ഡി. എഫ്.-ന്റെ പ്രകടന പത്രികയിൽ അങ്ങനെ പറഞ്ഞിരുന്നു. അതുകൊണ്ട് മതാദ്ധ്യക്ഷൻമാരും മതനേതാക്കൻമാരും സംഘടനകളു മൊക്കെ പറഞ്ഞതുകൊണ്ട് അങ്ങോട്ടും ഇങ്ങോട്ടും ഒരു അഡ്ജസ്റ്റ്മെന്റിന്റെ അടിസ്ഥാനത്തിലാണ് ഈ പുതിയ കാര്യങ്ങൾ കൊണ്ടുവന്നത്.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, പഞ്ചായത്തുകൾക്ക് അധികാരം നൽകുന്നതിനെക്കുറിച്ചാണ് അങ്ങ് പറഞ്ഞുകൊണ്ടിരിക്കുന്നത്. ബാർ ഹോട്ടലുകൾക്കും കള്ളുഷാപ്പു കൾക്കും ലൈസൻസ് കൊടുക്കുന്നത് 100 ശതമാനം പഞ്ചായത്തുകളെ ഏൽപ്പിക്കണമെന്നുള്ളത് നിങ്ങളുടെ പാർട്ടിയുടെ നയമാണ്. ഞങ്ങൾ നിലവി ലുള്ളത് പ്രൊട്ടക്ട് ചെയ്തുകൊണ്ട് കൊടുത്തിട്ടേയുള്ളൂ. ചെത്തുതൊഴിലാളി സംഘടനകളും മറ്റ് മദ്യവ്യവസായ യൂണിയനുകളുമെല്ലാം ആവശ്യപ്പെട്ടതനു സരിച്ചിട്ടാണ് അങ്ങനെയൊരു നിലപാടെടുത്തത്. നിങ്ങളുടെ നിലപാട് എന്താണെന്ന് വ്യക്തമാക്കാമോ? ശ്രീ. പി. റ്റി. എ. റഹീം ഇടതുപക്ഷ മുന്നണി യുടെ മെമ്പറാണെന്നാണ് ഞാൻ ധരിച്ചിരിക്കുന്നത്.

ശ്രീ. പി. റ്റി. എ. റഹീം. സർ, അതിനൊന്നും കുഴപ്പമില്ല. ഞാൻ പറയുന്നത് നിങ്ങൾ കാണിക്കുന്ന........... ഇടതുപക്ഷം പറയുന്നത് ബാറിനെ സംബന്ധിച്ചല്ല. അവരുടെ ആകാംക്ഷ എന്നുപറയുന്നത് കള്ളുചെത്തുതൊഴിലാളികൾ ഉണ്ട് എന്നുള്ളതാണ്. ആ ആകാംക്ഷയിൽ ഒരു തെറ്റുമില്ല. ആ കാര്യത്തിൽ ഒരു തെറ്റുമില്ല.

ശ്രീ. കെ. ബാബു: ഞാൻ ഇടതുപക്ഷ മുന്നണിയിലെ അംഗങ്ങളോടാണ് ചോദിക്കുന്നത്. ആർക്കെങ്കിലും എന്തെങ്കിലും അഭിപ്രായ വ്യത്യാസമുണ്ടോ?

ശ്രീ. പി. റ്റി. എ. റഹീം: സർ, അത് അവിടെയല്ല ചോദിക്കേണ്ടത്. ഞാനണല്ലോ പ്രസംഗിക്കുന്നത്. എന്നോടാണല്ലോ ചോദിക്കേണ്ടത്. ഞാനാണ് മറുപടി പറയേണ്ടത്. ഇടതുപക്ഷം ആകാംക്ഷപ്പെടുന്നത് അതിലെ തൊഴിലാളികളുടെ വിഷയത്തെ സംബന്ധിച്ചാണ്. കാരണം മദ്യ നിരോധനത്തിന്റെ കാര്യത്തിൽ അത് കുറച്ചുകൊണ്ടുവരണമെന്നുള്ളതിനെ സംബന്ധിച്ച് ഡി.വൈ.എഫ്.ഐ. തന്നെ വലിയ ഒരു പ്രചരണം നടത്തിക്കൊണ്ടിരിക്കുകയാണ്. ഞാൻ പറയുന്നത് നിങ്ങൾ നിലവിൽ ഈ വിഷയത്തെ സംബന്ധിച്ച് താമരശ്ശേരി പഞ്ചായത്തിൽ ഒരു കേസ് ഉണ്ടായി. ആ കേസിൽ ഗവൺമെന്റ് തോറ്റതല്ലേ. പഞ്ചായത്തിന് അധികാരമുണ്ട് എന്നല്ലേ പറഞ്ഞത്. എന്നിട്ട് അതിനെ മറികടക്കാൻ വേണ്ടിയിട്ടുള്ള ശ്രമമാണ് ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്നത്. ഞാൻ പറയുന്നത് ആ വിഷയത്തെ സംബന്ധിച്ചല്ല. മദ്യത്തിന്റെ കാര്യത്തിലുള്ള വിഷയത്തെ സംബന്ധിച്ചൊന്നുമല്ല. ഇവിടെ ലീഗ് പറഞ്ഞതെന്താണ്? മുസ്ലീം ലീഗ് പറഞ്ഞത് കള്ളുചെത്ത് വ്യവസായം അവസാനിപ്പിക്കണമെന്നാണ്. കള്ളുചെത്ത് വ്യവസായം അല്ല അവസാനിപ്പിക്കേണ്ടത് , അവർ പറയേണ്ടിയിരുന്നത് മദ്യം മൊത്തമായിട്ടാണ് പറയേണ്ടിയിരുന്നത്. എല്ലാവരും

മദ്യത്തിന് എതിരാണ്. സി.പി.ഐ(എം)-ഉം എതിരാണ്, കോൺഗ്രസ് എതിരാണ്, മുസ്ലീം ലീഗ് എതിരാണ്. എല്ലാപേരും ഇത് പറയുന്നു എന്നല്ലാതെ..... ഞാൻ വിമർശിക്കാൻ കാരണമെന്താണെന്നുവച്ചാൽ ഹൈക്കോടതിയെ കുറ്റം പറഞ്ഞിട്ട് ഇതിൽനിന്ന് ഒഴിഞ്ഞുമാറാൻ ശ്രമിക്കുക യാണ്.

ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ): സർ, മദ്യം നിരോധിക്കണം അല്ലെങ്കിൽ ഈ വ്യവസായം അവസാനിപ്പിക്കണം എന്നു പറഞ്ഞുവരുന്നത് ശരിയാണ്. മുസ്ലീം ലീഗിന്റെ യൂത്ത് ലീഗിന്റെ ജില്ലാ സമ്മേളനം കാസർഗോഡ് നടന്നു. +************************** അത് താങ്കൾക്ക് അറിയാമോ?.................(ബഹളം).............

മി. ചെയർമാൻ: അങ്ങ് പ്രസംഗിക്കണം........(ബഹളം)......... അങ്ങ് പ്രസംഗിക്കണം. ................(ബഹളം)...............

ശ്രീ. പി. റ്റി. എ. റഹീം: സർ, പ്രസംഗിക്കാൻ സമ്മതിക്കുന്നില്ല....... (ബഹളം).........ഇങ്ങനെ ബഹളം വച്ചാൽ പ്രസംഗിക്കാമോ?

മി. ചെയർമാൻ: നിങ്ങൾ ഇങ്ങോട്ട് നോക്കി പ്രസംഗിക്കണം. ........(ബഹളം)........ആരാണ്. പോയിന്റ് ഓഫ് ഓർഡർ........(ബഹളം).......

ശ്രീ. പി. സി. വിഷ്ണുനാഥ് : സർ, പോയിന്റ് ഓഫ് ഓർഡർ. ഇവിടെ*******************തികച്ചും അവാസ്തവമായ ഒരു കാര്യം ഉത്തരവാദപ്പെട്ട ഒരു രാഷ്ട്രീയ പ്രസ്ഥാനത്തെക്കുറിച്ച് ബഹുമാനപ്പെട്ട

---

* സഭാദ്ധ്യക്ഷന്റെ തീരുമാനപ്രകാരം രേഖയിൽ നിന്നും നീക്കം ചെയ്തു.

മെമ്പർ പറഞ്ഞു. +******************* സാഹചര്യത്തിൽ അത് രേഖയിൽ ഉണ്ടാകാൻ പാടില്ല. റൂൾ 307 അനുസരിച്ച് അത് എക്സ്പഞ്ച് ചെയ്തു കളയണം. ഒന്നുകിൽ വിത്ത്ഡ്രാ ചെയ്യണം അല്ലെങ്കിൽ എക്സ്പഞ്ച് ചെയ്യണം........(ബഹളം).....

മി. ചെയർമാൻ: അത് ചെയർ പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കും. ................(ബഹളം)............. ചെയർ പരിശോധിക്കും. ..........(ബഹളം)................ ചെയർ പരിശോധിക്കും. അങ്ങ് പ്രസംഗം തുടരാവുന്നതാണ്. .... ചെയർ പരിശോധിച്ച് നടപടി സ്വീകരിക്കും. ..........(ബഹളം).......... അവാസ്തവമാണോയെന്ന് പരിശോധിക്കും. വസ്തുതാ വിരുദ്ധമാണെങ്കിൽ പരിശോധിക്കും. ..........(ബഹളം)............ അങ്ങ് പ്രസംഗിക്കൂ.

ശ്രീ. പി. റ്റി. എ. റഹീം: സർ, ഞാൻ പറയുന്നത് ബഹുമാനപ്പെട്ട .......... (ബഹളം)...........

മി. ചെയർമാൻ: അല്ല. അത് അവാസ്തവമാണെങ്കിൽ പരിശോധിക്കും എല്ലാവരുംകൂടി ബഹളം വച്ചിട്ട് കാര്യമില്ല. അവാസ്തവമാണെങ്കിൽ പരിശോധിക്കും.........(ബഹളം)............ അവാസ്തവമാണെങ്കിൽ പരിശോധിക്കും. .........(ബഹളം)............ ചെയർ പറഞ്ഞുകഴിഞ്ഞു. അവാസ്തവമാണെങ്കിൽ പരിശോധിക്കും എല്ലാപേരുംകൂടി ബഹളം വച്ചിട്ട് കാര്യമില്ല. അവാസ്തവമാണെങ്കിൽ പരിശോധിച്ച് നടപടി സ്വീകരിക്കും...............(ബഹളം)............. ആവശ്യമായ നടപടി സ്വീകരിക്കും. .............(ബഹളം).............. അവിടെ പറഞ്ഞകാര്യം അവാസ്തവമാണെങ്കിൽ

പിൻവലിക്കും. ........പിൻവലിക്കും. അവാസ്തവമാണെങ്കിൽ പിൻവലിക്കും. .............(ബഹളം).............. *************************ഇറക്കിയിട്ടില്ല എന്നാണല്ലോ പറയുന്നത്. ഉത്തരവ് ഇറക്കിയിട്ടില്ലെങ്കിൽ അത് നീക്കം ചെയ്യേണ്ടതാണ്. ഉത്തരവ് ഇറക്കിയില്ലെങ്കിൽ അത് നീക്കം ചെയ്യും ....... (ബഹളം)...... ഉത്തരവ് ഇറക്കിയിട്ടില്ലെങ്കിൽ നീക്കം ചെയ്യും. .....(ബഹളം)...... ഞാൻ പറയട്ടെ... ചെയർ പറയട്ടെ, ഒരു രാഷ്ട്രീയ പാർട്ടിയെ അപകീർത്തിപ്പെടുത്തുന്ന വിധത്തിലുള്ള അനാവശ്യമായ പരാമർശങ്ങൾ അംഗങ്ങൾ ഒഴിവാക്കേണ്ടതാണ്. അതുകൊണ്ട് അങ്ങനെയുള്ള പരാമർശങ്ങൾ ഒഴിവാക്കേണ്ടതാണ്. ഉത്തരവാദിത്തപ്പെട്ട ഏതൊരു രാഷ്ട്രീയ പാർട്ടിയാണെങ്കിലും ആ രാഷ്ട്രീയപാർട്ടിയെക്കുറിച്ച് പറയുന്ന അനാവശ്യമായ പരാമർശങ്ങൾ ഉണ്ടെങ്കിൽ അത് ഒഴിവാക്കുന്നതാണ്. അങ്ങ് പ്രസംഗം അവസാനിപ്പിച്ചോ? കൺക്ലൂഡ് ചെയ്തോ?

ശ്രീ. ഇ. കെ. വിജയൻ: സർ, ബഹുമാനപ്പെട്ട മെമ്പർ വിദേശമദ്യത്തെക്കുറിച്ച് സൂചിപ്പിച്ചു. യഥാർത്ഥത്തിൽ ഒരപാകതയുണ്ട്.

മി. ചെയർമാൻ: അങ്ങ് പ്രസംഗം തുടങ്ങുകയാണോ ഇടപെട്ടതാണോ?

ശ്രീ. ഇ. കെ. വിജയൻ: അയാൾ പ്രസംഗം തുടരുകയാണ്. എനിക്ക് വഴങ്ങിയതാണ്.

മി. ചെയർമാൻ: അയാളല്ല അങ്ങ്. അയാൾ എന്നുപറയരുത്.

ശ്രീ. ഇ.കെ. വിജയൻ: സ്വാതന്ത്ര്യം പ്രാപിച്ചതിനുശേഷവും നമ്മുടെ മദ്യഷാപ്പുകളിൽ ഇന്ത്യൻ നിർമ്മിത വിദേശ മദ്യം എന്നാണ് എഴുതുന്നത്. അതിലുള്ള ഒരു പോരായ്മ ബഹുമാനപ്പെട്ട മെമ്പർക്ക് ബോധ്യപ്പെട്ടിട്ടുണ്ടോ;

---

* സഭാദ്ധ്യക്ഷന്റെ തീരുമാനപ്രകാരം രേഖയിൽനിന്നും നീക്കം ചെയ്തു.

ഇപ്പോഴും വിദേശ നിർമ്മിത ഇന്ത്യൻ മദ്യം എന്നു പറഞ്ഞിട്ടാണ് വിൽക്കുന്നത്. ഇവിടെ ഉണ്ടാക്കുന്ന മദ്യമാണ് ഇപ്പോൾ അതിന് ഫോറിൻ ലിക്വർ എന്ന് പേരിടുന്നതിന്റെ സാംഗത്യം എന്താണ് എന്ന് മെമ്പർക്ക് പറയാൻ കഴിയുമോ?

ശ്രീ. പി. റ്റി. എ. റഹീം: സർ, എനിക്ക് ആ കാര്യത്തെ സംബന്ധിച്ച് ഒരു പരിജ്ഞാനവുമില്ലാത്തതുകൊണ്ട് അതിന് മറുപടി പറയാൻ എനിക്ക് സാധിക്കില്ല. അതിന് പരിചയമുള്ള ആളുകൾ ഉണ്ടെങ്കിൽ അവർക്ക് അത് പറയാവുന്നതാണ്. ഞാൻ ഇവിടെ പറഞ്ഞുവന്നത് ബഹുമാനപ്പെട്ട സി. മോയിൻകുട്ടിയുടേയും അതുപോലെതന്നെ ബഹുമാനപ്പെട്ട വി.എം. ഉമ്മർ മാസ്റ്ററിന്റെയും ഒക്കെ ഉൾക്കൊള്ളുന്ന പഞ്ചായത്ത് ........(തടസ്സം)....അതാണ് പറയുന്നത് കേസ് നടത്തുന്നുണ്ട്. പഞ്ചായത്ത് ആ കേസിൽ വിജയിച്ചു. പഞ്ചായത്തിന് ഇപ്പോൾ തന്നെ ഇതിന് അധികാരമുണ്ട് എന്നാണ് ബഹുമാനപ്പെട്ട ഹൈക്കോടതി പറഞ്ഞത്, അല്ലേ. ഇപ്പോൾ തന്നെ ഉണ്ട്. അവർ പോയി പൂട്ടിച്ചല്ലോ. ഒരു കുഴപ്പവുമില്ലല്ലോ. അപ്പോൾ ആ ഉള്ള അധികാരം കവർന്നെടുക്കാൻ ശ്രമിക്കുന്നതാണ്. ഞാൻ മദ്യനയത്തിന്റെ കാര്യമല്ല ചോദിക്കുന്നത്. തൊഴിലാളികളുടെ കാര്യമൊന്നുമല്ല ചോദിക്കുന്നത്. ശ്രീ. കെ. ബാബു അത് പറഞ്ഞ് വല്ല കോംപ്ലിക്കേഷൻ ഉണ്ടാക്കി അങ്ങനെ രക്ഷപ്പെടാൻ ശ്രമിക്കണ്ട. ഞാൻ പറയുന്നത് ശ്രീ. കെ. ബാബു പറഞ്ഞു കോടതി ഇടപെട്ടതുകൊണ്ട് ഇത് നടപ്പാക്കാൻ സാധിച്ചിട്ടില്ല എന്നാണ് പറയുന്നത്. അതിനെപ്പറ്റിയാണ് ഞാൻ പറയുന്നത്. അപ്പോൾ നിങ്ങൾ സുപ്രീം കോടതിയിൽ പോകേണ്ട കാര്യമില്ല. ഹൈക്കോടതി പറഞ്ഞ കാര്യങ്ങൾ കറക്ട് ചെയ്താൽ പോരെ. നിങ്ങൾ സുപ്രീം കോടതിയിൽ പോയിട്ട് ലീഗും നിങ്ങളും തമ്മിൽ കൂടിയിട്ട് ഒരു അഡ്ജസ്റ്റ്മെന്റിന്റെ കളിയാണ് കളിക്കുന്നത്

എന്നുള്ളതാണ്. അതുകൊണ്ട് ഞാൻ ഈ പഞ്ചായത്തുകളുടെ അധികാരങ്ങൾ ...........

ശ്രീ. കെ. ബാബു: സർ, പോയിന്റ് ഓഫ് ഓർഡർ.

മി. ചെയർമാൻ: ബഹുമാനപ്പെട്ട അംഗം. പോയിന്റ് ഓഫ് ഓർഡർ.

ശ്രീ. പി. റ്റി. എ. റഹീം: സർ, അദ്ദേഹത്തിന് മറുപടി ആയിട്ട് പറയാമല്ലോ.

മി. ചെയർമാൻ: ഇവിടെ മന്ത്രി പോയിന്റ് ഓഫ് ഓർഡർ ഉന്നയിച്ചിരിക്കുകയാണ്. അങ്ങ് ഇരിക്കണം.

ശ്രീ. കെ. ബാബു: സർ, ബഹുമാനപ്പെട്ട പി. റ്റി. എ. റഹീം പറയുന്നത് അവാസ്തവമായിട്ടുള്ള കാര്യമാണ്. കേരള ഹൈക്കോടതി പറഞ്ഞിട്ടുള്ളത് ഡിസ്ക്രിമിനേഷൻ പാടില്ല എന്നുപറഞ്ഞാൽ നിലവിലുള്ളവർക്ക് ഉണ്ടല്ലോ, ബാക്കിയുള്ളവർക്കുകൂടി കൊടുക്കാനാണ്. അത് കൊടുക്കില്ലയെന്നാണ് ഗവൺമെന്റിന്റെ നിലപാട്. അതുകൊണ്ടാണ് സുപ്രീംകോടതിയിൽ പോയത്. ശ്രീ. പി. റ്റി. എ. റഹീം കാര്യമറിയാതെയാണ് വർത്തമാനം പറയുന്നത്.

ശ്രീ. പി.റ്റി.എ. റഹീം: അതുതന്നെയാണ് പറയുന്നത്. രണ്ടുകൂട്ടർക്കും ഒന്നുപോലെയാണെന്നാണ് നിങ്ങൾ പറഞ്ഞിരുന്നതെങ്കിൽ ഹൈക്കോടതിക്ക് ഒരുവിഷയവുമില്ല. ഒരു കൂട്ടർക്ക് കൊടുക്കുമെന്നും മറ്റൊരു കൂട്ടർക്ക് കൊടുക്കുകയുമില്ലെന്ന് പറഞ്ഞ ഡിസ്ക്രിമിനേഷനെക്കുറിച്ചാണ് പറഞ്ഞത്. നിങ്ങൾ പറഞ്ഞപ്പോൾ വളരെ വ്യക്തമായല്ലോ സംഗതി. ലീഗുകാർക്ക് മനസ്സിലായിട്ടുണ്ടാകുമെന്ന് ഞാൻ കരുതുന്നു. കള്ളുചെത്ത് വ്യവസായം അവസാനിപ്പിക്കണമെന്നാണ് ലീഗുകാർ പറഞ്ഞത്. മദ്യം അവസാനിപ്പിക്കണമെന്ന് അവർ പറഞ്ഞിരുന്നുവെങ്കിൽ ഒരു കുഴപ്പവുമുണ്ടാകുമായിരുന്നില്ല. ബാറിനോട് അവർക്ക് സ്നേഹം, അതേ അവസരത്തിൽ കള്ളുചെത്ത്

തൊഴിലാളികളോട് ......, ആ ഒരു വ്യവസ്ഥയെയാണ് എതിർക്കുന്നത്. .....(ബഹളം)....... ഞാൻ ആ വിഷയം വിടുകയാണ്. അതുകൊണ്ട് ഞാൻ പറയുന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിലവിലുള്ള അധികാരത്തെ........., കഴിഞ്ഞ തെരഞ്ഞെടുപ്പുവരെ മദ്യത്തിനെതിരായി നിങ്ങൾ മലപ്പുറം ജില്ലയിൽ സമരം നടത്തിയല്ലോ മദ്യനിരോധന സമിതിയെ രണ്ടാക്കി എന്നല്ലാതെ അതുകൊണ്ട് എന്തുകാര്യമുണ്ടായി; പിന്നീട് അതിനെ മുന്നോട്ട് കൊണ്ടുപോയോ; നിങ്ങൾ ചെയ്തില്ലല്ലോ; നിങ്ങൾക്ക് നിയമം മാറ്റാൻ കഴിഞ്ഞോ? നിങ്ങൾ പറഞ്ഞതുപോലെയുള്ള, നിങ്ങളുടെ യു.ഡി. എഫ്. പറഞ്ഞതുപോലെയുള്ള നിലപാടുകൾ നിങ്ങൾക്ക് നടപ്പിലാക്കാൻ സാധിച്ചില്ല, ശ്രീ. കെ. ബാബു വേറെ വഴിക്ക് പോകുന്നു, നിങ്ങൾ വേറെ വഴിക്ക് പോകുന്നു. അഞ്ചാം മന്ത്രിക്കുവേണ്ടി നിങ്ങൾ കാണിച്ച ഉശിരും വാശിയും മദ്യനിരോധനത്തിനുവേണ്ടി കാണിച്ചിരുന്നുവെങ്കിൽ എന്തുഗുണമുണ്ടാകുമായിരുന്നുവെന്ന് ചിന്തിച്ചിട്ടുണ്ടോ? ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുകയാണ്, .....(ബഹളം)..... അതുകൊണ്ട് എനിക്ക് പറയാനുള്ളത് .....(ബഹളം)..... ഞാനൊന്ന് പറഞ്ഞുതീർക്കട്ടെ.

ശ്രീ. പി.കെ. ബഷീർ: കഴിഞ്ഞ പ്രാവശ്യം ഇവിടെ 152 ബാറുകൾക്ക് ലൈസൻസ് നൽകിയല്ലോ, അന്ന് കൈ പൊക്കിയല്ലോ, അന്ന് ഈ വികാരങ്ങളെല്ലാം എവിടെപ്പോയിരുന്നു?

ശ്രീ. പി.റ്റി.എ. റഹീം: കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അഞ്ച് വർഷം കൊടുത്തതിനേക്കാൾ കൂടുതൽ ഇപ്രാവശ്യം കൊടുത്തിട്ടുണ്ട്. അത് അന്നത്തെ നിയമപ്രകാരം കൊടുത്തതാണ്. പക്ഷെ നിങ്ങൾ പറയുന്നത് അങ്ങനെയല്ലല്ലോ. ഏതായാലും നിങ്ങൾക്കിതിലുള്ള ഉരുണ്ടുകളി അവസാനി

പ്പിക്കണം. ശ്രീ. കെ. ബാബുവും നിങ്ങളുമായിട്ടുള്ള ഒരു ഉരുണ്ടുകളിയുണ്ടല്ലോ അത് അവസാനിപ്പിക്കണം. ഒരു കാര്യംകൂടി വ്യക്തമാക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്, ഇവിടെ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞപ്പോൾ നിങ്ങൾ ബഹളം വച്ചല്ലോ, + ******************** എന്നുള്ള പത്രവാർത്തയുണ്ടായിരുന്നു. അത് ശരിയോ തെറ്റോ എന്ന് നിങ്ങൾ നോക്കിയാൽ മതി. പത്രവാർത്ത വേണമെങ്കിൽ ഞാൻ തരാം എന്നുപറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു. .....(ബഹളം).....

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, പോയിന്റ് ഓഫ് ഓർഡർ. +***************** ഒരു എം.എൽ.എ. ഇവിടെ ഒരു പാർട്ടിയെ അപമാനിക്കുന്ന വിധത്തിലുള്ള പരാമർശം നടത്തുകയും അങ്ങനെ ചെയ്യാൻ പാടില്ലെന്ന് ചെയർ റൂൾ ചെയ്യുകയുമുണ്ടായി. അതേ സംഗതി വീണ്ടും ഒരു മെമ്പർ ഇവിടെ ആവർത്തിച്ചിരിക്കുകയാണ്. അത് ചെയറിനോടുള്ള ധിക്കാരമാണ്. അതുകൊണ്ട് ഈ പറഞ്ഞ അവാസ്തവമായിട്ടുള്ള പരാമർശങ്ങൾ, അങ്ങനെ ഒരു പാർട്ടിയുടെ സമ്മേളനം നടന്നതിനാൽ, പ്രത്യേകിച്ച് ഈ പറഞ്ഞ വിഷയവുമായി ബന്ധമില്ലാത്ത ഒരു കാര്യം ജില്ലാ തലത്തിൽ +********************** എന്നുപറഞ്ഞുവെന്ന് പറഞ്ഞാൽ അത് ഫാബ്രിക്കേറ്റഡായി ഉണ്ടാക്കിയിട്ടുള്ള കാര്യമാണ്. ഇത്തരത്തിൽ രണ്ടാമത് നടത്തിയ പരാമർശവും രേഖകളിൽ കാണാൻ പാടില്ല.

---

+ സഭാദ്ധ്യക്ഷന്റെ തീരുമാനപ്രകാരം രേഖയിൽനിന്നും നീക്കം ചെയ്തു.
+ സഭാദ്ധ്യക്ഷന്റെ തീരുമാനപ്രകാരം രേഖയിൽനിന്നും നീക്കം ചെയ്തു.

മി. ചെയർമാൻ (ശ്രീ. വി.എസ്. സുനിൽ കുമാർ): രണ്ടാമത് നടത്തിയ പരാമർശവും രേഖയിൽ കാണുകയില്ല. ശ്രീ. പി.റ്റി.എ. റഹീം, അങ്ങ് പ്രസംഗം കൺക്ലൂഡ് ചെയ്യണം.

ശ്രീ. പി.റ്റി.എ. റഹീം: ഈ വിഷയം പത്രത്തിലുണ്ടായിരുന്നു അതൊന്ന് ചെക്ക് ചെയ്യണമെന്നുമാത്രമേ ഞാൻ പറഞ്ഞിട്ടുള്ളൂ.

മി. ചെയർമാൻ: മറ്റൊരു രാഷ്ട്രീയ പാർട്ടിയെ അപമാനിക്കുന്ന വിധത്തിലുള്ള പരാമർശങ്ങൾ അംഗങ്ങൾ ഒഴിവാക്കണം. ശ്രീ. ഇ.കെ. വിജയൻ, അങ്ങേയ്ക്ക് സംസാരിക്കാവുന്നതാണ്.

ശ്രീ. ഇ.കെ. വിജയൻ: സർ, 2012-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബില്ലിന്റെ സബ്ജക്ട് കമ്മിറ്റി യോഗത്തിൽ, സ്വത്തുവിവരം പ്രഖ്യാപിക്കുന്നത് 15 മാസത്തേക്ക് നീട്ടണമെന്ന നിർദ്ദേശത്തോട് യോജിക്കാതിരിക്കുകയാണ് ചെയ്തത്. നേരത്തേ ഈ ബിൽ പാസ്സായെങ്കിലും നീതിബോധമുള്ള നമ്മുടെ ഈ സമൂഹത്തിന് അത് ഒരുവിധത്തിലും അംഗീകരിക്കുവാൻ കഴിയില്ലെന്നാണ് എനിക്ക് സൂചിപ്പിക്കുവാനുള്ളത്. 1994-ലാണ് ഈ പഞ്ചായത്ത് രാജ് മൂലനിയമം വരുന്നത്. 1994-നുശേഷം, ഒറ്റ വകുപ്പായി പ്രവർത്തിച്ചിരുന്ന തദ്ദേശസ്വയംഭരണ വകുപ്പിനെ വെട്ടിമുറിച്ച് നഗരവികസനം, പഞ്ചായത്ത്, ഗ്രാമവികസനം എന്നിങ്ങനെ മൂന്നുവകുപ്പുകളാക്കി, മൂന്ന് മന്ത്രിമാർക്ക് ചുമതല നൽകി. ഏകോപനത്തോടെ പ്രവർത്തിച്ച ഈ വകുപ്പുകളെയെല്ലാം വെട്ടിമുറിച്ചതുകൊണ്ട് പല പദ്ധതികളും അവതാളത്തിലായിരിക്കുകയാണ്. അധികാര വികേന്ദ്രീകരണം ശക്തിപ്പെടുത്താനായി കേരളം ആവിഷ്ക്കരിച്ച സമീപനങ്ങൾക്കുതന്നെ എതിരാണിത്. കേരളത്തെ പിന്തുണച്ച് മദ്ധ്യപ്രദേശ്, കർണ്ണാടക,

പശ്ചിമബംഗാൾ തുടങ്ങിയ മൂന്ന് സംസ്ഥാനങ്ങളും ഈ മൂന്ന് വകുപ്പുകളേയും ഏകോപിപ്പിച്ചുകൊണ്ടായിരുന്നു പോയിരുന്നത്. ഈ സമയത്താണ് വീണ്ടും കേരളം നേരെ വിപരീത ദിശയിലേക്ക് നീങ്ങുന്നത്. സ്ത്രീശാക്തീകരണത്തിന്റെ പേരിൽ ശക്തിപ്പെട്ട കുടുംബശ്രീയുടെ ഭരണവും ഇപ്പോൾ യഥാർത്ഥത്തിൽ മൂന്ന് വകുപ്പുകളിലായി തിരിഞ്ഞിരിക്കുകയാണ്. തൊഴിലുറപ്പ് പദ്ധതി, ദേശീയ ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി തുടങ്ങിയവയും യോജിപ്പിച്ചുകൊണ്ടുപോകുവാൻ കഴിയാത്ത സാഹചര്യത്തിലേക്ക് നീങ്ങിയിട്ടുണ്ട്. യു.പി.എ. സർക്കാർ നിയോഗിച്ച വീരപ്പമൊയ്‌ലി ഭരണ പരിഷ്ക്കാര കമ്മിറ്റിയും ഈ പ്രശ്നം സൂചിപ്പിക്കുകയുണ്ടായതാണ്. അദ്ദേഹം കുറച്ചുകൂടി കടത്തി പറഞ്ഞിരുന്നു. ഇപ്പോഴത്തെ ഈ സംവിധാനം പിരിച്ചുവിട്ട് നേരത്തേയുള്ളതുപോലെയുള്ള ജില്ലാ പഞ്ചായത്തുകളാക്കണമെന്നുകൂടി മൊയ്‌ലി നിർദ്ദേശിച്ചിട്ടുണ്ടായിരുന്നു. അശാസ്ത്രീയമായ ഈ വകുപ്പുവിഭജനത്തെ ന്യായീകരിക്കാൻ യഥാർത്ഥത്തിൽ ഭരണപക്ഷത്തിനുപോലും കഴിയുകയില്ല. ഗ്രാമ-നഗര വ്യത്യാസമില്ലാതെ കെട്ടിട നിർമ്മാണ രംഗത്ത് എൽ.ഡി.എഫ്. കൊണ്ടുവന്നിരുന്ന നിയന്ത്രണങ്ങളാകെ എടുത്തുമാറ്റിയിരിക്കുകയാണ്. ഫ്ളാറ്റ് ലോബികൾക്ക് വിധേയമാകാൻ കഴിയുന്ന തരത്തിൽ ഈ രംഗം മാറിപ്പോകുകയാണ് ഇതുകൊണ്ടുണ്ടായത്. ഫ്ളാറ്റ് സമുച്ചയങ്ങൾ ഉയരുമ്പോൾ അതിന്റെ ഗുണപരമായ നിർമ്മാണത്തെക്കുറിച്ച് പരിശോധിക്കാൻ കഴിയുന്നില്ല. കരയും ജലവും തമ്മിൽ വ്യത്യാസമില്ലാത്ത ഈ കേരളക്കരയിൽ പത്തും നാൽപ്പതും അമ്പതും നിലയുള്ള കെട്ടിടങ്ങൾ ഉയർന്നുപൊങ്ങുമ്പോൾ, പ്രത്യേകിച്ച് ഉപ്പുള്ള പൂഴി മണ്ണുകൊണ്ട് നിർമ്മിക്കുന്ന ഈ കെട്ടിടങ്ങൾ എപ്പോഴാണ് തകർന്നുവീഴുകയെന്ന് പറയാൻ കഴിയുകയില്ല. ഇതിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള സംവിധാ

നങ്ങളില്ല. അതുമായി ബന്ധപ്പെട്ടുണ്ടാകുന്ന മാലിന്യവും അതിനേക്കാൾ വിപത്തിലേക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. വികസനത്തിന് ഗ്രാമ-നഗര തുടർച്ച വേണം. ഭരണഘടനയുടെ 243(zd) എന്ന ഭാഗത്തിന്റെ അന്തഃസത്ത ഇല്ലാതാക്കുന്ന നടപടിയാണ് യഥാർത്ഥത്തിൽ കേരളത്തിലെ ഇന്നത്തെ ഗവൺമെന്റ് ഇതുകൊണ്ടുണ്ടാക്കിയത്. ഡോ. എം.എ. ഉമ്മൻ ഈ വിഷയം ഗൗരവപൂർവ്വം എടുത്തുസൂചിപ്പിച്ചിട്ടുണ്ട്. തദ്ദേശസ്ഥാപനങ്ങളുടെ വാർഷിക പദ്ധതികളുടെ അംഗീകാരവുമായി ബന്ധപ്പെട്ട വിഷയം പ്രൊഫ. സി. രവീന്ദ്രനാഥ് ഇവിടെ നേരത്തേ സൂചിപ്പിച്ചിട്ടുണ്ട്. ഈ അശാസ്ത്രീയമായ വിഭജനത്തിന്റെ ഫലമായി ഗ്രാമ-നഗര വികസന പദ്ധതികൾ മുഴുവൻ അവതാളത്തിലായി. യഥാർത്ഥത്തിൽ നമ്മുടെ ഗ്രാമപഞ്ചായത്തുകളുടെ ഭരണം ഇന്ന് സ്തംഭനത്തിലാണ്. 21 % പോലും ചെലവഴിക്കാൻ കഴിയാത്ത സാഹചര്യത്തിലാണ് ഇപ്പോൾ നിലനിൽക്കുന്നത്. യഥാർത്ഥത്തിൽ നമ്മുടെ ഗ്രാമീണ റോഡുകൾ തകർന്ന് തരിപ്പണമായിരിക്കുകയാണ്. ദേശീയ പാതയുമായി ബന്ധപ്പെടുത്തിക്കൊണ്ടും മറ്റുചില സംസ്ഥാന ഹൈവേകളുടെ റോഡുകളും വികസിപ്പിച്ചാൽ നാടിന്റെ വികസനം ഉറപ്പായി എന്നുപറയുവാൻ കഴിയുകയില്ല. അതിന്റെ ഭാഗമായി അനുബന്ധ റോഡുകളുടെയും പ്രത്യേകിച്ച് ഗ്രാമീണ റോഡുകളുടെയും നിർമ്മാണം ത്വരിതഗതിയിൽ നടക്കേണ്ടതുണ്ട്. ഇന്നത്തെ ഈ വിഭജനത്തിന്റെ ഭാഗമായി നമ്മുടെ ഗ്രാമീണ റോഡുകൾ തകർന്നിരിക്കുകയാണ്. യഥാർത്ഥത്തിൽ ഗ്രാമീണ റോഡുകൾക്കായി ഗ്രാമപഞ്ചായത്തുകളിലേക്ക് പ്രത്യേക ഫണ്ട് ബഡ്ജറ്റ് പ്രൊവിഷനിലൂടെ നൽകിയാലേ ഇതിനൊരു പരിഹാരമുണ്ടാക്കിയെടുക്കാൻ കഴിയുകയുള്ളൂ. പഞ്ചായത്തുകളെയെടുത്ത് പരിശോധിക്കുമ്പോൾ ഇത്രയേറെ ജോലി

ഭാരമുള്ള ഒരു വകുപ്പ് ഇന്നില്ല. മൊത്തം സംസ്ഥാന വ്യാപകമായിട്ടെടുത്തു പരിശോധിച്ചാൽ 5,000 പേരുടെ കുറവുണ്ട്. പഞ്ചായത്തുകളിലാണ് എല്ലാ മനുഷ്യരും ഇന്ന് വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട് എത്തുന്നത്. എന്നാൽ ..........

ശ്രീ. എസ്. രാജേന്ദ്രൻ: സർ, അങ്ങ് പഞ്ചായത്ത് പ്രവർത്തനങ്ങളുടെ ആസൂത്രണവുമായി ബന്ധപ്പെട്ടാണല്ലോ പറഞ്ഞുവരുന്നത്. ഡിപ്ലോയ്മെന്റ് നടക്കാത്തതുകൊണ്ടോ, എഞ്ചിനീയർമാർ ആവശ്യത്തിനില്ലാതിരുന്നതു കൊണ്ടോ, .ഒരു പഞ്ചായത്തിന് ഒരു ഓവർസിയർ, രണ്ട് പഞ്ചായത്തിന് ഒരു എ.ഇ അത് കഴിഞ്ഞാൽ എ.എക്സ്.ഇ. ഇങ്ങനെയുള്ള ഉദ്യോഗസ്ഥൻമാരില്ലാ ത്തതുകൊണ്ട്, അഡീഷണൽ ചാർജ് ലഭ്യമാകാത്തതുകൊണ്ടും വരുന്ന പ്രശ്നങ്ങൾ ഇതിനെ പ്രതികൂലമായി ബാധിക്കുന്നു എന്നുള്ളത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ഇ. കെ. വിജയൻ: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് വളരെ പ്രസക്തമായ വിഷയമാണ്. എന്റെ തന്നെ അനുഭവത്തിൽ നാല് പഞ്ചായ ത്തിന് ഒരു എ.ഇ. എന്ന നിലയ്ക്കാണിപ്പോഴുള്ളത്. കുന്നുമ്മേൽ ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരുടെയും ബ്ലോക്ക് പ്രസിഡന്റിന്റെയും നേതൃത്വത്തിൽ വളരെ പെട്ടെന്ന് ഈ വികസന മുരടിപ്പി നെതിരെ അവിടെ നടന്ന യോഗത്തിൽ വച്ച് വമ്പിച്ച സമരം നടന്നിരുന്നു. ബഹുമാനപ്പെട്ട ലതിക എം.എൽഎയും ഞാനും എം.എൽ.എമാർ എന്ന നില യിൽ ഇടപെട്ട് പ്രശ്നം പരിഹരിക്കുമെന്ന ബഹുമാനപ്പെട്ട മന്ത്രിയുടെ ഉറപ്പിന്റെടിസ്ഥാനത്തിൽ സമരം അവസാനിപ്പിച്ചതാണ്. പക്ഷെ പ്രശ്നത്തിന് പരിഹാരമായിട്ടില്ല. ഈ പറഞ്ഞ അയ്യായിരത്തിന്റെ കുറവിലുള്ളതാണ് എഞ്ചി

നീയർമാരുടെയും ഓവർസിയർമാരുടെയും കുറവുകൾ. അത് വളരെ പെട്ടെന്ന് പരിഹൃതമായില്ലെങ്കിൽ പഞ്ചായത്തുകളുടെ ഇത്തരം പ്രവർത്തനങ്ങൾ മുരടിക്കും. യഥാർത്ഥത്തിൽ നമ്മുടെ ധനകാര്യ വകുപ്പ് വളരെ ഗൗരവപൂർവ്വം പരിഹരിക്കേണ്ടതാണിത്. ഇന്നലെ ധനകാര്യ വകുപ്പിന്റെ ഉപ ധനാഭ്യർത്ഥനകളുമായി ബന്ധപ്പെട്ട ചർച്ചകളിൽ മുഖ്യമന്ത്രിയുടെ അല്ലെങ്കിൽ ധനകാര്യ മന്ത്രിയുടെ മണ്ഡലങ്ങളിലേക്ക് പത്തും അറുപതും പുതിയ തസ്തിക സൃഷ്ടിക്കുന്നതിനെക്കുറിച്ച് സൂചിപ്പിച്ചിട്ടുണ്ട്. തസ്തികകൾ കൊടുക്കുന്നതിന് നമ്മൾ എതിരല്ല. പക്ഷെ, മൊത്തം ഗ്രാമീണ ജീവിതത്തെ ശക്തിപ്പെടുത്താൻ ഗ്രാമസ്വരാജിന് വേണ്ടി നിൽക്കുന്ന രാഷ്ട്രീയ പ്രസ്ഥാനമെന്ന നിലയ്ക്ക് അതാകെ മുരടിച്ചു പോകുന്ന ഈ സന്ദർഭത്തിൽ അയ്യായിരം പേരുടെ ഒഴിവ്, അതിൽ പ്രത്യേകിച്ച് എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ ഒഴിവു കൂടിയുള്ളപ്പോൾ അത് പരിഹരിക്കണം. മന്ത്രിയെ സഹായിക്കുക എന്ന നിലയ്ക്ക് ധനകാര്യമന്ത്രിയും ആ മന്ത്രിസഭയും ഗൗരവപൂർവ്വം ആലോചിച്ചു കൊണ്ട് ഈ അയ്യായിരം ഒഴിവുകൾ നികത്തിയാലേ ജനസേവനം എന്ന നിലയ്ക്ക് പഞ്ചായത്തുകളെ ഉപയോഗപ്പെടുത്താൻ കഴിയൂ. ജോലിഭാരം അത്രയേറെ അവിടെ വർദ്ധിച്ചിട്ടുണ്ട്. അതിന്റെ കൂടെ ഞാൻ അടിവരയിട്ടു സൂചിപ്പിക്കുന്നു, ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ ഗ്രാമീണ റോഡുകളെ ശക്തിപ്പെടുത്താൻ പ്രത്യേക ഫണ്ട് എന്ന നിലയ്ക്കുള്ള പരിഹാരം ഇതുമായി ബന്ധപ്പെട്ട് വന്നില്ലെങ്കിൽ ഗ്രാമീണ റോഡുകൾ തകർന്ന് തരിപ്പണമാകും. നേരത്തെ ട്രാൻസ്പോർട്ടുമായി ബന്ധപ്പെട്ട് ഇവിടെ സൂചിപ്പിച്ചു, സ്കൂൾ കുട്ടികളുടെ കാര്യം. പുതിയ ട്രാൻസ്പോർട്ട് ആക്ട് വന്നതിനെ തുടർന്ന് ഗ്രാമീണ മേഖലയിലെ യാത്ര അത്രയേറെ ദുരിതമാണ്. ബസുകളില്ല. മലബാർ മേഖലയിൽ ട്രാൻസ്പോർട്ട് ബസ് മണിക്കൂറുകൾ ഇടവിട്ടാലൊന്ന്

മാത്രമേ കാണുകയേയുള്ളൂ. പുതിയ ട്രാൻസ്പോർട്ട് നിയമം, നാഷണൽ ആക്ട് വന്നതിനെത്തുടർന്ന് ബസ് മുതലാളിയാണ് ബസ് ഓടിക്കുന്നതുസംബന്ധിച്ച് തീരുമാനിക്കുന്നത്. നേരത്തെ ആർ.റ്റി.ഒ.-യാണ് തീരുമാനിച്ചിരുന്നത്. അതിന്റെ ഭാഗമായി ബസ് മുതലാളി തീരുമാനിക്കുമ്പോൾ ഏറ്റവും കൂടുതൽ കളക്ഷൻ കിട്ടുന്ന റൂട്ടിൽ മാത്രമേ ബസ് മുതലാളി ബസ് ഓടിക്കൂ. ഗ്രാമീണ മേഖലകളിൽ നിന്ന് കുട്ടികൾ കോളേജുകളിലേക്കും അവിടെ നിന്ന് തിരിച്ചും വരണമെങ്കിൽ ബസ് ആവശ്യമാണ്, അതിനനുസൃതമായി റോഡും ആവശ്യമാണ്. കാലത്തിന്റെ മാറ്റത്തിന് അനുസരിച്ച് ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിന് പ്രത്യേക ഫണ്ട് അനുവദിക്കണം. എല്ലാ അധികാരങ്ങളും പഞ്ചായത്തുകൾക്ക് കൊടുത്തു എന്നാണ് പറയുന്നത്. ആശുപത്രികളുണ്ട്, കൃഷിഭവനുകളുണ്ട്, ഇത്തരം സ്ഥാപനങ്ങളുണ്ട്. എന്നാൽ ഡോക്ടർമാർ പോകുന്നത് ഈ പഞ്ചായത്തറിയുന്നില്ല, അവിടെ വരുന്ന രോഗികകളുടെ എണ്ണത്തെക്കുറിച്ച് പഞ്ചായത്തറിയുന്നില്ല, കൃഷിഭവൻ പൂട്ടിക്കിടന്നാലും പഞ്ചായത്ത് അറിയുന്നില്ല. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി അധികാരം താഴെത്തട്ടിലേക്ക് കൊടുക്കുന്നതിന്റെ ഭാഗമായി പഞ്ചായത്തുകളുടെ അവസ്ഥ ഇതാണ്. ഇതിനുത്തരം പറയേണ്ട ബാധ്യതയാണ് പഞ്ചായത്ത് മെമ്പർമാർക്കും പ്രസിഡന്റിനും വരുന്നത്.

ശ്രീ. എ. കെ. ബാലൻ: സർ, ബഹുമാനപ്പെട്ട ശ്രീ. വിജയൻ ഇവിടെ സൂചിപ്പിച്ചതുപോലെ ഈ വർഷമായിരിക്കും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന് നീക്കിവച്ച ഫണ്ട് (എസ്.സി.പി/റ്റി.എസ്.പി) ഏറ്റവും കൂടുതൽ വിനിയോഗിക്കാത്ത വർഷം. എൽ.ഡി.എഫ് ഗവൺമെന്റിന്റെ കാലത്ത് അങ്ങനെ സംഭവിച്ചുകഴിഞ്ഞാൽ പ്ലാൻ ഫണ്ടിൽ നിന്ന് കട്ട് ചെയ്ത് ഒരു ശിക്ഷ, ഒരു പരിഹാരത്തുക എന്ന നിലയ്ക്ക് ഒരു പ്രൊവിഷൻ വച്ചിരുന്നു. അതിന്റെ

ഫലമായി എസ്.സി.പി/റ്റി.എസ്.പി ഫണ്ട് വിനിയോഗിക്കുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ജാഗ്രത കാട്ടിയിരുന്നു. ബഹുമാനപ്പെട്ട മന്ത്രി അത് പിൻവലിച്ചതോടുകൂടി ഈ വർഷം എസ്.സി.പി/റ്റി.എസ്.പി ഫണ്ട് എത്ര ചെലവാക്കിയാലും പ്രശ്നമില്ല, ചെലവാക്കിയില്ലെങ്കിലും പ്രശ്നമില്ല എന്ന സ്ഥിതിയാണ്. അത് ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽപ്പെട്ടി ട്ടുണ്ടോ?

ശ്രീ. ഇ. കെ. വിജയൻ: സർ, ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മാത്രമല്ല, പഞ്ചായത്ത് പ്രസിഡന്റുമാരുടെയിടയിൽ നിന്ന് ശക്തമായ പരാതി ഉയർന്നു വന്നിട്ടുണ്ട്. അതിന് ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് പ്രത്യേക ശ്രദ്ധയുണ്ടായി അതിനൊരു പരിഹാരം കണ്ടെത്തുകയും വേണ്ടതാണ്. ഞാൻ നേരത്തെ പറഞ്ഞതുപോലെ ഗ്രാമീണ റോഡുകളുടെ കാര്യത്തിലെടുക്കു ന്നതുപോലെതന്നെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന്റെ ഫണ്ടുമായി ബന്ധപ്പെട്ട വിഷയത്തിലും പരിഹാരം കാണേണ്ടതാണ്. ഞാൻ ഇവിടെ സൂചിപ്പിച്ചത്, അധികാരം കൈമാറിയിട്ടുണ്ടെങ്കിൽപോലും കൃഷി ആഫീസു കൾ അടച്ചാലും ആശുപത്രികളിൽ സ്റ്റേ ഡ്യൂട്ടി നിലച്ചാലും അവിടെ അറിയു ന്നില്ല. അവിടെ എത്ര ഡോക്ടർമാർ വരുന്നു, പോകുന്നു എന്ന വിവരം പഞ്ചായത്തുകൾക്ക് അറിയാത്ത സാഹചര്യം നിലവിലുണ്ട്. യഥാർത്ഥത്തിൽ നോക്കിയാൽ ഇതെല്ലാം പഞ്ചായത്തിന്റെ കീഴിലാണ്. നേരത്തെ ബഹുമാന പ്പെട്ട പിറ്റി.എ. റഹീം നമ്മുടെ ആസ്തി വികസന ഫണ്ടിന്റെ കാര്യം പറഞ്ഞതുപോലെയാണ്. സ്കൂളുകൾ പഞ്ചായത്തിന്റെ നിയന്ത്രണത്തിലാണെ ങ്കിലും അതിന്റെ നിർമ്മാണത്തിൽ പഞ്ചായത്തിന് യാതൊരുവിധ നിയന്ത്രണ വും ഉണ്ടാവുകയില്ല. അത്തരം പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാകണം. അധികാരമിങ്ങനെ ഏൽപ്പിച്ചതിന്റെ ഭാഗമായി പ്രകൃതിയുടെ ചൂഷണം

നടക്കുന്നത് ഉപരിതലങ്ങളിൽ നിന്ന് ആരംഭിക്കുകയാണ്. പൊല്യൂഷൻ കൺട്രോൾ ബോർഡാണ് അനുമതി വാങ്ങിക്കൊണ്ട് നമ്മുടെ നാട്ടിലെ ക്രഷറുകൾ പാറകളൊക്കെ പൊട്ടിക്കുന്നത്. എല്ലാ അനുമതിയും വാങ്ങി പഞ്ചായത്തിന്റെ അടുത്തെത്തിയാൽ പഞ്ചായത്തിന് ലൈസൻസ് കൊടുക്കാനേ കഴിയൂ. അല്ലെങ്കിൽ കോടതിയിൽ പോയി ഓർഡർ വാങ്ങി അവർ വാങ്ങുകയാണ്. ഇതുമായി ബന്ധപ്പെട്ട് യാതൊരു റവന്യൂ വരുമാനവും പഞ്ചായത്തിന് ലഭിക്കുന്നില്ല. പൊല്യൂഷൻ കൺട്രോൾ ബോർഡിനെ സ്വാധീനിച്ച് അവിടെ നിന്ന് പെർമിഷൻ വാങ്ങി വലിയ തോതിലുള്ള 100-ഉം 200-ഉം ഏക്കറിലുള്ള പാറകൾ പൊട്ടിച്ചുകൊണ്ടിരിക്കുകയാണ്. പഞ്ചായത്ത് ബോർഡിന് അതുമായി ബന്ധപ്പെട്ട് തീരുമാനിച്ച് അതുമായുണ്ടാകാവുന്ന പാരിസ്ഥിതിക പ്രശ്നങ്ങളെക്കുറിച്ച് മനസ്സിലാക്കാൻ ഒരവസരം നൽകാത്തിടത്തോളം കാലം വലിയ തോതിലുള്ള ദുരന്തങ്ങളുണ്ടാകാൻ സാധ്യതയുണ്ട്. എന്റെ തന്നെ മണ്ഡലത്തിൽ ആരാണെന്നറിയാത്ത വിവിധ ആളുകൾ പത്തും ഇരുന്നൂറും ഏക്കർ സ്ഥലം വാങ്ങിക്കൂട്ടി വലിയ യന്ത്രങ്ങളുപയോഗിച്ചുള്ള ചൂഷണമാണ് നടത്തുന്നത്. യഥാർത്ഥത്തിൽ ഇതൊക്കെ പഞ്ചായത്തറിയേണ്ടതാണ്. അതിനുമുമ്പ് പൊല്യൂഷൻ കൺട്രോൾ ബോർഡും ഇതര ഏജൻസികളെക്കൊണ്ട് പാറകൾ പൊട്ടിക്കുകയാണ്. കേന്ദ്ര ഗവൺമെന്റിന്റെ പ്രത്യേക ഏജൻസിയുടെ അനുമതി വാങ്ങിയാലേ ഇതൊക്കെ പൊട്ടിക്കാൻ പാടുള്ളൂ. കേരളത്തിലതൊന്നും ശ്രദ്ധിക്കാത്ത തരത്തിലാണ് മൈനിംഗ് നടന്നുകൊണ്ടിരിക്കുന്നത് എന്നതുംകൂടി ഇതുമായി ബന്ധപ്പെട്ട് ഞാൻ ശ്രദ്ധയിൽപ്പെടുത്തുകയാണ്. മണലൂറ്റുന്നതിന്റെയും പാറകൾ പൊട്ടിക്കുന്നതിന്റെയും വരുമാനം പഞ്ചായത്തുകൾക്ക്

ലഭിക്കുന്നില്ല. റിവർ മാനേജ്മെന്റ് ഫണ്ട് കെട്ടിക്കിടക്കുകയാണ്. ഇതുമായി ബന്ധപ്പെട്ട് പൂഴി എടുക്കുന്ന മേഖലയാണെങ്കിൽപോലും തടയണ കെട്ടാൻ, പുഴയുടെ ഓരങ്ങൾ കെട്ടാൻ ഒക്കെയാണ് ഈ ഫണ്ട് ഉപയോഗിക്കേണ്ടത്. ആ ഫണ്ട് മാറ്റിനിർത്തുകയാണ്. ആ ഫണ്ട് അതത് പഞ്ചായത്തുകൾക്ക് ലഭിക്കുകയും തടയണകൾ നിർമ്മിച്ചുകൊണ്ട് പുഴകൾ സംരക്ഷിക്കേണ്ട പദ്ധതിയാണ് ഇതുമായി ബന്ധപ്പെടുത്തിയുണ്ടാകേണ്ടത്. അത്തരം സാധ്യത യിലേക്ക് ബന്ധപ്പെട്ട വകുപ്പ് ശ്രദ്ധിക്കണമെന്നാണ് ഈ അവസരത്തിൽ സൂചിപ്പിക്കാനുള്ളത്. ഗ്രാമസഭയുമായി ബന്ധപ്പെട്ട് നേരത്തെ ഇവിടെ സൂചിപ്പിച്ചു. നേരത്തെ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതിലെ ഒരു പിശക് ശ്രദ്ധയിൽപ്പെടുത്തുകയാണ്. കോഴിക്കോട് ജില്ലയിൽ തന്നെ കുരിവട്ടൂർ ഗ്രാമ പഞ്ചായത്ത് പിരിച്ചുവിട്ടതായിരുന്നു. പക്ഷെ ഓർഡിനൻസ് വന്ന മുറയ്ക്ക് അവർ കോടതിയിൽ പോയി. ആ ബോർഡ് ഇപ്പോൾ നിലവിലുണ്ട്. ഇപ്പോൾ ബോർഡ് നിലവിലില്ലാത്ത അവസ്ഥയില്ല. ഗ്രാമസഭകളുടെ എണ്ണം വർദ്ധിപ്പി ക്കുന്ന സമീപനം കൈക്കൊള്ളുന്നതായിരിക്കും കുറച്ചുകൂടി സഹായം, പക്ഷേ ഗ്രാമസഭയെ ശക്തിപ്പെടുത്തണമെന്ന ആ ഉദ്ദേശ്യശുദ്ധിയെ ഞാൻ ചോദ്യം ചെയ്യുന്നില്ല. വളരെ വലിയ തോതിൽ ജീവിതം ദു:സ്സഹമായ സാഹ ചര്യമാണ്. തേങ്ങയ്ക്ക് വിലയില്ല. ഒരു കോഴിമുട്ട വാങ്ങണമെങ്കിൽ മൂന്ന് തേങ്ങ വേണം. വെളിച്ചെണ്ണയുടെ വില ഗണ്യമായി കൂടിയിട്ടുണ്ട്. കാരണം വെളിച്ചെണ്ണ ഇറക്കുമതി ചെയ്യുകയാണ്.

ശ്രീ. സി. കെ. നാണു: സർ, നമ്മുടെ നാട്ടിൽ ആരെങ്കിലും തമ്മിൽ തെറ്റിയാലോ ദേഷ്യം പിടിച്ചാലോ എറിയാൻ കല്ലാണെടുത്തിരുന്നത്. ഇപ്പോൾ തേങ്ങയെടുത്താണ് എറിയുന്നത്. കല്ലിന് തേങ്ങയെക്കാളും വിലയുണ്ട്. അത് ബഹുമാനപ്പെട്ട അംഗം അറിയുമോ?

ശ്രീ. ഇ. കെ. വിജയൻ: സർ, ബഹുമാന്യനായ മെമ്പർ നാണുവേട്ടൻ സൂചിപ്പിച്ചത് വളരെ ശരിയാണ്. എവിടെ നോക്കിയാലും തേങ്ങ കൂട്ടിയിട്ടിരിക്കുകയാണ്. അതെല്ലാം മുളച്ച് വന്നിരിക്കുകയാണ്. തേങ്ങ വിൽക്കാൻ കഴിയുന്നില്ല. നേരത്തേ അടയ്ക്കയുടെ വില കുറഞ്ഞപ്പോൾ അടയ്ക്ക പറിക്കാൻ ആളെ കിട്ടുന്നില്ല. അടയ്ക്കയ്ക്ക് അത്ര വില കുറവായിരുന്നു. എന്റെ നാട്ടിലൊരു റിട്ടയേർഡ് അദ്ധ്യാപകനുണ്ട്, കുഞ്ഞനന്തൻ മാഷ്. അടയ്ക്ക പറിക്കാൻ ആളെ കിട്ടുന്നതിന് മാഷ് എല്ലാ ശ്രമവും നടത്തി. ഒടുവിൽ ഒരരുമ ശിഷ്യനെ കിട്ടി, കൃഷ്ണൻ. കൃഷ്ണനെ കൊണ്ട് അടയ്ക്ക പറിപ്പിച്ചു. പ്രായമായ മാഷായതുകൊണ്ട് അടയ്ക്ക വിൽക്കാൻ കൃഷ്ണനെത്തന്നെ ഏൽപ്പിച്ചു. കൂലിയെന്ന നിലയിൽ ചെറിയൊരു തുകയും കൊടുത്തു. അതിനുശേഷം കൃഷ്ണനെ കാണാനില്ല. പരാതി പറയാത്ത മാഷാണെങ്കിൽപ്പോലും ഒരു കല്യാണ വീട്ടിൽപോയപ്പോൾ അടയ്ക്ക അടർത്തിയശേഷം കൃഷ്ണനെ കാണാനില്ല എന്നുപറഞ്ഞു. പിന്നീട് യാദൃശ്ചികമായി കൃഷ്ണനെ കണ്ടപ്പോൾ കൃഷ്ണൻ പറഞ്ഞു, അടയ്ക്ക അടർത്തിയ വകയിൽ മാഷെനിക്ക് തന്നത് അഞ്ചു രൂപയാണ്. അടയ്ക്ക വിറ്റ വകയിൽ 12 രൂപയും കൂടി തന്നാലേ കൂലിയിലേക്ക് വയ്ക്കാൻ കഴിയൂയെന്നാണ്. ആ സാഹചര്യമാണ് തെങ്ങുകൃഷിക്കാർക്കുള്ളത്. അങ്ങനെ ആർക്കും വേണ്ടാത്ത സ്ഥിതിയിലേക്ക് തേങ്ങയെത്തിയ സാഹചര്യം. ഇന്ന് അരിയുടെ വില 47 രൂപയായിക്കഴിഞ്ഞു. പഞ്ചസാരയുടെ വില ഗണ്യമായ തോതിൽ വർദ്ധിച്ചു. കേരളത്തിൽ പൂഴ്ത്തിവയ്പ്പാണെന്ന് കേരളത്തിന്റെ മുഖ്യമന്ത്രി തന്നെ പ്രഖ്യാപിച്ചു. ആരാണ് ഭരിക്കുന്നതെന്ന് നമുക്കറിയില്ല. നിത്യോപയോഗ സാധനങ്ങൾ കിട്ടാനില്ല. ബഹുമാനപ്പെട്ട

മെമ്പർ ശ്രീ. റ്റി. യു കുരുവിള ഇവിടെ സൂചിപ്പിച്ചു പന്നിയെ കത്തിക്കാൻ മണ്ണെണ്ണയില്ലാത്ത സാഹചര്യമുണ്ട്. മണ്ണെണ്ണ കിട്ടാനില്ല. അത്രയേറെ ദു:സ്സഹ മായ സാഹചര്യത്തിൽ പഞ്ചായത്തിപ്പോൾ കെട്ടിട നികുതി കൂടി വർദ്ധിപ്പി ക്കാൻ തീരുമാനിച്ചിരിക്കുകയാണ്. ജനങ്ങളുടെ മേൽ എല്ലാ അമിതഭാരവും..... വൈദ്യുതി ചാർജ് കൂട്ടുന്നു,. ഗ്യാസ് കിട്ടാനില്ല, ഗ്യാസിന്റെ വില കൂട്ടുന്നു, ജനങ്ങളെങ്ങനെ ജീവിക്കും; ഇത്തരം പ്രശ്നങ്ങളെ ജനകീയമായി കാണാൻ കൂട്ടാക്കുന്നില്ല. ഈ ഗവൺമെന്റ് അപ്പോൾ ആരുടെ പക്ഷത്താണ്, എൽ.ഡി. എഫ്, യു.ഡി.എഫ് എന്നല്ല. ഈ ഗവൺമെന്റ് ആരുടെ കൂടെ നിൽക്കുന്നു എന്നതിനെ അളക്കാനാണ് നമ്മൾ പരിശ്രമിക്കേണ്ടത്. തീർച്ചയായും അതിന്റെ ഭാഗമായാണ് കാലാവധി ദീർഘിപ്പിക്കുന്ന കണക്കുകൊടുക്കുന്നതിലും, ഒരു പിശക് പറ്റി, ശരി തിരുത്താനൊരു കാലാവധി കൊടുക്ക്, അത് കഴിഞ്ഞ തിനുശേഷം എന്ത് ചെയ്യണം എന്നതിനെക്കുറിച്ചുള്ള ഗൗരവമായ ആലോചന ഈ നിയമവുമായി ബന്ധപ്പെട്ട് ഉണ്ടാകണമെന്നാണ് എനിക്ക് സൂചിപ്പിക്കാനു ള്ളത്. തീർച്ചയായും ഇത്തരം പ്രശ്നങ്ങൾ കൂടി ഇതുമായി ബന്ധപ്പെടുത്തി സൂചിപ്പിച്ചുകൊണ്ട് നാട്ടിൽ നടക്കുന്ന മറ്റു ചില വിഷയങ്ങൾ കൂടി പറയേണ്ട താണ്. ഈ പ്രശ്നങ്ങൾ ഗൗരവപൂർവ്വം സഭയുടെ ശ്രദ്ധയിൽകൊണ്ടുവന്നു കൊണ്ട് സബ്ജക്ട് കമ്മിറ്റിയിൽ ഞങ്ങൾ ഉന്നയിച്ച വിയോജനക്കുറിപ്പ് ശക്തമായി ഉന്നയിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ : സർ, പഞ്ചായത്തുകളുടെ പ്രവർത്തനം ശക്തിപ്പെടുത്താനും പഞ്ചായത്ത് മെമ്പർമാരുടെ രാഷ്ട്രീയ പ്രബുദ്ധതയും സേവനസന്നദ്ധതയും ശക്തിപ്പെടുത്താനും ഉപയുക്തമാകുന്ന ഒരു നിർദ്ദേശ മല്ല ഈ ഭേദഗതിയിലൂടെ കൊണ്ടുവന്നിരിക്കുന്നത്. 15 മാസത്തേയ്ക്ക് ഇത്

നീട്ടിക്കൊണ്ടുപോകുന്നതിന്റെ കാരണം ബോദ്ധ്യപ്പെടാത്തതു കൊണ്ടാണ് ഞങ്ങൾ സബ്ജക്ട് കമ്മിറ്റിയിൽ ഇതിന് വിയോജനക്കുറിപ്പ് രേഖപ്പെടുത്തിയത്. ഒറ്റത്തവണ ഒരു പ്രയാസം സംഭവിച്ചതാണെങ്കിൽ സമ്മതിച്ചു കൊടുക്കാം. പക്ഷേ കാലാകാലത്തേയ്ക്ക് ഇത് പതിനഞ്ചു മാസത്തേയ്ക്ക് നീട്ടേണ്ടതിന്റെ യുക്തി ഞങ്ങൾക്ക് ബോധ്യപ്പെടുന്നില്ല. കേരളത്തിലെ പഞ്ചായത്തുകൾ ഇപ്പോൾ അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നം ഇതല്ല എന്നാണ് എനിക്ക് തോന്നുന്നത്. പഞ്ചായത്ത് വകുപ്പ് മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ള ചില കാര്യങ്ങൾ മാത്രം ഇവിടെ പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. കഴിഞ്ഞ രണ്ടുദിവസവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട ചർച്ച വന്നപ്പോൾ, ഉയർന്നു വന്ന പ്രശ്നങ്ങളോട് ഫലത്തിൽ മറുപടി പറയേണ്ട ബാദ്ധ്യത പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിയായ ഡോ. എം. കെ. മുനീറിന് വന്നുചേർന്നിരിക്കുകയാണ്. പഞ്ചായത്തുമായി ബന്ധപ്പെട്ട് ഉയർന്നുവരുന്ന പ്രശ്നങ്ങളോടെല്ലാം അദ്ദേഹത്തിന്റെ വകുപ്പാണ് ശരിക്കും റിയാക്ട് ചെയ്യേണ്ടത്. കേരളത്തിലെ പഞ്ചായത്തുകളുടെ പദ്ധതികളുടെ സ്ഥിതി ഇന്നെന്താണ്? ഭരണപക്ഷ-പ്രതിപക്ഷ വ്യത്യാസമില്ലാതെ, ചില കാര്യങ്ങളിൽ സത്യസന്ധതയോടെ അംഗീകരിക്കാൻ കഴിയുമെങ്കിൽ എന്താണ് പദ്ധതിരേഖകളുടെ ഇന്നത്തെ സ്ഥിതി? ഡിസംബർ മാസം 31-ാം തീയതി പഞ്ചായത്തുകൾ പദ്ധതികൾ അംഗീകരിക്കുന്നു. 10% പദ്ധതികൾ പോലും അംഗീകരിക്കപ്പെട്ടിട്ടില്ല. മന്ത്രിയുടെ പരിഷ്ക്കാരപരമായ സമീപനത്തിന്റെ ഭാഗമായി ഓൺലൈൻ രജിസ്ട്രേഷൻ നടപ്പിലാക്കി. പഞ്ചായത്ത് പ്രസിഡന്റുമാരോടും ഇതുമായി ബന്ധപ്പെട്ട ആളുകളോടും അന്വേഷിച്ചു നോക്കണം. എത്ര സ്ലോയിലാണ് അതിന്റെ സൈറ്റ് പ്രവർത്തിച്ചുകൊ

ണ്ടിരിക്കുന്നത്. ഒരു പ്രോജക്ട് അടിച്ചു കയറ്റണമെങ്കിൽ രാവിലെ തുടങ്ങിയാൽ വൈകുന്നേരമേ സാധിക്കുന്നുള്ളൂ. അതിന്റെ ഭാഗമായി ഇന്ന് കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സമർപ്പിച്ച പദ്ധതി രേഖയെ സംബന്ധിച്ച് ഞാനിവിടെ പറഞ്ഞു - ജില്ലാ പഞ്ചായത്തുകൾ 10%-ൽ താഴെ, ബ്ലോക്ക് പഞ്ചായത്തുകൾ 6%-ൽ താഴെ, ഗ്രാമപഞ്ചായത്തുകൾ 5%-ൽ താഴെയാണ് ഇതുവരെ സമർപ്പിക്കപ്പെട്ടിട്ടുള്ളത്. ടാഗ് (TAG)വേണ്ട എന്ന് നമ്മൾ തീരുമാനിച്ചു. ആർക്കു വേണ്ടിയായിരുന്നു ആ തീരുമാനം? കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളും പഞ്ചായത്ത് സെക്രട്ടറിയും അവിടെ ലഭ്യമാകുന്ന ടെക്നിക്കൽ സ്റ്റാഫും വച്ചുകൊണ്ട് അവരുടെ മനസ്സിൽ അവർ വിഭാവനം ചെയ്യുന്ന അതിവിപുലമായ പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കാൻ കഴിയുമോ? ജനകീയാസൂത്രണത്തിന്റെ അനുഭവമെന്നു പറയുന്നത്, ഏകീകരിക്കപ്പെട്ട പ്രോജക്ടുകൾ കേരളത്തിലെ വിവിധ പഞ്ചായത്തുകൾ ഒരേ പോലെ നടപ്പിലാക്കാൻ ശ്രമിച്ചപ്പോൾ ധാരാളം അസ്വസ്ഥതകൾ അതിന്റെ ഭാഗമായിട്ടുണ്ടായി. ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ പല പഞ്ചായത്തുകളിലുമുണ്ടായി, പക്ഷേ ഇൻഡസ്ട്രി ഉണ്ടായില്ല. അവർ ആസൂത്രണം ചെയ്യുന്നതിനെ അത് പ്രായോഗികമാണോ; നടപ്പിലാക്കാൻ കഴിയുമോ എന്ന് പരിശോധിച്ച് അവർക്ക് സേവന സന്നദ്ധതയോടുകൂടിയുള്ള സാങ്കേതികസഹായം നൽകുന്ന സമിതികളായിരുന്നു ടാഗ്. ആ ടാഗ് വേണ്ടെന്ന് തീരുമാനിച്ചു. എന്നിട്ട് ഇവർ സമർപ്പിക്കുന്ന പദ്ധതികൾക്ക് അംഗീകാരം കൊടുക്കേണ്ട ബാദ്ധ്യത ഉദ്യോഗസ്ഥന്മാരിലേയ്ക്ക് മാറ്റി. ഉദ്യോഗസ്ഥരാണെങ്കിൽ ഇക്കാര്യത്തിൽ സൂക്ഷ്മപരിശോധന നടത്താനോ സഹായിക്കാനോ തയ്യാറാകാതെ അതിനെ അവതാളത്തിലാക്കുന്ന സ്ഥിതിയുണ്ടാ

ക്കി. ഫലത്തിൽ ഒരു ജനകീയമായ മോണിറ്ററിംഗ് ഇല്ലാതെ, സാങ്കേതിക വിദഗ്ധരുടെ സഹായമില്ലാതെ ഗ്രാമപഞ്ചായത്ത് തലത്തിലും ബ്ലോക്ക് പഞ്ചായത്ത് തലത്തിലുമുള്ള പദ്ധതി പ്രവർത്തനം അവതാളത്തിലായി തകർന്ന് പോയിരിക്കുകയാണ്. കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഇന്ന് വികസന പ്രവർത്തനങ്ങളുടെ ശവപ്പറമ്പായി മാറുന്ന സ്ഥിതിയാണെന്നുള്ളതാണ് സത്യം. ആ സത്യത്തെ കണ്ടുകൊണ്ട് എങ്ങനെ പരിഹരിക്കാൻ സാധിക്കും? ഇവിടെ സൂചിപ്പിക്കപ്പെട്ടു, വിവിധ തരത്തിലുള്ള ഘടക പദ്ധതികൾ; പട്ടികജാതി ഉൾപ്പെടെയുള്ള എസ്.സി.പി./ടി.എസ്.പി. ഘടകപദ്ധതികളുടെ സ്ഥിതി എന്തായിരിക്കും? വളരെ ദുർബലമായ സാഹചര്യം ഇതിന്റെ ഭാഗമായിട്ട് വരും. ഇതിന്റെ കൂട്ടത്തിൽ മറ്റ് ധാരാളം ബാദ്ധ്യതകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ അടിച്ചേൽപ്പിക്കുകയാണ്. പദ്ധതികളെ സംബന്ധിച്ച് എന്താണ് സർക്കാർ സമീപനം? ഇപ്പോൾ ഡിസംബർ 31-ാം തീയതിയോടുകൂടി 2 വർഷത്തെ പദ്ധതികൾ സമർപ്പിക്കണമെന്നാണ് പറയുന്നത്. ഒരു വർഷത്തെ സമർപ്പിക്കപ്പെട്ടിട്ടില്ല. അത് ക്യാരി ഓവർ ആകാൻ കഴിയുമോ? ഞാൻ മനസ്സിലാക്കുന്നത് 20% പദ്ധതിയെങ്കിലും നടപ്പിലാക്കാൻ കഴിഞ്ഞാൽ നിങ്ങൾക്ക് സ്പിൽ ഓവർ അനുവദിക്കപ്പെടുമെന്ന സമീപനം സ്വീകരിച്ചില്ലെങ്കിൽ കോടിക്കണക്കിന് രൂപയുടെ ഫണ്ട് ഇത്തവണ പ്രാദേശിക ഭരണകൂടങ്ങളിൽ ലാപ്സാകാൻ പോകുകയാണ്. എങ്ങനെയാണ് ഗവൺമെന്റ് ഇത് പരിഹരിക്കാൻ പോകുന്നത്. ഇതിന്റെ കൂട്ടത്തിലാണ് ഇപ്പോൾ പെൻഷൻ വിതരണം ബാങ്കിംഗ് മേഖലയിലൂടെ ആക്കാൻ തീരുമാനിച്ചത്. കേരളത്തിലെ ഗ്രാമങ്ങളിൽ ഈ ക്ഷേമപെൻഷനുകൾ വാങ്ങുന്ന വിഭാഗമാരാണ്? ബാങ്കുകളിൽ പോയി ഇത് വാങ്ങാനുള്ള ശേഷി അവർക്കുണ്ടോ; അവർ ബാങ്കിനെ

ക്കുറിച്ച് അറിയുമോ; അതിനുള്ള സംവിധാനം ബാങ്കുകൾക്കുണ്ടോ? ഇത്രയുമധികം ക്ഷേമപദ്ധതികളുടെ പെൻഷനുകൾ കൈകാര്യം ചെയ്യുവാനുള്ള സംവിധാനം ഗ്രാമീണ ബാങ്കുകളിലുണ്ടോ?

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സർ, ക്ഷേമ പദ്ധതികളുടെ പെൻഷൻ വാങ്ങാൻ ബാങ്കിൽ പോകാൻ കഴിയുമോ എന്നുള്ള സംശയം ബഹുമാനപ്പെട്ട അംഗം പ്രകടിപ്പിച്ചു. കേരളത്തിൽ ഈ സംവിധാനം നടപ്പിലാക്കിയ ഒരു പദ്ധതിയാണ് തൊഴിലുറപ്പ് പദ്ധതി. ഈ പദ്ധതിയിൽ പൂർണ്ണമായും പങ്കാളിത്തം വഹിക്കുന്നത് ഗ്രാമങ്ങളിലെ ഗ്രാമീണരായ ജനങ്ങളാണ്. അവർക്ക് ഈ രീതിയിൽ അത് സ്വീകരിക്കുന്നതിന് യാതൊരു തടസ്സവും നമ്മുടെ സംസ്ഥാനത്തുള്ളതായി അറിയാൻ കഴിഞ്ഞിട്ടില്ല. ആ രീതിയിലേയ്ക്ക് ഈ പദ്ധതിയെ കൊണ്ടുപോകാൻ കഴിയുമെന്ന ആത്മവിശ്വാസം അങ്ങേയ്ക്കില്ലേ?

ശ്രീ. പി.ശ്രീരാമകൃഷ്ണൻ : സർ, അങ്ങയുടെ ആത്മവിശ്വാസത്തിനോട് എനിക്ക് വിയോജിപ്പില്ല.

ശ്രീ. കെ.വി. അബ്ദുൾ ഖാദർ: സർ, നേരത്തെ മന്ത്രി മറുപടി പറഞ്ഞപ്പോൾ പറഞ്ഞ ഒരു കാര്യമാണ്. ജോലി ചെയ്യാൻ ശേഷിയുള്ള ആളുകളാണ് തൊഴിലുറപ്പ് പദ്ധതിയിൽ ജോലി ചെയ്യുന്നത്. എന്നാൽ ക്ഷേമപദ്ധതികൾക്കുള്ള പെൻഷനും മറ്റു ആനുകൂല്യങ്ങളുമൊക്കെ വാങ്ങുന്ന ആളുകൾ കട്ടിലിൽ നിന്ന് എഴുന്നേൽക്കാൻ പോലും സാധിക്കാത്തവരാണ്. അത്തരം ആളുകൾക്ക് എങ്ങനെ ബാങ്ക് അക്കൗണ്ട് തുടങ്ങാൻ കഴിയും? അതാണ് പ്രധാനപ്പെട്ട പ്രശ്നം. വാർദ്ധക്യകാല പെൻഷൻ പോലുള്ള പെൻഷനുകളൊക്കെ ബാങ്കുകളിൽ അക്കൗണ്ട് തുടങ്ങി വാങ്ങണമെന്ന് പറയുന്നത് എങ്ങനെയാണ്? ഇവർക്ക് പുറത്തേയ്ക്ക് പോകാൻ കഴിയില്ല. കട്ടിലിൽ

നിന്ന് എഴുന്നേൽക്കാൻ കഴിയാത്ത ആളുകൾക്ക് ബാങ്കുകളിൽ അക്കൗണ്ട് തുടങ്ങണമെന്ന് പറയുന്നതിന്റെ ഒരു ജനവിരുദ്ധത ഗവൺമെന്റ് മനസ്സിലാക്കണമെന്നതാണ് പ്രധാനപ്പെട്ട പ്രശ്നം.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): സർ, ബഹുമാനപ്പെട്ട മെമ്പർ ഇക്കാര്യം പരാമർശിച്ചത് നന്നായി. എറണാകുളം ജില്ല ഇപ്പോൾ തന്നെ 100% Financial included distrtict ആയി മാറിയിട്ടുണ്ട്. ആധാർ രജിസ്ട്രേഷൻ വരുന്നതോടെ എല്ലാവർക്കും ബാങ്ക് അക്കൗണ്ട് എന്നുള്ളതാണ് അതിന്റെ സങ്കല്പം തന്നെ. അതിലേയ്ക്കുള്ള ഒരു പ്രോഗ്രസീവ് സ്റ്റെപ്പാണ്; അതിലേയ്ക്ക് കേരളം മുന്നോട്ട് പോകുകയാണ് വേണ്ടത്. അവിടെ ഏതെങ്കിലും ഒരു വിഭാഗം അല്ലെങ്കിൽ bedrideen ആയിട്ടുള്ളവരുണ്ടെങ്കിൽ അവർക്ക് നോമിനീസിനെ വയ്ക്കാമോ എന്നുള്ള കാര്യങ്ങളെക്കുറിച്ച് ചർച്ച ചെയ്ത് പരിഹരിക്കാം. ഇത് തീർച്ചയായും കേരളം പോലെ ഒരു സമൂഹത്തിന് മാത്രം പ്രായോഗികമാകുന്നതാണ്; ഏറ്റവും പ്രോഗ്രസീവുമാണ്. മാത്രമല്ല പെൻഷൻ കുടിശ്ശിക എന്നുള്ളത് ഇനി ഇല്ലാതാകും. എല്ലാ മാസവും കൃത്യമായി അവരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് പണം വരികയും അതുവഴി ഏതെങ്കിലുമൊക്കെ ഇടനിലക്കാർ ഈ കാലഘട്ടത്തിൽ ചൂഷണം ചെയ്തിട്ടുണ്ടെങ്കിൽ അതുകൂടി ഇല്ലാതാകുന്ന നിലയിലേയ്ക്കുള്ള ഒരു നടപടിയാണിത്. തൊഴിലാളി വർഗ്ഗത്തിന് ഏറ്റവും ഗുണകരമായ നടപടിയായിട്ടാണ് ഇതിനെ കാണേണ്ടത്.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: സർ, ഇതിൽ ഒരു സംശയം ഉന്നയിക്കുകയാണ് ചെയ്തത്. കേരളത്തിലെ സാധാരണക്കാരായ, ഗ്രാമീണക്കാരായ ആളുകൾ ബാങ്കിംഗ് മേഖലയുമായി ബന്ധപ്പെടണ്ട എന്ന അർത്ഥത്തിലല്ല പറ

ഞ്ഞത്. ആരാണ് ക്ഷേമപെൻഷനുകളുടെ ഗുണഭോക്താക്കൾ? അതാണ് ഇവിടെ സൂചിപ്പിക്കപ്പെട്ടത്. ഒന്ന്, ക്ഷേമപെൻഷനുകൾ വാങ്ങിക്കുന്നത് അങ്ങേയറ്റം ദുർബലരും വീട്ടിൽ നിന്നും പുറത്തിറങ്ങാൻ കഴിയാത്തവരും കട്ടിലിൽ കിടക്കുന്നവരും വാർദ്ധക്യകാല സഹജരോഗം ബാധിച്ചരായിട്ടുള്ള ആളുകളാണ്. അവരെ സംബന്ധിച്ചിടത്തോളം ബാങ്കുകളിൽ പോയി വാങ്ങുക എന്നത് പ്രായോഗികമല്ല. ബാങ്കുകളിൽ അതിനാവശ്യമായിട്ടുള്ള സംവിധാനങ്ങളില്ല.

റേഷൻ സബ്സിഡിയുൾപ്പെടെ ഇപ്പോൾ എല്ലാം ബാങ്ക് അക്കൗണ്ടുകളി ലേയ്ക്ക് മാറുകയാണ്. കേരളത്തിലെ കൊമേഴ്ഷ്യൽ ഷെഡ്യൂൾഡ് ബാങ്കുക ളിലെ ഒരു ബ്രാഞ്ചിൽ ശരാശരി ഒരു ദിവസം 250 ഇടപാടുകാരിൽ കൂടുതൽ വന്നാൽ ജീവനക്കാർക്ക് ബുദ്ധിമുട്ടാകും. റേഷൻ സബ്സിഡി പൂർണ്ണമായും ബാങ്കുകളിലേക്ക് മാറ്റുന്നതോടുകൂടി ആയിരക്കണക്കിന് ആളുകൾക്ക് സബ്സിഡി വാങ്ങാൻ ബാങ്കുകളിലേയ്ക്ക് പോകേണ്ടിവരും. ഇത്രയധികം ആളുകൾ ബാങ്കുകളിലേയ്ക്കെത്തുമ്പോൾ സ്വാഭാവികമായും ഇടപാടു കൾക്ക് താമസം നേരിടുകയും സമയത്തിന് പണം വാങ്ങിക്കാൻ സാധിക്കാത്ത സാഹചര്യം വരുമ്പോൾ ആളുകൾ സബ്സിഡി വേണ്ടെന്ന് വയ്ക്കുന്ന നിലയിലേയ്ക്ക് എത്തുകയും ചെയ്യും. ഇതുപോലുള്ള പ്രായോ ഗിക പ്രശ്നങ്ങളെ സംബന്ധിച്ച് പരിശോധിക്കാതെയാണ് നിലപാട് സ്വീകരി ച്ചിരിക്കുന്നത്. ഒരുകാര്യം കൂടി പറഞ്ഞ് ഞാൻ പ്രസംഗം അവസാനിപ്പിക്കാം. രണ്ടാമത്തെ വിഷയം...........

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ പറ ഞ്ഞത് ഒരു പ്രധാനപ്പെട്ട വിഷയമാണ്. ഇത്രയധികം ആളുകളെല്ലാം

ബാങ്കിലേയ്ക്ക് പോവുകയാണെങ്കിൽ, ബാങ്കിന്റെ accessibility –തന്നെ ഒരു പ്രശ്നമാകും. ഇന്ത്യയിലെ 51 ജില്ലകളിൽ ഡയറക്ട് ക്യാഷ് ട്രാൻസ്ഫർ കേന്ദ്ര ഗവൺമെന്റ് നടപ്പിലാക്കുന്നത് ഒന്ന് പത്തനംതിട്ടയും മറ്റൊന്ന് വയനാടുമാണ്. അവിടെ, സ്വകാര്യ വ്യക്തികൾക്ക് തന്നെ ബാങ്കിൽ ആപ്ലിക്കേഷൻ കൊടുത്തുകൊണ്ട് ബിസിനസ് കറസ്പോണ്ടൻസ് എന്ന പേരിൽ മിനി എം.ടി.എം-കൾ വ്യാപകമായി തുടങ്ങി ബാങ്കിംഗ് രംഗത്ത് വലിയ വിപ്ലവത്തിന് കേന്ദ്രഗവൺമെന്റ് തുടക്കം കുറിച്ചിരിക്കുകയാണ്. അത് സ്വകാര്യ കുത്തകകളൊന്നുമല്ല ചെയ്യുന്നത്, സാധാരണക്കാരാണ്. പണ്ട് എസ്.റ്റി.ഡി ബൂത്തുകൾ തുടങ്ങിയതുപോലെ സാധാരണക്കാർക്ക് ബിസിനസ് കറസ്പോണ്ടൻസ് ആകാനുള്ള അവസരം കേന്ദ്ര ഗവൺമെന്റ് ഒരുക്കുകയാണെന്നുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: ബാങ്കിൽ ആയിരം രൂപയുടെ ചെക്കുമായി ചെല്ലുന്ന ആളുകളോട് പൊതുവേ കാണിക്കുന്ന സമീപനം നമുക്ക് അറിയാം. 400–500 രൂപ സബ്സിഡി വാങ്ങുവാൻ ബാങ്കിൽ പോകണമെന്ന് പറയുന്നത് വലിയ ബുദ്ധിമുട്ടാണ്. ഇത് പ്രായോഗികമായ പ്രശ്നമായി വരും. ഇക്കാര്യത്തെ സംബന്ധിച്ച് നാട്ടിലൊക്കെ വലിയ ആശങ്കയാണ്.

ശ്രീ. ഷിബു ബേബി ജോൺ: സർ, ഇതൊരു വാദപ്രതിവാദത്തിനു വേണ്ടി ഉപയോഗിക്കുന്നതല്ലാത്ത ക്രിയാത്മകമായ നിർദ്ദേശമായിത്തന്നെയാണ് കാണുന്നത്. ബാങ്ക് വഴി മാത്രമല്ല പോസ്റ്റ് ഓഫീസ് വഴിയും വിതരണം ചെയ്യുവാനുള്ള സംവിധാനത്തെക്കുറിച്ച് നമുക്ക് ആലോചിക്കാം. അങ്ങനെ വരുമ്പോൾ ഒരു വലിയ പ്രശ്നം അവസാനിക്കുമല്ലോ.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: സർ, ഇന്ത്യയിലെ ബാങ്കിംഗ് റെഗുലേറ്ററി ബില്ലിന്റെ കണ്ടന്റ്, നിലവിലുള്ള ബാങ്കുകളുടെ വിശ്വാസ്യതയെ തകർക്കുന്ന നിലയിൽ ബിസിനസ് പ്രൊമോട്ടർമാരുടെ കൈകളിലേയ്ക്ക് അതിനെ ഡീസെൻട്രലൈസ് ചെയ്യുകയെന്നതാണ്. യൂറോപ്യൻ രാജ്യങ്ങളിലെല്ലാം ബാങ്കുകൾ ഈ നിലയിലേയ്ക്ക് വികേന്ദ്രീകരിക്കപ്പെട്ടതോടുകൂടി അതിന്റെ വിശ്വാസ്യത പോയി. യഥാർത്ഥത്തിൽ 2009-ലെ ആഗോള മാന്ദ്യത്തിന്റെ കാരണം ബാങ്ക് ഇൻഷ്വറൻസ് മേഖലയുടെ തകർച്ചയായിരുന്നു. അങ്ങനെ സംഭവിക്കുവാനുള്ള കാരണം വായ്പ കൊടുത്ത ബാങ്കും, വായ്പയ്ക്ക് വേണ്ടി മൂലധനം സമാഹരിച്ച ബാങ്കും, ബിസിനസ് പ്രൊവൈഡ് ചെയ്ത ബാങ്കും വേറെവേറെ ആയിരുന്നു എന്നതാണ്. അങ്ങനെ ഒരു ശൃംഖലയുടെ അടിസ്ഥാനത്തിലാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ഇതിന്റെ ഭാഗമായി ഒരു ബാങ്ക് തകർന്നപ്പോൾ മുഴുവൻ ബാങ്കുകളും തകരുന്ന അവസ്ഥയുണ്ടായി. യൂറോപ്യൻ രാജ്യങ്ങളിലെല്ലാം ഇതിന്റെ ബുദ്ധിമുട്ട് അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. സർവ്വീസ് പ്രൊവൈഡർമാരെക്കൊണ്ടോ ബിസിനസ് പ്രൊമോട്ടർമാരെക്കൊണ്ടോ പരിഹരിക്കാവുന്ന പ്രശ്നമല്ല ഇത്. ഇവിടെ തൊഴിലുറപ്പ് പദ്ധതിയെക്കുറിച്ച് പറഞ്ഞു. തൊഴിലുറപ്പ് പദ്ധതിക്കൊരു സംഘടിത രൂപമുണ്ട്. ആ സംഘടിത രൂപത്തിൽ പണിയെടുക്കുന്ന ആളുകൾക്ക് പൂളുകളുണ്ട്. ആ പൂളുകൾക്ക് നേതൃത്വം കൊടുക്കുവാൻ കുടുംബശ്രീകളുടെ എ.ഡി.എസ്-കളും അതിന് നേതൃത്വം കൊടുക്കുവാൻ സി.ഡി.എസ്-കളും ഉണ്ട്. ഇവരുടെയെല്ലാം സഹായം ഉപയോഗപ്പെടുത്തി അവർക്ക് ബാങ്കിംഗിനെക്കുറിച്ചുള്ള ബോധവത്ക്കരണത്തിന്റെ ഭാഗമായിട്ടാണ് ആ മേഖലയിൽ വിജയിച്ചത്. ഇവിടെയുള്ള വേറൊരു പ്രശ്നമെന്ന് പറയുന്നത്, നിങ്ങൾ ഇതുസംബ

സ്ഥിച്ച് എല്ലാ പഞ്ചായത്തുകളിലും അന്വേഷിച്ചുനോക്കുക. അയച്ചുകൊടുക്കുന്ന പെൻഷനുകളെല്ലാം കൈപ്പറ്റുന്നില്ല. ചില ആളുകൾ മരിച്ചുപോയിട്ടുണ്ടാകും. ശരാശരി 30000 രൂപ വരെ, ചെറിയ വരുമാനമുള്ള പഞ്ചായത്തിൽ തിരിച്ചുവരും. ഇനിമുതൽ ഈ പണം തിരിച്ചുവരില്ല. പണം ബാങ്കുകളിൽ കെട്ടികിടക്കും. സ്വാഭാവികമായും കോടിക്കണക്കിന് രൂപ ആർക്കും ഉപയോഗിക്കുവാൻ കഴിയാതെ ബാങ്കുകളിൽ കെട്ടിക്കിടക്കുന്ന സ്ഥിതിവിശേഷം ഉണ്ടാകും. രണ്ടാമത്തെ പ്രശ്നം, ഇങ്ങനെ ബാങ്ക് മുഖാന്തിരമാകുന്നതോടെ പെൻഷൻകാർക്കുള്ളതുപോലെ അവർ ജീവിച്ചിരുപ്പുണ്ടോയെന്ന് അന്വേഷിക്കുന്ന ഒരു രീതിയിലേക്ക് (annual mustering) കാര്യങ്ങൾ പോകേണ്ടിവരും. അങ്ങനെ വരുമ്പോൾ കാര്യങ്ങളാകെ കുഴഞ്ഞുമറിയുന്ന സാഹചര്യങ്ങളുണ്ടാകും. ഇത് പരിഹരിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ പഞ്ചായത്ത് വകുപ്പിന്റെ ശ്രദ്ധയിൽ ഉണ്ടാകണമെന്നാണ് ഞാൻ പറയുന്നത്. സ്വാഭാവികമായും അമിതമായ പരിഷ്ക്കരണ ഭ്രമം പഞ്ചായത്തുകളെ ശ്വാസംമുട്ടിക്കുന്ന സ്ഥിതിവിശേഷമാണ് ഉണ്ടാക്കുന്നത്. മറ്റൊരു പ്രശ്നമാണ് എ.പി.എൽ/ബി.പി.എൽ പട്ടിക. എന്താണ് ബി.പി.എൽ പട്ടികകളുടെ സ്ഥിതി? മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിൽ ഓടിക്കൂടിയ പതിനായിരക്കണിക്കിന് ആളുകളുടെ ആവശ്യം ഞങ്ങളെ ബി.പി.എൽ ആക്കി മാറ്റണമെന്നായിരുന്നു. ഒരു ദിവസം ഞാൻ മലപ്പുറം കളക്ട്രേറ്റിന്റെ മുമ്പിൽ ഇരിക്കുമ്പോൾ ആയിരക്കണക്കിന് സ്ത്രീകൾ പോകുന്നതുകണ്ട് അന്വേഷിച്ചപ്പോൾ അവർ പറഞ്ഞത്, അവരുടെ കാർഡ് ബി.പി.എൽ കാർഡാക്കി മാറ്റുവാൻ മുഖ്യമന്ത്രിക്ക് അപേക്ഷ കൊടുക്കുവാൻ പോകുന്നുവെന്നാണ്. അവസാനം ജില്ലാ കളക്ടർ ബി.പി.എൽ ആക്കാൻ വേണ്ടി ഇവിടെ വരണ്ടെന്ന് പറഞ്ഞ് പത്രത്തിൽ പര

സ്യം കൊടുക്കുകയാണ് ചെയ്തത്. ഇവിടെ വാങ്ങിച്ചുവച്ച അപേക്ഷകൾ എവിടെയെത്തി; കേരളത്തിലെ ബി.പി.എൽ ലിസ്റ്റിന്റെ ഇന്നത്തെ സ്ഥിതി എന്താണ്? ലക്ഷം വീട്ടിൽ താമസിക്കുന്ന ഒരു സ്ത്രീ രോഗിയാണെങ്കിൽ അവർക്ക് ഭർത്താവില്ലെങ്കിൽ ചികിത്സാനുകൂല്യം കിട്ടും. എന്നാൽ ഭർത്താവു ണ്ടെങ്കിൽ ബി.പി.എൽ അല്ല അവർക്ക് ചികിത്സാനുകൂല്യം കിട്ടില്ല. ലക്ഷം വീട്ടിൽ താമസിക്കുന്നവർക്ക് ഭർത്താവില്ലാതെ സ്വയം മരണമടഞ്ഞാൽ മതി യെന്ന അവസ്ഥയിലേക്ക് കാര്യങ്ങൾ എത്തുന്ന രീതിയിലേയ്ക്ക് ബി.പി. എൽ/എ.പി.എൽ-ന്റെ അവ്യക്തത തുടരുകയാണ്. ചുരുങ്ങിയ വരുമാനം കിട്ടുന്ന ആളുകളാണ് അംഗൻവാടി ടീച്ചർമാർ. ഐ.എ.വൈ പദ്ധതിപ്രകാര മുള്ള വീടുകളുടെ ഗുണഭോക്താക്കളായി അപേക്ഷിക്കുവാൻ അവർക്ക് പറ്റില്ല, അവരെ ആ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നില്ല. അവർ ബി.പി.എൽ അല്ലെ ന്നാണ് പറയുന്നത്. 3800 രൂപ വരുമാനം കിട്ടുന്ന അംഗൻവാടി ടീച്ചർമാരും വർക്കർമാരും ഐ.എ.വൈ പദ്ധതിയുടെ ഗുണഭോക്താക്കളല്ലെന്ന സ്ഥിതിയി ലേക്ക് കാര്യങ്ങൾ വരുകയാണ്. ഇ.എം.എസ് ഭവനനിർമ്മാണ പദ്ധതി ഇപ്പോൾ നിലവിലുണ്ടോ? കേരളത്തിലെ പഞ്ചായത്തുകളിൽ ഭവനരഹി തർക്കും ഭൂരഹിതർക്കും വിതരണം ചെയ്യുവാനാവശ്യമായ പണവും ഭൂമിയും കണ്ടെത്താനുള്ള നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് ഇ.എം.എസ് ഭവ നനിർമ്മാണ പദ്ധതി ആസൂത്രണം ചെയ്തത്. അതിനൊരു ലിസ്റ്റ് തയ്യാറാ ക്കാനും, ബാങ്കുകളിൽ നിന്ന് വായ്പ എടുക്കുവാനും, വായ്പയുടെ ജാമ്യം ഗവൺമെന്റ് നൽകുവാനും വിഭാവനം ചെയ്തുകൊണ്ടുള്ള ആ പദ്ധതിയുടെ ഇന്നത്തെ സ്ഥിതി എന്താണ്; ലിസ്റ്റ് വല്ലതും നിലവിലുണ്ടോ; ഉണ്ടെങ്കിൽ ആ ലിസ്റ്റ് നടപ്പിലാക്കുവാൻ സാധിക്കുന്നുണ്ടോ? വീടുകളുടെ വിഹിതത്തിന്

നമ്മൾ പണം നിക്കിവച്ചു. കേന്ദ്ര പദ്ധതി വിഹിതം 48500 രൂപയാണ്. രണ്ട് ലക്ഷം രൂപ നമ്മൾ കൊടുക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. കേരളത്തിലെ ഏതെങ്കിലും ബ്ലോക്ക് പഞ്ചായത്ത് അവരുടെ ലിസ്റ്റ് പ്രകാരമുള്ള വീടുകൾ കൊടുത്ത് കഴിഞ്ഞാൽപ്പിന്നെ ഒരു കാലിച്ചായ കുടിക്കുവാനുള്ള പൈസ ബാക്കിയുണ്ടാവുമോ? കേരളത്തിലെ എല്ലാ ബ്ലോക്ക് പഞ്ചായത്തുകളിലെയും പ്രസിഡന്റുമാരോട് നിങ്ങൾ കക്ഷിരാഷ്ട്രീയ വ്യത്യാസമില്ലാതെ ചോദിച്ചു നോക്കുക. രണ്ട് ലക്ഷമെന്ന് പ്രഖ്യാപിച്ച് കൈയടി വാങ്ങിയതല്ലാതെ അതിനാവശ്യമായ ഫണ്ട് അവിടെ കൊടുത്തോ? ഐ.എ.വൈ പദ്ധതി നടപ്പിലാക്കുവാൻ ആവശ്യമായ പണം ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഇല്ലാത്തതുകൊണ്ട് അവർക്ക് പദ്ധതി വിഹിതമായി ആകെ അനുവദിച്ചത് 420 കോടി രൂപയാണ്. ഈ പദ്ധതി നടപ്പിലാക്കണമെങ്കിൽ ആകെ ചെലവഴിക്കേതണ്ടത് 418 കോടി രൂപയാണ്. പഞ്ചായത്തുകൾക്ക് ചായ കുടിക്കുവാൻ പോലും പണമില്ലാത്ത സ്ഥിതിയിലേയ്ക്കാണ് കാര്യങ്ങൾ പോകുന്നത്. ബ്ലോക്ക് പഞ്ചായത്തിന്റെ പദ്ധതി ആസൂത്രണം എവിടെ നിൽക്കുന്നു? കെട്ടിട നികുതിയെ സംബന്ധിച്ച അവ്യക്തത ഇപ്പോഴും തുടരുകയാണ്. ഏത് തരത്തിലാണെന്നത് സംബന്ധിച്ച് വ്യക്തമായ നിർദ്ദേശമില്ലാതെ ഉദ്യോഗസ്ഥരും ജനപ്രതിനിധികളും ഇരുട്ടിൽ തപ്പുന്ന സ്ഥിതിയാണ്. പല പഞ്ചായത്തുകളിലും കെട്ടിടത്തിന് നമ്പറിട്ടുകൊടുക്കുന്നതുമായ തർക്കങ്ങൾ തുടരുകയാണ്. അതിന്റെ കാരണം ഡാറ്റാ ബാങ്ക് ഇല്ലാത്തതുകൊണ്ടാണ്.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: ഐ.എ.വൈ ഭവന പദ്ധതിയെക്കുറിച്ചാണ് ഇവിടെ പറഞ്ഞത്. പല ബ്ലോക്ക് പഞ്ചായത്തുകളും അതാത് ബ്ലോക്ക് പഞ്ചായത്തുകളിലെ ഗ്രാമപഞ്ചായത്തുകളെക്കൂടി സഹകരിപ്പിച്ചുകൊണ്ട്

ഓരോ പഞ്ചായത്തിലും ഭവനരഹിതരായ മുഴുവൻ ആളുകൾക്കും ഭവനമുണ്ട ാക്കികൊടുക്കുകയെന്ന പദ്ധതിയാക്കി അതിനെ മാറ്റി. ചില ബ്ലോക്ക് പഞ്ചായത്തുകളിൽ ഈ വർഷം 300-ഓളം വീടുകൾക്ക് ആദ്യ ഗഡു നൽകിയത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ഇല്ലെങ്കിൽ താനൂർ ബ്ലോക്ക് പഞ്ചായത്ത് അതിന് മാതൃകയാണ്.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: സർ, ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി പറയുന്നത് നമ്മുടെ നാട്ടിൽ പ്രായോഗികമായ കാര്യമാണെന്ന് എനിക്ക് തോന്നുന്നില്ല. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാരുമായി ഇടപെടുന്ന തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി ഇക്കാര്യം സംബന്ധിച്ച് പറയട്ടേ അവരുടെ പദ്ധതി വിഹിതം പൂർണ്ണമായി മാറ്റിവച്ചാൽ പോലും അവർക്ക് പദ്ധതി നടപ്പിലാക്കുവാൻ കഴിയുന്നില്ല. കെട്ടിടനികുതിയുമായ ബന്ധപ്പെട്ട പ്രശ്നം, കെട്ടിടങ്ങൾക്ക് നമ്പറിട്ട് കൊടുക്കണമെങ്കിൽ ഫില്ലിംഗ് പെർമിഷനുമായി ബന്ധപ്പെട്ട് കൊണ്ടുള്ള വിവാദങ്ങൾ നിലനിൽക്കുകയാണ്. എവിടെയാണ് ഡാറ്റാ ബാങ്ക്; എന്നാണ് ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിക്കുന്നത്? ഡാറ്റാ ബാങ്ക് ഒരിക്കലും ഈ ഗവൺമെന്റ് പ്രസിദ്ധീകരിക്കുവാൻ പോകുന്നില്ലെന്ന് ഇന്നലെ ഇവിടെ നടന്ന ചർച്ചയിൽ സൂചിപ്പിക്കപ്പെട്ടു. ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിച്ചാൽ മാത്രം ശരിയാവുന്ന പ്രശ്നത്തിലേയ്ക്ക് എത്തുന്നതിനുപകരം ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിക്കുന്നതിനുള്ള സമീപനം ഈ ഗവൺമെന്റ് സ്വീകരിക്കുന്നില്ല. ഗ്രാമസഭ എന്നു പറയുന്നത് ഒരു നല്ല സങ്കൽപ്പമാണ്. ഒരു ഗ്രാമത്തിലെ ജനങ്ങളുടെ വികസനാവശ്യങ്ങൾക്കുവേണ്ടി കൂടിയിരിക്കുകയും, പരസ്പര ആശയ സംവാദം നടത്തുകയും അതിന്റെ ഭാഗമായി അവരുടെ ആവശ്യങ്ങളുടെ മാന ദണ്ഡങ്ങൾ നിർണ്ണയിക്കുകയും ചെയ്യുന്ന നല്ലൊരു സങ്കൽപ്പമാണ് ഗ്രാമസ

ഭകളെന്ന് പറയുന്നത്. എന്നാൽ ഗ്രാമസഭകളിന്ന് കേവലം നോക്കുകുത്തികളായി മാറുകയും അത് യാന്ത്രികമായിത്തീരുകയും ചെയ്തിരിക്കുകയാണ്. ഗ്രാമസഭകളെ മെച്ചപ്പെടുത്തുകയെന്ന ലക്ഷ്യത്തോടുകൂടി മന്ത്രി ആസൂത്രണം ചെയ്തിട്ടുള്ള ഗ്രാമയാത്ര അഭിനന്ദനാർഹമായൊരു നീക്കമാണെന്ന് പറയുന്നതിൽ എനിക്ക് മടിയില്ല. ആ ഗ്രാമയാത്രകൊണ്ട് കേരളത്തിലെ ഗ്രാമസഭകളുടെ ഇന്നത്തെ ദൗർബല്യം പരിഹരിക്കുവാൻ സാധിക്കില്ല. അതുകൊണ്ട് ഗ്രാമസഭകളെ വിപുലമായിട്ടുള്ള സാമൂഹിക ഉത്സവങ്ങളാക്കി മാറ്റുവാൻ സർക്കാർ പദ്ധതിയിടണം. ഗ്രാമോത്സവങ്ങളായി അത് മാറണം. ഓരോ വർഷത്തിലും രണ്ടോ മൂന്നോ ഗ്രാമസഭകൾ ചേരുമ്പോൾ അവിടെ ഭക്ഷണവും കലാപരിപാടികളും കുടുംബങ്ങളും ഒത്തുചേരുന്ന കേരളത്തിന്റെ മതേതര ഗ്രാമോത്സവമായി ഓരോ ഗ്രാമസഭയും മാറ്റാനാവശ്യമായ ഫണ്ട് നീക്കിവയ്ക്കാനുള്ള പ്രത്യേക ഉത്തരവ് കൊടുക്കണം. കേരളത്തിലെ ഗ്രാമസഭകൾ ചേരേണ്ടത് അത്യാവശ്യമാണെന്നുള്ള ഒരു നിലയിലേക്ക് കാര്യങ്ങൾ വികസിപ്പിക്കുവാൻ ഗവൺമെന്റ് ശ്രമിക്കണം. ഇങ്ങനെ ഒരുപാട് നവീനമായ ആശയങ്ങളുള്ള മന്ത്രിയുടെ മുഖം പൂർണ്ണചന്ദ്രനെപ്പോലെ ആണെങ്കിലും കേരളത്തിലെ പഞ്ചായത്തുകൾ അമാവാസിയുടെ ഇരുട്ടിലാണ്. പഞ്ചായത്ത് മന്ത്രിയുടെ മുഖം മാത്രം സുന്ദരമായിരിക്കുകയും പഞ്ചായത്തുകളെല്ലാം അമാവാസിയുടെ ഇരുട്ടിലുമാണ്. എന്ത് ചെയ്യണമെന്നറിയാതെ ഇരുട്ടിൽതപ്പുന്ന പഞ്ചായത്തുകളെ രക്ഷപ്പെടുത്തുവാനുള്ള നീക്കങ്ങളൊന്നും നടത്താതെ മാസങ്ങൾ നീട്ടിവയ്ക്കുന്നത് മാത്രം യുദ്ധകാലടിസ്ഥാനത്തിൽ കൊണ്ടുവരുന്ന രീതിയോട് വിയോജിപ്പ് രേഖപ്പെടുത്തുവാനാണ് ഈ അവസരം ഞങ്ങൾ ഉപയോഗിച്ചത്.

മി. ചെയർമാൻ: ബഹുമാനപ്പെട്ട ബി. സത്യൻ, അങ്ങേയ്ക്ക് 2012-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1(എ) നമ്പർ ഭേദഗതി അവതരിപ്പിക്കാവുന്നതാണ്.

ശ്രീ. ബി. സത്യൻ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2012-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1(എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ഇന്ന് എവിടെ നോക്കിയാലും എമർജിംഗിന്റെ കാലഘട്ടമാണ്, അതിവേഗം ബഹുദൂരം കാര്യങ്ങൾ മുന്നോട്ട് പോകുന്ന ഒരു കാലഘട്ടമാണ്. മാത്രമല്ല ഇത് കരുതലിന്റെയും വികസനത്തിന്റെയും കാലഘട്ടമാണ്. ഇത്തരത്തിൽ കരുതലിന്റേയും വികസനത്തിന്റേയും ഒരു പ്രത്യേക സന്ദർഭത്തിൽ നിൽക്കുമ്പോൾ പുറകിലേയ്ക്കാണോ കാര്യങ്ങൾ പോകേണ്ടത്? ഈ ആക്ടിലെ ഉദ്ദേശ - കാരണങ്ങളുടെ വിവരണത്തിൽ ഇപ്രകാരം പറയുന്നുണ്ട്. 1994-ലെ പഞ്ചായത്ത് രാജ് ആക്ടിലെ 159-ാം വകുപ്പിലെ 1-ാം ഉപവകുപ്പ് പ്രകാരം ഒരു അംഗം തെരഞ്ഞെടുക്കപ്പെട്ട് കഴിഞ്ഞാൽ തന്റെ സ്ഥാനം ഏറ്റെടുത്ത തീയതി മുതൽ മൂന്ന് മാസത്തിനകം നിശ്ചിത ഫോറത്തിൽ അയാളുടെ കുടുംബത്തിന്റേയും മറ്റ് അംഗങ്ങളുടേയും സ്വത്തുക്കളുടെ ബാധ്യതകളുടെ സ്റ്റേറ്റ്മെന്റ് സർക്കാർ വിജ്ഞാപനം മുഖേന അധികാരപ്പെടുത്തുന്ന കോമ്പീറ്റന്റ് അതോറിറ്റിക്ക് സമർപ്പിക്കണം. ഈ മൂല ആക്ടിൽത്തന്നെ നമ്മൾ ഭേദഗതി വരുത്തുകയാണ്. ഈ ആക്ട് നിലവിൽ വരാനുണ്ടായ സാഹചര്യം ഏവർക്കും അറിയാവുന്നതാണ്. 1994-ൽ ഭരണ

ഘടനയുടെ 73, 74-ാം ഭേദഗതിയിലൂടെ പഞ്ചായത്ത് രാജ് നഗരപാലിക നിയമം നിലവിൽ വന്നെങ്കിലും അത് നടപ്പിലാക്കാൻ പിന്നെയും ഏതാണ്ട് ഒന്നര വർഷക്കാലം കാത്തിരിക്കേണ്ടി വന്നു. ശ്രീ. എ.കെ. ആന്റണി അധികാരത്തിലിരുന്ന സന്ദർഭത്തിലാണ് ത്രിതല പഞ്ചായത്തുകളിലേക്കുള്ള തെരഞ്ഞെടുപ്പ് നടത്തിയത്. ഈ നിയമം അതിവേഗം നടപ്പിലാക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീ. വി.എം. സുധീരനെപ്പോലെയുള്ള ആളുകൾ നടത്തിയ പ്രക്ഷോഭങ്ങളും സമരങ്ങളും ഈ സഭയിലെ ബഹുമാനപ്പെട്ട അംഗങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്. അങ്ങനെയാണ് ഈ പഞ്ചായത്ത് രാജ് നഗരപാലിക നിയമം നടപ്പിലാക്കാൻ ആ കാലഘട്ടത്തിൽ നമുക്ക് സാധിച്ചത്. അതിനുശേഷം ത്രിതല പഞ്ചായത്ത് സംവിധാനം വന്നു. അപ്പോൾ യു.ഡി.എഫ്. ഗവൺമെന്റ് മാറി എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്ന കാഘട്ടമായിരുന്നു. ത്രിതല പഞ്ചായത്ത് സംവിധാനത്തെ ശക്തിപ്പെടുത്താനുള്ള ധാരാളം പരിശ്രമങ്ങൾ ഈ കാലയളവിൽ നമുക്ക് നടത്തേണ്ടിവന്നു. അങ്ങനെ 1996-ൽ എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോഴാണ് ത്രിതല പഞ്ചായത്ത് സംവിധാനങ്ങളെ ശക്തിപ്പെടുത്തുവാൻവേണ്ടി പദ്ധതി പണത്തിന്റെ ഏതാണ്ട് മൂന്നിലൊന്ന് ശതമാനത്തിന് താഴെയുള്ള തുക തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകി അവയെ സ്വയംഭരണ സ്ഥാപനങ്ങളാക്കി മാറ്റുവാനുള്ള പരിശ്രമം ആരംഭിച്ചത്. ത്രിതലപഞ്ചായത്ത് സംവിധാനം കേരളത്തിന് അനിവാര്യമാണോ എന്നതിനെ സംബന്ധിച്ച് 1996-ലെ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലഘട്ടത്തിൽ ധാരാളം ചർച്ചകൾ നടത്തുകയുണ്ടായി.

ശ്രീ.എസ്. രാജേന്ദ്രൻ: സർ, പഞ്ചായത്തിന്റെ പ്ലാനിംഗുമായി ബന്ധപ്പെട്ട കാര്യങ്ങൾ അങ്ങയുടെ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ ഇവിടെ പങ്കുവയ്ക്കുകയുണ്ടായി. ഇപ്പോൾ ഡി.പി.സി.യിൽ ചർച്ച ചെയ്യാൻ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ടില്ലാതെ, പദ്ധതി അനുവാദത്തിനായി അയയ്ക്കുകയാണ്. അതായത് ഇവിടെ പദ്ധതി തയ്യാറാക്കാതെ ഹെഡ്‌ലൈൻ മാത്രം കൊടുക്കുന്നു എന്നുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ഇപ്പോൾ ഗ്രാമസഭകൾ നിശ്ചയിച്ച് കൂടാറില്ല. ഗ്രാമസഭകൾ കൂടുന്ന സന്ദർഭത്തിലാണെങ്കിൽ ഗുണഭോക്താക്കളുടെ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് വീണ്ടും ആനുകൂല്യം ലഭിക്കുന്ന നിലയിൽ ഗ്രാമസഭയുടെ അനുവാദമില്ലാതെ അവർക്ക് ആനുകൂല്യം നൽകുകയും അവരെ ഗുണഭോക്താക്കളാക്കി മാറ്റുകയും ചെയ്യുന്നു. അതുപോലെതന്നെ പദ്ധതി നടപ്പിലാക്കാതെ ബില്ല് എഴുതിത്തീർക്കുന്ന പ്രക്രീയ പഞ്ചായത്തുകളിൽ ഇപ്പോൾ നടപ്പിലാക്കുന്നു എന്നുള്ളതും അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ഇതുകൊണ്ട് അഴിമതി കൂടാനുള്ള സാധ്യത ഈ നിയമത്തിലൂടെ വരുന്നു എന്നുള്ളത് അങ്ങ് ശ്രദ്ധിക്കുന്നുണ്ടോ?

ശ്രീ. ബി. സത്യൻ: സർ, ഇത് ഏറ്റവും പ്രസക്തമായ കാര്യമാണ്. ഇതിൽ അഴിമതി കൂടാൻ തന്നെയാണ് സാധ്യത. പഞ്ചായത്ത് സമിതികൾ തയ്യാറാക്കപ്പെടുന്ന പദ്ധതികൾ ടെക്നിക്കൽ അഡ്വൈസറി ഗ്രൂപ്പ് പരിശോധന നടത്തിയശേഷമാണ് ജില്ലാ ആസൂത്രണ സമിതിയിൽ പോകുന്നത്. ജില്ലാ ആസൂത്രണ സമിതികൾ മുനിസിപ്പൽ ആക്ടിന്റെ ഭാഗമായി വന്നിട്ടുള്ളതാണ്. ജില്ലയിലെ തദ്ദേശ ഭരണ സ്ഥാപനങ്ങളെ ഏകോപിപ്പിക്കുന്ന ജോലി ജില്ലാ ആസൂത്രണ സമിതിക്കാണ്. ത്രിതല പഞ്ചായത്തിലെ പ്രതിനിധികളടങ്ങുന്ന ജില്ലാ ആസൂത്രണ സമിതി തത്വത്തിൽ ഇല്ലാതാകുന്ന അവസ്ഥയി

ലേക്ക് വരികയാണ്. ഇപ്പോൾ ഏത് വകുപ്പാണെങ്കിലും പഞ്ചായത്ത് അടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന പദ്ധതികൾ അതാത് വകുപ്പിന്റെ മേൽ ഉദ്യോഗസ്ഥൻ അംഗീകരിച്ചാൽ മതി. അങ്ങനെ വരുമ്പോൾ ഇത് അംഗീകരിച്ചാലുടൻ പദ്ധതിക്ക് സാങ്ഷൻ ലഭിക്കുകയും പിന്നീട് ജില്ലാ ആസൂത്രണ സമിതിയിലേക്ക് ഇത് നൽകിയാൽ മതിയെന്നുമാണ് പുതിയ ഉത്തരവ്. ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യം ശ്രദ്ധിക്കുന്നുണ്ടെന്ന് കരുതുന്നു. നേരത്തെ ജില്ലയിലെ ആസൂത്രണമാകെ ഏകോപിപ്പിക്കാനുള്ള ചുമതലയുണ്ടായിരുന്ന ആസൂത്രണ സമിതിക്ക് ആ അധികാരം ഇപ്പോൾ വിനിയോഗിക്കാൻ കഴിയാത്ത അവസ്ഥ വരുന്നു. നേരത്തെയാണെങ്കിൽ ജില്ലാ ആസൂത്രണ കമ്മിറ്റിക്ക്, ഒരു പരിശോധന കഴിഞ്ഞ ഉടൻ പദ്ധതികൾക്ക് അനുമതി നൽകാൻ കഴിഞ്ഞിരുന്നു. തിരുവനന്തപുരം ജില്ലയിൽ ഇന്നലെയാണ് ജില്ലാ ആസൂത്രണ സമിതി യോഗം ചേർന്നത്. ഏതാണ്ട് 74 പഞ്ചായത്തുകളും 4 മുനിസിപ്പാലിറ്റികളും നഗരസഭയും ഉൾപ്പെടുന്ന ഈ ജില്ലയിൽ ഇന്നലെ പത്ത് സ്ഥാപനങ്ങളുടെ പദ്ധതിക്കാണ് അംഗീകാരം നൽകിയത്. ഇന്ന് ഡിസംബബർ മാസം 19-ാം തീയതിയാണ്. ഈ ഡിസംബർ മാസം പൂർത്തിയാകാൻ കേവലം പതിനൊന്ന് ദിവസങ്ങൾ മാത്രമാണുള്ളത്. ഡിസംബർ മാസം കഴിഞ്ഞാൽ ഈ പദ്ധതി അംഗീകരിക്കാനുള്ള സമയം കേവലം മൂന്ന് മാസം മാത്രമാണ്. ഈ മൂന്ന് മാസത്തിനകം ധാരാളം കാര്യങ്ങൾ ചെയ്തു തീർക്കണം. ഒരു വർക്ക് ടെണ്ടർ ചെയ്യണമെങ്കിൽത്തന്നെ മിനിമം 10 മുതൽ 15 ദിവസം വരെ വേണം. ചിലപ്പോൾ 30 ദിവസംവരെ വേണ്ടിവരും. അങ്ങനെ വരുമ്പോൾ ഈ പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്ക് പദ്ധതി ഏറ്റെടുത്ത് നടത്താൻ സാധിക്കുമോ? പഞ്ചായത്ത് സമിതികളിൽ ഇന്ന് വല്ലാ

ത്തൊരു അവസ്ഥയാണുള്ളത്. 2012-13 സാമ്പത്തിക വർഷത്തെ പദ്ധതി യുടെ വിനിയോഗം സംബന്ധിച്ച് നമ്മുടെ പഞ്ചായത്ത് വകുപ്പ് മന്ത്രി നൽകിയ മറുപടിയുണ്ട്. 14-12-2012-ൽ ശ്രീ. ബാബു എം. പാലിശ്ശേരിക്ക് പഞ്ചായത്ത് വകുപ്പ് മന്ത്രി നൽകിയ മറുപടിയിൽ, ഗ്രാമപഞ്ചായത്തുകൾ 5 ശതമാനം, ബ്ലോക്ക് പഞ്ചായത്തുകൾ 5 ശതമാനം, ജില്ലാ പഞ്ചായത്തുകൾ 12 ശതമാനവുമാണ് 2012-13 സാമ്പത്തിക വർഷത്തിൽ ചെലവഴിച്ചത് എന്നു പറയുന്നുണ്ട്. അതുപോലെതന്നെ പദ്ധതി തുക വിനിയോഗത്തിന് കുറവ് സംഭവിക്കാൻ കാരണമെന്താണെന്നുള്ള ചോദ്യത്തിന് ബഹുമാനപ്പെട്ട മന്ത്രി തന്നെ നൽകിയ മറുപടി ഇപ്രകാരമാണ് - 'ആദ്യവർഷമായതിനാൽ പദ്ധതി ആസൂത്രണ നിർവ്വഹണ മാർഗ്ഗ നിർദ്ദേശങ്ങൾ രൂപപ്പെടുത്തി പദ്ധതികൾ നിർവ്വഹണ സജ്ജമാക്കാൻ സാമ്പത്തികവർഷം പകുതി കഴിഞ്ഞുമാത്രമേ കഴിഞ്ഞുള്ളൂ.'

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ.സി. ജോസഫ്): സർ, അങ്ങ് തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് പ്രസിന്റായിരുന്ന ആളല്ലേ; ഏത് വർഷമാണ് ഡിസംബർ മാസ ത്തിൽ ഇതിൽ കൂടുതൽ ചെലവഴിച്ചിട്ടുള്ളത്. അങ്ങ് പ്രസിഡന്റായിരുന്ന കാലഘട്ടത്തിൽ മാർച്ച് 31 ആയാലും പാതിരാവരെ ട്രഷറി പ്രവർത്തിപ്പിച്ചി ട്ടാണ് ഫണ്ട് കൊടുത്തിരുന്നത്. ഈ സാമ്പത്തിക വർഷം കഴിയുമ്പോൾ ഫണ്ട് യൂട്ടിലൈസേഷൻ സർവ്വകാല റെക്കോർഡ് ആയിരിക്കും, അങ്ങേ യ്ക്കിത് ബോധ്യപ്പെടും.

<u>ശ്രീ. ജി. സുധാകരൻ</u>: സർ, ഒരു സാമ്പത്തിക വർഷത്തിലെ എട്ട് മാസം ഭരിക്കുമ്പോൾ ഇത്രയും ചെലവഴിച്ചാൽ മതിയെന്നുള്ള സാറ്റിസ്ഫാക്ഷൻ ശരിയല്ല. മുമ്പത്തെ കാര്യം എനിക്കറിയില്ല. അതുസംബന്ധിച്ചുള്ള കണക്കുകൾ എന്റെ കൈവശമില്ല. ഒന്നാമതായി ഈ സിസ്റ്റത്തിൽ എങ്ങനെ മാറ്റം വരുത്താമെന്നതിനെക്കുറിച്ച് ആലോചിക്കണം. രണ്ടാമത് മാർച്ച് മാസത്തിൽ സകല റോഡുകളും പണിയുന്ന അഴിമതിക്കാരായ പി.ഡബ്ല്യു.ഡി. എഞ്ചിനീയർമാരുടെ രൂപത്തിലേക്ക് പഞ്ചായത്ത് രാജിനെ കൊണ്ടുപോകാമോ?

<u>ശ്രീ. കെ.സി. ജോസഫ്</u>: സർ, ഈ സിസ്റ്റം മാറും. അടുത്ത സാമ്പത്തിക വർഷം മുതൽ പദ്ധതി ആരംഭിക്കുമ്പോൾ, പണം ആ വർഷം തന്നെ ലഭിക്കും. 12-ാം പഞ്ചവത്സര പദ്ധതിയുടെ ആദ്യവർഷം ആയതുകൊണ്ട് ഈ സാമ്പത്തിക വർഷം തുടക്കത്തിൽ കുറച്ച് പ്രയാസങ്ങളുണ്ടായിട്ടുണ്ട്. ഇതൊരു റോളിംഗ് പ്ലാനാണ്. അതനുസരിച്ച് ഏപ്രിൽ മാസമാകുമ്പോൾ പദ്ധതിക്ക് അംഗീകാരം ലഭിക്കുകയും മെയ് മാസം മുതൽ അത് നടപ്പിലാക്കാൻ സാധിക്കുകയും ചെയ്യും.

<u>ശ്രീ. കെ. സി. ജോസഫ്</u>: അദ്ദേഹം പറഞ്ഞത് ശരിയാണ്. അടുത്ത സാമ്പത്തിക വർഷം മുതൽ ഈ സിസ്റ്റം മാറി പദ്ധതി ആരംഭിക്കുമ്പോൾത്തന്നെ പ്ലാൻ അംഗീകാരവും ലഭിക്കുന്ന നിലയിലേയ്ക്ക് മാറും. 12-ാം പ്ലാൻ പദ്ധതിയുടെ ആദ്യവർഷം ചെറിയ പ്രയാസങ്ങൾ ഉണ്ടായിട്ടുണ്ടെന്നുള്ളത് ശരിയാണ്. പക്ഷേ അടുത്ത സാമ്പത്തിക വർഷത്തെ റോളിംഗ് പ്ലാൻ അനുസരിച്ച് ഏപ്രിൽ മാസത്തോടുകൂടി പദ്ധതികൾക്ക്

അംഗീകാരം ലഭിക്കുകയും മേയ് മാസം മുതൽ അത് നടപ്പിലാക്കാൻ സാധിക്കുകയും ചെയ്യും.

ഡോ. എം. കെ. മുനീർ: ജില്ലാ പഞ്ചായത്തുകൾ പദ്ധതിവിഹിതത്തിന്റെ അഞ്ച് ശതമാനം മാത്രമേ ചെലവഴിച്ചിട്ടുള്ളൂവെന്ന് ഒക്ടോബർ മാസം അവസാനത്തെ കണക്കനുസരിച്ചാണ് പറയുന്നത്. എന്നാൽ ഡിസംബർ മാസത്തോടുകൂടി പ്രോജക്ടുകളുടെ ഇംപ്ലിമെന്റേഷൻ സ്റ്റേജിലേയ്ക്ക് കടന്നിരിക്കുകയാണ്. ഓരോ ജില്ലയിലും നടത്തുന്ന പ്രോജക്ടുകളെ സംബന്ധിക്കുന്ന വിശദവിവരം വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതനുസരിച്ച് 1,85,486 പ്രോജക്ടുകൾ അപ്ലോഡ് ചെയ്തതിൽ 1,44,581 പ്രോജക്ടുകൾക്ക് അംഗീകാരം കൊടുത്തുകഴിഞ്ഞു, വെറ്റ് ചെയ്തുകഴിഞ്ഞു. ആ പ്രോജക്ടുകളൊക്കെ ഇംപ്ലിമെന്റ് ചെയ്യണ്ടേ; അങ്ങനെ ഇംപ്ലിമെന്റ് ചെയ്യുമ്പോഴുള്ള പെർസെന്റേജ് എത്രയാണെന്ന് നിങ്ങൾതന്നെ പറയൂ; ഇവിടെ അഞ്ച് ശതമാനം പ്രോജക്ടുകൾ മാത്രമേ വെറ്റ് ചെയ്തിട്ടുള്ളൂവെന്ന് ശ്രീ. പി. ശ്രീരാമകൃഷ്ണൻ പറയുകയുണ്ടായി. എത്ര ശതമാനമാനം പ്രോജക്ടുകളാണ് വെറ്റ് ചെയ്തത്? ഇപ്പോൾത്തന്നെ 50 ശതമാനത്തിലധികം പ്രോജക്ടുകൾ വെറ്റ് ചെയ്തുകഴിഞ്ഞു. ഡിസംബർ മാസം 30-ാം തീയതിക്കുള്ളിൽ 100 ശതമാനം പ്രോജക്ടുകളും വെറ്റ് ചെയ്യുന്ന ഒരവസ്ഥയിലേയ്ക്കാണ് നീങ്ങിക്കൊണ്ടിരിക്കുന്നത്. ഓരോരുത്തരും അവരവരുടെ പഞ്ചായത്ത് പ്രസിഡന്റുമാരോട് ചോദിച്ചാൽ ഇക്കാര്യം വ്യക്തമാകും. ഏത് പഞ്ചായത്തിന്റെ കണക്കാണ് ഇപ്പോൾ നിങ്ങൾക്ക് വേണ്ടത്. തിരുവനന്തപുരം ജില്ലയിൽ 8746 പ്രോജക്ടുകളും കൊല്ലത്ത് 8760 പ്രോജക്ടുകളുമാണ് വെറ്റ് ചെയ്തിട്ടുള്ളത്. ഗ്രാമപഞ്ചായത്തുകളുടെ മാത്രം 1,23,437 പ്രോജക്ടുകൾ വെറ്റ് ചെയ്തുകഴിഞ്ഞു.

അതുകൊണ്ട് നിങ്ങൾ ഇവിടെ പറയുന്ന കണക്കുകൾക്ക് സത്യം പറയുന്ന ഒരു വലിയ വെബ്സൈറ്റ് ഇപ്പോൾ ഇവിടെയുണ്ട്. മാത്രമല്ല, ഇതിനോടൊപ്പം സംഖ്യകൂടി ഉൾപ്പെടുത്തിയാൽ എത്ര രൂപയാണ് വരുന്ന ദിവസങ്ങളിൽ ഓരോരുത്തരും ചെലവഴിക്കുന്നത് എന്നുള്ള കണക്കടക്കം വിരൽ തുമ്പിൽ കിട്ടുന്ന അവസ്ഥയിലേയ്ക്ക് ഈയൊരു സംവിധാനത്തെ മാറ്റിയതിൽ ഞങ്ങളെ അഭിനന്ദിക്കണ്ട, അവഹേളിക്കരുതെന്ന് മാത്രമേ പറയാനുള്ളൂ.

ശ്രീ. ബി. സത്യൻ: ജില്ലാ ആസൂത്രണ സമിതിയാണ് ജില്ലയിലെ പദ്ധതി കൾക്ക് അംഗീകാരം കൊടുക്കേണ്ടത്. ബഹുമാനപ്പെട്ട മന്ത്രിയോ, തദ്ദേശവ കുപ്പ് സെക്രട്ടറിയോ, തദ്ദേശഭരണവകുപ്പുമന്ത്രിയോ, പഞ്ചായത്ത് വകുപ്പ് മന്ത്രിയോ അല്ല. സംസ്ഥാന പ്ലാനിംഗ് പ്രോസസ്സിൽ അംഗീകരിക്കപ്പെട്ട പ്രകാരം ജില്ലാ ആസൂത്രണ സമിതിയാണ് പദ്ധതികളുടെ പരിശോധന നടത്തി അംഗീകാരം കൊടുക്കേണ്ടത്. ജില്ലാ ആസൂത്രണ സമിതിയിൽ പ്രോജക്ടുകൾ സമർപ്പിച്ചുവെന്നാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞത്. എന്നാൽ, ജില്ലാ ആസൂത്രണ സമിതി മുനിസിപ്പാലിറ്റികൾ ഉൾപ്പെടെയുള്ള 10 സ്ഥാപനങ്ങളുടെ പരിശോധന നടത്തി ഇന്നലെ അംഗീ കാരം നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രിക്ക് അക്കാര്യം പരിശോധിക്കാവു ന്നതാണ്.

ഡോ. എം. കെ. മുനീർ: പുതുക്കിയ പദ്ധതി രൂപരേഖ വായിച്ചിട്ടില്ല. ഇപ്രാവശ്യത്തെ പദ്ധതി രൂപരേഖയനുസരിച്ച് ഡി.പി.സി.യിൽ കരട് പദ്ധതി രൂപരേഖ അവതരിപ്പിച്ചാൽ മാത്രം മതി, ഡി.പി.സി. അംഗീകാരം കൊടു ക്കേണ്ട ആവശ്യമില്ല. വെറ്റിംഗ് ഓഫീസർമാർ അതിനുള്ള അംഗീകാരം കൊടുത്തുകൊണ്ടിരിക്കുകയാണ്. ഈ പദ്ധതികൾക്ക് ടെക്നിക്കലായി അംഗീ

കാരം കൊടുക്കേണ്ടതാരാണ്? എഞ്ചിനീയർ എന്ന് പറയുമ്പോൾ എല്ലാവരും ഇങ്ങനെ പേടിക്കുന്നത് എന്തിനാണ്. ഒരു പഞ്ചായത്ത് മെമ്പറെക്കാൾ അഗ്രികൾച്ചറിനെ സംബന്ധിച്ചുള്ള ടെക്നിക്കൽ നോളഡ്ജ് അഗ്രിക്കൾച്ചറൽ ഓഫീസർക്കാണുള്ളത്. ഈ ഭരണത്തിൻകീഴിലുള്ള ഇവരെല്ലാം അഴിമതിക്കാരായതുകൊണ്ട് ഇതെല്ലാം പ്രശ്നമാകുമെന്നും അതുകൊണ്ട് റിട്ടയേർഡ് ആളുകളെ വച്ച് മാത്രമേ ഇത് നടക്കൂവെന്നുമുള്ള തിയറിയുടെ അർത്ഥമെന്താണെന്ന് മനസ്സിലാകുന്നില്ല.

ഡോ. ടി. എം. തോമസ് ഐസക്: പദ്ധതികളെന്ന് പറഞ്ഞാൽ പ്രോജക്ടുകളുടെ ഒരു കൂട്ടമല്ല. അതിന്റെ വരുംവരായ്കകൾ നോക്കി മുൻഗണന നിശ്ചയിച്ച് സർക്കാരിന്റെ മാർഗ്ഗനിർദ്ദേശപ്രകാരമാണോ പ്രോജക്ടുകൾ തെരഞ്ഞെടുത്തത് എന്നത് പദ്ധതിരേഖയുടെ ഭാഗമായി മാറണം. അതിനുവേണ്ടിയാണ് സെമിനാറുകളും കർമ്മസമിതികളുമൊക്കെ സംഘടിപ്പിക്കുന്നത്. ഇപ്പോൾ എന്താണ് സംഭവിച്ചിരിക്കുന്നത്? നിങ്ങൾ കൊടുത്ത മാർഗ്ഗനിർദ്ദേശ പ്രകാരം ഈ പദ്ധതിരേഖ പാസ്സാക്കാനോ രൂപീകരിക്കാനോ പറ്റില്ല. അതുകൊണ്ട് പ്രോജക്ട് തയ്യാറാകുന്നമുറയ്ക്ക് മേലുദ്യോഗസ്ഥരുടെ അംഗീകാരത്തോടുകൂടി പദ്ധതി നടപ്പിലാക്കിക്കോളൂ, അതിന് പദ്ധതിരേഖയോ ഡി.പി.സി.യുടെ മുൻകൂർ അനുവാദമോ ആവശ്യമില്ല. പ്രോജക്ടുകൾ തയ്യാറാവുന്ന മുറയ്ക്ക് നടപ്പിലാക്കാമെന്ന് ഉത്തരവിറക്കിയിട്ടുണ്ടോ?

ശ്രീ. വി. ശിവൻകുട്ടി: സർ, അധികാര വികേന്ദ്രീകരണത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ഒരു ബോഡിയായിരുന്നു ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും ജില്ലാ കളക്ടർ കൺവീനറും ജില്ലയിലെ എല്ലാ ഡിപ്പാർട്ടുമെന്റ് തലവന്മാരും അംഗങ്ങളുമായിട്ടുള്ള സമിതി. ഈ സമിതിയാണ് പദ്ധതികൾക്കൊക്കെ അംഗീകാരം കൊടുക്കുന്നത്. ഇപ്പോൾ ഇങ്ങനെയൊരു സംവി

ധാനം കൊണ്ടുവന്നതിന്റെ അടിസ്ഥാനത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായിട്ടുള്ള ഈ സമിതിയുടെ പ്രസക്തി പൂർണ്ണമായി നഷ്ടപ്പെട്ടിരിക്കുകയാണെന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം.

ഡോ. എം. കെ. മുനീർ: കേന്ദ്ര നിയമത്തിനനുസൃതമായി ഡി.പി.സി.ക്ക് എന്തൊക്കെ അധികാരങ്ങളാണ് ഉള്ളതെന്നതിനെപ്പറ്റി ഇവിടെയൊരു നിയമമുണ്ടല്ലോ? അതിനെ അതിലംഘിച്ചുകൊണ്ട് ഒന്നും ചെയ്യാൻ സാധിക്കില്ല. ഡി.പി.സി.ക്ക് കേന്ദ്രഗവൺമെന്റ് പറഞ്ഞിട്ടുള്ള നിയമമെന്താണോ ആ അംഗീകാരവും അധികാരവും മുഴുവൻ നിലനിർത്തിക്കൊണ്ടാണ് ഇപ്പോൾ ഇത് ചെയ്തിട്ടുള്ളത്. അധികാരവികേന്ദ്രീകരണത്തിന്റെ ഭാഗമായി പഞ്ചായത്തുകൾക്ക് ലഭിച്ച അധികാരമുപയോഗിച്ച് തയ്യാറാക്കുന്ന പ്രോജക്ടുകളിൽ പലതും പലതവണ ഗവൺമെന്റിലേയ്ക്ക് അയച്ച് കറക്ട് ചെയ്തതിനുശേഷം ഗവൺമെന്റ് അംഗീകരിക്കുകയും അംഗീകാരം ലഭിക്കാത്ത പ്രോജക്ടുകൾ വീണ്ടും കറക്ഷൻ ചെയ്തതിനുശേഷമാണ് ഇവിടെ പറഞ്ഞപ്രകാരമുള്ള നമ്പറിലെത്തിയിട്ടുമുള്ളത്. കറക്ഷൻ വേണ്ടതുമുഴുവൻ കറക്ട് ചെയ്യുകയും അംഗീകരിക്കാത്ത ചില പ്രോജക്ടുകൾ റദ്ദാക്കി പകരം പ്രോജക്ടുകൾ സമർപ്പിച്ചാണ് ഈ രീതിയിൽ എത്തിയിട്ടുള്ളത്. മാത്രമല്ല, ഇനി ഫെബ്രുവരി മുതൽ അടുത്ത വർഷത്തേയ്ക്കുള്ള പ്രോജക്ടുകൾ നിങ്ങൾക്ക് അപ്‌ലോഡ് ചെയ്യാനുള്ള അനുമതി ഇവിടെയുണ്ട്. അടുത്ത വർഷം മുതൽ വളരെ വലിയൊരു സ്പേസാണ് ഇതിനുവേണ്ടി കിട്ടുന്നത്. മാത്രമല്ല, അടുത്ത വർഷംമുതൽ കരട് രൂപത്തിൽ ഡി.പി.സി.ക്ക് വരുന്ന പ്രോജക്ടുകൾക്കുള്ള അംഗീകാരവും ഡി.പി.സി. കൊടുക്കണമെന്നും അതിനുശേഷം മാത്രമേ പദ്ധതി സ്റ്റാർട്ടുചെയ്യാൻ പാടുള്ളൂവെന്നും പറഞ്ഞിട്ടുണ്ട്. അത്യാവശ്യം കുറച്ച് ലേറ്റായിട്ടാണ് പദ്ധതികളുടെ രൂപരേഖകൾ വരുന്നത് എന്നുള്ളതുകൊണ്ടുള്ള ഒരു

റിലാക്സേഷൻ ഉണ്ടാകുന്നുണ്ട്. അല്ലാതെ ഇത് ഒരുതരത്തിലും അധികാരവി കേന്ദ്രീകരണത്തിന്റെ കടയ്ക്കൽ കത്തിവയ്ക്കുന്നതല്ല. ഇത് ഗുണകരമാണോ മോശമാണോയെന്ന് പഞ്ചായത്ത് പ്രസിഡന്റ്മാർ മൊത്തത്തിൽ വിളിച്ചിരുത്തി പരിശോധിക്കേണ്ട കാര്യമാണ്. അവർക്കാണല്ലോ ഇതിനെക്കുറിച്ച് അവസാന മായി പറയാനുള്ളത്. അവർക്കില്ലാത്തൊരുവികാരം നമുക്കുണ്ടാവേണ്ട ആവ ശ്യമില്ലല്ലോ?

ശ്രീ. പാലോട് രവി: അധികാരവികേന്ദ്രീകരണത്തിനുശേഷം നടപ്പിലാ ക്കിയിട്ടുള്ള ഈ പദ്ധതികൾ ഒക്ടോബർ, നവംബർ, ഡിസംബർ ജനുവരി കൂടി എടുത്ത്, ഈ കഴിഞ്ഞ നാല് വർഷക്കാലത്തെ എക്സ്പെൻഡീച്ചർ പരിശോധിച്ചുനോക്കിയാൽ ചിലസ്ഥലങ്ങളിൽ പത്ത് ശതമാനത്തിലും താഴെ മാത്രമാണുള്ളത്. അതുകൊണ്ടുതന്നെ എല്ലാ പഞ്ചായത്തുകളും അഴിമതി ഇല്ലാതാക്കി നവംബർ ഡിസംബർ മാസങ്ങളിൽ ഈ പദ്ധതി നടപ്പിലാക്കണ മെന്നാണ് ആവശ്യപ്പെടുന്നത്. ഈ ഡിസംബർ മാസത്തിൽ പദ്ധതിതുക നട പ്പിലാക്കുന്നതിൽ വളരെ ഗണ്യമായ പുരോഗതി ഈ മേഖലയിൽ ഉണ്ടാക്കാൻ സാധിക്കുമെന്ന ഉറപ്പാണ് ഗവൺമെന്റ് തരുന്നത്. അതിൽ ഉൾപ്പെട്ടിട്ടുള്ള റിട്ട യേർഡ് ഉദ്യോഗസ്ഥന്മാരെ മാറ്റി നിലവിലുള്ള ഉദ്യോഗസ്ഥന്മാർ പരിശോധി ക്കുന്നുവെന്നുള്ള ഒരു അപാകതമാത്രമാണ് ഇപ്പോൾ വന്നിരിക്കുന്നത്.

ഡോ. എം. കെ. മുനീർ: ഇക്കാര്യങ്ങൾ ചെയ്തില്ലെങ്കിൽ പ്രശ്നമൊന്നു മില്ലെന്ന് കരുതുന്നിടത്തുനിന്നും ചെയ്തില്ലെങ്കിൽ പ്രശ്നമാണെന്ന് കരുതുന്ന കമ്മിറ്റ്മെന്റിലേയ്ക്ക് ഈ വെറ്റിംഗ് കൊണ്ടുവന്നുവെന്നുള്ളതാണ് ഇതിന്റെ വ്യത്യാസം.

ഡോ. ടി. എം. തോമസ് ഐസക്: കഴിഞ്ഞ അഞ്ചുവർഷക്കാലത്തെ കണക്കുകൾ പരിശോധിക്കുകയാണെങ്കിൽ ശരാശരി 10-15 ശതമാനം പദ്ധതിതുക ലാപ്സായിട്ടുണ്ട്. കാരണം ക്യാരി ഓവർ അനുവദിച്ചിട്ടുണ്ട്. പിറ്റേവർഷം ആ തുക ആദ്യം ചെലവാകുന്നുണ്ട്. സംസ്ഥാന ശരാശരിയെടുത്താൽ 10-15 ശതമാനത്തിനപ്പുറം കഴിഞ്ഞവർഷവും ലാപ്സായിട്ടില്ല. ഇതാണ് കേരളത്തിന്റെ പൊതുവായിട്ടുള്ള സ്ഥിതി. ഏറ്റവും ഗൗരവമുള്ള മറ്റൊരുകാര്യം, കേന്ദ്രനിയമത്തിൽ ഭരണഘടനയിൽ ഡി.പി.സി.ക്ക് ഒരു പദവി നൽകിയിട്ടുണ്ട്. അത് ഒരു എനേബ്ലിംഗ് പ്രൊവിഷനാണ്. പത്ത് പതിനഞ്ച് വർഷമായി എങ്ങനെയാണ് ആ അധികാരം സംസ്ഥാനത്ത് ഉപയോഗിക്കേണ്ടതെന്നതിനെ സംബന്ധിച്ച് ഒരു ചിട്ട രൂപപ്പെടുത്തിയെടുത്തിട്ടുണ്ട്. ഇന്ത്യരാജ്യം മുഴുവൻ, കേന്ദ്ര പ്ലാനിംഗ് കമ്മീഷൻ വരെ ഡി.പി.സി. ഇങ്ങനെയാണ് പ്രവർത്തിക്കേണ്ടതെന്ന് ചൂണ്ടിക്കാണിച്ചിട്ടുണ്ട്. വലതുപക്ഷ- ഇടതുപക്ഷ വ്യത്യാസമില്ലാതെ പറയുകയാണെങ്കിൽ ഈ വർഷം ആ ചിട്ടകൾ മുഴുവൻ ഇല്ലാതാക്കി, ഡി.പി.സി. പ്രസിഡന്റ്മാരെ സ്ഥലം മാറ്റി ഇനി പ്രോജക്ടുകൾക്ക് അംഗീകാരം ലഭിക്കാൻ ഡി.പി.സിയിലേയ്ക്ക് പോകേണ്ടതില്ല എന്ന നിലപാടിലെത്തിയിരിക്കുകയാണ്. ഡി.പി.സിയിൽ പോകാതെ പ്രോജക്ടുകൾക്ക് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് നടപ്പിലാക്കാമെന്നും അഴിമതി കുറയ്ക്കണമെന്നും പറയുമ്പോൾ തന്നെ 15 ലക്ഷം രൂപവരെയുള്ള നിർമ്മാണപ്രവൃത്തികൾ ടെണ്ടറില്ലാതെ നടത്താമെന്ന നിലയിൽ എത്തിയിരിക്കുകയാണ്. ഇവിടത്തെ നിർമ്മാണപ്രവർത്തനങ്ങൾ എങ്ങനെയാണ് നടക്കുന്നതെന്ന് ഇവിടെ ഇരിക്കുന്ന എല്ലാ അംഗങ്ങൾക്കും അറിയാവുന്നകാര്യമാണ്. ഒരു കമ്മിറ്റിയുണ്ടാക്കി കോൺട്രാക്റുമായി കരാർ ഉറപ്പിക്കുകയും നിർമ്മാണപ്ര

വൃത്തികൾ ഏൽപ്പിച്ചുകൊടുക്കുകയുമാണ് ചെയ്യുന്നത്. എന്ത് കാര്യത്തിനാണ് നിർമ്മാണപ്രവൃത്തികൾക്കുള്ള ഫണ്ട് 15 ലക്ഷം രൂപ വരെയാക്കിയത്. ഇനിമുതൽ പഞ്ചായത്തുകളിൽ നടക്കുന്ന ഏതെങ്കിലും നിർമ്മാണപ്രവർത്തികൾക്ക് ടെണ്ടർ വിളിക്കാൻ സാധിക്കുമോ? ഇതിനപ്പുറം അഴിമതിക്ക് ഇനി എന്തുവേണം?

ശ്രീ. ബി. സത്യൻ: സർ, ഇവിടെയുള്ള നമ്മുടെ വികേന്ദ്രീകൃത ആസൂത്രണം എന്താണ്? സംസ്ഥാനാടിസ്ഥാനത്തിലുള്ള ആസൂത്രണത്തിലുള്ള കുറവുകൾ മനസ്സിലാക്കി ദേശീയാടിസ്ഥാനത്തിൽ വന്ന നിയമത്തിന്റെ ഭാഗമായി സംസ്ഥാനത്തെ വികേന്ദ്രീകൃത ആസൂത്രണ പ്രക്രിയയ്ക്ക് കൂടുതൽ ആക്കം കൂട്ടാനാണ് ജില്ലാ ആസൂത്രണമെന്ന നിലയിൽ, ജില്ല - ബ്ലോക്ക് - ഗ്രാമ പഞ്ചായത്ത് തുടങ്ങി ത്രിതല പഞ്ചായത്തും മുനിസിപ്പാലിറ്റിയും നഗരസഭയും ഉൾപ്പെടെ വരുന്ന നിലയിൽ ജില്ലാ ആസൂത്രണ സമിതി ഉണ്ടാക്കിയിട്ടുള്ളത്. ഈ ജില്ലാ ആസൂത്രണ സമിതിക്കുള്ള അധികാരമാണ് ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കുന്ന പദ്ധതിക്ക് അംഗീകാരം കൊടുക്കുകയെന്നുള്ളതെന്ന് ബഹുമാനപ്പെട്ട മിനിസ്റ്റർ ഇവിടെ പറഞ്ഞു. പക്ഷേ അംഗീകാരം പഞ്ചായത്തുകളോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോ വാങ്ങിയാൽപ്പോലും പദ്ധതി നിർവ്വഹണം നടത്തിക്കഴിഞ്ഞാൽ, ഏറ്റെടുത്ത ഏതെങ്കിലും ജോലി പൂർത്തിയായിക്കഴിഞ്ഞാൽ അതിന്റെ പണം കൈപ്പറ്റണമെങ്കിൽ വീണ്ടും ഡി. പി. സി. യുടെ അംഗീകാരം വാങ്ങണം. ഇപ്പോൾ ദ്രുതഗതിയിൽ കാര്യങ്ങൾ ചെയ്തുവെന്നുള്ളത് ബഹുമാനപ്പെട്ട മിനിസ്റ്റർ സമ്മതിച്ചു. അതായത് വൈകിയതുകൊണ്ടാണ് ഇത്തരത്തിൽ സുതാര്യമായി, ഈ കാര്യം നടക്കട്ടെ എന്ന നിലയിൽ കണ്ടുകൊണ്ടാണ് ഇത്തരം കാര്യങ്ങളിൽ

സഹായിക്കാനുണ്ടായിരുന്ന അഡ്വൈസറി ഗ്രൂപ്പുകളെ ഒഴിവാക്കി, നേരിട്ട് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർ ഇതിനുവേണ്ടിയുള്ള വെറ്റിംഗ് നടത്തി അംഗീകാരം കൊടുക്കട്ടെ എന്ന് നിശ്ചയിച്ചത്. ജില്ലാതലത്തിൽ, ജില്ലാ ആസൂത്രണ സമിതിയെന്ന ഒരു ഭരണഘടനാ സ്ഥാപനം ഇവിടെ നിലനിൽക്കുകയാണ്. ആ ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം വാങ്ങി, പദ്ധതി തയ്യാറാക്കി അംഗീകാരം കൊടുക്കുന്ന രീതിയാണ് ഈ കാലമത്രയും നടന്നുവന്നത്. അത് ഈ വർഷത്തോടുകൂടി ഇല്ലാതെയാകുന്നു എന്നതാണ് ഞാൻ സൂചിപ്പിച്ച ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യം. ഇവിടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ ഇതുമാത്രമല്ല, നമ്മുടെ ഭവന നിർമ്മാണം സംബന്ധിച്ചും ഇവിടെ ചർച്ച ചെയ്തു. 14-12-2012-ൽ ഇ. എം. എസ്. ഭവന പദ്ധതിയെ സംബന്ധിച്ച് ബഹുമാനപ്പെട്ട മിനിസ്റ്റർ ശ്രീ. എ. എം. ആരിഫിന് കൊടുത്ത ഒരു മറുപടിയിൽത്തന്നെ പറയുന്നുണ്ട്, ഇ. എം. എസ്. ഭവന പദ്ധതി പ്രകാരം 2011 മാർച്ച് 31 വരെ ഭവന നിർമ്മാണത്തിനായി 65,787 വീടുകൾ പൂർണ്ണമായും 63,047 വീടുകൾ ഭാഗികമായും നിർമ്മിക്കുന്നതിനുള്ള ധനസഹായം നൽകിയിട്ടുണ്ട്.

മി. ചെയർമാൻ: പ്ലീസ്....കൺക്ലൂഡ്

ശ്രീ. ബി. സത്യൻ: ഈ സർക്കാർ അധികാരമേറ്റ ശേഷം മറ്റേതെങ്കിലും സ്കീമിൽ പഞ്ചായത്തുകൾക്ക് വീട് വയ്ക്കാനുള്ള ധനസഹായം കൊടുത്തോ? ഈ വക ചോദ്യങ്ങൾക്ക് ഇ. എം. എസ്. സമ്പൂർണ്ണ ഭവന പദ്ധതി തുടരുന്നില്ലെന്ന് അർത്ഥമാക്കത്തക്ക നിലയിലുള്ള മറുപടിയാണ് നൽകിയിരിക്കുന്നത്. ഇ. എം. എസ്. ഭവന പദ്ധതിക്കുപകരം ഐ. എ. വൈ.പദ്ധതിയാണ് പറഞ്ഞിരിക്കുന്നത്. ഐ. എ. വൈ. പദ്ധതിയെ സംബന്ധിച്ച് 14-10-2012-ലെ മലയാള മനോരമ പത്രത്തിൽ വന്നിട്ടുണ്ട് -

'ബ്ലോക്ക് പഞ്ചായത്തുകൾക്കുള്ള പണം വെട്ടിക്കുറയ്ക്കുന്നു'. ഐ. എ. വൈ. പദ്ധതി പ്രകാരം അതിന്റെ പ്രധാനപ്പെട്ട നോഡൽ ഏജൻസിയായ ബ്ലോക്ക് പഞ്ചായത്തിനാണ് ഫണ്ട് വരുന്നത്.

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): സർ, അങ്ങേയ്ക്ക് ഒരു കാര്യം അറിയാമോ? ഈ ഗവൺമെന്റ് വരുമ്പോൾ ഇ. എം. എസ്. ഭവന പദ്ധതി നിർത്തലാക്കിയിരുന്നു. 2011 മാർച്ച് മുതൽ ഇ. എം. എസ്. ഭവന പദ്ധതി നിർത്തണമെന്ന് പറഞ്ഞുകൊണ്ടുള്ള ഉത്തരവാണ് ഞാൻ വരുമ്പോൾ ഉള്ളത്. ഞാൻ വന്നപ്പോൾ, ഇത്ര എങ്കിലും വീടുകൾ ഇ. എം. എസ്. ഭവന പദ്ധതിയിലൂടെ വരട്ടെ എന്നുള്ള ആഗ്രഹത്തിൽ ഇ. എം. എസ്.-നെ ബഹുമാനിച്ചുകൊണ്ട് അതിന് ഒരു വർഷം കൂടി സമയം കൊടുത്തു. അതുകൊണ്ടാണ് ഇത്രയധികം വീടുകൾ നമുക്ക് പൂർത്തീകരിക്കാൻ സാധിച്ചത്. ആ സമയത്ത് ഇതിനുവേണ്ടിയുള്ള പലിശ കൊടുക്കുന്നതിനുവേണ്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് സെക്കണ്ടറി ബാങ്കിന് കൊടുത്തു. പക്ഷേ സെക്കണ്ടറി ബാങ്കുകൾ പ്രൈമറി ബാങ്കുകൾക്ക് കൊടുക്കാത്തതിന്റെ പേരിൽ പലിശയും കൊടുക്കുന്നില്ലായിരുന്നു. 400 കോടി രൂപ ഹഡ്കോയിൽ നിന്നെടുത്ത് ഈ മുഴുവൻ പ്രശ്നങ്ങൾക്കും പരിഹാരമുണ്ടാക്കിക്കൊടുക്കാനാണ് ഇപ്പോൾ ഞങ്ങൾ എടുത്തിട്ടുള്ള ഡിസിഷൻ. അതായത് ഞങ്ങൾ നീട്ടിക്കൊടുത്ത ഡേറ്റുവരെ ആരൊക്കെ എഗ്രിമെന്റ് വച്ചിട്ടുണ്ടോ അവർ വീട് തുടങ്ങിയിട്ടില്ലെങ്കിലും തുടങ്ങിയിട്ടുണ്ടെങ്കിലും അത് മുഴുവൻ പൂർത്തീകരിച്ചുകൊടുക്കാനുള്ള ഡിസിഷൻ ഈ ഗവൺമെന്റ് വന്നതിനുശേഷം എടുക്കുകയാണ് ചെയ്തത്.

മി. ചെയർമാൻ: ശ്രീ. ബി. സത്യൻ, പ്ലീസ് കൺക്ലൂഡ്

ഡോ. ടി. എം. തോമസ് ഐസക്: പോയിന്റ് ഓഫ് ഓർഡർ. ........ഓർഡറിന്റെ കോപ്പി സഭയിലെ മേശപ്പുറത്ത് വയ്ക്കണം. കഴിഞ്ഞ സർക്കാർ ഇ. എം. എസ്. പാർപ്പിട പദ്ധതി നിർത്തലാക്കിക്കൊണ്ട് ഒരു ഉത്തര വിറക്കിയിരുന്നു, അതാണ് അദ്ദേഹം വന്നപ്പോൾ ഉണ്ടായതെന്ന് അദ്ദേഹം പറഞ്ഞു. ആ ഓർഡർ സഭയുടെ മേശപ്പുറത്ത് വയ്ക്കണം.

ഡോ. എം. കെ. മുനീർ: സർ, ഇ. എം. എസ്. ഭവന പദ്ധതിയുടെ കാലാവധി തീരുന്നത് 2009-2011 കാലയളവിലാണ്. അതായത് ഇ. എം. എസ്. ഭവന പദ്ധതി നടപ്പിലാക്കാനുള്ള കാലാവധി 2009 മുതൽ 2011 വരെയാണ്. ഞങ്ങൾ വരുമ്പോൾ 2011 ആണ്. അത് 2012 വരെ നീട്ടിക്കൊടുത്തത് ഞങ്ങളാണ്.

മി. ചെയർമാൻ: ശ്രീ. ബി. സത്യൻ.....പ്ലീസ് കൺക്ലൂഡ്........time is over.

ശ്രീ. ബി. സത്യൻ: ഇ. എം. എസ്. ഭവന പദ്ധതി തുടരുമെന്ന് പ്രഖ്യാപിക്കുന്നതിനെ സ്വാഗതം ചെയ്യുന്നു. അതിൽ തർക്കമില്ല. ഇവിടെ ഞാൻ സൂചിപ്പിക്കുന്നത്, ഇപ്പോൾ നിലവിൽ പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്കും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും കൊടുത്തിരിക്കുന്ന നിർദ്ദേശത്തിൽ ഒരിടത്തും ഇ. എം. എസ്. സമ്പൂർണ്ണ ഭവന പദ്ധതി തുടരുമെന്ന നിർദ്ദേശമില്ല. പഴയത് പൂർത്തീകരിക്കുന്നത് എന്നായിരിക്കും ബഹുമാനപ്പെട്ട മിനിസ്റ്റർ ഉദ്ദേശിച്ചത്.

(അദ്ധ്യക്ഷവേദിയിൽ ഡെപ്യൂട്ടി സ്പീക്കർ )

മി. ഡെപ്യൂട്ടി സ്പീക്കർ: 26 മിനിറ്റായി.

ശ്രീ. ബി. സത്യൻ: കൂടുതൽ സമയം മറ്റ് ആളുകളാണ് എടുത്തത്, ഞാനല്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: 26 മിനിറ്റായി. പ്ലീസ് കൺക്ലൂഡ്.

ശ്രീ. ബി. സത്യൻ: സർ, ഐ. എ. വൈ. പദ്ധതി, അതുകൂടി വ്യക്തമാക്കണം. പ്രിയപ്പെട്ട മിനിസ്റ്റർ ഇതിൽ താൽപ്പര്യമെടുത്ത ആളെന്ന നിലയിൽ ഐ. എ. വൈ. പദ്ധതി മാത്രമാണോ, നിലവിൽ 2012-13 വർഷത്തിലേയ്ക്ക് പോകുമ്പോൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കുന്ന ഭവന നിർമ്മാണ പദ്ധതി ഐ. എ. വൈ. പദ്ധതി പ്രകാരമുളളത് മാത്രമാണോ അതോ ഇ. എം. എസ്. സമ്പൂർണ്ണ ഭവന പദ്ധതി 2012-13 വരെ തുടരുമോ എന്നുകൂടി വ്യക്തമാക്കണം. അതുപോലെ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ .......

ശ്രീ. കെ. സി. ജോസഫ്: സർ, ഇ. എം. എസ്. ഭവന നിർമ്മാണ പദ്ധതിക്ക് പകരമല്ല ഐ. എ. വൈ. ഐ. എ. വൈ. ആദ്യമുണ്ടായി. പിന്നെയാണ് ഇ. എം. എസ്. ഭവന പദ്ധതിയുണ്ടായത്. ഈ ഗവൺമെന്റാണ് ഇ. എം. എസ്. സ്കീമിലും ഐ. എ. വൈ. - ലും ഒരു വീടിന് 2 ലക്ഷം രൂപയാക്കിയത്. നിങ്ങൾ ഇ. എം. എസ്. സ്കീമുണ്ടാക്കി.. നിങ്ങളുടെ ഗവൺമെന്റ് ഒരു പൈസ പോലും കൊടുത്തില്ല. നിങ്ങൾ എന്ത് പറഞ്ഞു? പഞ്ചായത്തുകളുടെ പ്ലാൻ ഫണ്ട് പണയം വച്ച് പൈസ വാങ്ങാൻ പറഞ്ഞു. ഞങ്ങൾ വന്നതിനുശേഷം ഇ. എം. എസ്. സ്കീമിന്റെ തുക 2 ലക്ഷമാക്കി, ഐ. എ. വൈ. 2 ലക്ഷമാക്കി. കേരളത്തിലെ ചരിത്രത്തിലാദ്യമായി സംസ്ഥാന ഗവൺമെന്റ് ഒരു വീടിന് 75,000 രൂപ മാറ്റിവച്ചു. ഇതെല്ലാം അറിയാവുന്ന അങ്ങ് ദയവായി സഭയെ മിസ്‌ലീഡ് ചെയ്യരുത്.

ഡോ. ടി. എം. തോമസ് ഐസക്: ..........(മൈക്ക് ഓഫ്)......സഭയെ തെറ്റിദ്ധരിപ്പിക്കുകയാണ്. 75,000 രൂപ അഡീഷണലായി നീക്കിവച്ചുവെന്ന് പറഞ്ഞു. 100 കോടി രൂപയായി ആ ഓർഡറിൽ ലിമിറ്റ് ചെയ്തിട്ടില്ലേ? 820 കോടി രൂപയുടെ സ്ഥാനത്ത് 100 കോടി രൂപ മാത്രമല്ലേ നീക്കിവച്ചുള്ളൂ.

ശ്രീ. കെ. സി. ജോസഫ്: അങ്ങ് മുൻ ധനകാര്യ വകുപ്പുമന്ത്രിയാണ്. അങ്ങേയ്ക്ക് എല്ലാം അറിയാം. 100 കോടി രൂപ ആദ്യം വകവച്ചു. എത്ര കോടി വേണമോ അത് മുഴുവൻ കൊടുക്കും.

ഡോ. ടി. എം. തോമസ് ഐസക്: ഈ പറഞ്ഞ ഉത്തരവ് ബഹുമാനപ്പെട്ട മന്ത്രി സഭയിൽ വയ്ക്കണം. കാരണം, ആ ഉത്തരവ് ഞാനും വായിച്ചിട്ടുള്ളതാണ്. 75,000 രൂപ ആദ്യ ഗഡുവായിട്ടല്ല, 'is limited to the provision of 100 crore Rupees'. എന്നാണ് പറഞ്ഞിട്ടുള്ളത്.

ശ്രീ. കെ. സി. ജോസഫ്: 5 കൊല്ലം അങ്ങ് കേരളത്തിന്റെ ഫിനാൻസ് മിനിസ്റ്ററായിരുന്നു. ഇത്തവണത്തെ ബഡ്ജറ്റിൽ ധനകാര്യ വകുപ്പുമന്ത്രി ശ്രീ കെ. എം. മാണി പറഞ്ഞിട്ടുണ്ട്, ഐ. എ. വൈ. - യുടെ വിഹിതം വർദ്ധിപ്പിക്കുന്നു. ഒരു വീടിന് 75,000 രൂപ കൊടുക്കും. ആ വാക്ക് ഞങ്ങൾ പാലിക്കും. സംശയം വേണ്ട.

ഡോ. ടി. എം. തോമസ് ഐസക്: ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇപ്രകാരം ചെയ്യുമെന്ന് സഭയിൽ പറഞ്ഞതിനുശേഷമാണ് ഉത്തരവ് ഇറങ്ങിയിട്ടുള്ളത്. ആ ഉത്തരവിൽ 75,000 രൂപ കൊടുക്കുന്നു. പക്ഷേ '**limited to 100 Crore Rupees'**എന്ന് പറഞ്ഞിട്ടുണ്ട്.

<u>ശ്രീ. കെ. സി. ജോസഫ്</u>: ആ പദ്ധതി പൂർത്തിയാക്കാൻ ഇനിയും പണം ആവശ്യമുണ്ടെങ്കിൽ കൊടുക്കാൻ ഗവൺമെന്റ് ബാദ്ധ്യസ്ഥമാണ്. ഒരു സംശയവും വേണ്ട.

<u>ഡോ. ടി. എം. തോമസ് ഐസക്</u>: ഇത് വളരെ ഗൗരവമായിട്ടുള്ള കാര്യമാണ്. സർക്കാർ കൊടുക്കാൻ ബാദ്ധ്യസ്ഥമാണ്. പക്ഷേ അതിനിടയ്ക്ക് പഞ്ചായത്തുകൾ പദ്ധതി തയ്യാറാക്കണ്ടേ? എത്ര രൂപ മാറ്റിവച്ചിട്ടുള്ള ഒരു അനുമാനത്തിന്റെ അടിസ്ഥാനത്തിൽ അവർ പണം വകയിരുത്തും? ഒരൊറ്റ ബ്ലോക്ക് പഞ്ചായത്ത് പദ്ധതി രേഖ തയ്യാറാക്കിയിട്ടില്ല.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ബഹുമാനപ്പെട്ട സത്യൻ......

<u>ശ്രീ. കെ. സി. ജോസഫ്</u>: ഒരു വീടിന് 2 ലക്ഷം രൂപ. സംസ്ഥാന ഗവൺമെന്റിന്റെ വിഹിതം 75,000 രൂപ. സംസ്ഥാന ഗവൺമെന്റും കേന്ദ്രവും കൂടി 42,500 രൂപ. ബാക്കി പണം 25 ശതമാനം ഗ്രാമപഞ്ചായത്ത് 50 ശതമാനം ജില്ലാ പഞ്ചായത്ത് 50 ശതമാനം ബ്ലോക്ക് പഞ്ചായത്ത് - ആ റേഷ്യോയിലാണ് കൊടുക്കുന്നത്.

<u>ഡോ. ടി. എം. തോമസ് ഐസക്</u>: .........(മൈക്ക് ഓഫ്)..... എസ്. ബി. ടി.-യിൽ ഈ പറയുന്ന 75,0000 രൂപയുടെ പണം വകയിരുത്തിയിട്ടില്ല. യഥാർത്ഥത്തിൽ അവകാശലംഘനമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ഇത്രയും വ്യക്തമായി പറഞ്ഞിട്ടും ഇല്ലാത്ത കാര്യം ഉണ്ടെന്ന് മന്ത്രി പറഞ്ഞു കൊണ്ടിരിക്കുകയാണ്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: എന്താണ് പോയിന്റ് ഓഫ് ഓർഡർ? പ്ലീസ്... പ്ലീസ്.....

ശ്രീ. സി. പി. മുഹമ്മദ്: .......(മൈക്ക് ഓഫ്)......വഴങ്ങിക്കൊടുക്കാറുണ്ട്. ഇത് മണിക്കൂറുകളോളം വഴങ്ങിക്കൊടുത്തിട്ട് പ്രസംഗത്തിന്റെ മൂലസ്ഥാനം തെറ്റിക്കുന്നത് ഓർഡറിലാണോ?

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട സത്യൻ.......പ്ലീസ് അര മണിക്കൂർ കഴിഞ്ഞു. പ്ലീസ്....പ്ലീസ് കൺക്ലൂഡ്.

ശ്രീ. ബി. സത്യൻ : 14.10.2012-ലെ മലയാള മനോരമ പത്രത്തിൽ വന്ന കാര്യം ഇവിടെ പറഞ്ഞുവെന്നേയുള്ളു. ഐ.എ.വൈ. പദ്ധതി പ്രകാരമുള്ള പദ്ധതി പണം ബ്ലോക്ക് പഞ്ചായത്തുകൾക്ക് നീക്കിവയ്ക്കുന്നതിൽ വളരെ ഗുരുതരമായിട്ടുള്ള പിശകും കുറവുമാണ് സംഭവിച്ചിരിക്കുന്നത്. അങ്ങ് ഇവിടെ പറഞ്ഞതുപോലെതന്നെ 25:50:25 എന്ന അനുപാതത്തിൽ വീട് നിർമ്മാണത്തിനുവേണ്ടി രണ്ട് ലക്ഷം രൂപയായി ഉയർത്തിയെന്ന് പറയുമ്പോൾതന്നെ വലിയ കുറവും വരുത്തിയിട്ടുണ്ട്. ഇവിടെ ഗ്രാമപഞ്ചായത്തുകൾ തയ്യാറാക്കുന്ന പദ്ധതികളോടൊപ്പം അനുപൂരകമായി ബ്ലോക്ക്/ജില്ലാ പഞ്ചായത്ത് പദ്ധതി തയ്യാറാക്കുമ്പോൾ ബ്ലോക്ക് പഞ്ചായത്തിന് തുക മാറ്റിവയ്ക്കാൻ കഴിയുന്നില്ല എന്ന ഗൗരവമായിട്ടുള്ള അവസ്ഥ ഞാൻ ശ്രദ്ധയിൽപ്പെടുത്തുന്നു. അതുപോലെതന്നെ പട്ടികവിഭാഗത്തിൽപ്പെട്ടവരുടെ പദ്ധതി പണം ചെലവഴിക്കാതെ വന്നാൽ അടുത്ത വർഷം ജനറൽ ഫണ്ടിൽ നിന്നും കുറവുചെയ്യണമെന്ന സുപ്രധാനമായ തീരുമാനവും മാറ്റിയിരിക്കുന്നു. അതുവഴി 2011-12 വർഷത്തിൽ ഈ വിഭാഗത്തിൽപ്പെട്ടവർക്ക് ചെലവഴിക്കേണ്ട ഏതാണ്ട് 150 കോടിയോളം രൂപ ലാപ്സായിരിക്കുന്നുവെന്ന ഗൗരവമായ സ്ഥിതിയും ഞാൻ ഇവിടെ പറയുകയാണ്. അങ്ങനെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പൊതുവായിട്ടുള്ള ജനാധിപത്യപരമായ പ്രവർത്തനങ്ങൾ

മുന്നോട്ടുകൊണ്ടുപോകാൻ കഴിയാത്ത നിലയിലുള്ള ഒരു അവസ്ഥ വന്നെത്തി നിൽക്കുന്നുവെന്ന സ്ഥിതി ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. ഞാൻ നേരത്തെ മൂവ് ചെയ്ത പ്രമേയത്തോടൊപ്പം നിൽക്കുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ : ബഹുമാനപ്പെട്ട കെ.എൻ.എ. ഖാദർ, അങ്ങേയ്ക്ക് 2(ബി) നമ്പർ ഭേദഗതി അവതരിപ്പിച്ച് സംസാരിക്കാവുന്നതാണ്.

ശ്രീ. കെ. എൻ. എ. ഖാദർ : സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2012-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. പഞ്ചായത്ത് രാജ് സംവിധാന പ്രകാരം ജനപ്രതി നിധികളായിട്ട് തെരഞ്ഞെടുക്കപ്പെടുന്ന ആളുകൾക്ക് സ്വത്ത് വിവരം വെളിപ്പെ ടുത്തുന്നതിന് 15 മാസം വരെ സമയം അനുവദിക്കാമോ ഇല്ലയോ എന്ന വിഷ യമാണ് ഇവിടെ അവതരിപ്പിക്കപ്പെട്ട ഭേദഗതിയുടെ അടിസ്ഥാനത്തിൽ നമ്മൾ ചർച്ച ചെയ്യുന്നത്. ഈ സ്വത്ത് വിവരം വെളിപ്പെടുത്തുക എന്ന പ്രവർത്തി ഒരാൾ നോമിനേഷൻ കൊടുക്കുമ്പോൾ തന്നെ ചെയ്യുന്നുണ്ട്. അത് കഴിഞ്ഞ് പുതിയ മെമ്പർമാരായി വരുമ്പോൾ അവർക്ക് സ്വത്ത് വിവരം യഥാസമയം വെളിപ്പെടുത്താത്തപക്ഷം അയോഗ്യത കൽപ്പിക്കുകയാണ് പതിവ്. ആ അയോഗ്യതയിൽ നിന്നും പുതുതായി ജനപ്രതിനിധികളായി പഞ്ചായത്ത് ഭര ണത്തിലേയ്ക്ക് വരുന്ന ആളുകളെ രക്ഷിക്കുന്നതിനുവേണ്ടിയാണ് ബഹുമാന പ്പെട്ട മന്ത്രി ഇതുപോലുള്ള ഭേദഗതി കൊണ്ടുവന്നിട്ടുള്ളത് എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഒരാളിന്റെ സാമ്പത്തിക സ്ഥിതി, സ്വത്ത് വിവരത്തെ സംബന്ധിച്ച് അറിയണമെങ്കിൽ നോമിനേഷൻ കൊടുത്തതുമുതൽ അയാൾ വെളിപ്പെടുത്തുന്നതുവരെ അതിൽ വല്ല വർദ്ധനവും വന്നിട്ടുണ്ടെങ്കിൽ അത്

മനസ്സിലാക്കാനുള്ള സൗകര്യം ഇത് രണ്ടും വച്ചുനോക്കിയാൽ കിട്ടുകയും ചെയ്യും. പക്ഷേ ഇങ്ങനെയൊക്കെയാണെങ്കിലും ഇത് വളരെ പ്രോത്സാഹജന കമായ ഒരു കാര്യമാണെന്ന അഭിപ്രായം എനിക്കില്ല. ഇത്ര നീട്ടിക്കൊടു ക്കാതെ ഒരു തവണത്തേക്കോ അല്ലെങ്കിൽ കുറച്ചുകാലത്തേയ്ക്ക് ചെയ്യാമെ ന്നല്ലാതെ സ്ഥിരമായി ഇങ്ങനെ 15 മാസം കഴിഞ്ഞിട്ട് മതിയാകും എന്ന് കരു താതിരിക്കുന്നതാണ് ഭേദം എന്ന ഒരു അഭിപ്രായം കൂടി ഞാൻ രേഖപ്പെടുത്തു കയാണ്. സ്വത്ത് വിവരം വെളിപ്പെടുത്തുന്ന കാര്യമായതുകൊണ്ട് വൺടൈം വേണമെങ്കിൽ അനുവദിക്കാം. ഇവിടെ ഇപ്പോൾ നടന്ന ഡിസ്ക്കഷനുകളിൽ മുഴുവൻ ജനപ്രതിനിധികളെ ഒരു ഭാഗത്ത് നിറുത്തി ഉദ്യോഗസ്ഥന്മാരെ മറുഭാ ഗത്തും നിറുത്തിയിട്ടുള്ള ഒരു ചർച്ചയാണ് നടന്നത്. അതിൽ ഉദ്യോഗസ്ഥ വിഭാഗത്തിന് അല്ലെങ്കിൽ ടാഗ് പോലുള്ള സംവിധാനങ്ങൾക്ക് അല്ലെങ്കിൽ റിട്ട യർഡ് ആയിട്ടുള്ള എക്സ്പേർട്സിനൊക്കെ പ്രഥമ സ്ഥാനം നൽകി ജനപ്ര തിനിധികളെ രണ്ടാം സ്ഥാനത്തേയ്ക്ക് തള്ളിനീക്കുന്ന ഒരു ജനാധിപത്യവാദ മാണ് ഇവിടെ നടന്നത്. അത് തീരെ അനുകൂലിക്കാൻ കഴിയാത്ത ഒരു പ്രവ ണതയാണ്. വികേന്ദ്രീകൃത ഭരണം എന്ന് പറയുന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് താഴേയ്ക്കിടയിൽ ഇപ്പോൾ നിലവിലുള്ള ജനാധിപത്യം കൂടുതൽ ക്രിയാത്മകമായി വികസിപ്പിക്കുകയാണ് വാസ്തവത്തിൽ വേണ്ടത്. അതല്ലാതെ ടാഗ് പോലുള്ള സംവിധാനങ്ങൾ ഒഴിവാക്കിയത് എത്രമാത്രം നന്നായി എന്നാണ് താഴേയ്ക്കിടയിലുള്ള പഞ്ചായത്ത് മെമ്പർമാർ പറയു ന്നതെന്ന് ഇവിടെ ഇതിനെ എതിർക്കുന്ന ആളുകൾക്കും അറിയാവുന്ന ഒരു സംഗതിയാണെന്ന് ഞാൻ കരുതുന്നു. ഈ നിയമസഭ എന്ന് പറയുന്നത് സംസ്ഥാനതലത്തിലുള്ള ജനപ്രതിനിധികളുടെ സഭയാണ്. താഴേയ്ക്കിടയിലു

ളളവർക്ക് കൂടുതൽ സ്വാതന്ത്ര്യവും ജനാധിപത്യവത്ക്കരണത്തിനുള്ള സൗകര്യവും അവസരവും ഒരുക്കേണ്ടത് ഈ സഭയുടെ ബാധ്യതയാണെന്നാണ് ഞാൻ കരുതുന്നത്. അതല്ലാതെ ഉദ്യോഗസ്ഥന്മാരുടെ സ്ക്രീനിംഗിലാണ് ഏറ്റവും പ്രാധാന്യം കിടക്കുന്നത് എന്ന മട്ടിൽ പറയുമ്പോൾ ഉദ്ദേശം നല്ലതാണെങ്കിൽ അതിലുള്ള ദോഷം എന്താണെന്നുവച്ചാൽ ജനപ്രതിനിധികളെ ഒന്ന് അവിശ്വസിക്കുന്ന തരത്തിലേയ്ക്ക് കാര്യങ്ങൾ മാറുകയാണ്. ജനപ്രതിനിധികളെ അവിശ്വസിക്കേണ്ട കാര്യമില്ല. ഇവിടെ ഡി.പി.സി.-യുടെ കാര്യം പറഞ്ഞു. ഡി.പി.സി-ക്ക് നിലവിലുള്ള സകല അധികാരങ്ങളും നിലനിറുത്തിക്കൊണ്ടാണ് ഈ പുതിയ പരിഷ്ക്കരണത്തെക്കുറിച്ച് ആലോചിച്ചിട്ടുള്ളത്. ഈ ഗവൺമെന്റ് വന്നതിനുശേഷം 1,80,000-ൽ അധികം പ്രോജക്ടുകൾ വന്നുവെന്ന ബഹുമാനപ്പെട്ട മന്ത്രി ഈ സഭയിൽ പറയുകയുണ്ടായി. ആ 1,80,000-ൽ അധികം വന്ന പ്രോജക്ടുകളിൽ 1,40,000-ൽ അധികം പ്രോജക്ടുകളെ വെറ്റ് ചെയ്ത് അവർക്കൊക്കെ അപ്രൂവൽ കൊടുത്ത് ഇംപ്ലിമെന്റേഷൻ സ്റ്റേജിലെത്തിയെന്ന് പറഞ്ഞാൽ അതൊരു വലിയ ഡെവലപ്മെന്റാണ്. കഴിഞ്ഞകാലത്തുണ്ടായതിനെക്കാൾ വലിയൊരു ഡെവലപ്മെന്റാണെന്ന് പറയാതിരിക്കാൻ നിർവ്വാഹമില്ല. ഈ തരത്തിൽ പോകുമ്പോൾ ഇതിലിപ്പോൾ ഒരു അസിസ്റ്റന്റ് എഞ്ചിനീയറാണ് പ്രോജക്ട് ഉണ്ടാക്കുന്നതെങ്കിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് വെറ്റ് ചെയ്യാൻ അധികാരം കൊടുക്കുക എന്നു പറഞ്ഞാൽ കാര്യങ്ങൾ വളരെ വേഗത്തിലാകുക എന്നതാണ്. ഇപ്പോൾ ജനപ്രതിനിധികൾ തന്നെയാണ് അവരുടെ പ്രോജക്ടുകൾ ഉണ്ടാക്കുന്നത്. നമ്മുടെ ജനപ്രതിനിധികൾ ഈ സമ്പ്രദായം വന്നതിനുശേഷം വളരെ ഡെവലപ്പ് ചെയ്തിട്ടുണ്ട്. നമ്മൾ അത് കണ്ടില്ലെന്ന് നടിക്കാൻ പാടില്ല. നമ്മുടെ

പഞ്ചായത്തിലെ ഭരണാധികാരികൾ അത്ര മോശക്കാരല്ല. അവർ വളരെ ഡെവലപ്പ് ചെയ്തിട്ടുണ്ട്. സ്ക്കൂളിൽ പോലും പോയിട്ടില്ലാത്ത, വിദ്യാഭ്യാസ മില്ലാത്ത ജനപ്രതിനിധികൾ വരെ പഞ്ചായത്ത് ഭരണം നന്നായി നടത്തുന്ന തിന്റെ അത്ഭുതകരമായ ദൃശ്യങ്ങൾ നമുക്ക് താഴേയ്ക്കിടയിലേയ്ക്ക് പോയാൽ കാണാൻ സാധിക്കും. അപ്പോൾ നല്ല എഫിഷ്യന്റായിട്ടുള്ള ജനപ്ര തിനിധികളുണ്ട്. അവരെ നമ്മൾ അവിശ്വസിക്കേണ്ട കാര്യമില്ല. പ്രോജക്ടു കൾ ഉണ്ടാക്കുന്നതിൽ അവർക്ക് കൂടുതൽ സ്വാതന്ത്ര്യം കൊടുത്തത് നല്ല കാര്യമാണ്. ടാഗ് പോലുള്ള സംവിധാനങ്ങൾ ഒഴിവാക്കണമെന്ന് കക്ഷി രാഷ്ട്രീയ ഭേദമന്യേ കേരളം ഒന്നായിട്ട് ആവശ്യപ്പെട്ട ഒരു കാര്യമാണ്. അത് ഒരു നല്ല കാര്യമാണെന്ന് പറയാൻ എനിക്ക് തോന്നുന്നു. അതുകൊണ്ട് ഈ ഡി.പി.സി.-യുടെ അധികാരം കുറഞ്ഞുപോയി എന്ന വാദഗതിയൊക്കെ ഈ ഭേദഗതിയെ എതിർക്കുന്നതിന് കൊണ്ടുവരുന്ന ഒരു സംഗതിയാണ്. ഇപ്പോൾ തന്നെ ബഹുമാനപ്പെട്ട മന്ത്രി തന്റെ ഐ-പാഡ് എടുത്തു കാണിച്ചിട്ട് ഏത് പഞ്ചായത്താണ് വേണ്ടതെന്ന് പറയാൻ സാധിക്കുന്ന ഒരു അവസ്ഥ വന്നി ട്ടുണ്ട്. ആർക്കും ഡൗൺലോഡ് ചെയ്ത് എടുക്കാവുന്ന രീതിയിൽ ഈ വിവ രങ്ങളൊക്കെ ഇപ്പോൾ ലഭ്യമാണ്. മാത്രവുമല്ല നമ്മുടെ ഗ്രാമപഞ്ചായത്തു കൾ വരെ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പുതിയ കമ്പ്യൂട്ടറൈസേഷന്റെ ഫല മായിട്ട് വലിയ മാറ്റങ്ങൾ വന്നിട്ടുണ്ട്. സുലേഖ എന്ന് പറയുന്ന ഒരു സോഫ്റ്റ്വെയറുണ്ട്. അതിനുപുറമേ ഇപ്പോൾ സാംഖ്യ എന്ന് പറയുന്ന വേറൊരു സോഫ്റ്റ്വെയറും കൂടി വരാൻ പോകുകയാണ്. ഈ സുലേഖ സോഫ്റ്റ്വെയർ വന്നതോടുകൂടി ഇതിന്റെ പ്രോജക്ടും അതുമായിട്ട് ബന്ധ പ്പെട്ട കാര്യങ്ങളുമൊക്കെ ലഭ്യമായി. ഇനിയിപ്പോൾ സാംഖ്യ സോഫ്ട്വെയറും അതുമായിട്ട് മിക്സ് ചെയ്ത് വരുമ്പോൾ, ഇന്റർലിങ്ക്

ചെയ്ത് വരുമ്പോൾ ഇതുമായി ബന്ധപ്പെട്ട എക്സ്പെൻഡിച്ചറിനെ സംബ ന്ധിച്ച് കൃത്യമായ കണക്കുകൾ നമുക്ക് കിട്ടാനുള്ള എല്ലാ സൗകര്യങ്ങളും ഉണ്ടാകുകയാണ്. അത്ഭുതകരമായ മാറ്റങ്ങളാണ് കമ്പ്യൂട്ടറൈസേഷനിലൂടെ ഗ്രാമപഞ്ചായത്തുകളിലൊക്കെ ഉണ്ടായിക്കഴിഞ്ഞിട്ടുള്ളത്. അത് എന്താ യാലും അഭിനന്ദനാർഹമായിട്ടുള്ള സംഗതിയാണ്. വളരെ മാതൃകാപരമായ രീതിയിലുള്ള പ്രോജക്ടുകളുണ്ടാക്കാൻ ഇന്ന് പഞ്ചായത്തുകൾക്ക് സാധിക്കു ന്നുണ്ട്. മാത്രവുമല്ല ഇതെല്ലാം കമ്പ്യൂട്ടറൈസ്ഡായി വന്നതുകൊണ്ട് ഒരു പഞ്ചായത്തിന് വേണമെങ്കിൽ മറ്റേ പഞ്ചായത്തിന്റെ മോഡലായിട്ടുള്ള പ്രോജക്ട് എടുക്കാനുള്ള സൗകര്യമുണ്ട്. പിന്നെ മുമ്പൊക്കെ പ്രോജക്ട് എത്രയായി എന്ന് എങ്ങനെയാണ് ചോദിച്ചിരുന്നത്? മന്ത്രിയുടെ ഓഫീ സിൽനിന്നോ അല്ലെങ്കിൽ ഉദ്യോഗസ്ഥന്മാരുടെ ഓഫീസിൽ നിന്നോ ഓരോ പഞ്ചായത്തുകളിലും വിളിച്ചുചോദിക്കും. അവിടെ എത്ര പ്രോജക്ടായി, എത്രാം തീയതി തീരുമെന്നൊക്കെ ചോദിക്കുകയാണ്. ആ സംവിധാനങ്ങളും ആ ജോലിയുമെല്ലാം അവസാനിച്ചു. അതിന്റെ യാതൊരു ആവശ്യവുമില്ല. എല്ലാ പഞ്ചായത്തുകളിലും വിളിച്ചുചോദിച്ചിട്ട് വിവരം ശേഖരിച്ച് ഇവിടെ പറ യുമ്പോഴേയ്ക്കും എത്ര സമയമെടുക്കും. ഒരുപാട് സമയലാഭമുണ്ടായി. ഇൻഫർമേഷൻ ടെക്നോളജിയുടെ എല്ലാ സൗകര്യങ്ങളും പഞ്ചായത്ത് വകുപ്പ് പ്രയോജനപ്പെടുത്താൻ തുടങ്ങിയതിന്റെ ഫലം വന്നുകൊണ്ടിരിക്കുക യാണ്. ആ സമയത്ത് എന്തെങ്കിലും കാര്യങ്ങൾ പറഞ്ഞ് നമ്മൾ എതിർക്കുന്ന തിൽ ഒരു കാര്യവമില്ലായെന്നാണ് എനിക്ക് തോന്നുന്നത്. മറ്റൊന്ന് പഞ്ചായ ത്തുകളിൽ സർട്ടിഫിക്കറ്റുകൾ ഇഷ്യു ചെയ്യുന്ന പ്രശ്നമാണ്.

ഡോ. തോമസ് ഐസക്ക് : വളരെ നല്ല കാര്യമാണ് കമ്പ്യൂട്ടറൈസേഷൻ. പക്ഷേ അത് ഇന്നലെ തുടങ്ങിയതല്ല. കഴിഞ്ഞ 10 വർഷമായിട്ട് നടന്നുവന്ന പ്രവർത്തനമാണ്. കഴിഞ്ഞ മൂന്ന് വർഷമായിട്ട് എക്സ്പോസ്ഡ് ആയിട്ട് പദ്ധതിരേഖ തയ്യാറാക്കിയതിനുശേഷം ഡേറ്റാ ബേസിലേയ്ക്ക് കമ്പ്യൂട്ടർ വഴി, നെറ്റ്‌വർക്ക് വഴി നൽകിയിരുന്നു. ഇപ്പോൾ അത് അംഗീകാരം വാങ്ങുന്നതിനുമുമ്പ് നൽകണമെന്നുള്ള വ്യവസ്ഥ വന്നു. മുമ്പോട്ടുള്ള കാൽവെയ്പ് നല്ല കാര്യമാണ്. പക്ഷേ ഇതാണ് വന്ന മാറ്റമെന്ന് മനസ്സിലാക്കുന്നത് നന്ന്.

ശ്രീ. കെ.എൻ.എ. ഖാദർ: സർ, എന്തായാലും കമ്പ്യൂട്ടർ വന്നതിനുശേഷമാണല്ലോ ഇതു വന്നത്. കമ്പ്യൂട്ടർ വന്നിട്ട് എത്ര കാലമായി എന്ന് നമുക്കറിയാമല്ലോ. അതിപുരാതനമായ ഒരു സംഗതിയൊന്നുമല്ല. ഇൻഫർമേഷൻ ടെക്നോളജി പ്രയോജനപ്പെടുത്താനുള്ള നടപടികൾ നേരത്തേതന്നെ ആരംഭിച്ചു കാണും. പക്ഷേ അതിന്റെ ലേറ്റർ സ്റ്റേജാണ് ഇപ്പോൾ നടക്കുന്നത്. അത് മുമ്പോട്ടുള്ള കാൽവയ്പാണെന്ന് ബഹുമാനപ്പെട്ട ഡോ. തോമസ് ഐസക് പറഞ്ഞത് വളരെ നല്ല കാര്യമാണ്. ഡെത്ത് സർട്ടിഫിക്കറ്റും ബെർത്ത് സർട്ടിഫിക്കറ്റും കിട്ടുന്നതിന് എന്തുമാത്രം പ്രയാസമാണുണ്ടായിരുന്നത്. ഇന്ന് അതിന്റെ ആവശ്യമില്ല. ഓൺലൈനിൽ ബെർത്ത് സർട്ടിഫിക്കറ്റും ഡെത്ത് സർട്ടിഫിക്കറ്റും ബന്ധുമിത്രാദികൾക്ക് എടുക്കാനുള്ള സൗകര്യമായിട്ടുണ്ട്. ഓൺലൈനിൽ നിന്നും പ്രിന്റ് എടുത്താൽ മതിയാകും. എന്തുമാത്രം സൗകര്യമാണ് ഈ കാര്യത്തിലുണ്ടായിട്ടുള്ളത്. രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിൽ അത് ഡൗൺലോഡ് ചെയ്യാനുള്ള സൗകര്യങ്ങൾ ഉണ്ട്. ഇൻഫർമേഷൻ ടെക്നോളജിയുടെ സൗകര്യം ഉപയോഗിച്ച് ടാക്സുപോലും

അടയ്ക്കാനുള്ള സൗകര്യം വരാൻ പോകുകയാണ്. അത് പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം നിസ്സാര കാര്യമാണോ.

ശ്രീ. എ. പ്രദീപ് കുമാർ: സർ, അങ്ങ് പറഞ്ഞുകൊണ്ടിരിക്കുന്നത് കമ്പ്യൂട്ടറൈസേഷന്റെ ഭാഗമായി കാര്യങ്ങൾ അതിവേഗതയിൽ നടക്കുന്നു. അതിന്റെ മികവിനെക്കുറിച്ചാണ് അങ്ങ് പറഞ്ഞത്. പൊതുവായി ശരിയാണ്. പക്ഷേ ഞാൻ കണ്ണൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റിനെ ഈ പരിസരത്ത് വച്ച് കണ്ടു. അവരുടെ വിദ്യാഭ്യാസ പദ്ധതിയുമായി ബന്ധപ്പെട്ട് ഒരു പ്രോജക്ട് ഗവൺമെന്റിലേയ്ക്ക് കൊടുത്തിരുന്നു. അവിടെ ടൈപ്പിസ്റ്റില്ല എന്നു പറഞ്ഞ് ഒരു മാസത്തിലധികമായി അത് ഡിലേയായിരിക്കുകയാണ്, ഇപ്പോഴും അവർക്ക് കിട്ടുന്നില്ല എന്നുള്ള പ്രശ്നം പറഞ്ഞു. സാങ്കേതിക വിദ്യയൊക്കെ വികസിച്ചിട്ടും ഭരണത്തിന്റെ താളപ്പിഴവ് കാരണമാണ് അത് കിട്ടാത്തതെന്നുള്ള കാര്യം അങ്ങ് മനസ്സിലാക്കിയിട്ടുണ്ടോ?

ശ്രീ. കെ.എൻ.എ. ഖാദർ: ബഹുമാനപ്പെട്ട എന്റെ സ്നേഹിതൻ പ്രദീപ്കുമാറിന് സാമൂഹിക വികാസ നിയമങ്ങളെക്കുറിച്ച് അറിയില്ലേ എന്ന് എനിക്ക് സംശയം തോന്നുകയാണ്. സാമൂഹിക വികാസ നിയമത്തിൽ നാടുവാഴിത്തം പൂർണ്ണമായി അവസാനിച്ചതിന്റെ പിറ്റേന്നല്ല മുതലാളിത്തം വരുന്നത്. അടിമ-ഉടമ സമ്പ്രദായത്തിന്റെ അവശിഷ്ടങ്ങളും നാടുവാഴിത്തത്തിന്റെ അവശിഷ്ടങ്ങളുമൊക്കെ നിലനിൽക്കുമ്പോഴായിരിക്കും മുതലാളിത്തം കൊടികുത്തിവാഴുന്നത്. അതുപോലെ ഏതൊരു പരിഷ്ക്കാരം വരുമ്പോഴു മുണ്ടാകും, പദാർത്ഥങ്ങളിലും മനുഷ്യസമൂഹത്തിലും ക്രമാനുഗതമായി ഉണ്ടാകുന്ന മാറ്റങ്ങൾ ഒരു പ്രത്യേക ഘട്ടത്തിൽ ഗുണകരമായി ഭവിക്കുമെന്നതാണ് സാമൂഹിക വികാസ നിയമത്തിലെ ഒരു പ്രധാനപ്പെട്ട ഘടകം. സാമൂഹിക വികാസ നിയമത്തിൽ ഇങ്ങനെ ക്രമാനുഗതമായുണ്ടാ

കുന്ന മാറ്റങ്ങൾ ഒരു പ്രത്യേക ഘട്ടത്തിലാണ് ഗുണകരമായി ഭവിക്കുന്നത് എന്നാണ് മാർക്സ് പറഞ്ഞിട്ടുള്ളത്. വെള്ളം ഓരോ ഡിഗ്രി ചൂടായി നൂറ് ഡിഗ്രിയാകുമ്പോഴാണ് അത് വെള്ളമല്ലാതായി തീരുന്നത്. എല്ലാ കാര്യങ്ങളും ഒരേ സമയത്ത് നടക്കണമെന്നുള്ള സങ്കല്പം വാസ്തവത്തിൽ വൈരുദ്ധ്യാധി ഷ്ഠിതമായൊരു ചിന്തയില്ലാത്തതുകൊണ്ടാണ് ശ്രീ. പ്രദീപ്കുമാർ അങ്ങനെ ചോദിച്ചതെന്നാണ് എനിക്ക് തോന്നുന്നത്. ഡയലക്റ്റിക്കൽ മെറ്റീരിയലിസ ത്തിന്റെ കാഴ്ചപ്പാടുതന്നെ കമ്മ്യൂണിസ്റ്റുകാർക്ക് നഷ്ടപ്പെട്ടോ എന്ന് ഈ ചോദ്യം വന്നപ്പോൾ എനിക്ക് സംശയം തോന്നുകയാണ്. കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെ കാര്യം ഒരു ഒറ്റപ്പെട്ട കേസ്സാണ്. അടിമ സമ്പ്രദായം ഇപ്പോഴും നിലനിൽക്കുന്നു എന്നു പറഞ്ഞതു മാതിരി ഒറ്റപ്പെട്ട കേസ്സാണ്. പിന്നെ ടൈപ്പിസ്റ്റ് ഇല്ല എന്നുള്ള കേസ് പറഞ്ഞു. ആ കേസ് തന്നെ തെറ്റാണ്. കാരണം ഇനി മേലാൽ ടൈപ്പിസ്റ്റുകളില്ല, ടൈപ്പിസ്റ്റുകളെ ആവശ്യമില്ലാത്ത കാലം വന്നു. ഇൻഫർമേഷൻ ടെക്നോളജിയുടെ മന്ത്രി അവിടെ ഇരിപ്പുണ്ട്. ഇനി ടൈപ്പിസ്റ്റുകളെ വേണ്ടിവരുമോ എന്ന് അദ്ദേഹത്തോട് ചോദിച്ചുനോക്കൂ. ലോകത്തിൽ ഇനി എന്തിനാണ് ടൈപ്പിസ്റ്റ്. എന്താണ് ടൈപ്പ് ചെയ്യാനുള്ളത്? കോഴിക്കോട് സർവ്വകലാശാലയിൽ അടുത്ത കാലത്ത് 130 ടൈപ്പിസ്റ്റുകളെ എടുത്തപ്പോൾ ഞാൻതന്നെ വൈസ് ചാൻസിലറോട് ചോദിച്ചു, എന്തിനാണ് ടൈപ്പിസ്റ്റ്, ടൈപ്പ്റൈറ്റിംഗ് മെഷീൻ ഇനി വേണ്ടല്ലോ. ടൈപ്പ്റൈറ്റിംഗ് മെഷീനും വേണ്ട, ടൈപ്പിസ്റ്റിന്റെയും ആവശ്യമില്ല.

<u>ശ്രീ. ജി. സുധാകരൻ</u>: സർ, ടൈപ്പിസ്റ്റുകളെ ആവശ്യമില്ല എന്ന് ബഹുമാനപ്പെട്ട അംഗം പറയുകയാണ്. ഡി.ടി.പി.യിൽ ടൈപ്പ് അടിക്കുക യാണ് ചെയ്യുന്നത്. കമ്പ്യൂട്ടറിൽ മാറ്റർ വരണമെങ്കിൽ ഡി.ടി.പി. ചെയ്യണം.

അങ്ങ് തിരുത്തണം. അങ്ങ് പറയുന്നത് ശരിയല്ല. ടൈപ്പ് എന്നു പറഞ്ഞാൽ പഴയ മെഷീനിന്റെ പേരല്ല. ടൈപ്പിംഗ്, ഡി.ടി.പി.ടൈപ്പിംഗ് എന്നാണ്.

ശ്രീ. കെ.എൻ.എ. ഖാദർ: അങ്ങനെയാണെങ്കിൽ ടൈപ്പിസ്റ്റ് എന്ന പദം പ്രയോഗിക്കരുത്. ഡി.ടി.പി. ഓപ്പറേറ്റർ എന്നു പറയണം. അതാണ് അതിന്റെ പുതിയ പേര്. ഡി.ടി.പി. ഓപ്പറേറ്റർ എന്നു പറയാതെ അദ്ദേഹം ടൈപ്പിസ്റ്റ് എന്നു പറഞ്ഞതുകൊണ്ടാണ് ഞാൻ അങ്ങനെ ധരിച്ചത്. ഡി.ടി.പി. ഓപ്പറേറ്റർ എന്നു പറഞ്ഞാൽ It is entirely different from that of Typist. ടൈപ്പിസ്റ്റ് എന്നു പറയുന്നത് പഴയ പദമാണ്. അതുകൊണ്ടാണ് ഞാൻ പറഞ്ഞത്. ശ്രീ. എ. പ്രദീപ് കുമാറിനോട് എനിക്ക് ഇഷ്ടമില്ലാത്തതുകൊണ്ടല്ല. നിങ്ങൾ പ്രയോഗിച്ച പദം, മേലാൽ ഡി.ടി.പി. ഓപ്പറേറ്റർ എന്നു പറഞ്ഞാൽ മതി. അപ്പോൾ പ്രശ്നമുണ്ടാകില്ല. വലിയ ഒരു മാറ്റം ഇൻഫർമേഷൻ ടെക്നോളജി കൊണ്ടു വന്നു. അതിന്റെ എല്ലാ നേട്ടങ്ങളും പഞ്ചായത്തീരാജ് സംവിധാനത്തിലും പ്രയോജനപ്പെടുത്തുകയാണ്. അത് എല്ലാ വകുപ്പിലും പ്രയോജനപ്പെടുത്തുന്നതോടുകൂടി കേരളംതന്നെ വലിയ മാറ്റങ്ങൾക്ക് വിധേയമാകുകയാണ്. അതെല്ലാം കണ്ടിട്ട് ഇങ്ങനെ അന്തം വിട്ട് പന്തം കണ്ട പെരുച്ചാഴിയെപ്പോലെ ഇരുന്ന്, അത് ശരിയല്ല, ഇതു ശരിയല്ല എന്നു പറയുന്നതിന് എന്ത് അർത്ഥമാണുള്ളത്. ശരിയല്ലെന്ന് പറയുന്നത് നമുക്ക് മനസ്സിലാകാത്തതുകൊണ്ടാണ്. പഞ്ചായത്തുകളിലെ ഒരു വലിയ പ്രശ്നം സ്റ്റാഫ് പാറ്റേണിന്റെ കാര്യമായിരുന്നു. അതിന് മാറ്റം വന്നില്ലേ? 400 എഞ്ചീനിയർമാരെ നിയമിച്ചപ്പോൾ ഓരോ പഞ്ചായത്തിലും ഒരോ എഞ്ചിനീയർ വീതമായി. നേരത്തെ ക്ലസ്റ്ററാണ്. മൂന്ന് പഞ്ചായത്തിന് ഒരു എഞ്ചിനീയറാണ്. അതുകൊണ്ട് എഞ്ചിനീയറില്ല, ഓവർസീയറില്ല, വലിയ പ്രശ്നമായിരുന്നു. ഇപ്പോൾ 400 പഞ്ചായത്തിലും

ഓരോ എഞ്ചിനീയർമാരെ കൊടുത്തു എന്നാണ് എന്റെ അറിവ്. അതിന് പുറമേ ബാക്കിയുള്ള പഞ്ചായത്തുകൾക്കും ആവശ്യാനുസരണം എഞ്ചിനീയർമാരെയും സ്റ്റാഫിനെയും അപ്പോയിന്റ് ചെയ്യാനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിച്ചുവരികയാണ്. ആ നടപടികളുടെ ഫലമായി താമസിയാതെ രണ്ടായിരം പേർക്കെങ്കിലും പുതുതായി ജോലി ലഭിക്കുന്ന സാഹചര്യമുണ്ടാകും. എന്റെ അറിവ് ശരിയാണെങ്കിൽ ബ്ലോക്ക് പഞ്ചായത്തുകളിലും 60 എഞ്ചിനീയർമാരെ പുതുതായി നിയോഗിച്ചിട്ടുണ്ട്. മാലിന്യം അതിന്റെ ഉറവിടങ്ങളിൽ സംസ്കരിക്കുന്നതിന് വേണ്ടിയുള്ള ചില നടപടികൾ ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. ഇന്നത്തെ ഏറ്റവും വലിയ ഇഷ്യൂ വേസ്റ്റാണ്. ആ വേസ്റ്റ് ഉറവിടങ്ങളിൽ സംസ്കരിക്കുന്നതിന് നടപടി സ്വീകരിക്കാനുള്ള ബാധ്യത വാസ്തവത്തിൽ പഞ്ചായത്തുകൾക്കാണ്. പഞ്ചായത്ത് വകുപ്പ് അതിനുവേണ്ടി മുൻകൈയെടുത്തു. ശുചിത്വമിഷനും പഞ്ചായത്തുകളും ചേർന്ന് മാതൃകാപരമായ നിലയിലാണ് പ്രവർത്തിക്കുന്നത്. ബഹുമാനപ്പെട്ട ടി.എം. തോമസ് ഐസക്കിന്റെ പഞ്ചായത്തിലെ മാലിന്യ സംസ്കരണത്തിന്റെ നല്ല മാതൃകയെ സംബന്ധിച്ച് അദ്ദേഹംതന്നെ ഇവിടെ എക്സ്പ്ലെയിൻ ചെയ്തതാണ്. എത്ര മനോഹരമായ മാതൃകയാണ് അവിടെ ഗവൺമെന്റ് സഹായത്തോടെ നടപ്പിലാക്കിയിട്ടുള്ളത്. ആ മാതൃക മറ്റു പഞ്ചായത്തുകളിലും പകർത്തേണ്ടതുണ്ട്. അദ്ദേഹത്തിന്റെ മണ്ഡലത്തിൽ ചെയ്ത കാര്യങ്ങൾ പകർത്താൻ സഹായകരമായ നിലപാടാണ് പഞ്ചായത്ത് വകുപ്പ് സ്വീകരിക്കുന്നത്. അത് നല്ല കാര്യമല്ലേ.

ശ്രീ. പി. ഉബൈദുള്ള: സർ, പഞ്ചായത്ത് വകുപ്പും ജല വിഭവവകുപ്പും ചേർന്ന് 'നല്ല നാട് നല്ല വെള്ളം' എന്ന പദ്ധതിക്ക് രൂപം നൽകിയ കാര്യം അങ്ങ് അറിഞ്ഞിട്ടില്ലേ?

ശ്രീ. കെ. എൻ. എ. ഖാദർ: ബഹുമാനപ്പെട്ട പി. ഉബൈദുള്ള, ഞാൻ അറിഞ്ഞു. നല്ല പദ്ധതിയാണ്. ജലസ്രോതസ്സുകൾ കണ്ടെത്തി ജലവിതരണ ത്തിന്റെ കാര്യത്തിലും മാലിന്യ സംസ്കരണത്തിന്റെ കാര്യത്തിലും അങ്ങനെ ഒരുപാട് വിഷയങ്ങൾ....... എൻവയോൺമെന്റ് സംരക്ഷിക്കാനും പഞ്ചായത്ത് വകുപ്പിനെ ഏൽപ്പിക്കുന്നതാണ് നല്ലത്. വിദ്യാഭ്യാസവും ഹെൽത്തും അവരെ ഏൽപ്പിച്ചിട്ടുണ്ട്. ഇതിലൊക്കെ വളരെ മൗലികമായ മാറ്റങ്ങൾ വരുത്താൻ സാധിക്കുന്ന രംഗമാണ് താഴെക്കിടയിലുള്ള ജനാധിപത്യമെന്ന് പറയാതിരി ക്കാൻ നിർവ്വാഹമില്ല. പറഞ്ഞ കൂട്ടത്തിൽ പലയാളുകളും മദ്യത്തിന്റെ കാര്യം പറഞ്ഞു. യാതൊരു സംശയവുമില്ല, മദ്യം സമ്പൂർണ്ണമായി നിരോധിക്കണമെ ന്നാണ് ഞാൻ പ്രതിനിധാനം ചെയ്യുന്ന പാർട്ടിയുടെ അഭിപ്രായം. അതിൽ കള്ള് എന്ന വ്യത്യാസമില്ല. 'മദ്യം വിഷമാണ്' എന്ന സ്റ്റാറ്റ്യൂട്ടറി വാണിംഗ് കൊടുത്തിട്ടാണല്ലോ മദ്യം വിൽക്കുന്നത്. വിഷം വിറ്റുവരുന്ന ഒരു ഗവൺമെന്റാണ് മദ്യം നടപ്പിലാക്കുന്ന ഗവൺമെന്റ്. അതിൽ കള്ളും മദ്യവും ഡിഫറന്റല്ല. മുസ്ലീം ലീഗ് അതു സംബന്ധിച്ച് ഒരിക്കൽ പറഞ്ഞത്, കള്ളിന്റെ കാര്യം മാത്രമാണ് എന്ന് ഇവിടെ ഒരാൾ പറഞ്ഞു. അങ്ങനെ പറയാൻ കാരണ മായത് ബഹുമാനപ്പെട്ട ഹൈക്കോടതി അപ്പോൾ പറഞ്ഞത് കള്ളിനെപ്പറ്റിയാ യിരുന്നു എന്നതാണ്. കള്ള് ചെത്ത് അവസാനിപ്പിക്കാൻ സമയമായി, പുനരാ ലോചിക്കേണ്ട സമയമായി എന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി പറഞ്ഞു. ഹൈക്കോടതിയുടെ ആ ജഡ്ജ്മെന്റിനെ ഞങ്ങൾ സപ്പോർട്ട് ചെയ്തു. ആ

സമയത്ത് ഹൈക്കോടതി കള്ളിന്റെ കാര്യം മാത്രം പറഞ്ഞതുകൊണ്ട് കള്ളാണെന്ന് തോന്നിയതാണ്. മദ്യത്തിനെ സംബന്ധിച്ച നിലപാട് പുതിയ തൊന്നുമില്ല. എല്ലാവർക്കും അറിയാവുന്നതാണ്. മദ്യനിരോധനം നടപ്പിലാക്കണമോ വേണ്ടയോ എന്ന കാര്യം, അതിൽ പഞ്ചായത്തുകൾക്ക് കൂടുതൽ അധികാരം കൊടുക്കണമെന്നാണ് ഞങ്ങളുടെ അഭിപ്രായം. ആ കാര്യത്തിൽ കേരളത്തിൽ ഒരു ഹിതപരിശോധന നടത്തിയാൽ മദ്യം വേണമെന്ന് പറയുന്ന വരാണോ അല്ലാത്തവരാണോ, ആരാണ് ജയിക്കുക എന്ന് പരിശോധിക്കാം. ജനാധിപത്യപരമായി പറയുമ്പോൾ അങ്ങനെയൊരു ഹിതപരിശോധന കേരളത്തിൽ നടത്തട്ടെ.

മി. സ്പീക്കർ: അങ്ങനെയൊരു ഹിതപരിശോധനയ്ക്ക് പോകാതിരിക്കുന്നതാണ് ആരോഗ്യത്തിന് നല്ലത്.

ശ്രീ. കെ.എൻ.എ. ഖാദർ: സർ, ഞാൻ പറഞ്ഞതുകൊണ്ട് അങ്ങനെ പോകില്ല. ഞങ്ങൾ പറഞ്ഞത് വലിയ വിഷയമാക്കി പറയേണ്ട കാര്യമില്ല. മറ്റു ചില വിഷയങ്ങളെ സംബന്ധിച്ച് സംസാരിച്ചപ്പോൾ ചില അംഗങ്ങൾ പറഞ്ഞു - ബാങ്കുകളിലൂടെ സബ്സിഡി കൊടുക്കുന്നത് ശരിയാണോ, സുഖമില്ലാത്ത അമ്മൂമ്മമാർക്ക് ബുദ്ധിമുട്ടാവില്ലേ, എല്ലാവർക്കും ബാങ്കിലേയ്ക്ക് പോകാൻ കഴിയുമോ എന്നൊക്കെ. ഇതൊക്കെ എന്ത് കൺസെപ്റ്റാണ്. യാഥാസ്ഥിതികത്വം എന്നുതന്നെ പറയേണ്ടിവരും. ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രി ഷിബു ബേബിജോൺ ആ കാര്യത്തിന് നൽകിയ വിശദീകരണം വളരെ സ്വാഗതാർഹമാണ്. നമ്മുടെ തലമുറ എന്നുപറഞ്ഞാൽ നമ്മുടെ കാര്യം മാത്രമല്ല നോക്കേണ്ടത്, തൊട്ടിലിൽ കിടക്കുന്ന കുട്ടിയുടെ കാര്യം നമ്മൾ ആലോചിക്കണം. മുലപ്പാലു കുടിക്കുന്ന പിഞ്ചുകുഞ്ഞുങ്ങളാണ് ജീവിക്കേണ്ടത്, അങ്ങനെയുള്ള രാജ്യമാണ് നമ്മൾ ഭരിക്കുന്നതെന്ന ചിന്ത വേണം. ഇൻഡ്യാ

രാജ്യത്തെ എല്ലാ ആളുകൾക്കും ഓപ്പറേറ്റ് ചെയ്യാവുന്ന ഒരു രീതിയിലേയ്ക്ക് ബാങ്കിംഗ് സംവിധാനം വരും. ആളുകളും മാറും. അമ്മൂമ്മമാർ സുഖമില്ലാതെ കിടക്കുന്നുണ്ടാകും, അതൊക്കെ എക്സപ്ഷണൽ കേസ്സുകളാണ്. വലിയ പ്രയോജനമൊന്നുമുണ്ടായിട്ടില്ലെങ്കിലും നമുക്കൊക്കെ വോട്ട് ചെയ്യാൻ വേണ്ടി എത്രയാളുകളെ നമ്മൾ കൊണ്ടുവരാറുണ്ട്. വോട്ട് ചെയ്യാൻ വേണ്ടി കട്ടിലോടെ എടുത്ത് കൊണ്ടുപോകുന്നുണ്ട്. അതിനേക്കാളും പ്രയോജനം ബാങ്കുകളിൽ നിന്നും പണമെടുക്കാൻ പോയാൽ കിട്ടില്ലേ? ആവശ്യം വരുമ്പോൾ അത്തരം കാര്യങ്ങളൊക്കെ ചെയ്യാറുണ്ട്.

<u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി</u>: സർ, അങ്ങ് ഇവിടെ ഗവൺമെന്റിന്റെ ആനുകൂല്യങ്ങൾ ബാങ്ക് വഴി വിതരണം ചെയ്യുന്നതിനെ വിമർശിച്ചതിനെക്കുറിച്ചു പറഞ്ഞു. ഇതുപോലെതന്നെ കമ്പ്യൂട്ടർ നടപ്പാക്കിയ സമയത്തും അത് ഉപയോഗിച്ചാൽ ഏറ്റവും വലിയ പ്രശ്നങ്ങളുണ്ടാകുമെന്നും തൊഴിൽമേഖലയെ സ്വാധീനിക്കുമെന്നും അതുകൊണ്ട് കമ്പ്യൂട്ടർ പാടില്ല എന്നു പറഞ്ഞു. ട്രാക്ടർ വന്ന കാലഘട്ടത്തിൽ കാർഷികമേഖലയിലുള്ള തൊഴിലാളികളെ ബാധിക്കും അതുകൊണ്ട് ട്രാക്ടർ പാടില്ല എന്നു പറഞ്ഞു. മാത്രമല്ല ഇലക്ട്രിസിറ്റി വന്ന കാലഘട്ടത്തിൽ ഇലക്ട്രിസിറ്റിയുടെ സ്റ്റേവയർ ഭൂമിയിലെ വളം വലിച്ചെടുക്കുമെന്നുവരെ ഇവർ പ്രചരിപ്പിച്ചതായി കേട്ടിട്ടുണ്ട്. ഏതായാലും ഈ രീതിയിലൊക്കെയുള്ള പ്രചരണം എല്ലാ കാലത്തും ഉണ്ടായിട്ടുണ്ടെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. കെ. എൻ. എ. ഖാദർ</u>: ഇതെല്ലാം എന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ള ഒരു വിഷയമാണ്. മെക്കനൈസേഷനെ എതിർക്കുക എന്നു പറയുന്നത് ജനങ്ങൾ പരാജയപ്പെടുന്ന ഒരു വിഷയമാണ്. ഇതിനെ എതിർത്താലും മുമ്പ് നെല്ല്

കുത്തുന്ന യന്ത്രം വന്ന കാലത്ത്, നെല്ല് കുത്തുന്ന യന്ത്രം വന്നാൽ സരോജി നിക്കും അയിഷാകുട്ടിക്കും പണിപോകും എന്നു പറഞ്ഞകാലമുണ്ടായിരുന്നു. നെല്ല് കുത്തുന്ന യന്ത്രം വന്നപ്പോൾ അതിനെ എതിർത്ത ആളുകളുണ്ടായിരുന്നു. അന്നത്തെ നല്ല പ്രാസംഗികനായിട്ടുള്ള കെ. സി. അബൂബക്കർ മൗലവി അതിന് മറുപടി പറഞ്ഞത് കേട്ടാൽ ഇപ്പോഴും ചിരി വരുന്ന സംഗതിയാണ്. അദ്ദേഹം പറഞ്ഞത് ഈ പണി പോകാതിരിക്കാൻ നല്ലത് കൊയ്ത്തു കഴിഞ്ഞാൽ കുറേശ്ശ നെല്ല് എല്ലാ പുരയിലും കൊണ്ടുകൊടുക്കണം. എന്നിട്ട് ഭാര്യയും ഭർത്താവും മക്കളുംകൂടി ഇരുന്ന് ഓരോ നെന്മണിയും തൊലിച്ചാൽ കുറെ ആളുകൾക്ക് പണിയും കിട്ടും. പക്ഷേ, കഞ്ഞി കുടിക്കാൻ കുറച്ചു നേരംവൈകും എന്നുമാത്രയേുള്ളു എന്നാണ് പറഞ്ഞത്. ആ നെല്ല് കുത്തുന്ന യന്ത്രത്തെ എതിർത്ത ആളുകൾതന്നെ നെല്ലുകുത്തി യന്ത്രങ്ങളുടെ നടത്തിപ്പുകാരായി മാറി. കമ്പ്യൂട്ടറിനെ എതിർത്ത ആളുകൾ ഇപ്പോൾ ലാപ്ടോപ്പില്ലാതെ ജീവിക്കാൻ കഴിയാത്ത ആളുകളായി. ഈ മാറ്റങ്ങളെക്കുറി ച്ചാണ് കഴിഞ്ഞ ദിവസം എന്റെ ഒരു പ്രസംഗത്തിലും പറഞ്ഞത്. അന്ന് ചില ആളുകൾ എന്റെ നേർക്ക് ചാടി. നിവൃത്തിയില്ല. ഈ സഭയിലെ പ്രത്യേകത എന്നുപറയുന്നത് നമ്മൾ ഒരു വിഷയം പറഞ്ഞാൽ ആ വിഷയത്തിന് മറുപടി പറയാൻ ബുദ്ധിമുട്ടാണെങ്കിൽ പറഞ്ഞ ആളിനെ ആക്ഷേപിക്കുക എന്നുള്ള താണ് രീതി. ആ പറഞ്ഞ വ്യക്തി മോശക്കാരനാണ്, കൊള്ളില്ല എന്നൊക്കെ യാണ് പറയുന്നത്. അതുകൊണ്ട് കാര്യമില്ല. പറഞ്ഞ കാര്യങ്ങൾ ശരി യാണോ തെറ്റാണോ എന്നാണ് നോക്കേണ്ടത്, ആര് പറയുന്നു എന്നല്ല. ആ പറഞ്ഞ കാര്യങ്ങളെക്കുറിച്ചാണ് വാസ്തവത്തിൽ പറയേണ്ടത്. എന്റെ അനുഭവം വച്ച് നോക്കുമ്പോൾ ഈ യന്ത്രവൽക്കരണവും മാറ്റങ്ങളും ഇൻഫർമേഷൻ ടെക്നോളജിയും ബയോടെക്നോളജിയും മനുഷ്യർക്ക്

തടഞ്ഞുനിർത്താൻ സാധിക്കില്ല. അത് വന്നുകൊണ്ടേയിരിക്കും. അത് അത്യാവശ്യമായിട്ടുള്ള ഒരു വസ്തുതയാണ്. അതുകൊണ്ട് ബാങ്കിംഗ് സമ്പ്രദായം ആവശ്യമായി വരും. നമ്മുടെ എല്ലാ അത്യാവശ്യകാര്യങ്ങൾക്കും ചെയ്യുന്നതുപോലെ ബാങ്കിംഗ് സിസ്റ്റത്തിലും അവസാനം നമുക്ക് അംഗീക്കരിക്കേണ്ടിവരും. ബാങ്കിൽ ഡെപ്പോസിറ്റ് ഉള്ളവരായും അല്ലെങ്കിൽ ബാങ്കിംഗ് സർവ്വീസിൽ ഇടപാടുള്ളവരായും മാറേണ്ട ഒരു സ്ഥിതിവിശേഷം വരും. ഇങ്ങനെ ഓരോ ദിവസവും മാറ്റം വന്നുകൊണ്ടിരിക്കുകയാണ്. മനുഷ്യന്റെ മാറ്റവും ത്വരിതഗതിയിലാണ് സംഭവിക്കുന്നത്. പഴയകാലത്ത് മനുഷ്യന്റെ ജീവിതത്തിൽ ആകെ 50,000 കൊല്ലംവരെയുള്ള ചരിത്രമെടുത്താൽ ഒരുപാട് ലക്ഷം കൊല്ലങ്ങളായി മനുഷ്യനുണ്ടായി എന്നാണ് കേട്ടിട്ടുള്ളത്. 50,000 കൊല്ലമെടുത്താൽ 60-62 വയസ്സെടുത്താൽ 800 തലമുറ കഴിഞ്ഞുപോയിരിക്കും. അതിൽ 650 തലമുറകളും മനുഷ്യർ ഗുഹാവാസികളായിരുന്നു. 150 തലമുറയായിട്ടേയുള്ളു മനുഷ്യൻ ഗുഹയിൽ നിന്ന് പുറത്തേക്ക് ഇറങ്ങിയിട്ട്. പ്രിന്റിംഗ് ടെക്നോളജി കണ്ടുപിടിച്ചിട്ട് 300 കൊല്ലമേ ആയിട്ടുള്ളു. ഇപ്പോൾ ആ 300 കൊല്ലത്തിനിടയ്ക്ക് എത്ര സ്പീഡിലാണ് മാറ്റങ്ങൾ വരുന്നത്. മാറ്റങ്ങൾ slow and sluggish -ൽ വന്നതിനുശേഷം ഇപ്പോൾ ഗുണകരമായ മാറ്റമായി മാറിക്കൊണ്ടിരിക്കുന്നു. വലിയ മാറ്റങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്നു. വളരെ ത്വരിതഗതിയിൽ പ്രാപിച്ചിരിക്കുകയാണ്. അത് നമ്മൾ മനസ്സിലാക്കണം. നേരത്തെ എന്റെ സ്നേഹിതൻ പ്രൊഫ. സി. രവീന്ദ്രനാഥ് സംസാരിച്ചപ്പോൾ പങ്കാളിത്ത ജനാധിപത്യത്തെക്കുറിച്ചൊക്കെ പറഞ്ഞു. പാർട്ടിസിപ്പേറ്ററി ഡെമോക്രസി എന്നുള്ളത് നാലാം ലോക സിദ്ധാന്തത്തിന്റെ ഭാഗമായിട്ട് പരമേശ്വരൻ പറഞ്ഞതാണ്. ബഹുമാനപ്പെട്ട തോമസ് ഐസക്കും, ശ്രീ. എം.എ.

ബേബിയും കൂടിയിരുന്ന് തീരുമാനിച്ച നാലാം ലോക സിദ്ധാന്തത്തിൽ പാർട്ടി സിപ്പേറ്ററി ഡെമോക്രസിയാണ് പ്രധാനപ്പെട്ട ഒരു കാര്യമായിട്ടുള്ളത്. അദ്ദേഹം ഈ ജനാധിപത്യത്തിന്റെ ഒരു ദർശനത്തെക്കുറിച്ച് ഇവിടെ പറഞ്ഞപ്പോൾ പറയുകയാണ്. It depends upon the view- ഒരാൾ എങ്ങനെ ഒരു സംഗതിയെ കാണുന്നു എന്നതിനനുസരിച്ചിട്ടാണ് ഇതിന്റെ വിഷയം വരുന്നത്. അങ്ങനെയുള്ള ഒരു വിഷയം പറയുമ്പോൾ ഓരോരുത്തരും ഓരോ വിഷയങ്ങൾ ഓരോ രീതിയിലാണ് കാണുന്നത്. നേരത്തെ ഇവിടെ മുസ്ലീംലീഗിനെക്കുറിച്ച് പറഞ്ഞു. മുസ്ലീംലീഗിലെ യൂത്ത്ലീഗ്കാരുടെ ഒരു സമ്മേളനം കാസർഗോഡ് നടന്നപ്പോൾ ഉച്ചയ്ക്കുശേഷം മദ്യം വിൽക്കുന്ന കടകൾ തുറക്കണ്ട എന്ന് ഓർഡറിറക്കി എന്നാണ് പറഞ്ഞ് കേട്ടത്. ഉണ്ടാവാം. ഇല്ലാതാകാം എനിക്കറിഞ്ഞുകൂട. പത്രത്തിൽ വന്നുവെന്ന് ആരോ പറയുന്നതു കേട്ടു. എന്തായാലും അത് യൂത്ത് ലീഗ് ആയതുകൊണ്ടാണോ ഇങ്ങനെ പറയുന്നത്. ആൾക്കൂട്ടം വരുമ്പോൾ പോലീസുകാർ വരും. അവിടെ നിയന്ത്രണങ്ങളുണ്ടാകും. അത് ഏത് പാർട്ടിയിലായാലും ഇതുതന്നെ സംഭവിക്കും. അത് പാർട്ടി നോക്കിയിട്ടല്ല. ഞാൻ കോടതിയിൽ കേസ് നടത്തുമ്പോൾ എനിക്ക് ഒരു പോക്കറ്റടിക്കാരൻ പ്രതിയുണ്ടായിരുന്നു. ആ പോക്കറ്റടിക്കാരൻ പ്രതി കോടതിയിൽ അവനെ കയറ്റിനിർത്തി മജിസ്ട്രേറ്റ് കേസ് വാദിക്കുകയാണ്. അവന് താമരശ്ശേരി, തളിപ്പറമ്പ്, ഒറ്റപ്പാലം, പട്ടാമ്പി എന്നിവിടങ്ങളിൽ കേസ്സുകളുണ്ട്. അതുകൊണ്ട് 25-ാം തീയതി വയ്ക്കട്ടെയെന്ന് മജിസ്ട്രേറ്റ് ചോദിച്ചു. അപ്പോൾ പ്രതി പറയുകയാണ് അത് പറ്റുകയില്ല. അന്ന് യൂത്ത്ലീഗിന്റെ സെക്രട്ടറിയേറ്റ് മാർച്ചാണ്. മജിസ്ട്രേറ്റ് അവനോട് നീ യൂത്ത് ലീഗിലുള്ളതാണോ എന്നു ചോദിച്ചു. അല്ല. യൂത്ത് ലീഗിന്റെ മാർച്ചിൽ

എനിക്ക് പോകേണ്ടിവരും. കാരണം ഞാനൊരു പോക്കറ്റടിക്കാനാണല്ലോ. ആളുകൾ കൂടുന്ന സ്ഥലത്തൊക്കെ പോകും. അപ്പോൾ ആ ഡേറ്റിൽ കേസ് നടത്താൻ പറ്റില്ല എന്നു പറഞ്ഞു. ഈ സംഭവം ഉണ്ടായതാണ്. ആ പോക്കറ്റടിക്കാരൻ യൂത്ത്ലീഗ്കാരനാണെന്ന് പറയാൻ സാധിക്കുമോ? ഉത്സവം നടക്കുന്ന പറമ്പുകളിൽ, കൊണ്ടോട്ടിയിൽ നേർച്ച നടക്കുമ്പോൾ, ഏത് തരത്തിലുള്ള ഉത്സവങ്ങൾ നടക്കുമ്പോഴും, ശബരിമല സീസണിൽ ആളുകൾ പോകുന്നു. ആൾക്കാർ കൂടുന്നിടത്തെല്ലാം അലവലാതികളും വരും. കൊണ്ടോട്ടി തങ്ങൾ നേർച്ചയുടെ ഡേറ്റ് മാത്രമേ വയ്ക്കാറുള്ളൂ, ചീട്ടുകളിക്കാരോട് വരാൻ പറയാറില്ല ആ ഡേറ്റിന് ആളുകൾ കൂടുമ്പോൾ ചീട്ടുകളിക്കാർ അവിടെ വരികയാണ്. അപ്പോൾ ഇതൊക്കെ സ്വാഭാവികമാണ്.

ശ്രീ. വി.എസ്. സുനിൽ കുമാർ: അങ്ങ് സി.പി.ഐ.-യിൽ ഉള്ള കാലത്ത് പോക്കറ്റടിക്കാരുടെ വക്കീലായിരുന്നില്ല. അങ്ങ് ലീഗിൽ വന്നതിനുശേഷമാണോ പോട്ടറ്റടിക്കാരുടെ വക്കീലായത്.

ശ്രീ. കെ.എൻ.എ. ഖാദർ: വളരെ നല്ല ചോദ്യം. നിയമസഭയിൽ ഇങ്ങനെ ഒരു പഞ്ചായത്ത് രാജ് ബില്ലിന്റെ ഭേദഗതിയിൽ ചോദിക്കേണ്ട പ്രധാനപ്പെട്ട ചോദ്യമാണ്. ഞാൻ സി.പി.ഐ.യിൽ ആയിരുന്നപ്പോൾ എന്റെ കൂടെ ഇരുന്ന മഹാന്മാരുണ്ടായിരുന്നു. ശ്രീ. വി.എസ്. സുനിൽ കുമാർ അവരെ മനസ്സിലാക്കേണ്ടതാണ്. എം.എൻ. ഗോവിന്ദൻ നായർ, സി. അച്യുതമേനോൻ, ടി.വി. തോമസ്, കാമ്പിശ്ശേരി കരുണാകരൻ, എൻ.ഇ. ബൽറാം, പി. കെ. വാസുദേവൻ നായർ, വെളിയം ഭാർഗ്ഗവൻ ഇവരൊക്കെ ഇരുന്ന കമ്മിറ്റിയിൽ 17 കൊല്ലം ഞാൻ മെമ്പറായിരുന്നു. എന്റെ ജീവിതത്തിലെ ഏറ്റവും നല്ല 17 കൊല്ലം ഞാൻ പാർട്ടിക്കുവേണ്ടി ചെലവഴിച്ചിട്ടുണ്ട്. ഇനി ജീവിതം മുഴുവൻ

പ്രവർത്തിച്ചാലും ശ്രീ. വി.എസ്. സുനിൽ കുമാറിനുപോലും അത്ര വലിയ സംഭാവന സി.പി.ഐ.-ക്ക് ചെയ്യാൻ കഴിയുമെന്ന് ഞാൻ കരുതുന്നില്ല. അതൊക്കെ ഒന്ന് റെസ്പെക്ട് ചെയ്യേണ്ടതാണ്. അത് നിസ്സാരമായ കാര്യ മാണോ? ഞാൻ സ്റ്റുഡന്റ്സ് ഫെഡറേഷനിലും ട്രേഡ് യൂണിയനിലും നാഷ ണൽ എക്സിക്യൂട്ടീവ് തുടങ്ങിയ എല്ലാ രംഗത്തും കടന്നുവന്നതാണ്. അതൊക്കെ വലിയ കാര്യമായി പറയുന്നില്ല. അഭിഭാഷകവൃത്തി ചെയ്തുവന്ന ഞാൻ രാഷ്ട്രീയ പ്രവർത്തനത്തിൽ സജീവമായപ്പോൾ എല്ലാവരെയും പോലെ എല്ലാ അഭിഭാഷകന്മാർക്കും സംഭവിക്കുന്നതുപോലെ എനിക്ക് നിർത്തേണ്ടിവന്നു. ഞാൻ പോക്കറ്റടിക്കാർക്കുവേണ്ടി വാദിച്ചിട്ടുണ്ട്. നല്ല വർക്കുവേണ്ടി വാദിച്ചിട്ടുണ്ട്. പൊതുവെ വക്കീലന്മാർക്ക് ഉണ്ടാവുന്ന കക്ഷി കൾ നല്ലവരായിരിക്കാൻ സാധ്യതയില്ലല്ലോ. നല്ലവർക്ക് കോടതിയുടെ ആവശ്യമില്ലല്ലോ. സാക്ഷി ചിലപ്പോൾ നല്ലവരാകും. ഏതെങ്കിലും ഒരു അഭി ഭാഷകൻ നല്ല മനുഷ്യനുവേണ്ടി കോടതിയിൽ വരാറുണ്ടോ? ചിലപ്പോൾ കള്ളകേസാണെങ്കിൽ പോകേണ്ടിവരും. ശ്രീ. വി.എസ്. സുനിൽ കുമാർ, നമ്മുടെ കക്ഷികൾ എപ്പോഴും ഒരു ടൈപ്പ് തന്നെയാണ്. അത് സി.പി.ഐ. യിൽ നിന്നോ, ലീഗിൽ നിന്നോ, കോൺഗ്രസ്സിൽ നിന്നോ എന്നുള്ള വ്യത്യാസ മില്ല. എപ്പോഴും നമ്മുടെ ക്ലയന്റ്സ് നല്ലതാകണം. ആർക്കാണ് വക്കാലത്ത് തരുന്നത് അവരുടെ വക്കാലത്ത് വാങ്ങുകയാണല്ലോ നമ്മുടെ പതിവ്. എന്താ ഇതിൽ ഇത്ര പറയാൻ കാരണം?

ശ്രീ. വി.എസ്. സുനിൽകുമാർ: ഇവിടെ പറഞ്ഞ കാര്യങ്ങൾ കറക്ടാണ്. എം.എൻ. ഗോവിന്ദൻ നായർ, ടി.വി. തോമസ്, വെളിയം ഭാർഗ്ഗവൻ തുടങ്ങിയ ആളുകളുമായി കൂടിയിരുന്ന പാരമ്പര്യം അങ്ങേയ്ക്കുണ്ട്. ഞാൻ പറഞ്ഞത് അതല്ല. അന്ന് ആ പാരമ്പര്യത്തിൽ നിൽക്കുന്ന സമയത്ത് അങ്ങൊരു

പോക്കറ്റടിക്കാരുടെ വക്കീലായിരുന്നില്ല. പക്ഷേ, അങ്ങ് മാറി വേറെ പാർട്ടിയിൽ പോയപ്പോൾ അങ്ങയുടെ അടുത്തേയ്ക്ക് കൂടുതൽ പോക്കറ്റടിക്കാർ വരാൻ എന്താണ് കാരണം എന്നാണ് എനിക്ക് മനസ്സിലാകാത്തത്? ആ പാർട്ടിയുടെ ഗുണം കൊണ്ടാണോ? അങ്ങയേപ്പോലൊരു നല്ല മനുഷ്യൻ വാസ്തവത്തിൽ അവിടെ പോയതിൽ ഞങ്ങൾക്ക് ദുഖമുണ്ട്. പക്ഷേ, അങ്ങ് ഇപ്പോൾ പറയുന്നത് കേട്ടപ്പോൾ അങ്ങ് ലീഗിൽ പോയതിനുശേഷം ഉണ്ടായ മാറ്റത്തെക്കുറിച്ച്, അങ്ങ് പരിണാമ സിദ്ധാന്തത്തെക്കുറിച്ച്, പറഞ്ഞതുകൊണ്ട് ഞാൻ ചോദിച്ചതാണ്. അതുകൊണ്ട് അങ്ങ് ലീഗിലേയ്ക്ക് പോയതിനുശേഷമുണ്ടായ ഈ ചേയ്ഞ്ച് എന്താണെന്ന് അറിയാൻവേണ്ടി ചോദിച്ചതാണ്.

ശ്രീ. കെ.എൻ.എ. ഖാദർ: ലീഗുമായി ഈ പറഞ്ഞതിന് യാതൊരു ബന്ധവുമില്ല.

മി. സ്പീക്കർ: ശ്രീ. ഖാദർ, പഞ്ചായത്ത് രാജ് ഭേദഗതി ബില്ലിൽ ഈ പറഞ്ഞതുമായി യാതൊരു ബന്ധവുമില്ല. അങ്ങ് വിഷയത്തിലേയ്ക്ക് വരൂ.

ശ്രീ. എ. പ്രദീപ് കുമാർ : സർ, അദ്ദേഹം പറഞ്ഞുകൊണ്ടിരുന്നത് കാസർഗോഡ് യൂത്ത്ലീഗിന്റെ സമ്മേളനം നടന്നപ്പോൾ ജില്ലാ കളക്ടർ അന്നുച്ചയ്ക്കുശേഷം മദ്യഷാപ്പുകളെല്ലാം അടച്ചിടാൻ ഓർഡറിട്ടു. അദ്ദേഹം ഇവിടെ ഉന്നയിച്ചതാണ്. അദ്ദേഹം പറഞ്ഞത് കൂടുതൽ ആളുകൾ വരുമ്പോൾ പോക്കറ്റടിക്കാർ വരും. ഇത് സ്വാഭാവികമാണ്. ഇതിനുമുമ്പ് വലിയ ഒരു സമ്മേളനം കോഴിക്കോട് നടന്നു. സി.പി.ഐ.(എം) -ന്റെ പാർട്ടി കോൺഗ്രസ്സിന്റെ ഭാഗമായി ലക്ഷങ്ങൾ പങ്കെടുത്ത റാലി നടന്നു. അവിടുത്തെ ജില്ലാ കളക്ടർ ഈ ആളുകൾ കൂടുന്നത് കണ്ടിട്ട് ഇങ്ങനെ ഒരു ഉത്തരവ് ഇറക്കിയില്ലല്ലോ.

മി. സ്പീക്കർ: യെസ്...യെസ്....പ്ലീസ്.......പ്ലീസ്.........

ശ്രീ. കെ. എൻ. എ. ഖാദർ : ക സീിം. ഞാൻ പറയാൻ ഉദ്ദേശിച്ചതാണ്. എനിയ്ക്ക് അറിയാവുന്ന. കാര്യമാണ്. ഞാൻ വേണ്ടെന്ന് വിചാരിച്ചതാണ്. നിങ്ങൾ ചോദിച്ചുവാങ്ങിയാൽ നിവൃത്തിയില്ല. ഒരു കക്ഷി പോക്കറ്റടിക്കാര നായിരുന്നെങ്കിൽ സകല കക്ഷികളും പേക്കറ്റടിക്കാരാണ് എന്നു പറയുന്നത് ശരിയല്ല. ഞാൻ ഈ അടുത്ത കാലംവരെ നല്ല ഡോക്ടർമാരുടെയും ആശുപ ത്രികളുടെയും കേസ്സ് എത്രയോ നടത്തിയിട്ടുണ്ട്. ഇപ്പോഴും നടത്തുന്ന ആളാണ്. അപ്പോൾ എല്ലാ അഭിഭാഷകന്മാർക്കും നല്ല കക്ഷികളും ചീത്ത കക്ഷികളുമെല്ലാം ഉണ്ടാകും. എം. എം. മണിക്കുമില്ലേ വക്കീൽ. ശ്രീ. വി.എസ്. സുനിൽ കുമാറിന് എന്തെങ്കിലും കേസ് വന്നാൽ പറഞ്ഞോ ഞാൻ നടത്തി ത്തരാം. അതിനും എനിക്ക് പ്രയാസമില്ല. മദ്യത്തിനെപ്പറ്റിയെല്ലാം വർത്തമാനം പറയുമ്പോൾ ഒരേ ഒരു പാർട്ടിയുടെ സംസ്ഥാന സമ്മേളനത്തിൽ സംസ്ഥാന സെക്രട്ടറിക്ക് കള്ള് കുടിച്ചാൽ വയറ്റിൽ കിടക്കേണ്ടി വരുമെന്ന് പറയേണ്ടി വന്നിട്ടുണ്ട്. ശ്രീ. എ. പ്രദീപ് കുമാർ എന്നുപറയുന്ന സഖാവ് പറയിപ്പിച്ചതു കൊണ്ട് എനിക്ക് അങ്ങനെ പറയേണ്ടി വന്നു. അതെല്ലാവർക്കും അറിയുന്ന കാര്യങ്ങളാണ്. ഓരോരുത്തരും ഓരോ വീക്ഷണത്തിലാണ് കാര്യങ്ങൾ കാണുന്നത്. ഒരു സയന്റിസ്റ്റ് ഒരു റോസാപ്പൂവ് കണ്ടാൽ ആ പൂവിന് സുഗന്ധം കൊടുക്കുന്നത് ഏത് രാസപദാർത്ഥമാണ്, ഏത് വളമാണ് അതിനി ടുന്നത്, ബൊട്ടാണിക്കലി ഏത് വിഭാഗത്തിൽപ്പെട്ട ചെടിയാണ്, തുടങ്ങിയ കാര്യങ്ങളാണ് അനലൈസ് ചെയ്യുന്നത്. ഒരു പഞ്ചായത്ത് പ്രസിഡന്റ് കണ്ടാൽ ഇതുപോലെയുള്ള റോസാപ്പൂവുകൾ കുടുംബശ്രീയുടെ സഹായ ത്തോടുകൂടി എല്ലാ വാർഡുകളിലും കൃഷി ചെയ്ത് കയറ്റി അയച്ചാൽ എത്ര ആളുകൾക്ക് പണിലഭിക്കുമെന്നാണ് അയാൾ ആലോചിക്കുക. ഒരു പുരോ ഹിതൻ കണ്ടാൽ അൽഹംദുലില്ലാ, ദൈവമേ സ്തുതി- ഇത്ര മനോഹരമായ

പുഷ്പം നിർമ്മിച്ച ദൈവമേ നന്ദി, എന്നായിരിക്കും പറയുക. ഒരു കവി കണ്ടാലോ, അതും കുമാരനാശാനാണെങ്കിൽ,

ഹാ! പുഷ്പമേ, അധികതുംഗപദത്തിലെത്ര
ശോഭിച്ചിരുന്നിതൊരു രാജ്ഞികണക്കയേ നീ
ശ്രീ ഭൂവിലസ്ഥിര-അസംശയം- ഇന്നു നിന്റെ-
യാഭൂതിയെങ്ങു, പുനരെങ്ങു കിടപ്പിതോർത്താൽ.
ലാളിച്ചു പെറ്റ ലതയൻപൊടു ശൈശവത്തിൽ
പാലിച്ചു പല്ലവപുടങ്ങളിൽവച്ചു നിന്നെ
ആലോലവായു ചെറുതൊട്ടിലുമാട്ടി, താരാ-
ട്ടാലാപമാർന്നു മലരേ, ദലമർമ്മരങ്ങൾ.
പാലൊത്തെഴും പുതുനിലാവിലലം കുളിച്ചും
ബാലാതപത്തിൽ വിളയാടിയുമാടലെന്യേ
നീ ലീലപൂണ്ടിളയമൊട്ടുകളോടു ചേർന്നൂ
ബാലത്വമങ്ങനെ കഴിച്ചിതു നാളിൽ നാളിൽ

ആഹാ! രചിച്ചു ചെറുലൂതകളാശു നിന്റെ
ദേഹത്തിനേകി ചരമാവരണം ദുകൂലം
സ്നേഹാർദ്രയായുടനുഷസ്സുമണിഞ്ഞു നിന്മേൽ
നീഹാരശീകരമനോഹരമന്ത്യഹാരം.

വീണു കിടക്കുന്ന പൂവിന്റെ ശരീരത്തിൽ ചെറിയ എട്ടുകാലികൾ കോടി വസ്ത്രംപോലെ വെള്ള നിറത്തിൽ വല നെയ്തു. അതിൽ ബന്ധുമിത്രാദികളുടെ കണ്ണുനീർപോലെ തുഷാര കണങ്ങളിറ്റു വീണു എന്നുപറയാൻ ഒരു കവിക്കുമാത്രമല്ലേ സാധിക്കൂ. അപ്പോൾ കുമാരനാശാന്റെ വീക്ഷണം

അങ്ങനെയായിരുന്നു. പുരോഹിതന്റെയും പഞ്ചായത്ത് പ്രസിഡന്റിന്റെയും വീക്ഷണം വേറൊന്നാണ്. അപ്പോൾ ദൈവവുമായി കുറച്ചുകൂടി അടുത്തു നിൽക്കുന്നത് കവിയാണ്. It depends upon the view. അതുപോലെയാണ് പഞ്ചായത്തിന്റെ ഭേദഗതികളെയും പരിഷ്കാരങ്ങളെയുംപറ്റി പറയാൻ കഴിയൂ. ബഹുമാനപ്പെട്ട പഞ്ചായത്ത് വകുപ്പുമന്ത്രിക്ക് ഇതിനെ ഡിപ്പന്റ് ചെയ്തു മാത്രമേ സംസാരിക്കാൻ കഴിയൂ. വളരെ നല്ല കാര്യങ്ങൾ പഞ്ചായത്ത് വകുപ്പിൽ നടപ്പിലാക്കിയ മന്ത്രിയാണ് അദ്ദേഹം. നിങ്ങൾ പ്രതിപക്ഷത്തിരിക്കു ന്നതുകൊണ്ട് എതിർക്കണമെന്ന് നിർബന്ധമില്ല. പണ്ടൊരു നമ്പൂതിരി ട്രെയി നിൽ യാത്ര ചെയ്യുകയായിരുന്നു. ഒറ്റപ്പാലത്ത് വണ്ടി നിറുത്തി. അവിടെ അദ്ദേഹത്തിനിറങ്ങണം. കയറാനുള്ള ആളുകൾ തിരക്കുണ്ടാക്കിയതുകാരണം നമ്പൂതിരിക്ക് ഇറങ്ങാൻ സാധിക്കുന്നില്ല. അപ്പോൾ തിരുമേനി പറഞ്ഞു പ്രിയപ്പെട്ട സഹോദരൻമാരെ നിങ്ങൾക്ക് ഏത് വാതിലിലൂടെ വേണമെങ്കിലും കയറാമല്ലോ എനിക്ക് ഈ വാതിലിലൂടെ മാത്രമല്ലേ ഇറങ്ങാൻ കഴിയൂ എന്നുപറഞ്ഞതുപോലെ പ്രതിപക്ഷത്ത് ആണെന്നുള്ളതുകൊണ്ട് വെറുതെ എതിർക്കണം എന്നുപറയുന്നതിൽ എന്ത് അർത്ഥമാണുള്ളത്? ഈ ഭേദഗതി കളുടെ കൂടെ പഞ്ചായത്തിൽ ഇപ്പോൾ നടപ്പിലാക്കിയിട്ടുള്ള കാര്യങ്ങളെക്കു റിച്ചല്ലേ നമ്മൾ ആലോചിക്കേണ്ടത്. പഞ്ചായത്തുകളിൽ വലിയ മാറ്റം വരു ത്തണമെന്ന ആഗ്രഹം ഉള്ളതുകൊണ്ടാണ് ഈ പരിഷ്കാരങ്ങൾ കൊണ്ടുവരു ന്നത്. എൻവയോൺമെന്റ്, മദ്യം തുടങ്ങിയ വിഷയങ്ങളിന്മേൽ കൂടുതൽ അധികാരം പഞ്ചായത്തുകൾക്ക് നൽകി. പഞ്ചായത്തുകളെ കൂടുതൽ ജനാധി പത്യവത്ക്കരിക്കണം, ജനപ്രതിനിധികളിൽ വിശ്വാസമർപ്പിക്കണം തുടങ്ങിയ ആവശ്യങ്ങൾക്കുവേണ്ടിയാണ് ഭേദഗതി കൊണ്ടുവന്നിട്ടുള്ളത്. പഞ്ചായത്ത്

സജീവമാണെങ്കിൽ പാറപൊട്ടിക്കൽ, മൈനിംഗ്, മണൽ തുടങ്ങിയ പ്രശ്ന ങ്ങൾക്ക് പരിഹാരം കാണാൻ കഴിയും. ഈ ഭൂമിതന്നെ വളരെ നാശമടഞ്ഞു കൊണ്ടിരിക്കുന്ന സാഹചര്യത്തിലാണ്, 44 നദികളുള്ള കേരളത്തിലെ എല്ലാ പുഴകളും വറ്റിവരണ്ടിരിക്കുകയാണ്. ആ സമയത്ത് നമ്മുടെ പഞ്ചായത്തുക ളിലെ ജനപ്രതിനിധികൾക്കാണ് അവരുടെ പഞ്ചായത്തിലൂടെ ഒഴുകുന്ന നദിയെ സംരക്ഷിക്കാൻ സാധിക്കുന്നത്. ഓരോ ഏരിയ തിരിച്ച് അവർക്ക് അതിനുള്ള അധികാരങ്ങൾ കൊടുക്കണം. വളരെ വഷളായ രീതിയിൽ കാര്യങ്ങൾ മാറിക്കൊണ്ടിരിക്കുകയാണ്. ഭൂലോകത്തിന്റെ നാശത്തെ മുൻകൂട്ടി കാണാൻ കഴിയുന്ന രീതിയിൽ ഭൂകമ്പങ്ങളും അഗ്നിപർവ്വത സ്ഫോടനങ്ങളും വർദ്ധിച്ചുവരികയാണ്. വയനാട്ടിൽ കടുവയെ വെടിവച്ചു കൊന്നു. ജനങ്ങളെ സംബന്ധിച്ച് കടുവ പ്രശ്നമായിരുന്നു. കടുവയുടെ സ്ഥലത്ത് ആളുകൾ ചെന്നതുകൊണ്ടാണ് കടുവ നാട്ടിലേക്കിറങ്ങിയത്. അനസ്തേഷ്യ കൊടുത്തതുപോലെ കിടന്ന കടുവയെയാണ് നിഷ്ഠൂരം വെടി വച്ചുകൊന്നത്. നമുക്ക് ജനങ്ങളുടെ പക്ഷത്തും കടുവയുടെ പക്ഷത്തും നിൽക്കണം. ആരോഗ്യകരമായ എൺവയോൺമെന്റിനേയും വികസനത്തേയും സമന്വയിപ്പിക്കലാണ് പ്രശ്നം. അതിന് പഞ്ചായത്തുകൾക്കാണ് സാധിക്കുന്നത്.

മുണ്ഡിതശിരസ്കയായ് ഭ്രഷ്ടയായ് നീ സൗര-
മണ്ഡലപ്പെരുവഴിയിലൂടെ
മാനഭംഗത്തിന്റെ മാറാപ്പുമായി സ-
ന്താനപാപത്തിൻ വിഴുപ്പുമായി
പാതിയുമൊഴിഞ്ഞൊരു മനസ്സിലതിതീവ്രമാം
വേദനകൾ തൻ ജ്വാല മാത്രമായി

പോകുമിപ്പോക്കിൽ സിരകളിലൂടരി

ച്ചേറുകയല്ലീ കരാളമൃത്യൂ?........ എന്ന് ശ്രീ. ഒ.എൻ.വി. കുറുപ്പ് പാടിയി ട്ടുണ്ട്. ഭൂമി മുണ്ഡിത ശിരസ്കയായി ഭ്രഷ്ടയായി സൗര മണ്ഡലത്തിന്റെ പെരുവഴിയിൽ, ഇത്രയധികം മോശക്കാരായ ആളുകളെ പ്രസവിച്ച അമ്മ എന്നുള്ള നിലയ്ക്ക് സന്താനപാപത്തിന്റെ വിഴുപ്പുമായി ഭൂമി നിൽക്കുന്നു. ഭൂമിയെ മനുഷ്യൻ മാനഭംഗപ്പെടുത്തി. മാനഭംഗത്തിന്റെ മാറാപ്പുമായി മുണ്ഡിത ശിരസ്കയായി ഭൂമി സൗരമണ്ഡലപ്പെരുവഴിയിലൂടെ സഞ്ചരിക്കു മ്പോൾ കരാളമൃത്യൂ ഭൂമിയുടെ സിരകളിൽ അരിച്ചേത്തുകയാണെന്ന വാദം നമ്മൾ അംഗീകരിക്കണ്ടേ? അതുകൊണ്ട് ഇതുപോലുള്ള കാര്യങ്ങൾ മുഴുവൻ പഞ്ചായത്തുകളെ ഏൽപ്പിക്കുകയും പഞ്ചായത്തിന് ലേറ്റസ്റ്റ് ഇൻഫർമേഷൻ ടെക്നോളജി ഉപയോഗിച്ച് കൂടുതൽ പരിഷ്കരിക്കുകയും ജനപ്രതിനിധികൾക്ക് ഡെമോക്രറ്റൈസേഷൻ വഴി കൂടുതൽ അധികാരവും സ്വാതന്ത്ര്യവും നൽകാനുദ്ദേശിച്ചുകൊണ്ട് കൊണ്ടുവന്ന ഭേദഗതികളെ അനുകൂലിച്ച് ഞാൻ ഉപസംഹരിക്കുന്നു.

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): സർ, ഇവിടെ എല്ലാ കാര്യങ്ങൾക്കും ഒരുവിധം മറുപടി പറഞ്ഞുകഴിഞ്ഞു. ഭേദഗതി കൊണ്ടുവരുന്ന വകുപ്പുമായി ബന്ധപ്പെട്ടുള്ള ചർച്ച വളരെ കുറവായിരുന്നു. പ്രത്യേക സാഹചര്യത്തിൽ, പുതിയതായി വന്ന അംഗങ്ങളിൽ ഇതുസംബന്ധിച്ചുള്ള ധാരണ ഇല്ലാത്തവരുമുണ്ടായിരുന്നു. അവർക്കുവേണ്ടിയാണ് 15 മാസമാക്കുന്നത്. അതുകൊണ്ട് വേറെയൊരു പ്രശ്നം വരുന്നില്ല. കാരണം തെരഞ്ഞെടുപ്പിന് നോമിനേഷൻ കൊടുക്കു

മ്പോഴും പ്രോപ്പർട്ടിയെക്കുറിച്ചുള്ള ഡീറ്റയിൽസ് കൊടുക്കുന്നുണ്ട്. 15 മാസത്തിനിടയിൽ വേറെയെന്തെങ്കിലും സമ്പാദിച്ചിട്ടുണ്ടോ എന്നറിയാനുള്ള സൗകര്യം ലഭിക്കുകയാണ് ചെയ്യുന്നത്. അതുകൊണ്ട് ഇതിനെ പോസിറ്റീവായി കാണണമെന്നാണ് എനിക്ക് പറയാനുള്ളത്. (മി. സ്പീക്കർ)

മി. സ്പീക്കർ: ശ്രീ. ബി. സത്യൻ അങ്ങയുടെ 1(എ) ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

**ശ്രീ. ബി സത്യൻ: ഞാൻ പ്രസ്സ് ചെയ്യുന്നില്ല.**

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

മി. സ്പീക്കർ: ശ്രീ. കെ.എൻ.എ. ഖാദർ അങ്ങയുടെ 2(ബി) ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ.എൻ.എ. ഖാദർ: ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2012 -ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ...................................

പ്രതികൂലിക്കുന്നവർ .................................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

**വകുപ്പുതിരിച്ചുള്ള പരിഗണന**

**2-ാം വകുപ്പ്**

ശ്രീ എ. കെ. ബാലൻ: സർ, താഴെ പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

107. ഖണ്ഡം 2 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 159(1)ൽ "പതിനഞ്ച് മാസങ്ങൾക്കകം" എന്നീ വാക്കുകൾക്കു പകരം "ആറ് മാസങ്ങൾക്കകം" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. പി. സി. വിഷ്ണുനാഥ് : സർ, താഴെ പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

110. ഖണ്ഡം 2 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 159(1)ൽ "പതിനഞ്ച് മാസങ്ങൾക്കകം" എന്നീ വാക്കുകൾക്കു പകരം "പതിനാറ് മാസത്തിനകം" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. പാലോട് രവി : സർ, ഞാൻ താഴെ പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

114. ഖണ്ഡം 2 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 159 (1)-ൽ "പതിനഞ്ച് മാസങ്ങൾക്കകം" എന്നീ വാക്കുകൾക്കു പകരം "പതിനേഴ് മാസങ്ങൾക്കകം" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. സി. പി. മുഹമ്മദ്: സർ, താഴെ പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

118. ഖണ്ഡം 2 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 159(1)-ൽ "പതിനഞ്ചു മാസങ്ങൾക്കകം" എന്നീ വാക്കുകൾക്കു പകരം "പതിനെട്ട് മാസങ്ങൾക്കകം" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. ബെന്നി ബെഹനാൻ: സർ, താഴെ പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

122. ഖണ്ഡം 2 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 159(1)ൽ "പതിനഞ്ച് മാസങ്ങൾക്കകം" എന്നീ വാക്കുകൾക്ക് പകരം "പത്തൊമ്പത് മാസങ്ങൾക്കകം" എന്നീ വാക്കുകൾ ചേർക്കുക.

മി. സ്പീക്കർ: 109, 111, 112, 113, 115, 116, 117, 119 ,120, 121, 123, 124 എന്നീ ഭേദഗതികൾ അവതരിപ്പിക്കപ്പെടേണ്ടതില്ല.

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ഡോ. എം.കെ. മുനീർ): സർ, ഭേദഗതികളൊന്നും സ്വീകാര്യമല്ല.

ശ്രീ. എ. കെ. ബാലൻ അവതരിപ്പിച്ച 107-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. പി.സി. വിഷ്ണുനാഥ് അവതരിപ്പിച്ച 110-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. പാലോട് രവി അവതരിപ്പിച്ച 114-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. സി. പി. മുഹമ്മദ് അവതരിപ്പിച്ച 118-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. ബെന്നി ബെഹനാൻ അവതരിപ്പിച്ച 122-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

മി. സ്പീക്കർ: 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ................................................

പ്രതികൂലിക്കുന്നവർ ...............................................

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## 3-ാം വകുപ്പ്

( ഭേദഗതിയില്ല)

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ................................................

പ്രതികൂലിക്കുന്നവർ ...............................................

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## 1-ാം വകുപ്പും പീഠികയും പേരും

(ഭേദഗതിയില്ല.)

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

Uncorrected / Not for publication

അനുകൂലിക്കുന്നവർ................................................

പ്രതികൂലിക്കുന്നവർ ................................................

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മൂന്നാം വായന

മി. സ്പീക്കർ: ബഹുമാനപ്പെട്ട പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രിക്ക് ബിൽപാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി (ഡോ. എം.കെ. മുനീർ): സർ, 2012-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

വനവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ): പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2012-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ................................................

പ്രതികൂലിക്കുന്നവർ ................................................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

ബഹുമാനപ്പെട്ട പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിക്ക് ഇന്ന് അങ്ങയുടെ രണ്ട് ബിൽ പാസ്സായി കിട്ടിയിരിക്കുകയാണ്.